രണ്ടാം
പതിപ്പ്

ഡോ. മൈക്കിൾ കാരിമറ്റം



# അങ്ങയുടെ
# ചിറകിൻ കീഴിൽ

# അങ്ങയുടെ ചിറകിൻ കീഴിൽ

ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിൽ, പ്രത്യേകിച്ച് ഉൽകണ്ഠയും, ഭയവും നിരാശയും വേട്ടയാടുമ്പോൾ മുകളിൽ വിരിഞ്ഞുനിൽക്കുന്ന ദൈവത്തിന്റെ ചിറകുകളിലേക്ക് ഉൾക്കണ്ണുകൾ ഉയർത്തണം. ധൈര്യവും പ്രത്യാശയും ലഭിക്കും. ഈ ഒരു ബോധ്യമാണ് വചനധ്യാനവും ലഘുവിചിന്തനങ്ങളും വഴി ഇവിടെ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്.

## ഡോ. മൈക്കിൾ കാരിമറ്റം



**പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയുടെ ബൈബിൾ അപ്പോസ്റ്റോലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളേജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അധ്യാപകനായി സേവനം ചെയ്തുവരുന്നു.**

**atma books**
Parayanchery, Kozhikode - 673 016
Ph: +0495 4022600
91 9746077500, +91 9746440800
E-mail: atmabooks@gmail.com

978-81-938190-7-4

₹- 115 scripture

# അങ്ങയുടെ

# ചിറകിന്‍ കീഴില്‍

# അങ്ങയുടെ
# ചിറകിൻ കീഴിൽ

**ഡോ. മൈക്കിൾ കാരിമറ്റം**

atmabooks@gmail.com

Malayalam
*angayude chirakin keezhil*
(Scripture)
Author: Dr. Michael Karimattam
Copyright:  Author

Layout: M. Sheeja
Cover Design: Sreejith George

First Published: August 2009

Second Edition: September 2018

Printed, Published & Distributed by

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91  9746440800
E-mail: atmabooks@gmail.com

# ഉള്ളടക്കം

പേജ്


ആമുഖം ........................................ 07

1. ചിറകിൻ കീഴിൽ അഭയം - *സങ്കീ 91,4* ........ 09
2. കൃപയുടെ ചിറകുകൾ - *പുറ 25,20* ........ 11
3. കഴുകന്റെ ചിറകിൽ - *പുറ 19,4* ........ 13
4. കാറ്റിന്റെ ചിറകിൽ - *സങ്കീ 18,10* ........ 15
5. കർത്താവിന്റെ ചിറകിൻ കീഴിൽ അഭയം - *റൂത്ത് 2,12* ........ 17
6. തളരാത്ത ചിറകുകൾ - *ഏശ 40,31* ........ 19
7. കൂടിളകുമ്പോൾ - *നിയ 32,11* ........ 21
8. നിങ്ങൾക്കു സമാധാനം - *യോഹ 20,19* ........ 23
9. എന്നും നമ്മോടുകൂടെ - *മത്താ 28,20* ........ 25
10. ഹൃദയം അസ്വസ്ഥമാകേണ്ടാ - *യോഹ 14,1* ........ 27
11. കൂടെ വസിക്കുന്ന ദൈവം - *ലൂക്കാ 24,29* ........ 29
12. അടങ്ങുക, ശാന്തമാവുക - *മർക്കോ 4,39* ........ 31
13. എനിക്ക് അനുകമ്പ തോന്നുന്നു - *മർക്കോ 8,2* ........ 33
14. ഞാനും നിന്നെ വിധിക്കുന്നില്ല - *യോഹ 8,11* ........ 35
15. ധൈര്യമായിരിക്കുവിൻ - *മത്താ 14,27* ........ 37
16. നീ എന്തിനു സംശയിച്ചു? - *മത്താ 14,31* ........ 39
17. കരയേണ്ടാ - *ലൂക്കാ 7,13* ........ 42
18. അനാഥരല്ല - *യോഹ 14,18* ........ 44
19. സുഖം പ്രാപിക്കാൻ ആഗ്രഹമുണ്ടോ? - *യോഹ 5,6* ........ 47
20. എഴുന്നേറ്റ് കിടക്കയെടുത്ത് നടക്കുക - *യോഹ 5,8* ........ 50
21. കർത്താവ് ഇടയൻ - *സങ്കീ 23,1-2* ........ 53
22. യേശു നല്ല ഇടയൻ - *യോഹ 10,1-18* ........ 55
23. കർത്താവ് എന്റെ കോട്ട - *സങ്കീ 18,2* ........ 57

24. അഭയശില - *സങ്കീ 31,2-3* .................... 59
25. കർത്താവിന്റെ കൂടാരം - *സങ്കീ 15,1* .................... 62
26. കൂടാരങ്ങൾ തകരുമ്പോൾ - *ജറെ 4,20* .................... 65
27. കർത്താവ് എന്റെ കൂടാരം - *വെളി 7,15* .................... 67
28. കർത്താവ് കവചവും പരിചയും - *സങ്കീ 28,7* .................... 69
29. കൂടെ വരുന്ന കർത്താവ് - *പുറ 33,14* .................... 72
30. അമ്മ മറന്നാലും - *ഏശ 49,15* .................... 75
31. കാരാഗൃഹത്തിൽ - *ഉൽപ 39* .................... 77
32. ശത്രുവിനും കടലിനും ഇടയിൽ - *പുറ 14,14* .................... 79
33. തീച്ചൂളയിൽ - *ദാനി 3* .................... 81
34. സിംഹക്കുഴിയിൽ - *ദാനി 6* .................... 83
35. മാരകഭീഷണിക്കു മുന്നിൽ - *ദാനി 13* .................... 86
36. കാരാഗൃഹത്തിൽ ദൈവദൂതൻ - *അപ്പ 12, 1-19* .................... 89
37. അഴിയുന്ന ചങ്ങലകൾ - *അപ്പ 16,16-40* .................... 91
38. തടവറയിലെ വെളിപാട് - *വെളി 1,9-10* .................... 93
39. അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും..... *ഹബ 3,17* .................... 96
40. അസ്തമിക്കാത്ത സ്നേഹം - *വിലാ 3,22* .................... 99
41. ബെഥേൽ - *ഉൽപ 28,10-22* .................... 101
42. പെനുവേൽ - *ഉൽപ 32,22-32* .................... 103
43. എഴുന്നേറ്റ് ഭക്ഷിക്കുക - *1 രാജാ 19,1-8* .................... 106
44. ദൈവത്തിന് ഒന്നും അസാധ്യമല്ല - *ലൂക്കാ 1,37* .................... 109
45. അവനിൽ നിന്ന് ശക്തി പുറപ്പെട്ടു - *ലൂക്കാ 6,19* .................... 112
46. നിനക്ക് എന്റെ കൃപ മതി - *2 കോറി 12,9* .................... 114
47. ബലഹീനതയിൽ ശക്തി - *2 കോറി 12,10* .................... 117
48. വലിയ വിശ്വാസം - *മത്താ 15,28* .................... 120
49. താങ്ങുന്ന കൈകൾ - *സങ്കീ 91,12* .................... 123
50. വഴി കാട്ടി - *തോബിത് 5* .................... 126

# ആമുഖം

മറ്റേതു ജീവിയെയുംകാൾ കൂടുതൽ സംരക്ഷണം മനുഷ്യന് ആവശ്യമുണ്ട്. ശൈശവത്തിലും ബാല്യത്തിലും വാർധക്യത്തിലും രോഗാവസ്ഥയിലും എല്ലാം സംരക്ഷണത്തിന്റെ ആവശ്യകത കൂടുതൽ അനുഭവവേദ്യമാകുന്നു. അതിനാലായിരിക്കാം മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്ന് സ്രഷ്ടാവായ ദൈവം ആത്മഗതം ചെയ്തത്. പരസ്പരം ഇണയും തുണയുമായി സംരക്ഷണം നല്കി, ആ സംരക്ഷണത്തിന്റെ കൂടാരത്തിൽ കുഞ്ഞുങ്ങൾക്കു ജന്മം നല്കി, സമൂഹത്തിന്റെ ഭാഗമായി വളർത്തിയെടുക്കാനുള്ള ഉത്തരവാദിത്വം മനുഷ്യന് ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഈ സംരക്ഷണം ലഭിക്കാതെ പോകുന്നവരുടെ സംഖ്യ അനുദിനം വർധിച്ചു വരുന്നു.

എനിക്കാരുമില്ല എന്ന ചിന്ത ആധുനിക മനുഷ്യനെ കൂടുതലായി അലട്ടിക്കൊണ്ടിരിക്കുന്നു. ഭൗതിക സുഖസൗകര്യങ്ങളും ചികിത്സാസംവിധാനങ്ങളും സമ്പർക്കമാധ്യമങ്ങളും വർധിക്കുന്നെങ്കിലും. പരസ്പരമുള്ള സ്നേഹബന്ധവും സംരക്ഷണവും സുരക്ഷിതത്വബോധവും ആനുപാതികമായി വർധിക്കുകയല്ല, കുറയുകയാണ് ചെയ്യുന്നതെന്നു തോന്നും. ഞാൻ പടുത്തയർത്തിയ സ്വപ്നങ്ങളെല്ലാം ഞൊടിയിടയിൽ തകർന്നു വീഴുമ്പോൾ, അപ്രതീക്ഷിതമായി രോഗങ്ങളും അത്യാഹിതങ്ങളും കടന്നാക്രമിച്ച് എന്നെ മരണത്തിന്റെ വക്കിലെത്തിക്കുമ്പോൾ, ജീവിതം തന്നെ കൈവിട്ടു പോകുന്നു എന്നു തോന്നുമ്പോൾ ആരിലാണ് ഞാൻ ആശ്രയിക്കുക? എവിടെയാണെനിക്കഭയം?

നിസ്സഹായതാബോധം നിരാശയുടെ നീർച്ചുഴിയി

ലേക്കു വലിച്ചു താഴ്ത്തുമ്പോൾ ഉള്ളിന്റെയുള്ളിൽ നിമന്ത്രിക്കുന്ന ദൈവസ്വരത്തിനു കാതോർക്കണം: "നീ തനിച്ചല്ല, ഞാൻ നിന്നോടു കൂടെയുണ്ട്". കൂടെ വസിക്കുന്ന, കൈപിടിച്ചു നടത്തുന്ന, ദൈവത്തിന്റെ ചിത്രമാണ് ബൈബിൾ വരച്ചുകാട്ടുന്നത്. ദൈവികസംരക്ഷണത്തെക്കുറിച്ചു പ്രതിപാദിക്കുന്ന 50 ബൈബിൾ വാക്യങ്ങൾ ഇവിടെ തിരഞ്ഞെടുത്ത് അവതരിപ്പിച്ചിരിക്കുന്നു. സംരക്ഷണത്തിന്റെ ഏറ്റം ഉദാത്തമായ പ്രതീകമായി ചിറകുകളെ കാണുന്നതിനാൽ "അങ്ങയുടെ ചിറകിൻ കീഴിൽ" എന്ന് ഈ സമാഹാരത്തിനു പേരിട്ടിരിക്കുന്നു.

ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിൽ, പ്രത്യേകിച്ച്, ഉൽക്കണ്ഠയും, ഭയവും നിരാശയും വേട്ടയാടുമ്പോൾ മുകളിൽ വിരിഞ്ഞുനില്ക്കുന്ന ദൈവത്തിന്റെ ചിറകുകളിലേക്ക് ഉൾക്കണ്ണുകൾ ഉയർത്തണം, ധൈര്യവും പ്രത്യാശയും ലഭിക്കും. ഈ ഒരു ബോധ്യമാണ് വചനധ്യാനവും ലഘുവിചിന്തനങ്ങളും വഴി ഇവിടെ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. ഏതു സാഹചര്യത്തിലും സംരക്ഷണം നല്കുന്ന ദൈവത്തിന്റെ ചിറകുകൾക്കു കീഴിൽ അഭയം തേടാൻ ദൈവവചനം ഉദ്ബോധിപ്പിക്കുന്നു.



# 1 ചിറകിൻ കീഴിൽ അഭയം

## സങ്കീ 91,4

*"അത്യുന്നതന്റെ സംരക്ഷണത്തിൽ വസിക്കുന്നവനും, സർവ്വശക്തന്റെ തണലിൽ കഴിയുന്നവനും, കർത്താവിനോട് എന്റെ സങ്കേതവും എന്റെ കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയും. അവിടുന്ന് നിന്നെ വേടന്റെ കെണിയിൽ നിന്നും മാരകമായ മഹാമാരിയിൽ നിന്നും രക്ഷിക്കും. തന്റെ തൂവലുകൾകൊണ്ട് അവിടുന്ന് നിന്നെ മറച്ചുകൊള്ളും. അവിടുത്തെ ചിറകുകളുടെ കീഴിൽ നിനക്ക് അഭയം ലഭിക്കും" (സങ്കീ 91,1-4).*

നമ്മുടെ നാട്ടിൻപുറങ്ങളിൽ ചുരുക്കമായിട്ടെങ്കിലും ഇന്നും കാണുന്ന മനോഹരമായ ഒരു ദൃശ്യമാണ് തള്ളക്കോഴിയും കുഞ്ഞുങ്ങളും. തനിച്ച് ചികഞ്ഞ് ഇരകണ്ടെത്താൻ മാത്രം കാലിനു ബലവും നഖത്തിനു മൂർച്ചയും വന്നിട്ടില്ലാത്ത കുഞ്ഞുങ്ങൾക്കായി തള്ളക്കോഴി ചികഞ്ഞ് ഇരകളെ നിരത്തും. ആകാശത്തെവിടെയെങ്കിലും പരുന്തോ പ്രാപ്പിടിയനോ പ്രത്യക്ഷപ്പെട്ടാൽ തള്ള ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിക്കും. കുഞ്ഞുങ്ങൾ തീറ്റി നിർത്തി ഓടി തള്ളയ്ക്കു ചുറ്റും കൂടും. അവയ്ക്കു മുകളിൽ ചിറകുവിരിച്ച് തള്ളക്കോഴി ഇരിക്കും. ഒരു കുഞ്ഞിനെയും പുറത്തുകാണില്ല. തള്ളയുടെ ചിറകിൻകീഴിൽ ഇരിക്കുന്ന കുഞ്ഞുങ്ങളെ ഇനി ഒരു പരുന്തിനും പിടിക്കാനാവില്ല. കുഞ്ഞിനെ തൊടാൻ കഴിയുന്നതിനുമുമ്പ് തള്ളയെ കൊല്ലണം. അതിന് പരുന്തിനോ പ്രാപ്പിടിയനോ കഴിയില്ല. അതിനാൽ കുഞ്ഞുങ്ങൾ സുരക്ഷിതരാണ്. തള്ളയുടെ ചിറകിൻ കീഴിൽ അവർക്കു ഭയമില്ല. അവിടെയാണ് അഭയം.

മനോഹരമായ ഈ ദൃശ്യം ബൈബിളിൽ അനേകം തവണ ഒരു ഉപമപോലെ പ്രത്യക്ഷപ്പെടുന്നുണ്ട്. ദൈവത്തെക്കുറിച്ച് പറയാൻ ബൈബിൾ ഉപയോഗിക്കുന്ന അനേകം പ്രതീകങ്ങളിൽ ഒട്ടും അപ്രധാന മില്ലാത്തതും ഏറെ ഹൃദയഹാരിയുമായ ഒന്നാണ് തള്ളപ്പക്ഷിയുടേത്. കുഞ്ഞുങ്ങൾക്കു മുകളിൽ ചിറകു വിരിച്ചു സംരക്ഷിക്കുന്ന പക്ഷിയെ പ്പോലെ ദൈവം തന്റെ ജനത്തെ സംരക്ഷിക്കും. ദൈവത്തിന്റെ പരിപാല നയെയും സംരക്ഷണത്തെയും കുറിച്ച് മനോഹരമായി, ഏറ്റം ഹൃദയ സ്പർശിയായി വർണ്ണിക്കുന്ന 91-ാം സങ്കീർത്തനത്തിൽ ഈ ചിത്രം കാണാം. "അവിടുത്തെ ചിറകുകളുടെ കീഴിൽ നിനക്ക് അഭയം ലഭിക്കും"

അപകടസൂചന ലഭിക്കുമ്പോൾ കുഞ്ഞുങ്ങൾ തള്ളപ്പക്ഷിയുടെ ചിറകിൻ കീഴിൽ ഓടിയെത്തുന്നതുപോലെ, ഏതു സാഹചര്യത്തിലും ദൈവത്തിന്റെ സംരക്ഷണം തേടാൻ കഴിയണം. അപകടസൂചന പരിഗ ണിക്കാതെ തന്നിഷ്ടത്തിന് ചിറകിന്റെ സംരക്ഷണത്തിനു പുറത്തുനി ല്ക്കുന്ന കുഞ്ഞുങ്ങൾ പരുന്തിന് ഇരയായിത്തീരും. ഇതും ഒരു വലിയ പാഠമാണ്. അവിടുത്തെ ചിറകിൻ കീഴിൽ അഭയം തേടുന്നവർക്ക്, അവി ടുത്തെ സംരക്ഷണം യാചിക്കുന്നവർക്ക് ഒരാപത്തും സംഭവിക്കുകയില്ല.

കർത്താവിന്റെ ചിറകിൻ കീഴിൽ അഭയം തേടാൻ ആദ്യമേ ചെയ്യേ ണ്ടത് വിശ്വസിക്കുകയാണ്. ഞാൻ തനിച്ചല്ല, ഏകാകിയും അനാഥനുമ ല്ല, ഞാൻ ഏതവസ്ഥയിലാണെങ്കിലും എനിക്കു മുകളിൽ സംരക്ഷണ ത്തിന്റെ ചിറകുവിരിക്കുന്ന ഒരു ദൈവം എനിക്കുണ്ട് എന്നു ഞാൻ വിശ്വ സിക്കണം. രണ്ടാമതായി എന്റെ സ്വന്തം ഇഷ്ടവും താല്പര്യങ്ങളും തേടി പ്പോകാതെ കർത്താവിന്റെ തിരുഹിതത്തിനും പദ്ധതികൾക്കും ഞാൻ എന്നെത്തന്നെ വിട്ടുകൊടുക്കണം. അതിനായി കർത്താവിന്റെ സ്വരം കേൾക്കണം, കാതോർക്കണം. ഇതിനെയാണ് ദൈവത്തോടു ചേർന്ന് നില്ക്കുക എന്നു പറയുന്നത്. "അവൻ സ്നേഹത്തിൽ എന്നോട് ഒട്ടി നില്ക്കുന്നതിനാൽ ഞാൻ അവനെ സംരക്ഷിക്കും" (സങ്കീ 91,14).

ചിറകിൻ കീഴിൽ അഭയം നല്കുന്ന തള്ളപ്പക്ഷിയുടെ ചിത്രം ഏറ്റം വ്യക്തമായും ശക്തമായും അവതരിപ്പിച്ചത് യേശുനാഥനാണ്. "പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർത്തു നിർത്തുന്നതുപോലെ നിന്റെ സന്താനങ്ങളെ ഒന്നിച്ചുചേർക്കുന്നതിന് ഞാൻ എത്ര പ്രാവശ്യം ആഗ്ര ഹിച്ചു!" (ലൂക്കാ 13,34). ജനത്തിന്റെ അനുസരണക്കേടിൽ വിലപിക്കുന്ന യേശുവാണ് ഈ ഉപമ പറഞ്ഞത്. വിസമ്മതിച്ച പട്ടണം നശിപ്പിക്കപ്പെട്ടു; ജനം ചിതറിപ്പോയി. അതു നമുക്ക് സംഭവിക്കാതിരിക്കട്ടെ. അവിടുത്തോടു ചേർന്നു നില്ക്കാം.



# 2 കൃപയുടെ ചിറകുകൾ

### പുറ 25,20

*"കൃപാസനത്തിന്റെ രണ്ടറ്റത്തുമായി അടിച്ചു പരത്തിയ സ്വർണ്ണം കൊണ്ട് രണ്ടു കെരൂബുകളെ നിർമ്മിക്കണം...... കൃപാസനം മൂടത്തക്ക വണ്ണം കെരൂബുകൾ ചിറകുകൾ മുകളിലേക്കു വിരിച്ചുപിടിച്ചിരിക്കണം..... അവിടെവച്ച് ഞാൻ നിന്നെ കാണും. കൃപാസനത്തിനു മുകളിൽ നിന്ന്, കൃപാസനത്തിനു മീതെയുള്ള കെരൂബുകളുടെ നടുവിൽ നിന്ന്, ഞാൻ നിന്നോടു സംസാരിക്കും" (പുറ 25,18-22).*

ദൈവത്തിനു രൂപമില്ല. എന്നാലും അദൃശ്യനായ അവിടുത്തെ ചൈതന്യം ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നില്ക്കുന്നു. ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ, ഈ ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ അവിടുന്ന് പല വിധത്തിൽ സ്വയം വെളിപ്പെടുത്തിയിട്ടുണ്ട്. ഇന്നും വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഈ ദൈവികവെളിപാടിന്റെ ചരിത്രത്തിൽ ഇസ്രായേൽ ജനത്തിന് അതുല്യമായൊരു സ്ഥാനമുണ്ട്. അബ്രാഹത്തെ ഹാരാനിൽ നിന്നു വിളിച്ച ദൈവം അദ്ദേഹത്തിന്റെ മക്കളെ ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ച് മരുഭൂമിയിലൂടെ നയിച്ചു. സീനായ് മലയിൽവച്ച് ഒരു ഉടമ്പടിയിലൂടെ അവരെ സ്വന്തം ജനമായി സ്വീകരിച്ചു. അവരുടെ മധ്യേ തന്റെ സാന്നിധ്യം ഉണ്ടായിരിക്കുമെന്ന് ഉറപ്പുനല്കി.

ദൈവിക സാന്നിധ്യത്തിന്റെ അടയാളമായിരുന്നു കർത്താവിന്റെ കല്പനയനുസരിച്ച് നിർമ്മിച്ച ഉടമ്പടിയുടെ പേടകം. ആ പേടകത്തിനുള്ളിൽ ഉടമ്പടിയുടെ കല്പനകളാകുന്ന പത്തു പ്രമാണങ്ങൾ എഴുതിയ കല്പകകൾ സൂക്ഷിച്ചിരുന്നു. തന്റെ ഹിതം അറിയിച്ചുകൊണ്ടാണ് ദൈവം ജനമധ്യത്തിൽ സന്നിഹിതനാകുന്നത്; പ്രമാണങ്ങൾ അനുസരിക്കുന്നവർക്ക് തിരുസാന്നിധ്യം അനുഭവവേദ്യമാകും എന്ന് ഇതിലൂടെ പഠിപ്പിക്കുന്നു. മരുഭൂമിയിൽ അത്ഭുതകരമായി ജനത്തെ പരിപാലിക്കാൻവേണ്ടി വർഷിച്ച മന്നായും, അഹറോനു ദൈവം നല്കിയ നേതൃസ്ഥാനത്തിന്റെ അടയാളമായ വടിയും പേടകത്തിലുണ്ടായിരുന്നു. പേടകത്തിനു മുകളിൽ സ്ഥാപിച്ച സ്വർണ്ണപീഠം ദൈവത്തിന്റെ സിംഹാസനമായി, അഥവാ കൃപാസനമായി പരിഗണിക്കപ്പെട്ടു. അവിടെ നിന്നാണ് ദൈവം ജനത്തെ അനുഗ്രഹിക്കുന്നത്; തന്റെ കൃപ വർഷിക്കുന്നത്. ഈ കൃപാസനത്തിനു മുകളിൽ ചിറകുവിരിച്ചു നില്ക്കുന്ന കെരൂബുകൾ ദൈവികസാന്നിധ്യത്തിന്റെ അടയാളമായി. കാലക്രമത്തിൽ അവയുടെ ചിറകുകൾ ദൈവത്തിന്റെ തന്നെ ചിറകുകളായി പരിഗണിക്കപ്പെടാൻ തുടങ്ങി. കെരൂബുകളുടെ ചിറകിന്റെ നിഴൽ കൃപാസനത്തിനു മുകളിൽ പതിക്കും. അങ്ങനെ ദൈവത്തിന്റെ ചിറകിൻകീഴിൽ, അവിടുത്തെ ചിറകിന്റെ നിഴലിൽ എന്നൊക്കെയുള്ള പ്രയോഗങ്ങൾ നിലവിൽവന്നു.

മരുഭൂമിയിലൂടെയുള്ള യാത്രാമധ്യേ പേടകം കൂടാരത്തിലാണ് പ്രതിഷ്ഠിച്ചിരുന്നത്. ദൈവത്തെ കണ്ടുമുട്ടുന്ന സ്ഥലം എന്ന അർത്ഥത്തിൽ അതിനെ സമാഗമകൂടാരം എന്നു വിളിച്ചു. സോളമൻ ദേവാലയം നിർമ്മിച്ചപ്പോൾ പേടകം അതിവിശുദ്ധ സ്ഥലത്തായി. പ്രധാന പുരോഹിതൻ മാത്രം, ആണ്ടിൽ ഒരിക്കലേ അവിടെ പ്രവേശിക്കൂ. ഭക്തർക്കു കാണാനാവില്ലെങ്കിലും പേടകവും കൃപാസനവും കെരൂബുകളും എല്ലാം ദൈവിക സാന്നിധ്യത്തിന്റെയും സംരക്ഷണത്തിന്റെയും പ്രതീകങ്ങളായിരുന്നു.

പേടകം നഷ്ടപ്പെട്ടു; ജറുസലെം ദേവാലയവും തകർന്നുപോയി. എന്നാലും കർത്താവിന്റെ സംരക്ഷണം ചിറകുകളുടെ പ്രതീകത്തിലൂടെ ഇന്നും പ്രഘോഷിക്കപ്പെടുന്നു, തന്നിൽ ആശ്രയിക്കുന്നവർക്കെല്ലാം അഭയമരുളുന്ന, കൃപ ചൊരിയുന്ന, സാന്നിധ്യമായി. ഉടമ്പടിയുടെ പേടകത്തിന്റെ സ്ഥാനത്ത് ഇന്ന് യേശുവിന്റെ കൗദാശിക സാന്നിധ്യമായ വിശുദ്ധ കുർബ്ബാന സൂക്ഷിക്കുന്ന സക്രാരിയെ കാണാനാവും. ദേവാലയത്തിലേക്കു വരുന്നവർ ദൈവികസാന്നിധ്യവും സംരക്ഷണവുമാണല്ലോ തേടുന്നത്. കെരൂബുകൾക്കു നടുവിൽ നിന്നു സംസാരിച്ച ദൈവത്തിന്റെ സംരക്ഷണവും കൃപയും നമ്മുടെ ജീവിതത്തെ, ദിവസത്തെ, അനുഗ്രഹപ്രദമാക്കട്ടെ!



# 3 കഴുകന്റെ ചിറകിൽ

## പുറ 19,4

*"ഈജിപ്തുകാരോട് ഞാൻ ചെയ്തതെന്നും കഴുകന്മാരുടെ ചിറകുകളിൽ സംവഹിച്ച് ഞാൻ നിങ്ങളെ എങ്ങനെ എന്റെയടുക്കലേക്കു കൊണ്ടുവന്നെന്നും നിങ്ങൾ കണ്ടുകഴിഞ്ഞു. അതുകൊണ്ട്, നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്ക് ഏറ്റം പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും" (പുറ 19,4-5).*

നൂറ്റാണ്ടുകൾ നീണ്ട ക്രൂരമായ അടിമത്തമനുഭവിച്ചിരുന്ന അവർക്ക് മോചനം സാധ്യമാണെന്നു പ്രതീക്ഷിക്കാൻ പോലും കഴിയുമായിരുന്നില്ല. എന്നാലും അവർ നിലവിളിച്ചുകൊണ്ടേയിരുന്നു. നിലവിളികേട്ട് ദൈവം ഇറങ്ങിവന്നു, അടിമകളുടെ വിയർപ്പും രക്തവും ചേർന്നുകുഴഞ്ഞ ഇഷ്ടികക്കളത്തിലേക്ക്. ബി.സി. പതിമൂന്നാം നൂറ്റാണ്ടിൽ ഈജിപ്തും കാനാൻ ദേശവും അടക്കിഭരിച്ചിരുന്ന അതിശക്തനായ ഈജിപ്തുരാജാവ് ഫറവോ റമേസസ് രണ്ടാമന്റെ ഭരണകാലത്താണതു സംഭവിച്ചത്. ആ ഫറവോയുടെ ശക്തി പ്രാഭവത്തിന്റെ സ്മാരകങ്ങൾ ഇന്നും ഈജിപ്തിൽ കാണാം, നഗരങ്ങളുടെയും ക്ഷേത്രങ്ങളുടെയും ഭീമാകാരങ്ങളായ പ്രതിമകളുടെയും ഒക്കെ രൂപത്തിൽ. ശക്തനായ ഫറവോയെ തന്റെ വചനത്താൽ പരാജയപ്പെടുത്തി, അടിമകളെ മോചിപ്പിച്ച ദൈവം യാഹ്‌വേ എന്ന പേരിൽ അറിയപ്പെടുന്നു.

വാഗ്ദത്ത ഭൂമിയിലേക്ക് ഘോഷയാത്രയായി പുറപ്പെട്ട ജനത്തെ അനുധാവനം ചെയ്ത ഈജിപ്തുസൈന്യം ചെങ്കടലിൽ ചത്തുപൊങ്ങി. ജനം കടലിൻ നടുവിലൂടെ സുരക്ഷിതരായി മറുകരയെത്തി; മരുഭൂമിയിൽ

ദൈവം അവർക്ക് മേഘത്തൂണിലും അഗ്നിസ്തംഭത്തിലും നിന്ന് വഴികാട്ടി; അവർക്കു മുകളിൽ മേഘമായി തണൽ വിരിച്ചു. ആകാശത്തുനിന്ന് അപ്പം പൊഴിച്ച് അവരുടെ വിശപ്പടക്കി; പാറയിൽ നിന്ന് ദാഹജലം നല്കി. യാത്രാമധ്യേ ദൈവം നല്കിയ ഈ പരിപാലനയെ അനുസ്മരിപ്പിക്കുന്നതാണ് സീനായ് മലമുകളിൽ നിന്ന് ദൈവം അരുളിച്ചെയ്ത ഈ വാക്കുകൾ. കഴുകൻ കുഞ്ഞിനെ ചിറകിൽ വഹിക്കുന്നതുപോലെ ദൈവം തന്റെ ജനത്തെ നയിക്കുകയായിരുന്നു.

ഏറ്റവും ഉയരത്തിലും വേഗത്തിലും പറക്കുന്ന പക്ഷിയാണ് കഴുകൻ. കഴുകന്റെ ചിറകുകൾ വേഗതയുടെ പര്യായമാണ്. യാതൊരപകടവും സംഭവിക്കാതെ, അതിവേഗം സുരക്ഷിതമായി ലക്ഷ്യസ്ഥാനത്ത് എത്തിക്കാനുള്ള കഴിവിനെ കഴുകന്റെ ചിറകുകളോടാണ് ബൈബിൾ ഉപമിക്കുന്നത്. അടിമത്തത്തിന്റെ ഈജിപ്തിൽ നിന്നു സ്വാതന്ത്ര്യത്തിന്റെ കാനാനിലേക്ക്, പീഡനത്തിന്റെയും വറുതിയുടെയും നടുവിൽനിന്ന് സമൃദ്ധിയുടെ സന്തോഷത്തിലേക്ക് നയിക്കുന്ന ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയെ കഴുകന്റെ ചിറകുകൾ സൂചിപ്പിക്കുന്നു. വേഗതയോടൊപ്പം ബലവും കഴുകന്റെ ചിറകുകളുടെ പ്രത്യേകതയാണ്. തന്നെ അനുധാവനം ചെയ്യുന്ന സർപ്പത്തിൽ നിന്ന് രക്ഷപ്പെടാനായി കഴുകന്റെ വൻ ചിറകുകൾ ലഭിച്ച സ്ത്രീയെക്കുറിച്ച് വെളിപാടുപുസ്തകം (12,14) വർണ്ണിക്കുമ്പോൾ ഈ സവിശേഷതയ്ക്ക് ഊന്നൽ നല്കുന്നു.

കർത്താവിൽ ആശ്രയിക്കുന്നവർക്ക് ഒരപകടവും സംഭവിക്കുകയില്ല. എല്ലാ വിപത്തുകളിൽ നിന്നും ശത്രുക്കളിൽനിന്നും അവർക്കു സംരക്ഷണം ലഭിക്കും. കഴുകന്റെ ചിറകുകളിൽ സംവഹിച്ച് ഇസ്രായേൽ ജനത്തെ സീനായ് മലയിലേക്കും തുടർന്ന് വാഗ്ദത്തഭൂമിയിലേക്കും നയിച്ച കർത്താവായ ദൈവം തന്നിൽ ആശ്രയിക്കുന്നവരെ യഥാർത്ഥ വാഗ്ദത്ത ഭൂമിയായ ദൈവരാജ്യത്തിലേക്കു നയിക്കും. ചെങ്കടലും മരുഭൂമിയും അനുദിനം നേരിടേണ്ടിവരുന്ന ജീവിതക്ലേശങ്ങളുടെ മാത്രമല്ല, കീഴടക്കേണ്ട പ്രലോഭനങ്ങളുടെയും അനുഭവിക്കേണ്ടി വരുന്ന പീഡനങ്ങളുടെയും ഒക്കെ പ്രതീകമാകാം. കർത്താവിൽ വിശ്വാസമർപ്പിക്കുന്നവർ അവിടെയൊന്നും ഭയപ്പെടുകയില്ല; പതറുകയോ കാലിടറുകയോ ചെയ്യുകയില്ല. നിത്യഭാഗ്യത്തിൽ സുരക്ഷിതരായി എത്തുന്നതുവരെ കർത്താവിന്റെ ബലിഷ്ഠമായ ചിറകുകൾ അവരെ വഹിച്ചുകൊള്ളും. ഈ വിശ്വാസം ജീവിതക്ലേശങ്ങളെ പ്രത്യാശയോടെ നേരിടാൻ നമുക്ക് ശക്തി പകരണം



# 4 കാറ്റിന്റെ ചിറകിൽ

## സങ്കീ 18,10

*"കെരൂബിനെ വാഹനമാക്കി അവിടുന്ന് പറന്നു; കാറ്റിന്റെ ചിറകുകളിൽ അവിടുന്ന് പാഞ്ഞുവന്നു" (സങ്കീ 18,10).*

ഇസ്രായേൽ ജനത്തിന്റെ ഏറ്റം വലിയ രാജാവാണ് ദാവീദ്. ആദ്യരാജാവ് സാവൂൾ ആയിരുന്നെങ്കിലും ഇസ്രായേലിന്റെ രാജത്വം അറിയപ്പെടുന്നത് ദാവീദിന്റെ പേരിലാണ്. ലോകരക്ഷകനായി ദൈവം തന്റെ പുത്രനെ അയച്ചപ്പോൾ ദാവീദിന്റെ പുത്രൻ എന്നാണ് ആ രക്ഷകൻ അറിയപ്പെട്ടത്. ഇത്രയേറെ പ്രാധാന്യമുള്ള ദാവീദുരാജാവ് അനേകം പ്രതിസന്ധികളിലൂടെയും അപകടങ്ങളിലൂടെയും കടന്നുപോകേണ്ടിവന്നു.

അംഗരക്ഷകനായി തന്നെ നിയമിച്ച സാവൂൾ രാജാവിന്റെ അസൂയയും തുടർന്നു ശത്രുതയും അദ്ദേഹത്തെ നിരന്തരം വേട്ടയാടി. വനാന്തരങ്ങളിലും മരുഭൂമിയിലും അവസാനം വിദേശത്തും അലഞ്ഞു നടക്കേണ്ടിവന്നു. സാവൂളിന്റെ മരണശേഷം രാജാവായിയെങ്കിലും യുദ്ധവും അപകടങ്ങളും വിടാതെ പിന്തുടർന്നു. സ്വന്തം മകനെ ഭയന്ന് കൊട്ടാരം വിട്ട് മരുഭൂമിയിലേക്ക് പലായനം ചെയ്യുന്ന വൃദ്ധനായ ദാവീദിനെതിരേ ശാപവർഷവുമായി ജനങ്ങളും ആട്ടിയോടിച്ചു. ഇപ്രകാരമുള്ള അപടകടങ്ങളുടെ മധ്യത്തിൽ നിന്നുകൊണ്ടാണ് ദാവീദ് കർത്താവിലുള്ള തന്റെ അചഞ്ചലമായ വിശ്വാസം ഏറ്റുപറഞ്ഞത്. ആ വിശ്വാസ പ്രഖ്യാപനത്തിന്റെ ഒരു ഉദാഹരണം 18-ാം സങ്കീർത്തനത്തിൽ കാണാം. സാമുവേലിന്റെ രണ്ടാം

പുസ്തകം 22-ാം അധ്യായത്തിൽ ഈ സങ്കീർത്തനം ചരിത്ര പശ്ചാത്ത ലത്തോടുകൂടെ അവതരിപ്പിച്ചിരിക്കുന്നു.

അപകടത്തിൽപ്പെട്ട, ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട തന്നെ രക്ഷി ക്കാൻ കർത്താവു വന്നതിനെ അനുസമരിച്ചുകൊണ്ടാണ് ദാവീദ് സങ്കീർത്തനം ആലപിക്കുന്നത്. സഹായിക്കാൻ ആരുമില്ല; ഒളിച്ചോടാൻ ഇടമില്ല; ഒരു രക്ഷാമാർഗ്ഗം അവശേഷിച്ചിട്ടില്ല എന്നു കണ്ട് നിലവിളിച്ച പ്പോൾ ദൈവം കടന്നുവന്നു, കൊടുങ്കാറ്റിന്റെ ശക്തിയോടെ, വേഗതയോ ടെ. ഇവിടെ കാറ്റിന്റെ ചിറക് വേഗതയെയും ശക്തിയെയും സൂചിപ്പിക്കു ന്നു. കെരൂബുകളെ വാഹനമാക്കി പറക്കുന്നതും കാറ്റിന്റെ ചിറകുകളിൽ പാഞ്ഞുവരുന്നതും ദൈവത്തിന്റെ രക്ഷാകര സാന്നിധ്യത്തിന്റെ ആലങ്കാ രിക പ്രയോഗങ്ങളാണ്.

ദൈവത്തിന്റെ സാന്നിധ്യവും സഹായവും എത്താത്ത ഒരിടവുമി ല്ല. ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നില്ക്കുന്ന ദൈവം എന്റെ നിലി വളി കേൾക്കും; കണ്ണീരു കാണും; ദുഃഖങ്ങൾ അറിയും. അവിടുന്ന് ഹൃദയം നുറുങ്ങിയവർക്ക് സമീപസ്ഥനാണ്. "രക്ഷിക്കാനാവാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല; കേൾക്കാനാവാത്തവിധം അവി ടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ല" (ഏശ 59,1). എല്ലാവരും പരിത്യജിച്ചു എന്നു തോന്നുമ്പോഴും, വൈദ്യന്മാർപോലും കൈ ഒഴിഞ്ഞ്, മരണത്തിന് വിട്ടുകൊടുക്കുമ്പോഴും, ഭയപ്പെടരുത്. കാറ്റിന്റെ ചിറകുക ളിൽ പാഞ്ഞുവരുന്ന കർത്താവിന്റെ ശബ്ദം നിന്റെ കാതിൽ മുഴങ്ങണം.

കൊടുങ്കാറ്റിന്റെ ആരവത്തോടെ ഊട്ടുശാലയിൽ വന്നു നിറഞ്ഞ് ശിഷ്യന്മാർക്കു ശക്തി പകർന്നവൻ, ചുഴലിക്കാറ്റിൽ ഏലിയാ പ്രവാച കനെ തന്റെ സന്നിധിയിലേക്കു സംവഹിച്ചവൻ, നിന്റെയടുത്തേക്കു പാഞ്ഞുവരും. അവൻ കേൾക്കാത്ത ഒരു നിലവിളിയുമില്ല; കാണാത്ത ഒരു കണ്ണീരുമില്ല. പാഞ്ഞുവരുന്നത് ശിക്ഷിക്കാനും നശിപ്പിക്കാനുമല്ല, മോചിപ്പിക്കാനാണ്. രോഗത്തിൽ നിന്നും പാപത്തിൽ നിന്നും ദുഃഖത്തിൽ നിന്നും, മരണത്തിൽ നിന്നും മോചിപ്പിച്ച് അവസാനമില്ലാത്ത നിത്യഭാഗ്യ ത്തിലേക്ക് തന്റെ ചിറകുകളിൽ സംവഹിക്കാനാണ്. വിളിച്ചപേക്ഷിക്കു ക, അവിടുന്ന് കേൾക്കും; കാറ്റിന്റെ ചിറകുകളിൽ പാഞ്ഞുവരും. പുറ ത്തേക്കു നോക്കൂ ! ചില്ലകൾ അനങ്ങുന്നതു കാണുന്നില്ലേ? കാറ്റിന്റെ ആരവം കേൾക്കുന്നില്ലേ? ദൈവമായ കർത്താവ് നിന്റെയടുക്കലേക്ക് പാഞ്ഞുവരുന്നതിന്റെ അടയാളമാണത്, ധൈര്യമായിരിക്കു !



# 5 കർത്താവിന്റെ ചിറകിൻ കീഴിൽ അഭയം

## റൂത്ത് 2,12

*"നിന്റെ പ്രവൃത്തികൾക്കു കർത്താവ് പ്രതിഫലം നല്കും. നീ അഭയം പ്രാപിച്ചിരിക്കുന്ന ഇസ്രായേലിന്റെ ദൈവമായ കർത്താവ് നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും" (റൂത്ത് 2,12)*

അവൾക്ക് എല്ലാം നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. മക്കളെ നല്കാതെ യൗവ്വനത്തിലേ ഭർത്താവു നഷ്ടപ്പെട്ടു. സ്വജനങ്ങളുടെ അടുക്കലേക്കു തിരിച്ചുപോയി വീണ്ടും വിവാഹം കഴിച്ച് കുടുംബിനിയും മാതാവുമാകാനുള്ള സാധ്യത അവൾ സ്വമനസ്സാ ഉപേക്ഷിച്ചു. സ്വന്തം നാട്ടിലേക്കു മടങ്ങാൻ തീരുമാനിച്ച അമ്മായിയമ്മയെ അവസാനംവരെ ശുശ്രൂഷിക്കാനായി അവൾ നാടും വീടും വിട്ട് വിദേശത്തേക്കു പോകാൻ തയ്യാറായി. എന്തെങ്കിലും പ്രതീക്ഷിച്ചുകൊണ്ടല്ല, മാതൃഭക്തിയും സ്നേഹവും മാത്രമാണ് അവൾക്കു പ്രചോദനം നല്കിയത്. നവോമിയുടെകൂടെ ബെത്‌ലേഹമിലേക്കു പോന്ന റൂത്ത് ഒരു മൊവാബ്യ സ്ത്രീ ആയിരുന്നു, ഇസ്രായേൽക്കാർക്ക് ഒരു വിജാതി. അമ്മായിയമ്മയെ അനുഗമിക്കാൻ അവൾക്ക് മറ്റൊരു പ്രേരകശക്തികൂടി ഉണ്ടായിരുന്നു. അതാണ് ബൊവാസ് എടുത്തു പറയുന്നത്: അവൾ ഇസ്രായേലിന്റെ ദൈവമായ കർത്താവിനെ അഭയം പ്രാപിച്ചു. "ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ ചിറകിൻകീഴിൽ അഭയം പ്രാപിച്ചിരിക്കുന്ന നിന്നെ അവിടുന്ന് സമൃദ്ധമായി അനുഗ്രഹിക്കും" എന്നാണ് ഹീബ്രുമൂലം.

കർത്താവിന്റെ ചിറകിൻ കീഴിൽ അഭയം തേടുക എന്നാൽ എന്താണെന്ന് റൂത്തിന്റെ ജീവിതത്തിലൂടെ വിശുദ്ധ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. ബെത്‌ലേഹേമിൽ നിന്ന് ക്ഷാമകാലത്ത് മൊവാബു ദേശത്തു വന്നു വാസമുറപ്പിച്ച നവോമിയുടെ ഭർത്താവും രണ്ടു പുത്രന്മാരും അവിടെ വച്ചു മരിച്ചു. പുത്രഭാര്യമാരെ സ്വഭവനങ്ങളിലേക്കു പറഞ്ഞു വീട്ട് സ്വന്തം നാട്ടിലേക്കു തിരിച്ചുപോരാൻ നവോമി തീരുമാനിച്ചു. ഓർഫാ അതനുസരിച്ചു. റൂത്ത് വിടാതെ പിന്തുടർന്നു. അവളുടെ തീരുമാനമാണ് ശ്രദ്ധേയം: “അമ്മയെ ഉപേക്ഷിക്കാനോ, കൂടെ പോരാതിരിക്കാനോ എന്നോടു പറയരുത്. അമ്മ പോകുന്നിടത്ത് ഞാനും വരും. വസിക്കുന്നിടത്ത് ഞാനും വസിക്കും. അമ്മയുടെ ചാർച്ചക്കാർ എന്റെ ചാർച്ചക്കാരായിരിക്കും. അമ്മയുടെ ദൈവമായിരിക്കും എന്റെ ദൈവം” (റൂത്ത് 1,16). ഇത് ഉറച്ച തീരുമാനമായിരുന്നു, മരണത്തിലും വേർപിരിയാത്തവിധം അമ്മയോടു ബന്ധിപ്പിച്ച തീരുമാനം. അതിന്റെ കേന്ദ്രമായി നില്ക്കുന്നത് വിശ്വാസമാണ്. ഇസ്രായേലിനു വിമോചകനായി സ്വയം വെളിപ്പെടുത്തിയ ദൈവത്തെ സ്വന്തം ദൈവമായി അവൾ തിരഞ്ഞെടുത്തു.

പ്രതിഫലം പ്രതീക്ഷിക്കാതെ, തനിക്കുമുമ്പിൽ തുറന്നുകിടന്ന സാധ്യതകൾ ഉപേക്ഷിച്ച്, നാടുവിട്ടിറങ്ങിയവൾ കർത്താവിന്റെ ചിറകിൻ കീഴിൽ അഭയം തേടിയവളാണ്. അവളെ ദൈവം സംരക്ഷിച്ചു, പരിപാലിച്ചു, വഴി നയിച്ചു. ബന്ധുവായ ബൊവാസിന്റെ വയലിൽ എത്തിച്ചു. ബൊവാസ് അവളിൽ അനുരക്തനാകാൻ അനുഗ്രഹിച്ചു. അവസാനം ദാവീദിന്റെയും രക്ഷകനായ യേശുക്രിസ്തുവിന്റെയും മുത്തശ്ശിയാകാൻ ഭാഗ്യം നല്കി.

കർത്താവിന്റെ ചിറകിൻ കീഴിൽ അഭയം തേടുന്നവർ വിശ്വസിക്കണം. നിസ്വാർത്ഥമായ സ്നേഹമായിരിക്കണം അവരുടെ ജീവിതത്തെ നയിക്കുന്ന ചൈതന്യം. പ്രതിഫലം പ്രതീക്ഷിക്കാതെ സ്നേഹിക്കുകയും സേവനത്തിലൂടെ സ്നേഹം പ്രകടമാവുകയും ചെയ്യുമ്പോൾ ബൊവാസിന്റെ ആശംസ നമ്മിലും യാഥാർത്ഥ്യമാകും. കർത്താവു നമ്മെ സമൃദ്ധമായി അനുഗ്രഹിക്കും. ‘‘സ്വർഗ്ഗമില്ലെങ്കിലും ഞാൻ നിന്നെ സ്നേഹിക്കും; നരകമില്ലെങ്കിലും ഞാൻ പാപം ചെയ്യില്ല, കാരണം നീ എന്നെ അത്രമാത്രം സ്നേഹിച്ചു” എന്നു പറഞ്ഞ കൊച്ചുത്രേസ്യായും റൂത്തിനെപ്പോലെ കർത്താവിന്റെ ചിറകിൻ കീഴിൽ അഭയം തേടുന്നതിന്റെ മാതൃകയാണ്. ആ ചിറകുകൾ നമുക്ക് സംരക്ഷണവും അനുഗ്രഹവും നല്കട്ടെ!



# 6 തളരാത്ത ചിറകുകൾ

## ഏശ 40,31

*"യുവാക്കാൾ പോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം; ചെറുപ്പക്കാർ ശക്തിയറ്റു വീഴാം. എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല. നടന്നാൽ തളരുകയുമില്ല" (ഏശ 40,30-31).*

എസക്കിയേൽ പ്രവാചകൻ ദർശനത്തിൽ കണ്ട ഉണങ്ങിവരണ്ട അസ്ഥികൾപോലെ ആയിരുന്നു അവർ, നബുക്കദ്നേസർ ചക്രവർത്തി ബാബിലോണിലേക്കു നാടു കടത്തിയ പ്രവാസികൾ. ദേവാലയം കത്തിച്ചാമ്പലാകുന്നതും ജറുസലെം നഗരം നാശക്കൂമ്പാരമാകുന്നതും അവർ കണ്ടു. രണ്ടായിരത്തിൽപരം കിലോമീറ്റർ അകലെ, വിദേശത്ത് അടിമകളായി കഴിയുന്ന അവർക്ക് പ്രതീക്ഷിക്കാൻ ഒന്നുമില്ലായിരുന്നു - എന്നാണവർ കരുതിയത്. ഇങ്ങനെ പ്രത്യാശയറ്റ്, കർത്താവിന്റെ ശിക്ഷാവിധിയേറ്റുവാങ്ങി, നിരാശയിൽ കഴിഞ്ഞ ഒരു ജനത്തിന്റെയടുക്കലേക്കു ദൈവം അയച്ച പ്രവാചകനാണ് ഏശയ്യാ, രണ്ടാം ഏശയ്യാ എന്ന് ബൈബിൾ പണ്ഡിതന്മാർ വിളിക്കുന്ന പ്രവാചകൻ.

"എന്റെ വഴികൾ കർത്താവിൽ നിന്നു മറഞ്ഞിരിക്കുന്നു. എന്റെ അവകാശം ദൈവം കണത്തിലെടുക്കുന്നില്ല എന്നു നീ പരാതി പറയുന്നത് എന്തുകൊണ്ടാണ്?" (ഏശ 40,27). ദൈവം മറന്നിട്ടില്ല; ആരെയും മറക്കുകയുമില്ല. സ്വന്തം അകൃത്യങ്ങളുടെ ഫലമായി ദൈവിക സാന്നി

ധ്യവും സ്നേഹവും അനുഭവിക്കാൻ കഴിയാതെ വരുന്ന സാഹചര്യമുണ്ടാകാം. ദൈവവും കൈവിട്ടു എന്നു തോന്നുന്ന അവസരങ്ങളും ജീവിതത്തിലുണ്ടായെന്നു വരാം. അതു സ്വന്തം പാപത്തിന്റെ ഫലമാകണമെന്നുമില്ല. യേശുപോലും നിലവിളിച്ചില്ലേ, എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തേ നീ എന്നെ ഉപേക്ഷിച്ചു എന്ന്? കുരിശിൽ നിന്നു രക്ഷിക്കാൻ പിതാവ് ഇറങ്ങിവന്നില്ല. എന്നാൽ അത് ഉപേക്ഷിച്ചതു കൊണ്ടായിരുന്നില്ല. പിതാവിന്റെ മറുപടി ലഭിക്കാത്തപ്പോഴും യേശു പ്രത്യാശ കൈവെടിഞ്ഞില്ല. "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂക്കാ 23,46). ഇതാണ് കർത്താവിന്റെ ചിറകിൻ കീഴിൽ അഭയം തേടുന്നതിന്റെ ഏറ്റം ഉദാത്തമായ മാതൃക.

ഇപ്രകാരമൊരു വിശ്വാസവും സമർപ്പണവുമാണ് പ്രവാസികളോട് പ്രവാചകൻ വഴി കർത്താവ് ആവശ്യപ്പെട്ടത്. സൂര്യൻ പ്രകാശിക്കാത്തതുകൊണ്ടല്ല ഭൂമിയിൽ അന്ധകാരം വ്യാപിക്കുന്നത്. ഒന്നുകിൽ സൂര്യന് പുറം തിരിഞ്ഞു നില്ക്കുന്നു. അല്ലെങ്കിൽ കനത്ത കാർമേഘങ്ങൾ സൂര്യനും ഭൂമിക്കും ഇടയിൽ വരുന്നു. ഇതു തന്നെയല്ലേ നമ്മുടെ ജീവിതത്തിലും സംഭവിക്കുക? ചില പ്രത്യേക സാഹചര്യങ്ങളിൽ വിശ്വാസം ക്ഷയിച്ചു പോകുന്നു. തിക്താനുഭവങ്ങൾ ദൈവത്തെ ക്രൂരനായ വിധിയാളനും ശത്രുവുമായി കാണാൻ പ്രേരിപ്പിക്കുന്നു. പ്രാർത്ഥിച്ചിട്ടും ഫലം കിട്ടാത്തപ്പോൾ ദൈവം ഉണ്ടോ എന്നുപോലും സംശയം തോന്നാം. ഇതെല്ലാം തികച്ചും സ്വാഭാവികമത്രേ.

എന്നാൽ ഇവിടെയൊന്നും മനം തളരാതെ, ദൈവത്തിൽ ആശ്രയിക്കാൻ കഴിയണം. നീ കേട്ടില്ലെങ്കിലും ഞാൻ നിലവിളിച്ചുകൊണ്ടേയിരിക്കും; ഉത്തരം തന്നില്ലെങ്കിലും ഞാൻ പ്രാർത്ഥിക്കും. ഉപേക്ഷിച്ചു എന്നു തോന്നുമ്പോഴും ഞാൻ ആ കൈയ്യിൽ മുറുകെ പിടിക്കും-ആശ്രയിക്കാൻ എനിക്കു മറ്റാരുമില്ലല്ലോ! കുരിശിൽ നിന്നിറക്കാൻ ഇറങ്ങി വരാത്ത പിതാവ് കല്ലറയിൽ നിന്നു അവനെ ഉയിർപ്പിച്ചു. പ്രവാസത്തിലേക്കയച്ച കർത്താവ് ജനത്തെ ജറുസലെമിലേക്കു തിരിച്ചുകൊണ്ടു വന്നു. നിന്നെയും തിരിച്ചുകൊണ്ടുവരും – ആരോഗ്യത്തിലേക്ക്, ആനന്ദത്തിലേക്ക്, ജീവനിലേക്ക്. അപ്പോൾ നീയും കഴുകനെപ്പോലെ ചിറകടിച്ചുയരും – ദൈവസന്നിധിയിലേക്ക്. പിതൃഭവനത്തിൽ എത്തുന്നതുവരെ നീ ഓടും, തളരാതെ. അതാണ് കർത്താവു നല്കുന്ന വാഗ്ദാനം, അനേകം തലമുറകൾ സത്യമെന്നു സാക്ഷ്യപ്പെടുത്തുന്ന വാഗ്ദാനം. വിശ്വസിക്കു! നീയും ദൈവത്തിന്റെ ശക്തി കാണും; അവിടുത്തെ കരത്തിന്റെ കരുത്തറിയും. നിന്റെ ചിറകുകൾ കുഴയുകയില്ല; കാലുകൾ ഇടറുകയുമില്ല.



# 7 കൂടിളകുമ്പോൾ

## നിയ 32,11

*"കൂടു ചലിപ്പിക്കുകയും കുഞ്ഞുങ്ങളുടെ മുകളിൽ ചിറകടിക്കുകയും വിരിച്ച ചിറകുകളിൽ കുഞ്ഞുങ്ങളെ വഹിക്കുകയും ചെയ്യുന്ന കഴുകനെപ്പോലെ അവനെ നയിച്ചതു കർത്താവാണ്" (നിയ 32,11).*

മലമുകളിൽ, ഉയർന്ന മരത്തിന്റെ ചില്ലകളിലാണ് കഴുകൻ കൂടു കൂട്ടുന്നത്. വലിയ കമ്പുകൾ പാകി അടിത്തറ പണിയും. പിന്നെ ചെറിയ ചില്ലകൾ, പുല്ല്, നാരുകൾ; ഏറ്റവും ഒടുവിൽ കുഞ്ഞിനുമെത്തയൊരുക്കാൻ തന്റെ തന്നെ ഏറ്റം മൃദുലമായ തൂവലുകൾ പിഴുതെടുത്ത് വിരിക്കും. അവിടെ ഇടുന്ന മുട്ടകൾക്കുമേൽ അടയിരുന്നു വിരിച്ചെടുക്കുന്ന കുഞ്ഞുങ്ങളെ അതീവ ശ്രദ്ധയോടെ തീറ്റികൊടുത്തു വളർത്തും. കുഞ്ഞുങ്ങൾക്കു തൂവൽ മുളച്ചു വളർന്ന്, പറക്കാൻ പാകമായി എന്നു തോന്നുമ്പോൾ തള്ളക്കഴുകൻ കൂടിനുമുകളിൽ ചിറകടിച്ചു പറന്നുകാണിക്കും. അതുകണ്ട് കുഞ്ഞിക്കഴുകൻ തന്റെ ചിറകുയർത്തും. പക്ഷേ പറക്കാൻ അറിയില്ല.

എത്രതവണ ചിറകടി കണ്ടാലും പറക്കാൻ തയ്യാറാകാത്ത കുഞ്ഞിന്റെ കൂട് തള്ളതന്നെ ഇളക്കും. ഇളകുന്ന കൂട്ടിൽ നിന്നു താഴെ പോകാതിരിക്കാൻ കുഞ്ഞ് ചുള്ളിക്കമ്പുകളിൽ അള്ളിപ്പിടിച്ചിരിക്കും. അടുത്തപടിയായി കൂടിന്റെ കമ്പുകൾ ഓരോന്നായി തള്ളതന്നെ വലിച്ചുകളയും. അവസാനത്തെ പിടിയും വിടുമ്പോൾ കുഞ്ഞ് കല്ലുപോലെ താഴേക്കു

വീഴും. അതിവേഗത്തിൽ ഊളിയിട്ട് താഴെയെത്തുന്ന തള്ളക്കഴുകൻ തന്റെ വിരിച്ച ചിറകിൽ കുഞ്ഞിനെ താങ്ങിയെടുത്ത് മരച്ചില്ലകളിൽ കൊണ്ടു പോയി ഇരുത്തും. വീണ്ടും വീണ്ടും ഈ പ്രക്രിയ ആവർത്തിക്കും. അവസാനം കുഞ്ഞിച്ചിറകുകൾ വിരിച്ചു വീശി ആകാശത്തിൽ ഉയരാൻ കഴുകൻ കുഞ്ഞിനു കഴിയും. അതോടെ പരിശീലനം പൂർത്തിയായി.

ഇതു മുഴുവൻ യാഥാർത്ഥ്യമോ, ഭാവനാ സൃഷ്ടിയോ എന്നറയില്ല, വിശുദ്ധഗ്രന്ഥം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന ഒരു ചിത്രമാണിത്. ഈ ചിത്രത്തിലെ കഴുകൻ ദൈവമാണ്. പറക്കാൻ പേടിച്ച് ചുള്ളിക്കമ്പിൽ അള്ളിപ്പിടിച്ചിരിക്കുന്ന കുഞ്ഞ് ഞാനും നീയും തന്നെ. ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങളും പരാജയങ്ങളും വേദനിപ്പിക്കുന്ന അനുഭവങ്ങളുമെല്ലാം കർത്താവ് കൂടിളക്കുന്നതിന്റെ അടയാളങ്ങളാണ്. പറക്കാൻ ശ്രമിച്ചാലേ ചിറകിനു ശക്തിയുണ്ടാകൂ! നടന്നാലേ കാലിനു ബലം വയ്ക്കൂ! അടുത്തനാളിൽ ഒരു വാർത്ത കണ്ടു. അമിതഭാരത്താൽ എണീറ്റു നടക്കാനോ, നില്ക്കാൻ പോലുമോ കഴിയാത്ത ഒരു ചെറുപ്പക്കാരൻ കട്ടിലിൽ കിടന്നുകൊണ്ടു വിവാഹം നടത്തിയത്രെ. അയാളുടെ ഭാരം അഞ്ഞൂറു കിലോഗ്രാമിൽ കൂടുതലായിരുന്നു !

വ്യായാമം ഇല്ലാത്ത ശരീരം ജീർണ്ണിക്കും. ക്ലേശങ്ങളെ നേരിടാത്ത മനസ്സ് ദുർബ്ബലമാകും. ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുന്ന കുട്ടികൾ താന്തോന്നികളും സമൂഹദ്രോഹികളുമായിത്തീരാൻ സാധ്യത ഏറെയുണ്ട്. നമ്മെ ശക്തിപ്പെടുത്താൻ വേണ്ടിയാണ് ദൈവം പ്രതിസന്ധികൾ അനുവദിക്കുന്നത്. അതു ക്രൂരതയോ ശത്രുതയോ ആയി തെറ്റിധരിക്കരുത്. സ്വയം ചികഞ്ഞ് ഇര കണ്ടെത്താൻ പ്രായമാകുമ്പോൾ കുഞ്ഞുങ്ങളെ കൊത്തിപ്പിരിക്കുന്ന തള്ളക്കോഴിയും മുലകുടി മാറ്റാൻ കയ്പു പുരട്ടുന്ന അമ്മയും എല്ലാം ചെയ്യുന്നതും ഇതു തന്നെ.

തീയിൽ കുരുത്തത് വെയിലത്തു വാടില്ല എന്നൊരു ചൊല്ലുണ്ട്. ശരീരം ശക്തിപ്രാപിക്കാൻ, ആത്മാവിനു ബലമുണ്ടാകാൻ പ്രതിസന്ധികളും ക്ലേശങ്ങളും ആവശ്യമാണ്. തള്ളതന്നെ കൂടുപൊളിച്ച് കുഞ്ഞിനെ തള്ളിയിടുന്നത് ക്രൂരതയായി തോന്നാം. വീഴുമ്പോൾ കുഞ്ഞിനറിയില്ല തനിക്കു താഴെ വിരിച്ച ചിറകുമായി തള്ളപ്പക്ഷി കാവലുണ്ടെന്ന്. നമ്മുടെ സുരക്ഷിതത്വത്തിന്റെ കൂടിളക്കുകയും കൂടു തല്ലിപ്പൊളിക്കുകയും ചെയ്യുന്ന കർത്താവ് താഴെ കാവലുണ്ട്. അവന്റെ ചിറകുകളിലേക്ക്, അഥവാ കൈകളിലേക്കാണ് നാം വീഴുന്നത് എന്നു മറക്കാതിരിക്കുക. ആപത്തിലും രോഗത്തിലും മരണത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്.



# 8 നിങ്ങൾക്കു സമാധാനം

## യോഹ 20,19

*"ആഴ്ചയുടെ ആദ്യ ദിവസമായ അന്നു വൈകിട്ട് ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം" (യോഹ 20,19).*

വലിയ പ്രതീക്ഷയോടുകൂടെ ആയിരുന്നു അവർ യേശുവിനെ അനുഗമിച്ചത്. ഗലീലിത്തടാകത്തീരത്തുവച്ച് കണ്ടുമുട്ടിയ ആദ്യനിമിഷം തന്നെ അവന്റെ വ്യക്തിത്വം അവരെ അത്ര അധികം ആകർഷിച്ചു. ഉപജീവന മാർഗ്ഗമായ വള്ളവും വലയും മാത്രമല്ല, ഉറ്റവരെയും ഉടയവരെയും എല്ലാം വിട്ട് ഇറങ്ങിത്തിരിച്ചപ്പോൾ ആ യാത്ര ഇങ്ങനെ അവസാനിക്കുമെന്ന് അവർ സ്വപ്നത്തിൽപോലും കരുതിയില്ല. കലാപകാരിയെന്നു മുദ്രകുത്തി റോമാക്കാർ വേട്ടയാടി; ദൈവ ദൂഷകനെന്നു യഹൂദമതാധികാരികൾ ശപിച്ച് മരണശിക്ഷ വിധിച്ചു. ആ ദുഃഖവെള്ളിയിൽ, ഗാഗുൽത്തായിൽ ഉയർന്ന കുരിശിൽ അവരുടെ ജീവിതം തകിടം മറിഞ്ഞു. ഇനി ഒന്നും അവശേഷിക്കുന്നില്ല. ഒരു സ്വപ്നം പോലും അവശേഷിപ്പിക്കാതെ എല്ലാം അവസാനിച്ചു. അവശേഷിച്ചതു ഭയം മാത്രം.

ദൈവദൂഷകനും കലാപകാരിയുമായ ഗുരുവിനെ വധിച്ചവർ ശിഷ്യരുടെ ജീവനും നോട്ടമിട്ടിരുന്നു. യഹൂദരെ ഭയന്ന് കതകടച്ചിരിക്കുന്നവർ ഭയത്തിന്റെയും ഭീരുത്വത്തിന്റെയും മാത്രമല്ല, പരാജയത്തിന്റെയും നിരാ

ശയുടെയും മൂർത്തരൂപങ്ങളാണ്. ആഴ്ചയുടെ ആദ്യദിവസം, പ്രകാശത്തിന്റെയും പ്രത്യാശയുടേതുമായിരിക്കേണ്ട ദിവസം, ശിഷ്യന്മാർക്ക് ഒരു നക്ഷത്രത്തിന്റെ നുറുങ്ങുവെട്ടം പോലും ഇല്ലാത്ത ഇരുണ്ട രാത്രിയാണ്. എങ്ങനെ രക്ഷപ്പെടണം എന്നറിയാതെ, ആരിലും ഒരാശ്രയമില്ലാതെ രാത്രിയിലേക്കു നോക്കി വിറങ്ങലിച്ചിരിക്കുന്ന ശിഷ്യർ. അത് പത്രോസും കൂട്ടരും മാത്രമല്ല, ലോകത്തിന്റെ ഏതു കോണിലും, ഏതു കാലത്തും കഴിയുന്ന വ്യക്തിയുമാവാം. ജീവിതത്തിൽ പരാജയപ്പെട്ടവർ, കുറ്റബോധത്തിന്റെ ഭാരംതാങ്ങി തളരുന്നവർ, മാറാരോഗത്തിന്റെ, തീരാ ദാരിദ്ര്യത്തിന്റെ പിടിയിലമർന്നവർ, ശത്രുതയുടെയും വിദ്വേഷത്തിന്റെയും തടവറയിൽപെട്ടവർ, ഇരുട്ടിൽ കഴിയുന്നവരുടെയെല്ലാം പ്രതീകങ്ങളാണ് യഹൂദരെ ഭയന്ന് മുറിയടച്ചിരിക്കുന്ന ശിഷ്യർ.

ഒരുപക്ഷേ, നിന്റെ അവസ്ഥയും ഇതിനു സമാനമായിരിക്കാം. എങ്കിൽ കണ്ണു തുറക്കൂ, ഹൃദയത്തിന്റെ ഉൾക്കണ്ണുകൾ. മരിച്ചു മൺമറഞ്ഞു എന്നു കരുതിയവൻ, എല്ലാം അവസാനിച്ചു എന്നു കരുതി കല്ലറയിൽ അടക്കപ്പെട്ടവൻ ഇതാ കൺമുന്നിൽ നില്ക്കുന്നു. അവന്റെ വാക്കുകൾ നിന്റെ കാതുകളിൽ, അല്ല, അന്തരാത്മാവിൽ മുഴങ്ങുന്നതു കേൾക്കുന്നില്ലേ? നിങ്ങൾക്ക് (നിനക്ക്) സമാധാനം!

പരാജയമെന്നു തോന്നിയ കുരിശുമരണം യഥാർത്ഥത്തിൽ മരണത്തിന്മേലുള്ള വിജയമായിരുന്നു. മരണത്തിലൂടെ മരണത്തെ കീഴടക്കിയവനാണ് പറയുന്നത്: നിങ്ങൾക്കു സമാധാനം! നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ, ഞാൻ ലോകത്തെ, മരണത്തെ ജയിച്ചിരിക്കുന്നു. ഞാൻ നിങ്ങളോടുകൂടെ എന്നും ഉണ്ടായിരിക്കും, അവസാനം വരെ. ഈ സാന്നിധ്യമാണ് കർത്താവിന്റെ ചിറകുകളായി, നിഴലായി, തണലായി ബൈബിൾ ചിത്രീകരിക്കുന്നത്. ഈ ചിറകിൻ കീഴിൽ നമുക്ക് അഭയം ലഭിക്കും; തണലിൽ ആശ്വാസവും, സംശയം വേണ്ടാ!



# 9 എന്നും നമ്മോടുകൂടെ

## മത്താ 28,20

*"യേശു അവരെ സമീപിച്ച് അരുളിച്ചെയ്തു: സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28,18-20).*

മർക്കോസ്, ലൂക്കാ സുവിശേഷങ്ങളും അപ്പസ്തോല പ്രവർത്തനങ്ങളും യേശുവിന്റെ സ്വർഗ്ഗാരോഹണം വിവരിക്കുന്നുണ്ട്. സ്വർഗ്ഗാരോഹണം ചെയ്തു എന്നുപറയുമ്പോൾ യേശു ഈ ലോകത്തിൽ നിന്ന്, നമ്മിൽ നിന്ന്, അകന്നുപോയി എന്ന ഒരു പ്രതീതി ഉണ്ടാകാം. എന്നാൽ സ്വർഗ്ഗാരോഹണം അകന്നു പോകലല്ല, പുതിയ ഒരു രീതിയിൽ കൂടെ വസിക്കലാണ് എന്ന് മത്തായിയും യോഹന്നാനും നമ്മെ അനുസ്മരിപ്പിക്കുന്നു.

മരണവും ഉത്ഥാനവും വഴി മഹത്വത്തിലേക്കു പ്രവേശിച്ചു, അഥവാ, മനുഷ്യാവതാരവേളയിൽ ദാസരൂപം സ്വീകരിക്കാനായി മാറ്റിവച്ച മഹത്വം വീണ്ടും സ്വീകരിച്ചു. പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ഠനായി എന്ന വിശ്വാസ പ്രഖ്യാപനത്തിന്റെ വിശദീകരണം മനസ്സിലാക്കാൻ കൂടു

തൽ എളുപ്പമുള്ള വാക്കുകളിൽ മത്തായി നമുക്കു പറഞ്ഞു തരുന്നു: സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു.

മനുഷ്യന്റെ മുഴുവൻ ദുഃഖവും വേദനയും, ബലഹീനതയും പാപവും സ്വയം ഏറ്റെടുത്ത് കുരിശിൽ മരിച്ചവൻ മഹത്വപൂർണ്ണനായി വാഴുന്നു. എല്ലാ തിന്മകളെയും കീഴടക്കിയ സർവ്വശക്തൻ, സ്വർഗ്ഗാരോഹണത്തിലൂടെ അകന്നു പോവുകയല്ല, കൂടുതൽ അടുത്തു വരുകയാണ് ചെയ്യുന്നത്. ഈ സാമീപ്യം സ്ഥലകാലങ്ങൾക്കതീതമായി എന്നും നിലനില്ക്കുന്നു. യുഗാന്തം വരെ എന്നു വിവർത്തനം ചെയ്യുന്ന ഗ്രീക്കുവാക്കിന് "പൂർത്തികരണംവരെ" എന്നും അർത്ഥമുണ്ട്. എല്ലാം പൂർത്തിയാകുന്നതുവരെ, പുതുയുഗം സമാഗതമാകുന്നതുവരെ, എല്ലാ ദിവസവും അവൻ കൂടെ ഉണ്ടായിരിക്കും. ഭാവിയെ സംബന്ധിച്ച ഒരു വാഗ്ദാനമെന്നതിലുപരി, വർത്തമാനകാലത്തെ വിശദീകരിക്കുന്ന ഒരു പ്രഖ്യാപനം പോലെയാണ് യേശു ഈ വാക്കുകൾ അരുളിച്ചെയ്തിരിക്കുന്നത്. "കണ്ടാലും, കാലത്തിന്റെ, ലോകത്തിന്റെ, പൂർത്തികരണം വരെ എല്ലാ ദിവസവും ഞാൻ നിങ്ങളോടു കൂടെയുണ്ട്" എന്നു ഗുരുമൊഴി വിവർത്തനം ചെയ്യാം.

ഇന്ന് അനേകമാളുകൾ നേരിടുന്ന ഏറ്റം വലിയ പ്രതിസന്ധിയാണ് ഏകാന്തത. വാർദ്ധക്യത്തിൽ, രോഗത്തിൽ, ഉപേക്ഷിക്കപ്പെട്ടു പോകുന്നവർ. എനിക്കാരുമില്ല എന്ന അനുഭവത്താൽ തകർന്നു പോകുന്നവരുടെ എണ്ണം വർദ്ധിക്കുന്നതേയുള്ളു. ആൾക്കൂട്ടത്തിനിടയിലും തനിച്ചായി പോകുന്നു മനുഷ്യൻ. മൊബൈൽഫോണും ഇന്റർനെറ്റും മറ്റെല്ലാ സമ്പർക്ക മാധ്യമങ്ങളുമുണ്ടെങ്കിലും ഉള്ളിന്റെയുള്ളിൽ നാമെല്ലാം തനിച്ചാകുന്നു. ആരോടും പങ്കുവയ്ക്കാനാവാത്ത ദുഃഖങ്ങൾ, ആർക്കും മനസ്സിലാവുകയില്ലാത്ത പ്രശ്നങ്ങൾ, ആന്തരിക സംഘർഷങ്ങൾ, ഭയങ്ങൾ, ഉൽക്കണ്ഠകൾ. ഇതെല്ലാം പേറി തളരുന്ന നമ്മോട് യേശുവാണ് പറയുന്നത്: നീ തനിച്ചല്ല. ഞാൻ നിന്നോടു കൂടെയുണ്ട്. ഒന്നോ രണ്ടോ ദിവസത്തേക്കല്ല, അവസാനംവരെ, എന്നുപറഞ്ഞാൽ, എന്നേക്കും. മരണത്തിലും മരണത്തിനപ്പുറത്തും കൂടെ നില്ക്കുന്നവനാണ് നമ്മുടെ ദൈവം. അവസാനമില്ലാതെ ഓരോ ദിവസവും അവന്റെ സാന്നിധ്യം നമുക്കു ശക്തിയും പ്രത്യാശയും പകരട്ടെ.



# 10 ഹൃദയം അസ്വസ്ഥമാകേണ്ടാ

## യോഹ 14,1

*"നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ, ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ" (യോഹ 14,1).*

അസ്വസ്ഥരാകാൻ ആവശ്യത്തിലേറെ കാരണങ്ങൾ അവർക്കുണ്ടായിരുന്നു. എന്തോ ഭീകരമായത് സംഭവിക്കാൻ പോകുന്നു എന്ന ഒരു തോന്നൽ അവരെയെല്ലാം ഗ്രസിച്ചിരുന്നു. ഗുരുവിനോടൊന്നിച്ചുള്ള അവസാനത്തെ അത്താഴമായിരിക്കും ഇതെന്ന് ഗുരുതന്നെ പറഞ്ഞുകഴിഞ്ഞു. ഗുരുനാഥൻ തങ്ങളുടെ കാല്ക്കൽ അടിമയെപ്പോലെ മുട്ടുകുത്തി, കാലു കഴുകിയത് അവർക്കു സ്വീകരിക്കാൻ പ്രയാസമായിരുന്നു. അപ്പവും വീഞ്ഞും തന്റെ ശരീര രക്തങ്ങളാണെന്നു പറഞ്ഞു പങ്കുവച്ചതിന്റെ അർത്ഥം പൂർണ്ണമായും ഗ്രഹിക്കാനായില്ല; തങ്ങളിൽ ഒരുവൻ ഗുരുവിനെ ഒറ്റിക്കൊടുക്കുമെന്നും എല്ലാവരും ഉപേക്ഷിച്ച് ഓടിയൊളിക്കുമെന്നും പറഞ്ഞപ്പോൾ അത് ഏല്പിച്ച ആഘാതം അവർക്കു താങ്ങാൻ പറ്റാവുന്നതിലും വളരെ വലുതായിരുന്നു. ഈ സാഹചര്യത്തിലാണ് യേശു പറയുന്നത്: നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ.

കഴിഞ്ഞ മൂന്നുവർഷം കൂടെ കൊണ്ടുനടന്നു പഠിപ്പിച്ച കാര്യങ്ങളെല്ലാം അവർ അനുസ്മരിക്കണം. ഉടനെ സംഭവിക്കാൻ പോകുന്ന പീഡാനുഭവവും കുരിശു മരണവും യാത്രയുടെ അവസാനമല്ല. മുൻകൂട്ടി അറിയിച്ചിരുന്നതുപോലെ മരണത്തിനുശേഷം വീണ്ടും കണ്ടുമുട്ടും. മരണത്തെയും മറികടക്കാൻ കഴിയുന്ന ഏകവ്യക്തിയാണ് തങ്ങളുടെ ഗുരു

എന്ന് അവർ വിശ്വസിക്കണം. അതിനാവശ്യമായ തെളിവുകൾ അടയാള ങ്ങളായി അവർക്കു ലഭിച്ചിട്ടുണ്ട്.

ഹൃദയം അസ്വസ്ഥമാക്കുന്നത് ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠയും ഭയവുമാണല്ലോ. ജീവിതം കൈവിട്ടുപോകുന്നു എന്ന തോന്നൽ, ഈ ജീവിതം തുടരാൻ സാധിക്കുകയില്ല എന്ന ഭയം; ഇപ്പോഴത്തേതുപോലെ തുടരുന്നത് അർത്ഥശൂന്യമാണെന്ന വിചാരം; താങ്ങാനാവാത്ത ഭാരമാണീ ജീവിതം എന്ന അനുഭവം. ഇതെല്ലാം ഹൃദയത്തെ അസ്വസ്ഥമാക്കാം. ഞാൻ അസ്വസ്ഥനാണോ? എന്താണ് എന്റെ അസ്വസ്ഥതയുടെ കാരണം? എന്തുതന്നെ ആയാലും ദൈവപുത്രനും രക്ഷകനുമായ യേശുനാഥനാണ് പറയുന്നത്: നിന്റെ ഹൃദയം അസ്വസ്ഥമാകേണ്ടാ. അത് സെഹിയോൻ ഊട്ടുശാലയിലെ ശ്ലീഹാന്മാരോടു മാത്രമല്ല, ഇന്ന് എന്നോടും നിന്നോടും അവിടുന്ന് പറയുന്നു. അസ്വസ്ഥമാകേണ്ടാ.

അസ്വസ്ഥതയെ മറികടക്കാൻ ഗുരുനാഥൻ നിർദ്ദേശിക്കുന്ന ഒറ്റമൂലി വിശ്വാസമാണ്. “ദൈവത്തിൽ വിശ്വസിക്കുക; എന്നിലും വിശ്വസിക്കുക”. വിശ്വാസം ക്ഷയിക്കുന്നതനുസരിച്ച് അസ്വസ്ഥത വർദ്ധിക്കും. വ്യക്തിയുടെ അസ്വസ്ഥത കുടുംബത്തെയും സമൂഹത്തെയും ബാധിക്കും. ഉള്ളിൽ അസ്വസ്ഥതയുള്ളവർ ചുറ്റുപാടുമുള്ളവരെയും അസ്വസ്ഥരാക്കും. ദൈവ ത്തിൽ വിശ്വസിക്കുന്നവരാകട്ടെ, ഹൃദയത്തിൽ സ്വസ്ഥതയും ശാന്തതയും അനുഭവിക്കും. കാരണം എന്റെ ജീവിതത്തെ നയിക്കുന്നതും നിയന്ത്രി ക്കുന്നതും ഞാനല്ല, എനിക്കു ജീവൻ നല്കിയ ദൈവമാണെന്ന് അവർക്ക റിയാം. എനിക്കു ജീവൻ നല്കിയ ദൈവം എനിക്കു നന്മയായതു മാത്രമേ ആഗ്രഹിക്കു, അനുവദിക്കു. അവൻ അറിയാതെ, അനുവദിക്കാതെ എനി ക്കൊന്നും സംഭവിക്കുകയില്ല. അതിനാൽ സംഭവിച്ചതും, സംഭവിക്കുന്നതും ഇനി സംഭവിക്കാനിരിക്കുന്നതും നന്മ മാത്രമാണെന്ന് വിശ്വാസിക്കു ബോധ്യമുണ്ട്.

യേശുവിലുള്ള വിശ്വാസം പ്രത്യാശയ്ക്കു വഴി തെളിക്കുന്നു. കുരി ശുമരണവും ഉത്ഥാനവും വഴി മഹത്വത്തിലേക്കു പ്രവേശിച്ചവൻ മരണ ത്തിനപ്പുറത്തേക്കും നമ്മെ നയിക്കുന്നവനാണ്. ഒരിക്കലും കൈവിടാതെ, എന്നും കൂടെ നടക്കുന്ന ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ഒന്നിനെയും ഭയപ്പെടാനില്ല. അതിനാൽ സന്തോഷമായിരിക്കുക, ധൈര്യ മായിരിക്കുക. നിന്റെ അസ്വസ്ഥതകളും ഭാരങ്ങളും അവന്റെ സന്നിധി യിൽ ഇറക്കിവച്ച് ആശ്വസിക്കുക. വിശ്വാസത്തിൽ ശക്തി പ്രാപിക്കാൻ നാഥൻ നമ്മെ ആനുഗ്രഹിക്കട്ടെ!



# 11 കൂടെ വസിക്കുന്ന ദൈവം

## ലൂക്കാ 24,29

*"അവർ എത്തേണ്ടിയിരുന്ന ഗ്രാമത്തോടടുത്തു. അവനാകട്ടെ, യാത്ര തുടരുകയാണെന്നു ഭാവിച്ചു. അവർ അവനെ നിർബ്ബന്ധിച്ചു കൊണ്ടു പറഞ്ഞു: ഞങ്ങളോടുകൂടെ താമസിക്കുക. നേരം വൈകുന്നു; പകൽ അസ്തമിക്കാറായി. അവൻ അവരോടുകൂടെ താമസിക്കാൻ കയറി" (ലൂക്കാ 24,28-29).*

ആ ഞായറാഴ്ച ഉച്ചകഴിഞ്ഞ്, ജറുസലെമിൽ നിന്ന് ഏകദേശം 12 കിലോമീറ്റർ ദൂരെയുള്ള എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ നിരാശരായിരുന്നു. എല്ലാ പ്രതീക്ഷകളും അസ്തമിച്ച്, സംഭവിച്ചതിന്റെ ഒന്നും അർത്ഥം മനസ്സിലാകാതെ വിഷാദം തളംകെട്ടിയ മനസ്സും ദുഃഖം നിറഞ്ഞ ഹൃദയവുമായി, തർക്കിച്ചും വാദിച്ചും നടന്ന അവരുടെ കൂടെ സഹയാത്രികനായി വന്ന ഗുരുവിനെ അവർക്കു തിരിച്ചറിയാൻ കഴിഞ്ഞില്ല. അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു. അപ്രതീക്ഷിതമായുണ്ടാകുന്ന അത്യാഹിതങ്ങൾ, പരാജയങ്ങൾ, ആശാഭംഗങ്ങൾ നമ്മുടെ കണ്ണുകളെ അന്ധമാക്കിയെന്നു വരാം. കൂടെ നടക്കുന്ന, ഹൃദയത്തിനുള്ളിൽ വസിക്കുന്ന യേശുവിനെ തിരിച്ചറിയാൻ കഴിയാതെ പോയെന്നു വരാം.

അപരിചിതനായി കൂടെ നടന്ന ഗുരുനാഥൻ അവരെ സംസാരിക്കാൻ പ്രേരിപ്പിച്ചു. തങ്ങളുടെ ദുഃഖത്തെക്കുറിച്ച്, പരാജയത്തെയും നിരാശയെയും കുറിച്ച്, ഉൽകണ്ഠയെയും ഭയത്തെയുംകുറിച്ച്. അതൊരു ധ്യാനവും പ്രാർത്ഥനയുമായിരുന്നു. ദൈവത്തിന്റെ മുമ്പിൽ ഉള്ളു തുറക്കുന്നതല്ലേ യഥാർത്ഥ പ്രാർത്ഥന? ഭംഗിവാക്കുകളും കപട ഭക്തിയുമില്ലാതെ, നാം ആയിരിക്കുന്ന വിധത്തിൽ, ഉള്ളിലുള്ളത് അതേപടി ദൈവ

ത്തിന്റെ മുമ്പിൽ അവതരിപ്പിക്കുക.

ഗുരുനാഥൻ അവരെ സംഭവങ്ങളുടെ അർത്ഥതലങ്ങളിലേക്കു നയിച്ചു. പ്രവചനങ്ങൾ ഉദ്ധരിച്ചും തന്റെതന്നെ മുന്നറിയിപ്പുകൾ അനുസ്മരിപ്പിച്ചും ചിന്തിക്കാൻ പ്രേരിപ്പിച്ചു. വികാരതലത്തിൽ നിന്ന് വിചാരത്തിന്റെ തലത്തിലേക്ക്, മനസ്സിനെ അന്ധമാക്കുന്ന തിക്താനുഭവത്തിൽ നിന്ന് അനുഭവത്തെ അനുവദിക്കുന്ന ദൈവിക പദ്ധതിയിലേക്ക് ഉൾക്കണ്ണു തുറക്കാൻ പ്രേരിപ്പിക്കുന്നതായിരുന്നു ഗുരുവിന്റെ ചോദ്യങ്ങളും വിശകലനങ്ങളും. ആഴമേറിയ ഒരു ദൈവാനുഭൂതിയിലേക്ക് ഈ ധ്യാനം അവരെ നയിച്ചു.

സമയം പോയതറിഞ്ഞില്ല. നടപ്പിന്റെ ക്ഷീണം അനുഭവപ്പെട്ടതുമില്ല. അങ്ങനെയാണ് യേശുവിന്റെകൂടെ നടക്കുമ്പോൾ. ഓരോ ധ്യാനവും പ്രാർത്ഥനയും ഇപ്രകാരമാകാൻ കഴിയും. തങ്ങൾ എത്തേണ്ട ഗ്രാമത്തോടടുത്തപ്പോൾ യാത്ര തുടരുന്ന അപരിചിതനെ അവർ തടഞ്ഞു നിർത്തി. നേരം വൈകുന്നു, പകൽ അസ്തമിക്കാറായി എന്ന അവരുടെ വാക്കുകൾ ആഴമേറിയ അർത്ഥം ഉൾക്കൊള്ളുന്നുണ്ട്. ജീവിതത്തിന്റെ തന്നെ സായാഹ്നത്തെയും അന്ത്യത്തെയുംകുറിച്ചുള്ള ഒരു സൂചനയുമാകാം.

അവൻ കൂടെ നടന്നപ്പോൾ ഭയമറിഞ്ഞില്ല; ദുഃഖം മറന്നു. ഈ അവസ്ഥയിൽ തുടരണമെങ്കിൽ അവൻ കൂടെയുണ്ടാകണം. ആ സാന്നിധ്യം സന്തോഷവും സമാധാനവും പ്രദാനം ചെയ്യും. ഹൃദയത്തിന്റെ അഗാധതലങ്ങളിൽ നിന്നുയർന്നുവന്ന ഒരു യാചനയായിരുന്നു അത്. നാഥാ കൂടെ വസിക്കണമേ ! ഈ യാചന അവഗണിച്ച് നാഥൻ കടന്നു പോകില്ല. അവൻ അവരോടു കൂടെ താമസിക്കാൻ കയറി. അപ്പം മുറിച്ചു പങ്കുവച്ചു കൊടുത്തപ്പോൾ അവരുടെ കണ്ണു തുറന്നു. യേശുവിനെ തിരിച്ചറിഞ്ഞു. അവരുടെ നിരാശയകന്നു. ഹൃദയം സ്നേഹത്താൽ, ആനന്ദത്താൽ, സമാധാനത്താൽ ജ്വലിക്കുകയാണെന്ന് അവർ തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവാണ് ഓരോരുത്തർക്കും നല്കാൻ നാഥൻ ആഗ്രഹിക്കുന്നത്.

നാഥാ കൂടെ വസിച്ചാലും എന്ന അപ്പസ്തോലിക തിരുവെഴുത്ത് മരിക്കുന്നതിന് ആറുമാസം മുമ്പാണ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ എഴുതിയത്. വിശുദ്ധ കുർബ്ബാനയിലൂടെ നമ്മുടെ കൂടെ വസിക്കുന്ന നാഥനെക്കുറിച്ചുള്ള ആ പ്രബോധനം ശിഷ്യന്മാരുടെ യാചനയ്ക്ക് യേശു നല്കിയ, ഇന്നും നല്കുന്ന, മറുപടിയുടെ മനോഹരമായ വ്യാഖ്യാനമാണ്. നമ്മുടെ ജീവിതത്തിൽ നിഴലുകൾ നീളുകയും പകൽ അസ്തമിക്കാൻ പോകുന്നു എന്നു തോന്നുകയും ചെയ്യുമ്പോൾ മാത്രമല്ല, എന്നും ക്ഷണിക്കണം: നാഥാ കൂടെ വസിക്കണമേ! അവൻ കൂടെ താമസിക്കാനായി കയറിവരും. തീർച്ച



# 12 അടങ്ങുക, ശാന്തമാവുക

**മർക്കോ 4,39**

*'അവൻ ഉണർന്ന് കാറ്റിനെ ശാസിച്ചുകൊണ്ട് കടലിനോടു പറഞ്ഞു: അടങ്ങുക, ശാന്തമാവുക, കാറ്റു ശമിച്ചു, പ്രശാന്തതയുണ്ടായി" (മർക്കോ 4,39).*

പൊതുവേ ശാന്തമാണ് ഗലീലിക്കടൽ. കടൽ എന്നു പറയുന്നെങ്കിലും ചെറിയൊരു ഉൾനാടൻ തടാകമാണത്. ഏകദേശം 22 കി.മീ. നീളവും 13. കി.മീ. വീതിയുമുള്ള, ഹൃദയത്തിന്റെ ആകൃതിയിലുള്ള ഒരു ശുദ്ധജലതടാകം. അവിടെ സമൃദ്ധമായി വളരുന്ന മീൻപിടിച്ച് ഉപജീവനം നടത്തിയിരുന്നവരാണ് യേശുവിന്റെ ശിഷ്യന്മാരിൽ ഭൂരിഭാഗവും. ഗുരുവിന്റെ വാക്കനുസരിച്ച് അക്കരയ്ക്കു പോകാൻ തോണിയിൽ കയറിയപ്പോൾ അത് ഒരു സാധാരണ സംഭവമായേ അവർക്കു തോന്നിയുള്ളൂ. എത്രയോ രാത്രികൾ അവർ ആ തടാകത്തിൽ മീൻ പിടിച്ചിരിക്കുന്നു.

പക്ഷേ, അപ്രതീക്ഷിതമായതു സംഭവിച്ചു. വടക്കുനിന്ന് മലയിടുക്കിലൂടെ ചീറിയടിച്ച കൊടുങ്കാറ്റ് തടാകത്തിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. വഞ്ചിയിൽ വെള്ളം കയറി, മുങ്ങുമെന്നായി. ജീവൻ തന്നെ അപകടത്തിലാണെന്ന് അവർ കരുതി. യേശു ഇതൊന്നുമറിയാത്തപോലെ അമരത്തു തലയണവച്ച് ഉറങ്ങുകയായിരുന്നു. കൊടുങ്കാറ്റിൽപ്പെട്ട് മുങ്ങാൻ

പോകുന്ന തോണി ഒരു വലിയ പ്രതീകമാണ്. പ്രതിസന്ധികളുടെ ചുഴി യിൽപെടുന്ന ജീവിതത്തിന്റെ, പീഡനങ്ങളും എതിർപ്പുകളും നേരിടുന്ന സഭയുടെ, അപകടത്തിൽപ്പെടുന്ന രാഷ്ട്രത്തിന്റെ, ലോകത്തിന്റെ എല്ലാം പ്രതീകമാണ് അലറുന്ന തിരമാലകളിൽ ആടി ഉലയുന്ന വഞ്ചി. ഭയന്നു നിലവിളിക്കുന്ന ശിഷ്യർ നമ്മളൊക്കെത്തന്നെ.

കൊടുങ്കാറ്റിൽപ്പെടുമ്പോൾ മറക്കരുതാത്ത ഒരു കാര്യമുണ്ട്. കാറ്റി നെയും കടലിനെയും ചൊല്പടിക്കു നിർത്താൻ കഴിവുള്ള പ്രപഞ്ചനാഥ നായ യേശു നമ്മുടെ കൂടെയുണ്ട്. അവൻ നമ്മുടെ ഉള്ളിൽ വസിക്കുന്നു എന്ന കാര്യം ഓർമ്മിക്കണം. ഗലീലി തടാകത്തിലെ തോണിയിൽ അവൻ ഉറങ്ങുകയായിരുന്നു. ശിഷ്യന്മാർ അവനെ വിളിച്ചുണർത്തി. "കർത്താവേ, രക്ഷിക്കണേ, ഞങ്ങൾ ഇതാ നശിക്കുന്നു" എന്ന പ്രാർത്ഥന മത്തായി സുവിശേഷകനാണ് രേഖപ്പെടുത്തിയിരിക്കുന്നത് (മത്താ 8,25). വിളിച്ചു ണർത്തുക എന്നാൽ അവന്റെ സാന്നിധ്യത്തെയും ശക്തിയെയുംകുറി ച്ചുള്ള അവബോധത്തിലേക്കു നാം ഉണരുക എന്നാണ് അർത്ഥമാക്കുക. നമ്മെ കാക്കുന്നവൻ, ഉറങ്ങുന്നില്ല, ഉറക്കം തൂങ്ങുകയുമില്ല (സങ്കി 121,4) എന്ന സങ്കീർത്തനവാക്യം ഓർമ്മയിൽ സൂക്ഷിക്കണം. തിരമാലയുടെ ഉയരവും കാറ്റിന്റെ ശീല്ക്കാരവും ചുറ്റിലുമുള്ള അന്ധകാരവുമെല്ലാം നാഥന്റെ സാന്നിധ്യത്തെ നമ്മിൽനിന്നു മറച്ചേക്കാം. പക്ഷേ മറക്കരുത്. ഏതു പ്രതിസന്ധിയുടെ നടുവിലും അവൻ നമ്മോടു കൂടെയുണ്ട്.

നിലവിളി കേട്ടുണർന്ന യേശു കാറ്റിനെ ശാസിച്ചു, കടലിനോടു കല്പിച്ചു. അടങ്ങുക, ശാന്തമാവുക! ഉടനെ കാറ്റു ശമിച്ചു; കടൽ ശാന്ത മായി. വലിയ പ്രശാന്തതയുണ്ടായി. നിലവിളിക്കുക; സർവ്വശക്തിയുമുപ യോഗിച്ച് കരഞ്ഞു പ്രാർത്ഥിക്കുക. കേൾക്കാനാവാത്തവിധം അവന്റെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചതുകൊണ്ടല്ല നാം ഉച്ചത്തിൽ നിലവിളി ക്കുന്നത്. നമ്മുടെ ഹൃദയവ്യഥയും ദുഃഖവും ഭയവും ആണ് ശബ്ദമു യർത്താൻ പ്രേരിപ്പിക്കുന്നത്. വിശ്വാസമാണ് പ്രധാനം. അവൻ എന്റെ നിലവിളി കേൾക്കുമെന്നും എന്നെ സഹായിക്കാൻ വരുമെന്നുമുള്ള വിശ്വാ സം. കൊടുങ്കാറ്റിനെ ശമിപ്പിച്ചവൻ, കടലിനെ ശാന്തമാക്കിയവൻ എന്റെയും നിന്റെയും ഹൃദയത്തിൽ വസിക്കുന്നുണ്ട്. അതിനാൽ ഭയം വേണ്ടാ; ജീവി തത്തോണി തുഴഞ്ഞു തളരുമ്പോഴും തോണിമുങ്ങാൻ പോകുന്നു എന്നു തോന്നുമ്പോഴും ഭയപ്പെടാതെ വിളിക്കുക, നാഥൻ വിളികേൾക്കും; ഉണർന്ന് ശാന്തത നല്കും. പിതാവിന്റെ ഭവനമാകുന്ന തുറമുഖത്ത് സുര ക്ഷിതമായി എത്തുന്നതുവരെ അവൻ കൂടെ ഉണ്ടായിരിക്കും.



# 13 എനിക്ക് അനുകമ്പ തോന്നുന്നു

**മർക്കോ 8,2**

*"അവൻ ശിഷ്യന്മാരെ വിളിച്ചുപറഞ്ഞു: ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പ തോന്നുന്നു. ഇവർ മൂന്നു ദിവസമായി എന്നോടു കൂടെയാണ്. അവർക്കു ഭക്ഷിക്കാൻ ഒന്നുമില്ല. അവരെ വിശപ്പോടെ വീട്ടിലേക്കു പറഞ്ഞയച്ചാൽ വഴിയിൽ തളർന്നുവീണേക്കും. ചിലർ ദൂരെ നിന്നു വന്നവരാണ്" (മർക്കോ 8,2-3).*

യേശുവിന്റെ വാക്കു കേൾക്കാനും രോഗശാന്തി നേടാനുമായി ദൂരദേശങ്ങളിൽ നിന്നുപോലും വന്ന ജനക്കൂട്ടത്തെക്കുറിച്ചാണ് ഗുരുനാഥൻ ശിഷ്യന്മാരോടു പറയുന്നത്. പിതാവിന്റെ സ്നേഹത്തെക്കുറിച്ച്, ഓരോ മനുഷ്യവ്യക്തിയുടെയും പേരിൽ പിതാവിനുള്ള കരുതലിനെക്കുറിച്ച്, ഈ ഭൂമിയിൽ ഉദിച്ചുയരുന്ന, മുളപൊട്ടി വളരുന്ന ദൈവരാജ്യത്തെക്കുറിച്ച് യേശു പറയാൻ തുടങ്ങിയപ്പോൾ സമയം കടന്നുപോയതറിഞ്ഞില്ല. അലൗകികമായ ഒരനുഭൂതിയിൽ മുഴുകിയ ജനക്കൂട്ടം അവനെ അനുഗമിച്ചു; അവന്റെ ചുറ്റിലും ഇരുന്നു. അവിടം വിട്ടു പോകാൻ അവർ ആഗ്രഹിച്ചില്ല.

ആ തിരുസാന്നിധ്യം തന്നെ ജീവിത സാഫല്യമായി, സായൂജ്യമായി അവർക്കനുഭവപ്പെട്ടു. യേശുവിന്റെകൂടെ ആയിരിക്കുമ്പോൾ, അവിടുത്തെ വചനത്തിനു കാതോർക്കുമ്പോൾ, മറ്റെല്ലാം മറക്കും. "നിൻ സന്നിധി മതി എന്നേശുവേ" എന്നു പാടാൻ മനുഷ്യാത്മാവിനെ പ്രേരിപ്പിക്കുന്നത് ഈ ദൈവ രാജ്യാനുഭവമാണ്. അവന്റെയടുത്തിരിക്കണം, വാക്കു കേൾക്കണം, ബെഥനിയിലെ മറിയത്തെപ്പോലെ.

തന്നെ കേൾക്കുന്നവരെ, തന്നെ അനുഗമിക്കുന്നവരെ, വെറും ഒരാൾക്കൂട്ടമായിട്ടല്ല യേശു കാണുന്നത്. ആൾക്കൂട്ടം വ്യക്തികളാണ്. ഓരോ വ്യക്തിക്കും അയാളുടേതായ ആവശ്യങ്ങളും ആഗ്രഹങ്ങളുമുണ്ട്; പ്രതീക്ഷകളും ഭയങ്ങളുമുണ്ട്. ഓരോരുത്തരെയും വ്യക്തിപരമായി അറിയുന്നവനാണ് നമ്മുടെ ദൈവം. ഓരോരുത്തരുടെയും വിശപ്പും ദാഹവും, ക്ഷീണവും തളർച്ചയും അവനറിയാം. എവിടെ നിന്നാണ് ഓരോരുത്തരും വരുന്നതെന്നും എന്താണ് ഓരോരുത്തർക്കും വേണ്ടതെന്നും കൃത്യമായി അറിയുന്നവനാണ് പറയുന്നത്: എനിക്ക് അനുകമ്പ തോന്നുന്നു.

ഹെബ്രായ ഭാഷയിലെ *റഹമാ* എന്ന പദമാണ് അനുകമ്പ എന്നു വിവർത്തനം ചെയ്യുന്നത്. ഗർഭപാത്രം എന്നർത്ഥമുള്ള *റെഹെം* എന്ന വാക്കിൽ നിന്നാണ് റഹമായുടെ നിഷ്പത്തി. ഗർഭസ്ഥ ശിശുവിനോട് മാതാവിനുള്ള ആർദ്രതയും കനിവും, വാത്സല്യവും സ്നേഹവും എല്ലാം കൂടി ഉൾക്കൊള്ളുന്ന ഒരു പദമാണിത്. ഈ പദം ഉപയോഗിക്കുമ്പോൾ യേശു ഒരമ്മയുടെ സ്ഥാനത്തു നില്ക്കുന്നു. അഥവാ ദൈവത്തിന്റെ മാതൃഭാവം അവനിൽ പ്രകടമാകുന്നു.

ദൈവത്തെ കരുണയില്ലാത്ത വിധിയാളനും കർക്കശക്കാരനായ പിതാവും ആയി ചിത്രീകരിക്കാനുള്ള ഒരു പ്രവണതയുണ്ട്. ഈ ധാരണയെ തിരുത്തുന്നതാണ് യേശു നമുക്കു വരച്ചുതരുന്ന ദൈവത്തിന്റെ ചിത്രം. എന്നെ അറിയുന്ന, എന്റെ ബലഹീനതകളും വീഴ്ചകളും, പോരാട്ടങ്ങളും പരാജയങ്ങളും, ഞാനേറ്റ മുറിവുകളും എല്ലാം അറിയുന്ന, വാത്സല്യത്തോടെ, ആർദ്രതയോടെ എന്ന നോക്കുന്ന, കയ്യിലെടുത്ത് മാറോടു ചേർത്ത് ആശ്വസിപ്പിക്കുന്ന അമ്മയാണ് ദൈവം എന്ന് യേശു പഠിപ്പിച്ചു.

"എനിക്ക് അനുകമ്പ തോന്നുന്നു". വഴിയിൽ വീണു പോകാതിരിക്കാൻ അവൻ എനിക്ക് ആഹാരം നല്കുന്നു. തന്റെ വചനം ആഹാരമായി നല്കുന്നു; പോരാ, തന്നെത്തന്നെ, തന്റെ ശരീര രക്തങ്ങൾ ആഹാരമായി തന്നു വഴി നടത്തുന്നവനാണ് കൂടെ നടക്കുന്ന ദൈവം. ആ ദൈവത്തെയാണ് നാം എമ്മാനുവേൽ എന്നും യേശു എന്നും വിളിക്കുന്നത്. വഴിയിൽ തളർന്നുപോകാതിരിക്കാൻ അവൻ നല്കുന്ന ആഹാരം നാം സ്വീകരിക്കണം; വചനം കേൾക്കണം, ഭക്ഷിക്കണം, ജീവിക്കണം. പോരാ, പങ്കുവയ്ക്കുകയും വേണം. ദൈവത്തിന്റെ അനുകമ്പ അനുഭവിച്ചറിഞ്ഞവർ ആ അനുകമ്പയുടെ ഉപകരണങ്ങളായി മാറണം. അതിനാലാണ് യേശു പറഞ്ഞത്: "കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും"; "നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ".



# 14 ഞാനും നിന്നെ വിധിക്കുന്നില്ല

## യോഹ 8,11

*"യേശു പറഞ്ഞു: ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക, ഇനിമേൽ പാപം ചെയ്യരുത്" (യോഹ 8,11).*

ഇസ്രായേൽ ജനത്തിന്റെ ഏറ്റം വലിയ മൂന്നു തിരുനാളുകളിൽ അവസാനത്തേതായിരുന്നു കൂടാരത്തിരുനാൾ. വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്രയിൽ കർത്താവ് അവരെ മേഘത്തൂണിലും അഗ്നി സ്തംഭത്തിലും വഴി നടത്തിയതിന്റെയും അവർ മരുഭൂമിയിൽ കൂടാരങ്ങളിൽ വസിച്ചതിന്റെയും ഓർമ്മയാചരിക്കുന്ന ഈ തിരുനാളിലും പതിനായിരങ്ങൾ തീർത്ഥാടകരായി ജറുസലെമിലേക്കു വരും. ആൾക്കൂട്ടം വർദ്ധിക്കുന്നിടത്ത് ഭക്തി മാത്രമല്ല, അശുദ്ധിയും അനാചരവും പെരുകാം; തിരുനാളുകൾ പെരുന്നാളുകളായി അധഃപതിക്കാം. രാത്രികാലത്തെ ആഘോഷങ്ങളിൽ ചിലതെല്ലാം അവിശുദ്ധമായ പ്രവൃത്തികൾക്കു വഴിയൊരുക്കാം എന്നതിന്റെ ഉദാഹരണവും തെളിവുമാണ് ദേവാലയാങ്കണത്തിൽ അതിരാവിലെ മതനേതാക്കൾ അവതരിപ്പിച്ച നാടകം.

മതനിയമങ്ങൾ കണിശമായി അനുസരിക്കുന്ന ഫരിസേയരും പഠിപ്പിക്കുന്ന നിയമജ്ഞരും കൂടി ഒരു സ്ത്രീയെ യേശുവിന്റെ മുമ്പിൽ ഹാജരാക്കിയത് ദൈവിക നിയമത്തോടുള്ള അവരുടെ തീക്ഷ്ണ ഭക്തിയെക്കാൾ യേശുവിനെതിരേ കുറ്റമാരോപിക്കാൻ ഒരവസരം തേടിയാണ്. വ്യഭിചാര കുറ്റത്തിന് വധശിക്ഷയാണ് വിധി. റബ്ബിയെന്നറിയപ്പെടുന്ന യേശുവിന്റെ വിധിവാചകം എന്തു തന്നെ ആയാലും അത് അവനെതിരേ ഉപയോഗിക്കാനുള്ള ഉപകരണമാകും. വെറുതെ വിട്ടാൽ നിയമലംഘനം; വധശിക്ഷ വിധി

ച്ചാൽ കരുണയില്ലാത്തവൻ. മതനിയമങ്ങളും രാഷ്ട്രനിയമങ്ങളും വളച്ചൊടിച്ച് മനുഷ്യനെ കുരുക്കിലാക്കുന്ന മനോഭാവങ്ങൾ ഇന്നും വിരളമല്ലല്ലോ?

നിയമപാലകർ മറന്നു പോയത് ഹതഭാഗ്യയായ ആ സ്ത്രീയുടെ വ്യക്തിത്വമാണ്. അവർ ഒരു കുറ്റകൃത്യം മാത്രമാണ് കണ്ടത്. എന്നാൽ എന്തായിരുന്നു ആ കൃത്യത്തിനു പിന്നിലെ പ്രേരകശക്തി? ആരാണ് അവളെ വ്യഭിചാരിണിയാക്കിയത്? ഒറ്റയ്ക്ക് ആരും വ്യഭിചാരം ചെയ്യില്ലല്ലോ? അവളെ വ്യഭിചരിച്ചവൻ എവിടെ പോയി? എറിയാൻ കല്ലോങ്ങി നില്ക്കുന്നവർ പ്രധാനപ്പെട്ട ചോദ്യങ്ങളൊന്നും ചോദിച്ചില്ല. മറ്റുള്ളവർക്കെതിരേ കുറ്റം ആരോപിക്കുമ്പോൾ, വിധി പ്രഖ്യാപിക്കുമ്പോൾ നമുക്കും ഇതു തന്നെയല്ലേ സംഭവിക്കുക? അതിനാൽത്തന്നെയാണ് യേശു പഠിപ്പിച്ചത്: "വിധിക്കരുത്, നിങ്ങളും വിധിക്കപ്പെടുകയില്ല. കുറ്റാരോപണം നടത്തരുത്, നിങ്ങളുടെ മേലും കുറ്റം ആരോപിക്കപ്പെടുകയില്ല" (ലൂക്ക 6,37).

നിശബ്ദനായി കുനിഞ്ഞിരുന്ന് നിലത്തെഴുതിയ യേശു നിർബ്ബന്ധത്തിനു വഴങ്ങി, വിധി പറഞ്ഞു: നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യത്തെ കല്ലെറിയട്ടെ. ആരാണ് പാപമില്ലാത്തവൻ? ആർക്കാണ് മറ്റൊരാളെ വിധിക്കാൻ കഴിയുക? ഞാൻ അവരിൽ കാണുന്ന കുറ്റങ്ങൾ എന്നിലുള്ളവയുടെ തന്നെ പ്രതിഫലമല്ലേ? കൊല്ലാൻ വന്നവർ കല്ലുതാഴെയിട്ട് നിശ്ശബ്ദം പിൻതിരിഞ്ഞപ്പോൾ യേശുവും പിടിക്കപ്പെട്ടവളും തനിച്ചായി.

ഗുരു എന്തു പറയും? പേടിച്ചരണ്ടു നിന്ന അവൾക്ക് ഗുരുവിന്റെ വിധിവാചകം വിശ്വസിക്കാനായില്ല. "ഞാനും നിന്നെ വിധിക്കുന്നില്ല". പാപമില്ല, കുറ്റവാളിയല്ല എന്നൊന്നും യേശു പറയുന്നില്ല. അറിയാം, അവളുടെ ഗുരുതരമായ പാപാവസ്ഥ ഗുരുവിന് നന്നായറിയാം. പക്ഷേ അത് എടുത്തുകാട്ടി വിധിക്കുന്നില്ല. പോവുക! പുതിയൊരു ജീവിതത്തിലേക്ക്. മേലിൽ പാപം ചെയ്യരുത് എന്ന ഒരേ ഒരു കല്പന മാത്രം.

അതാണ് ദൈവം, അതാണ് യേശു. കുടിശ്ശിഖ എഴുതി സൂക്ഷിക്കാതെ ക്ഷമിക്കുന്ന ദിവ്യകാരുണ്യം. എല്ലാം വീണ്ടും തുടങ്ങാം. നമുക്കെതിരായ കുറ്റപത്രം അവൻ കീറിക്കളഞ്ഞിരിക്കുന്നു. ഇനി ഒരിക്കലും അതു പരിഗണിക്കുകയില്ല. നിന്റെ സകല ഭാരങ്ങളും അവൻ ഏറ്റെടുക്കുന്നു; സകല പാപങ്ങളും ക്ഷമിക്കുന്നു. കറകളെല്ലാം കഴുകി വെടിപ്പാക്കുന്നു. പൊയ്ക്കൊള്ളുക, സ്വതന്ത്രമായി-നന്ദിയോടെ, സ്നേഹത്തോടെ, സമാധാനത്തോടെ, ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെ. "അവിടുന്ന് ഞങ്ങളെ സ്വന്തമായി കണക്കാക്കി എന്നറിയുന്നതിനാൽ ഞങ്ങൾ പാപം ചെയ്യുകയില്ല" (ജ്ഞാനം 15,2) എന്നു ജ്ഞാനഗ്രന്ഥത്തോടൊപ്പം നമുക്കും പറയാം. പാപത്തിൽ നിന്നു നമ്മെ പിന്തിരിപ്പിക്കുന്നത് ശിക്ഷയെക്കുറിച്ചുള്ള ഭയമോ സമ്മാനത്തിനായുള്ള ആഗ്രഹമോ അല്ല, സ്നേഹമായിരിക്കണം. എന്നെ സ്നേഹിക്കുന്ന എന്റെ ദൈവത്തിനെതിരേ ഞാൻ എങ്ങനെ പാപം ചെയ്യും?



# 15 ധൈര്യമായിരിക്കുവിൻ

**മത്താ 14,27**

*"അവൻ കടലിനുമീതെ നടക്കുന്നതുകൊണ്ട് ശിഷ്യന്മാർ പരിഭ്രാന്തരായി, ഇതാ ഭൂതം എന്നുപറഞ്ഞ് ഭയം നിമിത്തം നിലവിളിച്ചു. ഉടനെ അവൻ അവരോടു സംസാരിച്ചു. ധൈര്യമായിരിക്കുവിൻ, ഞാനാണ് ഭയപ്പെടേണ്ടാ" (മത്താ 14:26-27).*

അന്നത്തെ അവരുടെ അനുഭവങ്ങളെല്ലാം തികച്ചും അസാധാരണമായിരുന്നു. ഗുരുവിന്റെ കല്പനയനുസരിച്ച് പ്രേഷിതവേലയ്ക്ക് പോയ അവർ വലിയ സന്തോഷത്തോടെയാണ് തിരിച്ചുവന്ന് തങ്ങൾക്കുണ്ടായ വൻ വിജയങ്ങളെക്കുറിച്ച് പറഞ്ഞത്. വിശ്രമിക്കാനായി ഗുരു അവരെ വിജനപ്രദേശത്തേക്കു കൂട്ടിക്കൊണ്ടുപോയെങ്കിലും ജനക്കൂട്ടത്തെ കണ്ടപ്പോൾ വിശ്രമത്തിന്റെ കാര്യം മറന്നു. ആദ്യം വചനവും പിന്നെ അപ്പവും നല്കി ജനത്തെ തൃപ്തരാക്കി. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ചതു കണ്ട് ജനം ഗുരുവിനെ രാജാവാക്കാൻ തീരുമാനിച്ചു. ദൈവരാജ്യം സന്നിഹിതമാകുന്ന നിർണ്ണായക നിമിഷമാണിത് എന്ന് ശിഷ്യന്മാരും കരുതി. അപ്പോഴാണ് ഗുരു അവരെ നിർബ്ബന്ധിച്ച് കടലിലേക്ക് ഇറക്കി വിട്ടത്; ഗുരു തീരത്തുതന്നെ തങ്ങി. ഇതാദ്യമായിരുന്നു ഇങ്ങനെ അവരെ തനിയെ പറഞ്ഞയയ്ക്കുന്നത്, അതും കൊടുങ്കാറ്റ് പതിയിരിക്കുന്ന കടലിലേക്ക്.

രാത്രിയിൽ കടൽ ക്ഷോഭമുണ്ടായി. കാറ്റു പ്രതികൂലമായി. മുമ്പൊരിക്കൽ ഇതുപോലെരനുഭവമുണ്ടായപ്പോൾ ഗുരു കൂടെ ഉണ്ടായിരുന്നു. ഇപ്പോൾ ഗുരു കരയിലും ശിഷ്യന്മാർ നടുക്കടലിൽ, രാത്രിയിൽ തനി

ച്ചും. രാത്രി മുഴുവൻ തണ്ടു വലിച്ചു. എങ്ങും എത്തിയില്ല. അധ്വാനത്തിന്റെ ഭാരവും പ്രതികൂലമായ കാലാവസ്ഥയും അവരെ തളർത്തി. അപ്പോഴാണ് കടലിൻ മീതേ നടന്നു തങ്ങളെ സമീപിക്കുന്ന ഒരു രൂപത്തെ കണ്ടത്. ഭൂതമായിരിക്കും എന്നവർ കരുതി. കൊടുങ്കാറ്റിൽ പെട്ടവനെ പിശാചു നേരിട്ട് നശിപ്പിക്കാൻ പോകുന്നു എന്നു തോന്നി അവർ ഭയന്ന് അലറി വിളിച്ചു.

അത് ഗുരുനാഥനാണെന്ന് അവർക്കു മനസ്സിലായില്ല. അങ്ങനെയാണ് പലപ്പോഴും സംഭവിക്കുക. അപകടങ്ങളിലും പ്രതിസന്ധികളിലും പെടുമ്പോൾ നമ്മൾ തനിച്ചായി പോകുന്നു എന്നു തോന്നാം. സഹായത്തിനാരുമില്ല എന്നു വിശ്വസിക്കുന്നവർക്ക് അടുത്തു നില്ക്കുന്ന, അടുത്തേക്കു വരുന്ന ദൈവികസാന്നിധ്യം തിരിച്ചറിയാൻ കഴിഞ്ഞില്ലെന്നു വരും. യേശുവിനെ കണ്ട് ഭൂതമെന്ന് കരുതിയത് ഒരു അസാധാരണ അനുഭവമായിരുന്നു. നന്മയും തിന്മയും തമ്മിൽ തിരിച്ചറിയാൻ കഴിയാത്തവിധം ഭയം അവരെ ഗ്രസിച്ചു കഴിഞ്ഞു. എന്നാൽ ഓർക്കണം, ഉയരുന്ന തിരമാലകൾക്കും അലറുന്ന കൊടുങ്കാറ്റിനും മുകളിലൂടെ അവൻ വരും. എന്റെ ജീവിതം അപകടത്തിൽപെടുമ്പോൾ എന്നെ സുരക്ഷിതമായി വീട്ടിലെത്തിക്കാൻ കടന്നുവരുന്ന കർത്താവിനെ തിരിച്ചറിയാൻ എനിക്കു കഴിയണം.

ഭയന്നു നിലവിളിക്കുമ്പോൾ കാറ്റിന്റെ ശീല്ക്കാരത്തിനു മുകളിൽ അവന്റെ ശബ്ദം മുഴങ്ങും. ധൈര്യമായിരിക്കൂ, ഇതു ഞാനാണ്, ഭയപ്പെടേണ്ടാ! രാത്രിയിലെ ഭീകരത ഒരു വലിയ ദൈവാനുഭവത്തിന്റെ വേദിയായി മാറും. എല്ലാം നഷ്ടപ്പെട്ടു എന്നു തോന്നുന്നിടത്താണ് ദൈവത്തിന്റെ ഇടപെടൽ നാം തിരിച്ചറിയുക. ജീവിതം കൈവിട്ടുപോയി എന്നു തോന്നുന്നിടത്ത് കർത്താവുണ്ടായിരിക്കും, ധൈര്യം പകരാൻ.

"ഞാനാണ്" എന്ന പ്രഖ്യാപനത്തിന് ആഴമേറിയ അർത്ഥമുണ്ട്. മോശയ്ക്കു മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെട്ട ദൈവം വെളിപ്പെടുത്തിയ പേരാണത്, "ഞാൻ". ചെങ്കടലിന്റെ നടുവിലൂടെ ജനത്തെ നയിച്ച ദൈവമാണ് ഇപ്പോൾ ഗലീലി തടാകത്തിലെ തിരമാലകൾക്കു മുകളിലൂടെ നടന്നു വരുന്നത്. ഭയന്നു നിലവിളിക്കുന്ന, ജീവിതയാത്രയിൽ കാലിടറുന്ന, തോണി ഉലയുന്ന, നമ്മുടെ അടുത്തേക്ക് അവിടുന്ന് വരുന്നു. നാം കടലിലും അവൻ കരയിലും ആണെന്നു കരുതി ഭയപ്പെടേണ്ടാ – കാറ്റിന്റെ ചിറകുകളിൽ സഞ്ചരിക്കുന്നവൻ, കഴുകന്റെ ചിറകുകളിൽ സംവഹിക്കുന്നവൻ, തന്റെ പ്രിയപ്പെട്ടവരുടെ നിലിവിളി കേട്ടു പാഞ്ഞുവരും. ധൈര്യമായിരിക്കുക!



# 16 നീ എന്തിനു സംശയിച്ചു?

**മത്താ 14,31**

*"പത്രോസ് അവനോടു പറഞ്ഞു: കർത്താവേ, അങ്ങാണെങ്കിൽ ഞാൻ ജലത്തിനു മീതെ കൂടി അങ്ങയുടെ അടുത്തേക്കുവരാൻ കല്പിക്കുക. വരൂ! അവൻ പറഞ്ഞു. പത്രോസ് വഞ്ചിയിൽ നിന്നിറങ്ങി വെള്ളത്തിനു മുകളിലൂടെ യേശുവിന്റെ അടുത്തേക്കു നടന്നുചെന്നു. എന്നാൽ കാറ്റ് ആഞ്ഞടിക്കുന്നതു കണ്ട് അവൻ ഭയന്നു. ജലത്തിൽ മുങ്ങിത്താഴാൻ തുടങ്ങിയപ്പോൾ അവൻ നിലവിളിച്ചുപറഞ്ഞു: കർത്താവേ രക്ഷിക്കണേ! ഉടനെ യേശു കൈനീട്ടി അവനെ പിടിച്ചുകൊണ്ട് പറഞ്ഞു: അല്പവിശ്വാസീ, നീ സംശയിച്ചതെന്തിന്?" (മത്താ 14,28-31).*

അനാവശ്യമായ ഒരു സാഹസമായി തോന്നാം പത്രോസിന്റെ പ്രവൃത്തി. ഉയരുന്ന തിരമാലകൾക്കു മുകളിലൂടെ നടന്നുവരുന്നത് ഭൂതമല്ല, തന്റെ ഗുരുവാണെന്നു തിരിച്ചറിഞ്ഞ പത്രോസ് ഒരു അടയാളമെന്ന നിലയിലാണോ കടലിനു മീതെ നടക്കാൻ അനുവാദം ചോദിച്ചത് എന്നു സംശയമുണ്ടാകാം. കർത്താവേ, ഇത് അങ്ങാണെങ്കിൽ! എന്നാൽ സംശയത്തേക്കാളുപരി ആശ്ചര്യവും സന്തോഷവുമാണ് ആ വലിയ മുക്കുവന്റെ വാക്കുകളിൽ പ്രതിധ്വനിക്കുന്നത്. ഒട്ടും പ്രതീക്ഷിച്ചില്ല, ഈ അപകടത്തിനു നടുവിലേക്ക് കർത്താവു വരുമെന്ന്. രാത്രിയുടെ നാലാം യാമത്തിൽ വെളുപ്പാൻ കാലത്ത്, ഏതാണ്ട് നാലുമണിയോടെയാണ് ഗുരുവിനെ പത്രോസ് കണ്ടത്. അധ്വാനവും ഭയവും മൂലം തളർന്ന തങ്ങളുടെ അടുത്തേക്കു വരുന്ന കർത്താവിനെ കണ്ടതിലുള്ള സന്തോഷത്തിന് അതിരില്ലായിരുന്നു. ഇനി ഒന്നേ വേണ്ടൂ, ഉടനെ ഗുരുവിന്റെ സന്നിധിയിലെത്തണം.

പത്രോസ് എന്നും അങ്ങനെ ആയിരുന്നു. കടൽത്തീരത്തു വച്ചു കണ്ടുമുട്ടിയ ആദ്യനിമിഷം മുതൽ ഒന്നേ അദ്ദേഹം ആഗ്രഹിച്ചുള്ളൂ. ഗുരു സാന്നിധ്യം. "നിൻ സന്നിധി മതി എന്നേശുവേ" എന്ന് ആയിരം തവണ ഉരുവിട്ട വ്യക്തിയാണ് പത്രോസ്. ഗുരുവിന്റെ കൂടെ ആയിരിക്കാൻ ഏതു സാഹസത്തിനും അയാൾ ഒരുക്കമാണ്. ഗുരു കൂടെയുണ്ടെങ്കിൽ ഏതപ കടത്തിലേക്കും എടുത്തു ചാടാൻ മടിയില്ല. കൂടെ നടക്കണം, കൂടെ വസി ക്കണം, അതു മാത്രം മതി. ഗുരുവിനോടുള്ള സ്നേഹം പ്രതിബന്ധങ്ങൾ അറിയുന്നില്ല. വള്ളവും വലയും, വീടും കുടുംബവും ഉപേക്ഷിച്ചു. ജീവൻ പോലും ത്യജിക്കാൻ തയ്യാറായി. കടലിൻ നടുവിലേക്ക്, ഇരുട്ടിലേക്ക് എടുത്തു ചാടുന്നവനാണ് പത്രോസ്, കണക്കു കൂട്ടാതെ, വീണ്ടുവിചാര മില്ലാതെ. ഏകലക്ഷ്യം ഗുരുമാത്രം.

വരൂ! എന്ന വിളി കേട്ടപ്പോൾ പിന്നെ ഒന്നും ചിന്തിച്ചില്ല. വഞ്ചിയിൽ നിന്നിറങ്ങി, ഗുരുപാദത്തിലേക്ക് ഓടി. കണ്ണും കാതും കരളും എല്ലാം ഗുരു വിൽ മാത്രം കേന്ദ്രീകരിച്ചപ്പോൾ പത്രോസ് അതിവേഗം മുന്നോട്ടു നീങ്ങി. പക്ഷേ ഏതോ ഒരു നിമിഷം ശ്രദ്ധ പതറി; കണ്ണുകൾ ഗുരുവിൽ നിന്നു മാറി, ചുറ്റിലും ഉയരുന്ന തിരകളിൽ ഉടക്കി. താൻ പെരുവെള്ളത്തിനു മീതെ യാണെന്ന അവബോധം അയാളെ ഭയചകിതനാക്കി. അടുത്ത നിമിഷം വെള്ളം അയാളെ വിഴുങ്ങി. യേശുവിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നിടത്തോളം കാലം ഒരപകടവും സംഭവിക്കുകയില്ല. ശ്രദ്ധ പതറിയാൽ, വിശ്വാസം നഷ്ട പ്പെട്ടാൽ, പിന്നെ നമ്മെ താങ്ങി നിർത്താൻ ഒന്നുമില്ലാതാകും.

യേശുവിനെ അനുഗമിക്കുന്നത് ഒരു സാഹസമാണ്. അപകടത്തിനു നടുവിലൂടെയുള്ള ഒരു യാത്രയാണത്. അവന്റെ വാക്കുകളിൽ വിശ്വസി ച്ച്, അവനിൽ ദൃഷ്ടിയുറപ്പിച്ച് നടന്നാലേ ലക്ഷ്യത്തിലെത്താൻ കഴിയൂ. പ്രതിബന്ധങ്ങൾ കണ്ടു ഭയപ്പെടരുത്. അത്യാഹിതങ്ങളും നഷ്ടങ്ങളും, രോഗങ്ങളും പീഡനങ്ങളും ശിഷ്യനെ വേട്ടയാടിയെന്നു വരും. ഭയപ്പെട രുത്. ഗുരു മുമ്പിലുണ്ട്. പ്രപഞ്ചനാഥനാണ് വിളിക്കുന്നത്, വരൂ! യേശു വിനെ അനുഗമിക്കുന്നവൻ ഏത് അപകടത്തിനു മധ്യത്തിലും പ്രത്യാശ കൈവിടുകയില്ല.

കടലിൽ മുങ്ങിത്താഴുമ്പോൾ പത്രോസ് വിളിച്ചപേക്ഷിച്ചു: കർത്താവേ രക്ഷിക്കണേ! ധീരതയുടെ മാതൃക ആയിരുന്നില്ല പത്രോ സ്. തന്റെ ബലഹീനതയെയും ഭയങ്ങളെയുംകുറിച്ച് വ്യക്തമായ അവ ബോധം അയാൾക്കുണ്ട്. അതിനാൽ സഹായത്തിനായി നിലവിളിക്കാൻ മടിയില്ല, ലജ്ജയുമില്ല. ഗുരുവിനോടുള്ള സ്നേഹവും ഗുരുവിലുള്ള വിശ്വാ സവുമാണ് അയാളുടെ കൈമുതൽ. കർത്താവ് കൈനീട്ടി അയാളെ പൊക്കിയെടുത്തു. അല്പ വിശ്വാസീ നീ എന്തിനു സംശയിച്ചു എന്ന

ചോദ്യം ഒരു ശാസനയല്ല, ധൈര്യം പകരുന്ന സാന്ത്വനമാണ്. ഇന്നും അവൻ ചോദിക്കുന്നു, എന്നോടും നിന്നോടും. എന്തിനു സംശയിച്ചു? വിശ്വാസം നഷ്ടപ്പെടുന്നിടത്ത് ശക്തി ചോർന്നു പോകുന്നു; സംശയം നമ്മെ ബലഹീനരാക്കുന്നു. ഇന്നു നേരിടുന്ന ഏതു പ്രതിസന്ധിയിലും അപകടത്തിലും കർത്താവിന്റെ ഈ ശബ്ദം കാതിൽ മുഴങ്ങട്ടെ. അല്പ വിശ്വാസീ, നീ എന്തിനു സംശയിച്ചു? വിശ്വാസം ശക്തിപ്പെടുത്തണമേ എന്നു പ്രാർത്ഥിക്കാം. തന്നെ അനുഗമിക്കുന്നവൻ കടലിൽ താണുപോകാൻ യേശു അനുവദിക്കുകയില്ല.



# 17 കരയേണ്ടാ

## ലൂക്കാ 7,13

*"അവൻ നഗര കവാടത്തിനടുത്തെത്തിയപ്പോൾ മരിച്ചുപോയ ഒരുവനെ ചിലർ എടുത്തു കൊണ്ടു വരുന്നതു കണ്ടു. ഒരു വിധവയുടെ ഏകമകനായിരുന്നു അവൻ. പട്ടണത്തിൽനിന്ന് ഒരു വലിയ ജനക്കൂട്ടം അവളോടൊപ്പം ഉണ്ടായിരുന്നു. അവളെക്കണ്ടു മനസ്സലിഞ്ഞ് കർത്താവ് അവളോടു പറഞ്ഞു: കരയേണ്ടാ" (ലൂക്ക 7,12-13).*

ഏകമകന്റെ മൃതദേഹം മറവുചെയ്യാനായി ശവമഞ്ചത്തെ അനുഗമിക്കുന്ന നായിനിലെ വിധവയ്ക്ക് ജീവിതത്തിൽ ഇനി പ്രത്യാശിക്കാൻ ഒന്നും ബാക്കിയില്ല. തോരാത്ത കണ്ണീർ മാത്രമാണവശേഷിച്ചിരിക്കുന്നത്. ഭർത്താവിന്റെ അകാലമരണം അവളെ തളർത്തിക്കളഞ്ഞിരുന്നു. വന്ധ്യത്വവും വൈധവ്യവും സ്ത്രീയുടെ കുറ്റമായി മുദ്രകുത്തിയിരുന്ന സമൂഹത്തിൽ അവൾക്ക് ഏക ആശ്രയമായിരുന്ന മകനും മരിച്ചപ്പോൾ ദുഃഖം പൂർണ്ണമായി. നിരാശയുടെ അടിത്തട്ടിലെത്തിയ അവളെ അനുഗമിച്ച ജനക്കൂട്ടം ആശ്വാസം നല്കാൻ പര്യാപ്തമല്ല. ഏകാന്തതയുടേതും നിരാശയുടേതുമായ ഈ വിലാപയാത്രയുടെ മുന്നിലേക്കാണ് യേശുനാഥൻ കടന്നുവരുന്നത്.

ശിഷ്യന്മാരുടെയും വലിയൊരു ജനക്കൂട്ടത്തിന്റെയും അകമ്പടിയോടെ യേശു നഗര കവാടത്തിലേക്കു വന്നതിന് ഒരേ ഒരു ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ. നിരാശയിലാണ്ടുപോയ ആ വിധവയുടെ കണ്ണീരൊപ്പുക. ശവമഞ്ചം പേറുന്ന വിലാപയാത്രയും യേശുവിനെ അനുഗമിക്കുന്ന ഘോഷയാത്രയും നഗരകവാടത്തിൽ മുഖാഭിമുഖം നിന്നു. മരണത്തിന്റെ മൂർത്ത രൂപമായി

ശവമഞ്ചത്തിൽ കിടക്കുന്ന യുവാവിന്റെ മുമ്പിൽ ജീവന്റെ നാഥനായ യേശു: ജീവനും മരണവും പരസ്പരം ഏറ്റുമുട്ടുന്ന നിമിഷം.

വിധവയായ മാതാവിന്റെ ഒഴുകുന്ന കണ്ണീരിൽ അവന്റെ ഹൃദയം പിടഞ്ഞു. "അനുകമ്പ തോന്നി" എന്നാണ് മലയാള വിവർത്തനം. ശരീരത്തെ ബാധിക്കുന്ന അതിശക്തമായ ഒരു വികാരമാണ് ഇവിടെ സുവിശേഷകൻ അവതരിപ്പിക്കുന്നത്. *"സ്പളാങ്ക്നിസോ"* എന്ന ഗ്രീക്കുവാക്കിന് ഉദര കോശങ്ങൾ വലിഞ്ഞു മുറുകി, കടൽ പിരിഞ്ഞു എന്നൊക്കെയാണ് വാച്യാർത്ഥം. അതിശക്തവും നിയന്ത്രണാതീതവുമായ ഒരു വികാരക്ഷോഭമാണിത്. മനുഷ്യന്റെ സഹനത്തിനുമുമ്പിൽ നിർവ്വികാരനായി നില്ക്കുന്ന ഒരു ദൈവത്തെയല്ല യേശുവിൽ നാം കാണുന്നത്. "കരയാനും ചിരിക്കാനും അറിയാത്ത കളിമൺ പ്രതിമ"യല്ല ദൈവം. വേദനിക്കുന്ന മനുഷ്യന്റെ വേദനയിൽ അവൻ പങ്കുചേരുന്നു; നമ്മുടെ ദുഃഖങ്ങൾ അവൻ സ്വന്തമാക്കുന്നു. എന്നാൽ ഇതു മാത്രമല്ല. കരയുന്നവരോടൊപ്പം കരയുക മാത്രമല്ല, കണ്ണീരിന്റെ ഉറവിടം വറ്റിക്കാനും അവനു കഴിയും.

"കരയേണ്ടാ" എന്ന യേശുവിന്റെ വാക്ക് വ്യർത്ഥമായ ഒരാശ്വാസവാക്കല്ല. കണ്ണീരിന്റെ കാരണം കണ്ടുപിടിച്ച് അതു പരിഹരിക്കാൻ കഴിവുള്ളവന്റെ കല്പനയാണത്. വാക്കുകൾ അർത്ഥശൂന്യമാകുന്ന സാഹചര്യങ്ങൾ ജീവിതത്തിലുണ്ടാകും. കരയേണ്ടാ എന്നു പറയാൻ ആർക്കാണവകാശം? മാരകമായ രോഗത്തിനടിപ്പെട്ടവരോട്, അത്യാഹിതത്തിൽ ഉറ്റവരും ഉടയവരും മരിച്ചവരോട്, എല്ലാം നഷ്ടപ്പെട്ട് ശൂന്യതയിലേക്ക് നോക്കിയിരിക്കുന്നവരോട് കരയേണ്ടാ എന്നു പറയാൻ ആർക്കാണധികാരം? കണ്ണീരിന്റെ കാരണം പരിഹരിക്കാൻ കഴിവുള്ളവനുമാത്രം. അവനാണ് യേശു. അവനാണ് പറയുന്നത്: കരയേണ്ടാ. വാക്ക് പ്രവൃത്തിയായി; വചനം മാംസമായി. യുവാവേ എഴുന്നേല്ക്കൂ എന്ന ഗുരുവിന്റെ ആജ്ഞാസ്വരം മരിച്ചവനെ ജീവനിലേക്കു തിരിച്ചുകൊണ്ടു വന്നു. അമ്മയ്ക്കു മകനെ വീണ്ടും ലഭിച്ചു.

ഇന്നും അവൻ പറയുന്നു, കരയേണ്ടാ. നിന്റെ ദുഃഖകാരണം എന്തുമാകട്ടെ, യേശു അതു പരിഹരിക്കും. രോഗം അവൻ ശമിപ്പിക്കും. ഭാരം അവൻ ഏറ്റെടുക്കും. പാപം അവൻ മോചിക്കും. ഏകാന്തതയിൽ കൂട്ടിന് അവനുണ്ട്. മരണത്തിനും അപ്പുറത്ത് ജീവനിലേക്കു കൈ പിടിച്ചു നടത്തുന്നവനാണ് യേശു. കണ്ണീരു തുടയ്ക്കുന്ന അവനാണ് പറയുന്നത്: കരയേണ്ടാ. ആ വാക്കു കേൾക്കുന്നവർ, അവനിൽ വിശ്വസിക്കുന്നവർ ചുറ്റിലുമുള്ളവരോടു പറയാൻ കഴിയണം കരയേണ്ടാ! നമ്മിലൂടെയാണ് ഇന്ന് യേശു അയല്ക്കാരന്റെ കണ്ണീരൊപ്പാൻ, സ്ഥായിയായ ആശ്വാസം നല്കാൻ ആഗ്രഹിക്കുന്നത്. ഒരാളുടെയെങ്കിലും കണ്ണീരു തുടച്ചുമാറ്റാൻ കർത്താവ് ഇന്നു നമ്മെ ഉപകരണമാക്കട്ടെ!



**18**

# അനാഥരല്ല

## യോഹ 14,18

*“ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കുവരും” (യോഹ 14,18).*

ആസന്നമായിരിക്കുന്ന തന്റെ വേർപാടിനെക്കുറിച്ച് ഗുരുനാഥൻ പറഞ്ഞതു കേട്ട് ശിഷ്യന്മാർ ദുഃഖിതരായി. വീട്ടിൽ നിന്ന് വിളിച്ചിറക്കി, കൂടെ കൊണ്ടു നടന്നവൻ, ഇപ്പോൾ തങ്ങളെ വിട്ടുപോകുന്നു എന്ന വാർത്ത സ്വീകരിക്കാൻ അവർക്കു വിഷമമുണ്ടായിരുന്നു. സ്നേഹിക്കുന്നവർ അകന്നു പോകുന്നത് എന്നും ദുഃഖകരമാണല്ലോ. കുടുംബത്തിനു താങ്ങും തണലുമായവർ, ഹൃദയത്തിന് ശാന്തിയും സന്തോഷവും ശക്തിയും പകരുന്നവർ, എന്നേക്കുമായി അകന്നുപോകുന്നു എന്നറിയുമ്പോൾ ആരുടെയും ഹൃദയം തകരും. ഇനി ആരാണ് എനിക്കാശ്രയം? ആരാണെനിക്കൊരുകൂട്ട് എന്ന ചിന്ത വേദനയും ദുഃഖവും വർദ്ധിപ്പിക്കും. ഇതായിരുന്നു അന്ത്യ അത്താഴവേളയിലെ ശിഷ്യന്മാരുടെ അവസ്ഥ.

ഈ ദുഃഖത്തിന് ശമനവും ചോദ്യത്തിന് ഉത്തരവുമായി രണ്ടു വാഗ്ദാനങ്ങളാണ് യേശു നല്കുന്നത്. 1. എന്നും കൂടെ ആയിരിക്കാൻ

മറ്റൊരു സഹായകനെ നല്കും. പരിശുദ്ധാത്മാവിനെ "സഹായകൻ" എന്നാണ് നാലാം സുവിശേഷത്തിൽ വിശേഷിപ്പിക്കുന്നത്. *"പാരാക്ലേത്തോസ്"* എന്ന ഗ്രീക്കു വാക്കിന് സഹായത്തിനായി വിളിച്ചു വരുത്തുന്നവൻ എന്നാണ് വാച്യാർത്ഥം. അഭിഭാഷകൻ, വക്കീൽ, മധ്യസ്ഥൻ, സഹായകൻ എന്നൊക്കെ ഇതിനെ വിശേഷിപ്പിക്കാം. ശിഷ്യന്മാരെ സഹായിക്കാനായി ഗുരുനാഥൻ പരിശുദ്ധാത്മാവായ ദൈവത്തെ അയച്ചുതരും. അവൻ കൂടെ വസിച്ച്, എല്ലാം കാര്യങ്ങളും പഠിപ്പിച്ച്, ശക്തി പകർന്ന് വഴി നടത്തും. 2. യേശുനാഥൻ തന്നെ ശിഷ്യരുടെ അടുത്തേക്കു വരും. മരണം വഴി അകന്നു പോകുന്നു എന്നു തോന്നിയാലും ഉത്ഥാനവും സ്വർഗ്ഗാരോഹണവും വഴി അവൻ എന്നും ശിഷ്യരുടെ കൂടെ ഉണ്ടായിരിക്കും. ഇതാണ് വിടവാങ്ങൽ പ്രസംഗത്തിൽ യേശു നല്കുന്ന വാഗ്ദാനം. ഇന്നും എന്നും യേശു ശിഷ്യരെ നയിക്കുന്നത് ഈ വാഗ്ദാനമാണ്; ഇതിൽ നിന്നു ലഭിക്കുന്ന ശക്തിയാണ്. കാരണം വചനം വ്യർത്ഥമാവില്ല; വാഗ്ദാനം പാലിക്കപ്പെടാതിരിക്കില്ല. വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ് യേശു.

ഈ വാഗ്ദാനം ഇന്നും നിറവേറുന്നുണ്ടോ? എപ്രകാരമാണ് യേശുവും അവന്റെ ആത്മാവും നമ്മുടെ അടുത്തേക്ക് വരുന്നത്? എങ്ങനെയാണ് ആ സാന്നിധ്യം നമുക്ക് അനുഭവവേദ്യമാകുന്നത്? ദൈവം വസിക്കുന്നത് മുഖ്യമായും നമ്മുടെ ഹൃദയത്തിലാണ്. ദൈവം അരുപിയാണ്; ആത്മാവാണ്. ആത്മാവിന്റെ സാന്നിധ്യം ആത്മാവിലാണ് അനുഭവവേദ്യമാവുക. കാതോർത്താൽ, ഹൃദയം കൊണ്ടു ശ്രവിച്ചാൽ അവിടുത്തെ സാന്നിധ്യം നമുക്ക് അനുഭവിക്കാൻ കഴിയും. സ്വരം കേൾക്കാൻ കഴിയും, ഒന്നല്ല, ഒരായിരം വിധത്തിൽ.

ജീവതത്തിൽ തീരുമാനമെടുക്കേണ്ടി വരുമ്പോൾ എന്റെ ഉള്ളിൽ നിന്നും ഒരു സ്വരം ഞാൻ കേൾക്കും: ഇതാണ് വഴി, ഇതിലേ പോവുക. എന്തെങ്കിലും തിന്മയായതു ചെയ്യാൻ ശ്രമിക്കുമ്പോൾ ഒരു സ്വരം എന്നോടു പറയും: കുഞ്ഞേ, അരുത്, അതു തെറ്റാണ്. ആ സ്വരത്തെ അവഗണിച്ച്, അരുതാത്തതു ചെയ്തു കഴിയുമ്പോൾ എന്റെ ഉള്ളിൽ നിന്ന് ഞാൻ വീണ്ടും കേൾക്കും: നീ ചെയ്തതു ശരിയായില്ല. എന്റെ ഉള്ളിൽ കുറ്റബോധവും പശ്ചാത്താപവും ഉണർത്തുന്ന ഒരു സ്വരമാകും അത്. ശാസനയുടെ സ്വരം. വേദനിക്കുന്ന, മുറിവേറ്റ, ദരിദ്രനായ, നിസ്സഹായനായ ഒരു വ്യക്തിയെ കാണുമ്പോൾ എന്നിൽ കരുണയുടെ ഉറവായി അവൻ ഉണരും. അനുകമ്പയായി ഹൃദയത്തിൽ ഉണരുന്നത് നാഥന്റെ സാന്നിധ്യമല്ലേ? അനീതി കാണുമ്പോൾ, ബലഹീനർ പീഡനത്തിനും ചൂഷണത്തിനും ഇരയാകുന്നതു കാണുമ്പോൾ പ്രതികരിക്കാൻ ധാർമ്മിക രോഷമായി എന്നിൽ ഉണരുന്നതും യേശുവിന്റെ തന്നെ സാന്നിധ്യമാണ്.

എല്ലാം നഷ്ടപ്പെട്ടു എന്നു കരുതി, ഒറ്റയ്ക്കിരുന്നു ഞാൻ കരയുമ്പോൾ ഒരു കുളിർതെന്നലായി, സാന്ത്വനസ്പർശമായി എന്നെ തൊട്ടു തലോടുന്നതും യേശുവിന്റെ ആത്മാവാണ്.

അവൻ വീണ്ടും വീണ്ടും ആയിരം രൂപങ്ങളിൽ വരും. എന്നെ ആശ്വസിപ്പിക്കുന്നവനായി, നയിക്കുന്നവനായി, ഉത്തേജിപ്പിക്കുന്നവനായി. മാത്രമല്ല, എന്റെ സഹായം യാചിക്കുന്നവനായി, വിശക്കുന്നവനും ദാഹിക്കുന്നവനും രോഗിയും അഭയാർത്ഥിയുമായി അവൻ വരും. തൊഴിൽ തേടുന്നവനായി, വേട്ടയാടപ്പെടുന്നവനായി, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട് നിരാശനായി – എത്രയെത്ര രൂപങ്ങൾ! എന്റെയടുക്കലേക്ക് കടന്നുവരുന്ന യേശുവിനെ തിരിച്ചറിയാൻ ഉൾക്കണ്ണുകൾ തുറന്നു തരണമേ എന്നു പ്രാർത്ഥിക്കാം. വിശ്വസിക്കുക: നമ്മളാരും അനാഥരല്ല, കാരണം യേശു നമ്മുടെ കൂടെയുണ്ട്.



# 19 സുഖം പ്രാപിക്കാൻ ആഗ്രഹമുണ്ടോ?

**യോഹ 5,6**

*"മുപ്പത്തിയെട്ടു വർഷമായി രോഗിയായിരുന്ന ഒരുവൻ അവിടെ ഉണ്ടായിരുന്നു. അവൻ അവിടെ കിടക്കുന്നത് യേശു കണ്ടു. അവൻ വളരെ നാളായി കിടപ്പിലാണെന്നറിഞ്ഞ് യേശു ചോദിച്ചു: നിനക്ക് സുഖം പ്രാപിക്കാൻ ആഗ്രഹമുണ്ടോ?" (യോഹ 5,5-6).*

അത്ഭുതകരമായ രോഗശാന്തി പ്രതീക്ഷിച്ച് കുളക്കരയിൽ കിടന്ന അനേകം രോഗികൾക്കിടയിലാണ് യേശു അയാളെ കണ്ടെത്തിയത്. കുളത്തിന്റെ പേര് രണ്ടുവിധത്തിൽ എഴുതാറുണ്ട്. *ബേത്സഥാ* എന്നാണ് അധികപങ്കും കയ്യെഴുത്തു പ്രതികളിൽ കാണുന്നത്. "ഒലിവിന്റെ ഭവനം" എന്നാണ് ഈ പേരിനർത്ഥം. ജറുസലെമിന്റെ ഒരു ഭാഗത്ത് ധാരാളം ഒലിവുമരങ്ങളുണ്ടായിരുന്നെന്നും അതിനാൽ ആ പ്രദേശം ഒലിവിന്റെ വീട് എന്നറിയപ്പെട്ടിരുന്നു എന്നും യഹൂദ ചരിത്രകാരനായ ഫ്ളാവിയൂസ് ജൊസേഫൂസ് രേഖപ്പെടുത്തിയിട്ടുണ്ട്. *ബേതെസ്ദാ* എന്നതാണ് മറ്റൊരു പേര്. കരുണയുടെ വീട് എന്ന് ഇതിനെ വിവർത്തനം ചെയ്യാം. കുളത്തിന്റെ സ്വഭാവത്തെ വിവരിക്കാൻ ഈ പേര് കൂടുതൽ ഉപകരിക്കും.

ചിലപ്പോഴൊക്കെ കുളത്തിലെ വെള്ളം അത്ഭുതകരമായി ഇളകും. ഒരു മാലാഖ ഇറങ്ങി വെള്ളം ഇളക്കുന്നതാണെന്ന് ജനം വിശ്വസിച്ചു.

ശക്തമായ ഉറവയിൽ നിന്ന് പെട്ടെന്ന് വെള്ളം ഒഴുകുന്നതിനാൽ ഉണ്ടാകുന്നതാണ് ഈ ഇളക്കം എന്ന് ശാസ്ത്രീയമായി വിശദീകരിക്കാം. ഇളക്കത്തിന്റെ കാരണം എന്തായാലും വെള്ളം ഇളകിയ ശേഷം ആദ്യം കുളത്തിൽ ഇറങ്ങുന്നയാൾക്ക് രോഗശാന്തി കിട്ടും എന്നതായിരുന്നു പൊതുവിശ്വാസം. ഇങ്ങനെ രോഗശാന്തി പ്രതീക്ഷിച്ചുകിടന്ന വ്യക്തിയാണ് കഥാപാത്രം.

38 വർഷമായി അയാൾ അവിടെ കിടക്കുന്നു. പക്ഷേ അയാൾക്കു സൗഖ്യം കിട്ടിയില്ല. കരുണാലയത്തിന്റെ പടിക്കൽ കാത്തു കിടന്നിട്ട് കരുണ ലഭിക്കാത്ത ഒരു ഹതഭാഗ്യനാണയാൾ. അയാളുടെ ദുഃഖവും നിരാശയുമെല്ലാം യേശുവിനോട് അയാൾ ഏറ്റു പറയും - എനിക്കാരുമില്ല; എനിക്കുമുമ്പേ ആരെങ്കിലും വെള്ളത്തിൽ ഇറങ്ങിക്കഴിഞ്ഞിരിക്കും. സഹായിക്കാൻ ആരുമില്ലാത്ത ഒരു വ്യക്തിയാണയാൾ. തന്റെ രോഗാവസ്ഥയെയും ബലഹീനതയെയും നിസ്സഹായതയെയും കുറിച്ച് വ്യക്തമായ അവബോധം അയാൾക്കുണ്ട്. ഇങ്ങനെ ഒരാളുടെ അടുക്കലേക്കാണ് യേശു കടന്നുവരുന്നത്.

ഇവിടെ ചില കാര്യങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. രോഗി യേശുവിനോട് സഹായം ചോദിക്കുന്നില്ല; ആരും അയാളെക്കുറിച്ചു പറയുന്നതുമില്ല. യേശു തന്നെയാണ് അയാളെ കണ്ടെത്തുന്നത്. രണ്ടു വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കണം. യേശു കണ്ടു; അറിഞ്ഞു. ഈജിപ്തിലെ അടിമത്തത്തിൽ നിന്നു ഇസ്രായേൽ ജനത്തെ മോചിപ്പിക്കാൻ മോശയെ വിളിക്കുമ്പോൾ ഇപ്രകാരമൊന്നു രേഖപ്പെടുത്തിയിട്ടുണ്ട്. "എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു.....അവരുടെ യാതനകൾ ഞാൻ അറിയുന്നു" (പുറ 3,7). മനുഷ്യന്റെ വേദനകളും ദുഃഖങ്ങളും കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്നവനാണ് ദൈവം. അവിടുത്തെ സമൂർത്ത സാന്നിധ്യമാണ് യേശു. ഓരോ വ്യക്തിയെയും അവിടുന്ന് അറിയുന്നു. ഏതവസ്ഥയിലാണ് ഞാൻ എന്ന് അവിടുത്തേക്കറിയാം. എന്റെ ആവശ്യങ്ങളും അവശതകളും പ്രതീക്ഷകളും ഉൽകണ്ഠകളും അവിടുത്തേക്ക് അജ്ഞാതമല്ല.

അവിടുത്തെ ചോദ്യം ആശ്ചര്യമുളവാക്കിയേക്കാം. "സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ?" ദീർഘകാലം രോഗിയായി കഴിഞ്ഞതിനാൽ രോഗാവസ്ഥയോട് പൊരുത്തപ്പെട്ടു കഴിയുകയാവാം. 38 വർഷം കുളക്കരയിൽ കിടന്നയാളെ ആരെങ്കിലുമൊക്കെ ശുശ്രൂഷിച്ചിട്ടുണ്ടാവും. ഇതു തന്നെ ഒരു ജീവിത ശൈലിയായി മാറിയതാവാം. സുഖപ്പെടുമെന്ന പ്രതീക്ഷയോ സുഖപ്പെടണം എന്ന ആഗ്രഹമോ ഇല്ലാതായാൽ പിന്നെ സൗഖ്യം അസാധ്യമാകുന്നു.

ആദ്യമേ വേണ്ടത് സുഖം പ്രാപിക്കാനുള്ള ആഗ്രഹമാണ്. തളർത്തിക്കളയുന്ന രോഗാവസ്ഥയോടു പൊരുത്തപ്പെടാതിരിക്കുക. മോചനം ലഭിക്കണമെന്ന് ആഗ്രഹിക്കുക; മോചനം സാധ്യമാണെന്നു വിശ്വസിക്കുക. എന്തൊക്കെയാണ് എന്നെ തളർത്തുന്നത്? ശാരീരികമായ രോഗം മാത്രമല്ല, മാനസികാവസ്ഥയും തളർച്ചയ്ക്കു കാരണമാകാം. കുറ്റബോധം, എനിക്കൊന്നിനും കഴിവില്ല, എന്നെ ഒന്നിനും കൊള്ളില്ല എന്ന അപകർഷതാബോധം, എനിക്കാരുമില്ല എന്ന നിസഹായത - എന്തുമാകട്ടെ, ഇതിൽ നിന്നെല്ലാം മോചനം സാധ്യമാണ്. തളർന്നുകിടക്കാനല്ല ദൈവം എനിക്കു ജീവൻ നല്കി സംരക്ഷിക്കുന്നത്. സുഖപ്പെടാൻ നീ ആഗ്രഹിക്കുന്നോ എന്നു ചോദിക്കുന്നത് സൗഖ്യം തരാൻ കഴിവുള്ളവനാണ്.



20

# എഴുന്നേറ്റ് കിടക്കയെടുത്ത് നടക്കുക

### യോഹ 5,8

*"യേശു അവനോടു പറഞ്ഞു: എഴുന്നേറ്റ് കിടക്കയെടുത്തു നടക്കുക. അവൻ തൽക്ഷണം സുഖം പ്രാപിച്ച് കിടക്കയെടുത്ത് നടന്നു" (യോഹ 5,8-9).*

തികച്ചും അസാധ്യമെന്നു കരുതിയതാണ് അവിടെ സംഭവിച്ചത്. കഴിഞ്ഞ മുപ്പത്തിയെട്ടു വർഷങ്ങളായി കരുണാലയത്തിന്റെ പടിവാതില്ക്കൽ സൗഖ്യം പ്രതീക്ഷിച്ചു കിടന്നയാൾ കരുതിയില്ല തനിക്കു സൗഖ്യം ലഭിക്കുമെന്ന്. തന്റെ തന്നെ കഴിവു കേടുകളിലും രോഗത്തിലും നിസ്സഹായതിലും മാത്രമായിരുന്നു അയാളുടെ ചിന്തകൾ ഉടക്കികിടന്നത്. കാലം കടന്നുപോയതോടെ തന്റെ രോഗാവസ്ഥയോട് ഒരു തരം ഒത്തു തീർപ്പിലെത്തിയ അയാൾ ഇനി ശിഷ്ടജീവിതം ഇങ്ങനെയൊക്കെ അങ്ങു കഴിയുകയേ ഉള്ളൂ എന്നു കരുതി. രോഗത്തിനും നിരാശയ്ക്കും അടിപ്പെട്ടു കഴിഞ്ഞ അയാളുടെ ജീവിതത്തിലേക്ക് യേശു കടന്നുവന്നു, ശക്തിയായി, പ്രത്യാശയായി, പ്രചോദനമായി.

എഴുന്നേറ്റു നടക്കുക! മറ്റു പല രോഗശാന്തികളിലും ചെയ്തതു പോലെ ഒന്നും തന്നെ യേശു ഇവിടെ ചെയ്യുന്നില്ല. അയാളെ തൊട്ടില്ല; അയാളുടെ നിസ്സഹായാവസ്ഥയിൽ അനുകമ്പ പ്രകടിപ്പിച്ചതുപോലുമില്ല.

ഒരേയൊരു വചനം! അതൊരു കല്പനയായിരുന്നു. എഴുന്നേറ്റു നടക്കുക! എവിടെയാണ് അയാൾക്കു നടക്കാനുള്ള ശക്തി? ദീർഘകാലമായി തളർന്നു കിടക്കുന്ന അയാളുടെ ശരീരത്തിന് എഴുന്നേറ്റു നടക്കാനാവുമോ? ഇവിടെ സംശയത്തിനും ചോദ്യങ്ങൾക്കും യേശു പഴുതിടുന്നില്ല. അലംഘനീയമായൊരു കല്പനയാണത്.

കല്പനകേട്ട ആയാൾ ഞെട്ടി എഴുന്നേറ്റു. യേശുവിന്റെ വചനം അയാളിൽ ശക്തിയായി. ഉള്ളിൽ ഉറങ്ങിക്കിടന്ന ശക്തിയെ യേശുവിന്റെ വചനം തൊട്ടുണർത്തി. ചലനമറ്റു കിടന്ന അവയവങ്ങളിൽ ചൈതന്യം നിറഞ്ഞു. അതുവരെ തന്നെ താങ്ങിയ കിടക്കയും താങ്ങി അയാൾ നടന്നു. അത് ഒരു അത്ഭുതമായിരുന്നു. യേശുവിന്റെ വചനം പ്രവർത്തിച്ച വിശ്വാസത്തിന്റെ അത്ഭുതം.

ഇപ്രകാരമുള്ള അത്ഭുതങ്ങൾ അവസാനിച്ചിട്ടില്ല. ഇന്നും അവ സംഭവിക്കുന്നു. തളർന്നു കിടക്കുന്ന ഓരോ വ്യക്തിയോടും യേശു ഇന്നും പറയുന്നു: എഴുന്നേറ്റു കിടക്കയുമെടുത്ത് നടക്കുക. എഴുന്നേറ്റു നടക്കാൻ മൂന്നു കാര്യങ്ങൾ ആവശ്യമുണ്ട്.

**1. ആഗ്രഹമുണ്ടാകണം.** ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് എഴുന്നേറ്റ് സ്വതന്ത്രനാകാൻ ഞാൻ ആഗ്രഹിക്കണം. യേശുവിന്റെ വചനം ആദ്യമേ പ്രവർത്തിക്കുന്നത് ആഗ്രഹത്തിന്റെ മേഖലയിലാണ്. തന്റെ രോഗത്തോട്, പാപത്തോട്, ദോഷകരമായ തഴക്കങ്ങളോട്, നിരാശയോട് വിട പറഞ്ഞ് പുതിയൊരു ജീവിതത്തിലേക്കു പ്രവേശിക്കാൻ തീവ്രമായി ആഗ്രഹിക്കണം.

**2. വിശ്വസിക്കണം.** എനിക്കു എഴുന്നേറ്റു നടക്കാൻ, ജീവിതത്തിൽ മാറ്റം വരുത്താൻ കഴിയും. എന്റെ ഉള്ളിൽ ശക്തമായി പ്രവർത്തിക്കുന്ന ദൈവത്തിന്റെ ശക്തിയാൽ എനിക്കതു സാധിക്കും എന്ന് ഉറച്ചു വിശ്വസിക്കണം. "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" (ഫിലി 4,13) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ ഇവിടെ മാതൃകയും പ്രചോദനവുമാകണം. "വിശ്വസിക്കുന്നവന് എല്ലാ കാര്യങ്ങളും സാധിക്കും" (മർക്കോ 9,23) എന്ന യേശുവിന്റെ തിരുവചനവും "ദൈവത്തിന് ഒന്നും അസാധ്യമല്ല" (ലൂക്ക 1,37) എന്ന ദൈവദൂതന്റെ ഉറപ്പും വിശ്വാസം ശക്തിപ്പെടുത്തും. എനിക്ക് എഴുന്നേറ്റു നടക്കാൻ കഴിയും.

**3. ശ്രമിക്കണം.** ആഗ്രഹവും വിശ്വാസവും ഫലമണിയണമെങ്കിൽ സ്വന്തം പരിശ്രമവും ആവശ്യമാണ്. എല്ലാം എന്റെ പരിശ്രമത്തെ ആശ്രയിച്ചിരിക്കുന്നു എന്ന ബോധ്യത്തോടെ ശ്രമിക്കുക, അധ്വാനിക്കുക. അതേസമയം എല്ലാം ദൈവകൃപയെ ആശ്രയിച്ചിരിക്കുന്നു എന്ന വിശ്വാസത്തോടെ ദൈവത്തിൽ ആശ്രയിച്ചു പ്രാർത്ഥിക്കുക. പരിശ്രമിക്കുകയും അധ്വാനിക്കുകയും ചെയ്യുന്ന മനുഷ്യനിലാണ് ദൈവകൃപ ഫലമണിയുന്നത്. അലസന്മാർക്കു ലഭിക്കുന്ന സൗജന്യ ദാനമല്ല ദൈവ

രാജ്യം. വിശ്വാസത്തോടെ അധ്വാനിക്കുന്നവർക്കു ലഭിക്കുന്ന സമ്മാന മാണത് (ലൂക്കാ 16,16).

ദൈവത്തിന്റെ കൃപയോടു സഹകരിച്ചു പ്രവർത്തിക്കുക. ദൈവം നല്കുന്ന പ്രചോദനം അനുസരിക്കുക. അപ്പോൾ പടിപടിയായി നാം ശക്തി യാർജ്ജിക്കും. അസാധ്യമെന്നു തോന്നിയത് അപ്പോൾ സാധ്യമായിത്തീ രും. സ്വയം തളർത്തിക്കളയുന്ന നിഷേധാത്മക മനോഭവവും സംസാരവും ഒഴിവാക്കുക. എനിക്കു കഴിയും, ദൈവസഹായത്തോടെ എനിക്കിതു സാധ്യമാണ് എന്നു പറയുക! സാധ്യമാകും. ഇന്നുതന്നെ തുടങ്ങുക!



# 21 കർത്താവ് ഇടയൻ

## സങ്കീ 23,1–2

*കർത്താവാണ് എന്റെ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല. പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്ക് വിശ്രമമരുളുന്നു; പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്ന് എന്നെ നയിക്കുന്നു" (സങ്കീ 23,1–2)*

ദൈവത്തെക്കുറിച്ച് പ്രതിപാദിക്കാൻ നിരവധിയായ ചിത്രങ്ങൾ ബൈബിൾ ഉപയോഗിച്ചിട്ടുണ്ട്. പരിചിതമായ ചിത്രങ്ങളിലൂടെയാണല്ലോ അപരിചിതമായ വസ്തുതകളും സത്യങ്ങളും നാം ഗ്രഹിക്കുക. ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിലാണ് അദൃശ്യനായ ദൈവത്തെക്കുറിച്ച് നാം അറിയുക. ഇപ്രകാരമുള്ള ചിത്രങ്ങളിലും അനുഭവങ്ങളിലും ഏറ്റം പ്രധാനപ്പെട്ടതും ഹൃദയഹാരിയുമായ ഒന്നാണ് ഇടയന്റെ ചിത്രം.

ഇസ്രായേൽ ജനത്തിന്റെ പൂർവ്വികർ ഇടയന്മാരായിരുന്നു. ആട്ടിൻപറ്റങ്ങളുമായി നിരന്തരം യാത്ര ചെയ്തിരുന്ന നാടോടികളായിരുന്നു അവർ. വിശ്വാസികളുടെ പിതാവെന്നറിയപ്പെടുന്ന അബ്രാഹവും ഇസ്രായേൽ എന്ന പേര് ആദ്യം സ്വീകരിച്ച യാക്കോബും ഇടയന്മാരായിരുന്നു. അടിമത്തത്തിന്റെ നാട്ടിൽ നിന്ന് ജനത്തെ സ്വാതന്ത്ര്യത്തിന്റെ കാനാനിലേക്കു നയിച്ച മോശയ്ക്കു വിളി ലഭിച്ചത് ആടുകളെ മേയിച്ചു നടക്കുമ്പോഴാണ്. ഇസ്രായേൽ ജനത്തിന്റെ ഏറ്റം വലിയ രാജാവും രക്ഷകനായ മിശിഹായുടെ പൂർവ്വികനുമായ ദാവീദും ഇടയനായിരുന്നു. ഇപ്രകാരമുള്ള ഇടയ

പാരമ്പര്യത്തിൽ നിന്നുകൊണ്ട് ദൈവത്തെക്കുറിച്ചു പറയുമ്പോൾ ഇടയന്റെ ചിത്രമാണ് അവരുടെ മനസ്സിലേക്ക് ഓടിയെത്തുക.

ദൈവം ആരാണ്, എന്തു ചെയ്യുന്നു, ദൈവവും ഞാനും തമ്മിലുള്ള ബന്ധമെന്ത് എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഇടയന്റെ ചിത്രം വ്യക്തമായ ഉത്തരം നല്കും. ദൈവത്തോടുള്ള ബന്ധത്തെ ഏറ്റുപറയുന്ന മനോഹരമായ ഒരു സങ്കീർത്തനമാണ് പ്രത്യാശയുടെ സങ്കീർത്തനമായി അറിയപ്പെടുന്ന 23-ാം സങ്കീർത്തനം. മനപാഠമാക്കി പ്രഭാതം തോറും ആവർത്തിച്ച് ഉരുവിടേണ്ട ഒരു സങ്കീർത്തനമാണിത്. കർത്താവാണ് എന്റെ ഇടയൻ എന്ന അവബോധം വലിയ ധൈര്യവും പ്രത്യാശയും നല്കുന്നു. ഇടയൻ ആടുകളെ സംരക്ഷിക്കുന്നതുപോലെ കർത്താവ് എന്നെ സംരക്ഷിക്കും. ആടുകൾക്കു തീറ്റിയും വെള്ളവും കണ്ടെത്തി അവയെ തൃപ്തരാക്കുന്നത് ഇടയനാണ്. കർത്താവ് എന്റെ ഇടയനാണെങ്കിൽ എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല. എനിക്ക് ആവശ്യമായ ഒന്നും ലഭിക്കാതിരിക്കുകയില്ല.

എനിക്കു ഭക്ഷണം കിട്ടാതെ വന്നേക്കുമോ, ദാഹജലം ലഭിക്കാതിരിക്കുമോ, ശത്രുക്കൾ എന്നെ വേട്ടയാടി പിടിക്കുമോ, എന്നിങ്ങനെയുള്ള ഒരു ഭയവും എന്നെ ബാധിക്കുകയില്ല. മരണം പതിയിരിക്കുന്ന വഴികളിലൂടെയാണ് നടക്കുന്നതെങ്കിലും ഇടയനായ കർത്താവ് കൂടെയുള്ളതിനാൽ എനിക്കു ഭയമില്ല. കർത്താവിന്റെ സംരക്ഷണം അനുഭവിക്കാൻ ഒരു കാര്യം ഞാൻ ചെയ്യണം. ഇടയന്റെ പിന്നാലെ നടക്കണം. കൂട്ടം വിട്ടലയരുത്; ഇടയന്റെ വിളി കേൾക്കണം. എന്നെ ജീവജലത്തിന്റെ അരുവിയിലേക്കാണ് അവൻ നയിക്കുന്നത് എന്ന വിശ്വാസത്തോടെ, ഞാൻ എന്റെ ഇടയനെ അനുഗമിക്കണം.

ഇടയന്റെ കൈയ്യിൽ രണ്ടു വടികളുണ്ട്. ഒരററം വളഞ്ഞ ഊന്നുവടി ഇടയനു കുത്തി നടക്കാൻ മാത്രമല്ല, വഴിതെറ്റിപ്പോകുന്ന ആടുകളെ നേർ വഴിക്കു നടത്താൻ വേണ്ടിയുമാണ്. അറ്റത്ത് ഇരുമ്പുകെട്ടിയ വലിയവടി, അഥവാ ദണ്ഡ് ശത്രുക്കളെ അടിച്ചോടിക്കാനുള്ളതും. ഇവ രണ്ടും എനിക്കു സംരക്ഷണം നല്കും. അവിടുന്ന് നയിക്കുന്ന വഴിയിലൂടെ, അവിടുത്തെ വചനത്തിന്റെ പാതയിൽ ഞാൻ നടക്കുമ്പോൾ എനിക്കൊരാപത്തും ഭവിക്കുകയില്ല. ഞാൻ സുരക്ഷിതനായിരിക്കും. അതിനാൽ ഞാൻ എന്നും പാടും: “കർത്താവെന്നും എന്റെ ഇടയൻ, കുറവില്ലേതു മെനിക്കിവിടെ”.



# 22 യേശു നല്ല ഇടയൻ

## യോഹ. 10,1-18

*"ഞാൻ നല്ല ഇടയനാണ്. പിതാവ് എന്നെയും ഞാൻ പിതാവി നെയും അറിയുന്നതുപോലെ ഞാൻ എനിക്കുള്ളവയെയും എനിക്കുള്ളവ എന്നെയും അറിയുന്നു. ആടുകൾക്കുവേണ്ടി ഞാൻ ജീവൻ അർപ്പി ക്കുന്നു" (യോഹ 10,14-15).*

ഇടയന്മാർ രണ്ടു തരമുണ്ട്. സ്വന്തം ആടുകളെ പോറ്റുന്ന ഉടമയായ ഇടയനുണ്ട്; മറ്റൊരാളുടെ ആടുകളെ കൂലിക്കു പോറ്റുന്ന വേലക്കാരനു മുണ്ട്. വേലക്കാരന്റെ ശ്രദ്ധ സ്വന്തം കാര്യത്തിലായിരിക്കും; ആടുകൾക്ക് എന്തു സംഭവിക്കുന്നു എന്നത് അയാളെ അത്ര ബാധിച്ചെന്നു വരില്ല. തന്നെ യുമല്ല, കൂലിയ്ക്കു മേയ്ക്കുന്നവന് ആടുകളോട് സ്നേഹമോ താല്പ ര്യമോ ശ്രദ്ധയോ ഉണ്ടായില്ലെന്നും വരും. എസെക്കിയെൽ പ്രവാചകന്റെ പുസ്തകം 34-ാം അധ്യായത്തിൽ ഈ പ്രത്യേകതകൾ എടുത്തു പറയു ന്നുണ്ട്. ആടും ഇടയനും എന്ന പ്രതീകം ജനവും നേതാക്കന്മാരും തമ്മി ലുള്ള ബന്ധത്തെയാണ് ചിത്രീകരിക്കുന്നത്.

"ഇടയന്മാർ ആടുകളെയല്ലേ പോറ്റേണ്ടത്? നിങ്ങൾ മേദസ്സു ഭക്ഷി ക്കുകയും രോമം കൊണ്ടുള്ള വസ്ത്രം ധരിക്കുകയും കൊഴുത്തതിനെ കൊല്ലുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ ആടുകളെ പോറ്റുന്നില്ല. ദുർബ്ബ ലമായതിന് നിങ്ങൾ ശക്തികൊടുത്തില്ല; മുറിവേറ്റതിനെ വച്ചുകെട്ടിയില്ല. വഴി തെറ്റിയതിനെ തിരികെ കൊണ്ടു വരുകയോ കാണാതായതിനെ തേടു കയോ ചെയ്തില്ല" (എസെ 34,3-4). ആടുകളുടെ കാര്യത്തിൽ ശ്രദ്ധയി ല്ലാത്ത ക്രൂരന്മാരും സ്വാർത്ഥമതികളുമായ നേതാക്കന്മാർക്കു പകരം ദൈവം തന്നെ തന്റെ ജനത്തെ തേടി വരും, സംരക്ഷിക്കും എന്ന വാഗ്ദാ നവും പ്രവാചകനിലൂടെ നല്കിയിരുന്നു (എസെ 34,11-16).

ഈ വാഗ്ദാനത്തിന്റെ പൂർത്തീകരണം യേശുവിൽ കാണാം. തന്നെ

ക്കുറിച്ചു തന്നെ പറയാൻ യേശു ഉപയോഗിച്ച അനേകം പ്രതീകങ്ങളിൽ സുപ്രധാനമായ ഒന്നാണ് നല്ല ഇടയന്റേത്. ആടുകളെ ഓരോന്നിനെയും വ്യക്തിപരമായി അറിയുന്ന, പേരു ചൊല്ലി വിളിക്കുന്ന, നിരന്തരം സംരക്ഷിച്ചു നയിക്കുന്ന ഇടയനാണ് യേശു. എന്നെയും നിന്നെയും അവൻ അറിയുന്നു. നാം ഓരോരുത്തരുടെയും പേര് അവൻ തന്റെ ഉള്ളം കൈയിൽ എഴുതിയിരിക്കുന്നു, ഹൃദയത്തിൽ സൂക്ഷിക്കുന്നു.

യേശുവിന് നമ്മോടുള്ള ബന്ധം വ്യക്തിപരമാണ്; ആൾക്കൂട്ടത്തിന്റേതല്ല. എന്നെ അറിയുന്ന, ഞാൻ ആയിരിക്കുന്ന അവസ്ഥയിൽ എന്നെ സ്നേഹിക്കുന്ന, എന്നെ പരിപാലിക്കുന്ന എന്റെ ഇടയനാണ് യേശു. എനിക്കു വിശക്കുമ്പോൾ അവൻ ആഹാരം തരും. അതു ശാരീരികമായ വിശപ്പു മാത്രമല്ല. മുഖ്യമായും ആത്മാവിന്റെ വിശപ്പും ദാഹവും അവനാണ് ശമിപ്പിക്കുക. അവന്റെ വചനം എനിക്കാഹാരമാണ്. ആത്മാവിന്റെ സ്വച്ഛമായ ജലാശയത്തിലേക്കു നയിച്ച് എന്നെ അവൻ സംതൃപ്തനാക്കും. അവൻ തരുന്ന ആത്മാവിന്റെ ജലം ജീവന്റെ ഉറവയായി എന്റെ ഹൃദയത്തിൽ നിന്ന് നിർഗ്ഗളിക്കും. പോരാ, അവൻ സ്വയം മുറിച്ച് പങ്കുവച്ച് എനിക്ക് ആഹാരമായി മാറും; വാങ്ങി ഭക്ഷിക്കുവിൻ, ഇതെന്റെ ശരീരമാണ് എന്നു പറഞ്ഞുകൊണ്ട്.

എനിക്കു വഴി തെറ്റിയാൽ അവൻ എന്നെ തേടി വരും. മുള്ളുകൾക്കിടയിൽ ഉടക്കിക്കിടന്നു നിലവിളിക്കുമ്പോൾ ഓടിയെത്തി തോളിലേറ്റി അവൻ ആലയിലേക്കു കൊണ്ടുവരും. ശത്രുക്കളിൽ നിന്ന് എന്നെ സംരക്ഷിക്കും. ആടുകളെ സംരക്ഷിക്കാനായുള്ള യുദ്ധത്തിൽ സ്വന്തം ജീവൻ സമർപ്പിച്ചവനാണ് എന്റെ ഇടയനായ യേശു. അവന് ഒരു ലക്ഷ്യമേയുള്ളൂ: എന്റെ രക്ഷ, എന്റെ നന്മ, എന്റെ ജീവൻ. അവൻ വന്നത് എനിക്ക്, നമുക്ക് ജീവൻ സമൃദ്ധമായി ഉണ്ടാകാൻ വേണ്ടിയാണ്.

ഇത്ര നല്ലൊരിടയൻ വേറെയില്ല; ഇത്ര നല്ലൊരു നേതാവും രക്ഷകനും വേറെയില്ല. യേശുവിന്റെ സ്നേഹത്തിനു വിഷയമാകുന്നതിൽ ഞാൻ സന്തോഷിക്കണം, അഭിമാനിക്കണം. ഒപ്പം നന്ദിയും സ്നേഹവുമുള്ളവനായിരിക്കണം. എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി ജീവൻ സമർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതം സുരക്ഷിതമായിരിക്കും. അവന്റെ സംരക്ഷണ വലയത്തിൽ നിന്ന് കുതറി മാറി, കള്ളന്മാരുടെയും ചെന്നായ്ക്കളുടെയും പിടിയിൽ പെടാതിരിക്കാൻ ഞാൻ ശ്രദ്ധിക്കണം, അവനോടു ചേർന്നു നില്ക്കണം. യേശുവിൽ നിന്നകറ്റുന്ന അനേകം പ്രലോഭനങ്ങൾ നമുക്ക് ചുറ്റുമുണ്ട്. നിരീശ്വര പ്രസ്ഥാനങ്ങൾ, സമ്പത്തിന്റെ മായാജാലങ്ങൾ, ദുർമോഹങ്ങൾ, സാത്താന്റെ കുടില തന്ത്രങ്ങൾ - അവയെ തിരിച്ചറിഞ്ഞ് തള്ളിപ്പറയാൻ, നല്ല ഇടയനായ യേശുവിനോടു ചേർന്നു നില്ക്കാൻ ശ്രമിക്കാം. നാഥൻ സഹായിക്കട്ടെ.



# 23 കർത്താവ് എന്റെ കോട്ട

**സങ്കീ 18,2**

*"കർത്താവേ, എന്റെ ശക്തിയുടെ ഉറവിടമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു. അങ്ങാണ് എന്റെ രക്ഷാശിലയും കോട്ടയും, വിമോച കനും, എന്റെ ദൈവവും, എനിക്ക് അഭയം തരുന്ന പാറയും, എന്റെ പരി ചയും രക്ഷാ ശൃംഗവും അഭയകേന്ദ്രവും" (സങ്കീ 18,1-2).*

അപകടങ്ങളുടെ നടുവിലൂടെയാണ് നാം നീങ്ങുന്നത്. നമ്മുടെ ജീവൻ നിരന്തരമായ ഭീഷണികളെ നേരിടുന്നു. കാലാവസ്ഥയുടെ വ്യതിയാനങ്ങൾ, പ്രകൃതി ക്ഷോഭങ്ങൾ ഒരു പ്രദേശത്തെ മാത്രമല്ല, ഭൂമിയെ മുഴുവൻ ഇന്നു ഗ്രസിച്ചുകൊണ്ടിരിക്കുന്നു. ചുഴലികൊടുങ്കാറ്റുകൾ, സുനാമികൾ, ഭൂകമ്പങ്ങൾ - എല്ലാം വർദ്ധിച്ചു വരുന്നു. വൈദ്യശാസ്ത്രം പുരോഗമിക്കുന്നതിനേക്കാൾ വേഗത്തിൽ കൂടുതൽ മാരകമായ രോഗങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരി ക്കുന്നു. പുതിയ വിത്തിനങ്ങളും കാർഷിക രീതികളും കണ്ടുപിടിക്കുമ്പോഴും ദാരിദ്ര്യവും പട്ടിണിയും വർദ്ധിച്ചുവരുന്നു. യാത്രാ സൗകര്യങ്ങൾക്ക് ആനുപാതികമായി അപകടങ്ങളും പെരുകുന്നു. രാഷ്ട്രീയത്തിന്റെയും വർഗ്ഗീയതയുടെയും മതത്തിന്റെയും ഒക്കെ പേരിൽ നടമാടുന്ന ഭീകര പ്രവർത്തനങ്ങൾ സകലരുടെയും ജീവനു ഭീഷണിയാവുന്നു. എവിടെയാണ് രക്ഷ? എവിടെയാണ് സുരക്ഷിതത്വം? എവിടെയാണ് അഭയം?

എക്കാലത്തുമുള്ള മനുഷ്യന്റെ ഭീതികൾക്കും അരക്ഷിതാബോധ ത്തിനും ബൈബിളിലൂടെ ദൈവം നല്കുന്ന ഒരു ഉത്തരമാണ് നമ്മൾ ആരംഭത്തിൽ കണ്ടത്. ദൈവം നല്കുന്ന സംരക്ഷണത്തെ സൂചിപ്പിക്കാൻ 18-ാം സങ്കീർത്തനത്തിന്റെ ആരംഭത്തിൽ ഒന്നിനു പിറകെ ഒന്നായി ഏഴു പ്രതീകങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. ശക്തിയുടെ ഉറവിടം, രക്ഷാശില, കോട്ട, അഭയം തരുന്ന പാറ, പരിച, രക്ഷാശൃംഗം, അഭയകേന്ദ്രം. വ്യത്യ

സ്തങ്ങളായ പ്രതീകങ്ങൾ വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ രൂപം കൊണ്ടവയാണ്. ഓരോന്നിനും അതാതിന്റേതായ പ്രത്യേകതകളുമുണ്ട്. ഇവയിൽ സുപ്രധാനമായ ഒന്നാണ് കോട്ട.

നാടു കീഴടക്കാൻ പടയോട്ടങ്ങൾ നടത്തുന്ന ചരിത്രപശ്ചാത്തലത്തിലാണ് കോട്ട പ്രസക്തമാകുന്നത്. നമ്മുടെ നാട്ടിലും കോട്ടകൾ വിരളമല്ലല്ലോ. ശത്രുക്കളുടെ ആക്രമണത്തെ ചെറുത്തു നില്ക്കാൻ വേണ്ടിയാണല്ലോ കോട്ടകൾ പണിയുക. പുരാതനകാലത്ത് പൊതുവേ മലമുകളിലായിരുന്നു കോട്ടകൾ നിർമ്മിച്ചിരുന്നത്. അതിനു രണ്ടു കാരണങ്ങളുണ്ട്. - ശത്രു വരുന്നത് അകലെ നിന്നു തന്നെ കാണാം. അതോടൊപ്പം മലകയറിവരുന്ന ശത്രുവിനെ തടഞ്ഞു നിർത്തുക കൂടുതൽ എളുപ്പമാണ്. രണ്ടും മൂന്നും ചുറ്റുമതിലുകളുള്ള കോട്ടകൾ ഉണ്ട്. കോട്ടയ്ക്കുചുറ്റും വലിയ കിടങ്ങു കുഴിച്ചിരിക്കും. കിടങ്ങിനു മുകളിലുള്ള പാലത്തിലൂടെയാണ് കോട്ടയ്ക്കുള്ളിൽ പ്രവേശിക്കുക. കോട്ടവാതിൽ അടച്ചു കഴിയുമ്പോൾ പാലവും വലിച്ചു മാറ്റും. പിന്നെ പട്ടണത്തിൽ പ്രവേശിക്കുക എളുപ്പമല്ല.

ശത്രുക്കൾ വരുന്നുണ്ടോ എന്ന് മതിലിനു ചുറ്റുമുള്ള ഗോപുരങ്ങളിൽ നിലയുറപ്പിച്ചിരിക്കുന്ന കാവല്ക്കാർ നിരന്തരം നോക്കി നില്ക്കും. ശത്രുവിനെ ദൂരെ കാണുമ്പോൾ കാഹളം മുഴക്കും. കോട്ടയ്ക്കു പുറത്തുള്ളവർ കോട്ടയ്ക്കുള്ളിൽ ഓടിയെത്തും. അകത്തുള്ള സൈന്യം ഒരുങ്ങി നില്ക്കും. ഈ ചിത്രത്തിന്റെ വെളിച്ചത്തിൽ കർത്താവിന്റെ സംരക്ഷണം കൂടുതൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും.

കോട്ടയ്ക്കുള്ളിൽ കഴിയുന്നവർ സുരക്ഷിതരാണ്. ശത്രുവിന് കടന്നുവന്ന് അവരെ കീഴടക്കാനാവില്ല. വാതിൽ അടച്ചും കിടങ്ങിനു മുകളിലുള്ള പാലം വലിച്ചും, ആയുധമേന്തി പടയാളികൾ കാവൽ നിന്നും സുരക്ഷിതത്വം നല്കുന്നു. ഇവയ്ക്കൊന്നും നല്കാൻ കഴിയാത്ത സുരക്ഷിതത്വമാണ് കർത്താവു നല്കുന്നത്. 18-ാം സങ്കീർത്തനം രചിച്ച ദാവീദ് തന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ ദൈവത്തെ പ്രകീർത്തിക്കുന്നത് എക്കാലത്തും പ്രസക്തവും പ്രധാനവുമാണ്. മനുഷ്യർ കുഴിച്ച കിടങ്ങും പണിത കോട്ടയും മറികടക്കാനാവും. എന്നാൽ കർത്താവു തന്നെയാണ് കോട്ടയെങ്കിൽ പിന്നെ ഭയത്തിന് കാരണമില്ല.

എന്റെ ജീവിതം, എന്റെ കുടുംബത്തിന്റെയും രാഷ്ട്രത്തിന്റെയും പോരാ, ലോകത്തിന്റെ തന്നെ ജീവൻ, കർത്താവാകുന്ന കോട്ടയ്ക്കുള്ളിൽ സുരക്ഷിതമാണ്. ഈ സുരക്ഷിതത്വബോധം വിശ്വാസത്തിൽ നിന്നു മാത്രമേ ലഭിക്കൂ! ആ വിശ്വാസമാണ് സ്തുതി കീർത്തനമായി, സ്നേഹഗാനമായി ഉരുവിടുന്നത്. "കർത്താവേ, എന്റെ ശക്തിയുടെ ഉറവിടമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു" ആകയാൽ ഭയം വെടിയുക. നിന്റെ ജീവൻ കർത്താവാകുന്ന കോട്ടയ്ക്കുള്ളിൽ സുരക്ഷിതമാണ്, ഭദ്രമാണ്.



# 24 അഭയശില

## സങ്കീ 31,2-3

*"കർത്താവേ, എന്റെ നേരെ ചെവി ചായിച്ച്, എന്നെ അതിവേഗം വിടുവിക്കണമേ! അവിടുന്ന് എന്റെ അഭയശിലയും എനിക്കു രക്ഷ നല്കുന്ന ശക്തി ദുർഗ്ഗവുമായിരിക്കണമേ! അവിടുന്ന് എനിക്കു പാറയും കോട്ടയുമാണ്. അങ്ങയുടെ നാമത്തെ പ്രതി എന്നെ നയിക്കണമെ; എനിക്കു വഴികാട്ടി ആയിരിക്കണമേ!" (സങ്കീ 31,2-3).*

മലമുകളിലാണ് പൊതുവേ കോട്ടകൾ പണിതിരുന്നത്. എന്നാൽ മലമുകളിലെ പാറയിലാണ് കോട്ട പണിതതെങ്കിൽ അതിനു കൂടുതൽ ഉറപ്പും സുരക്ഷിതത്വവും ഉണ്ടായിരിക്കും. അതിനാൽ ദൈവം നല്കുന്ന സംരക്ഷണത്തെ സൂചിപ്പിക്കാൻ ഈ രണ്ടു പ്രതീകങ്ങൾ ഒരുമിച്ച് ഉപയോഗിക്കാറുണ്ട്.

ബൈബിളിൽ പാറയുടെ പല പ്രത്യേകതകളും എടുത്തു കാട്ടാറുണ്ട്. ഉറപ്പുള്ളതാണ് പാറ. പാറയിൽ അടിത്തറയിട്ടു പണിയുന്ന വീടും പട്ടണവും നിലനില്ക്കും. വെള്ളപ്പൊക്കമോ കൊടുങ്കാറ്റോ ഭൂമികുലുക്കം തന്നെയോ ഉണ്ടായാലും അത് വീണു പോവുകയില്ല (മത്താ 7,24–25). ദൈവമാകുന്ന പാറയിൽ എന്റെ ജീവിതമാകുന്ന ഭവനം പണിതാൽ അത് എന്നേക്കും നിലനിൽക്കും. ദൈവമില്ല എന്നു വിചാരിക്കുകയോ ദൈവമില്ലാത്തതുപോലെ ജീവിക്കുകയോ ചെയ്താൽ എന്റെ ജീവിതം മണലിൽ പണിത കൊട്ടാരം പോലെയാകും – തകർന്നു പോകും.

പാറയിലൂടെ കുതിരയ്ക്കു പായാനാവില്ല; പാറയിലൂടെ ഓടാൻ ശ്രമിച്ചാൽ, പ്രത്യേകിച്ചും പായൽ പിടിച്ച് വഴുക്കുന്ന പാറയാണെങ്കിൽ, തെന്നിവീഴും. ഉയർന്ന പാറയിൽ നിലയുറപ്പിച്ചിരിക്കുന്ന ആളിന്റെയടുക്കലേക്ക് ശത്രുക്കൾക്കു പാഞ്ഞുവരാനോ അയാളെ കീഴടക്കാനോ കഴിയുകയില്ല. ശത്രുക്കളിൽനിന്നു സംരക്ഷണം നല്കുന്നതാണ് പാറ. ദൈവമാണ് ശത്രുക്കളിൽ നിന്ന് എന്നെ സംരക്ഷിക്കുന്നത്. ആരാണ് എന്റെ ശത്രു? തിന്മയുടെ ശക്തിയാണ് ആത്യന്തികമായ അർത്ഥത്തിൽ ശത്രു. അതിനെ സാത്താൻ എന്നും പിശാച് എന്നും തിന്മയെന്നും പല പേരുകളിൽ വിളിക്കാറുണ്ട്. ജീവനെ അപഹരിക്കുന്ന, മനുഷ്യനെ തമ്മിൽ തല്ലിച്ച് കൊല്ലുന്ന, മരണത്തിന്റെ അധിപനാണ് എന്റെ ശത്രു.

ജീവിക്കുന്നവനും ജീവന്റെ നാഥനും ജീവന്റെ ഉറവിടവുമായ ദൈവം എന്റെ പാറയായിരിക്കുമ്പോൾ മരണത്തിന് എന്നെ കീഴടക്കാനാവില്ല. മരണത്തിനും അപ്പുറത്തുള്ള നിത്യജീവനിലേക്ക് എന്നെ നയിക്കുന്നവനാണ് എന്റെ പാറയായ ദൈവം. എന്നെ വേട്ടയാടുന്ന പ്രലോഭനങ്ങൾ എന്റെ ശത്രുക്കളാകാം. അത് അധികാരഭ്രമമാകാം, നിയന്ത്രണം വിട്ട ആസക്തികളാകാം. ഭോഗാസക്തിയും ദ്രവ്യാസക്തിയും മറ്റെല്ലാ ആസക്തികളും ശത്രുക്കളായി എന്നെ വേട്ടയാടുമ്പോൾ എന്റെ രക്ഷാദുർഗ്ഗവും അഭയശിലയുമായ കർത്താവിൽ ഞാൻ അഭയം തേടണം. അവയ്ക്കെല്ലാം ഉപരി കർത്താവ് എന്നെ ഉയർത്തി നിർത്തും. “എന്നെ ഉയർന്ന പാറമേൽ നിർത്തും” (സങ്കീ 27,5).

ദാഹജലം പുറപ്പെടുവിച്ച ഒരു പാറയെക്കുറിച്ച് ബൈബിളിൽ പ്രതിപാദിക്കുന്നുണ്ട്. മരുഭൂമിയിൽ വച്ച് ദാഹിച്ചു വലഞ്ഞ ജനത്തിന് കുടിനീരു നല്കാൻ പാറയോട് കല്പിക്കാൻ ദൈവം മോശയ്ക്കു നിർദ്ദേശം നല്കി (പുറ 17,1–6). കർത്താവിന്റെ കല്പനപ്രകാരം മോശ വടി കൊണ്ടടിച്ചപ്പോൾ പാറയിൽ നിന്ന് ജലം സമൃദ്ധമായി ഒഴുകി. ദാഹിച്ചു വലഞ്ഞവരെ സംതൃപ്തരാക്കി, അവർക്കു ശക്തി പകർന്നു.

ദൈവം തന്നെയാണ് ഈ പാറയെന്നും ഇസ്രായേൽക്കാർ മരുഭൂമിയിലൂടെ യാത്ര ചെയ്തിരുന്നിടത്തോളം കാലം ഈ പാറ അവരെ അനുഗമിച്ചിരുന്നു എന്നും ഒരു യഹൂദ പാരമ്പര്യമുണ്ട്. ഈ പാരമ്പര്യത്തെക്കുറിച്ച് 1കോറി 10,4ൽ വി. പൗലോസ് സൂചിപ്പിക്കുന്നുമുണ്ട്. ജനത്തെ അനുഗമിച്ച് അവർക്കു ദാഹജലം നല്കിയിരുന്ന പാറ യേശു തന്നെ ആയിരുന്നു എന്നാണ് പൗലോസിന്റെ പ്രബോധനം. കുത്തിത്തുറക്കപ്പെട്ട വക്ഷസിൽ നിന്ന് രക്തവും വെള്ളവും ഒഴുകിയതിന്റെ വിവരണത്തിൽ വി. യോഹന്നാനും ഈ പാറയുടെ പ്രതീകം ഉപയോഗിക്കുന്നു. മോശ പാറയിൽ അടിച്ചത് പടയാളികൾ യേശുവിന്റെ പാർശ്വത്തിൽ കുന്തം കൊണ്ടു കുത്തിയതിന്റെ ഒരു പ്രതീകമായി വ്യാഖ്യാനിക്കപ്പെടുന്നു. എനിക്ക് നിത്യജീവന്റെ ജലമാകുന്ന പരിശുദ്ധാത്മാവിനെ നല്കുന്നതും എന്റെ അഭയശിലയായ കർത്താവു തന്നെയാണ്.

ഉറപ്പ്, സുരക്ഷിതത്വം, നിത്യജീവൻ ഇതെല്ലാമാണ് അഭയശിലയായ കർത്താവ്. "അവിടുന്നു മാത്രമാണ് എന്റെ അഭയശിലയും കോട്ടയും. അതിനാൽ എനിക്കു കുലുക്കം തട്ടുകയില്ല" (സങ്കീ 62,6).



# 25 കർത്താവിന്റെ കൂടാരം

## സങ്കീ 15,1

*"കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആർ വസിക്കും? അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആർ വാസമുറപ്പിക്കും?" (സങ്കീ 15,1).*

ആടുമേയ്ക്കൽ തൊഴിലാക്കിയിരുന്ന പൂർവ്വപിതാക്കന്മാർ കൂടാരങ്ങളിലാണ് വസിച്ചിരുന്നത്. ആടുകൾക്കു മേച്ചിൽ സ്ഥലങ്ങൾ തേടിയുള്ള യാത്രാമധ്യേ കൂടാരമടിക്കലും കൂടാരം അഴിക്കലും പതിവായിരുന്നു. ഈജിപ്തിൽ നിന്ന് വിമോചിതരായ ഇസ്രായേൽക്കാർ സീനായ് മലയടിവാരത്തുവച്ച് ഉടമ്പടിയിലൂടെ ദൈവജനമായി. ഉടമ്പടി പത്രിക ഉൾക്കൊള്ളുന്ന പേടകം സൂക്ഷിക്കാനായി ഒരു കൂടാരം നിർമ്മിക്കാൻ ദൈവം തന്നെ ആവശ്യപ്പെട്ടു (പുറ 26). ഉടമ്പടിയുടെ അടയാളവും സാക്ഷ്യവുമായ പേടകം സൂക്ഷിച്ചിരുന്നതിനാൽ ഇതിനെ സാക്ഷ്യകൂടാരമെന്നും കർത്താവ് അവിടെ വച്ച് ജനത്തിനു സ്വയം വെളിപ്പെടുത്തിയിരുന്നതിനാൽ കണ്ടുമുട്ടലിന്റെ സ്ഥലം എന്ന അർത്ഥത്തിൽ സമാഗമകൂടാരം എന്നും ഇത് അറിയപ്പെട്ടു. മരുഭൂമിയിലൂടെയുള്ള 40 വർഷത്തെ യാത്രയുടെ കാലമത്രയും ഈ സാക്ഷ്യകൂടാരം അവർ തങ്ങളോടൊപ്പം കൊണ്ടുപോയിരുന്നു. കർത്താവ് തങ്ങളോടുകൂടെ യാത്ര ചെയ്യുന്നു, തങ്ങളെ നയിക്കുന്നു, തങ്ങൾക്കു വിശ്രമസ്ഥലം അന്വേഷിച്ചു മുമ്പേ പോകുന്നു എന്നൊക്കെ ഈ കൂടാരം അവരെ അനുസ്മരിപ്പിച്ചിരുന്നു.

കാനാൻ ദേശത്തു പ്രവേശിച്ചപ്പോൾ സമാഗമകൂടാരം ഏതെങ്കിലും ഒരു സ്ഥലത്ത് സ്ഥിരമായി ഉറപ്പിച്ചു. ഗിൽഗാൽ, ശീലോ, റാമാ, മുതലായ

സ്ഥലങ്ങളിൽ പ്രതിഷ്ഠിച്ചിരുന്ന പേടകവും കൂടാരവും ദാവീദാണ് ജറു സലേമിലേക്കു കൊണ്ടുവന്നത്. കർത്താവിനു വസിക്കാൻ കൂടാരത്തിനു പകരം ഒരു ദേവാലയം പണിയാൻ ദാവീദ് ആഗ്രഹിച്ചെങ്കിലും അനുവാദം ലഭിച്ചില്ല. മകൻ സോളമൻ അതിമനോഹരമായ ദേവാലയം നിർമ്മിച്ചിട്ടും കർത്താവിന്റെ ഭവനം "കൂടാരം" എന്ന് തുടർന്നും അറിയപ്പെട്ടിരുന്നു. അതിനാലണ് സങ്കീർത്തകൻ ചോദിക്കുന്നത്: "കർത്താവേ അങ്ങയുടെ കൂടാരത്തിൽ ആർ വസിക്കും?"

ദേവാലയവും കൂടാരവും കർത്താവ് നമ്മുടെ മധ്യേ വസിക്കുന്നു എന്നതിന്റെ ദൃശ്യമായ അടയാളമാണ്. ദൈവാരാധനയ്ക്കുവേണ്ടി പ്രതി ഷ്ഠിക്കപ്പെട്ടിരിക്കുന്ന ആലയങ്ങൾ, അത് ഏതു മതവിശ്വാസികളുടേതാ ണെങ്കിലും, പവിത്രവും ആദരണീയവുമായി പരിഗണിക്കപ്പെടണം. ദൈവ ത്തിന്റെ രക്ഷാകര സാന്നിധ്യം തേടിയാണ് വിശ്വാസികൾ ദേവാലയങ്ങ ളിലേക്കു പോകുന്നത്. അത് അമ്പലമായാലും പള്ളി ആയാലും മോസ്ക്കായാലും ആരാധനാലയങ്ങൾ പരിശുദ്ധമായിത്തന്നെ സംരക്ഷി ക്കപ്പെടണം; അത് പ്രാർത്ഥനയ്ക്കു മാത്രമുള്ള ആലയങ്ങളായി ഉപയോ ഗിക്കപ്പെടുകയും വേണം. ഏതു പേരിൽ വിളിച്ചാലും വിളികേൾക്കുന്നത് ഒരേ ഒരു ദൈവമല്ലേ? അനേകം ദൈവങ്ങളില്ലല്ലോ?


ജറുസലെം ദേവാലയത്തിലേക്ക് തീർത്ഥാടനമായി പോവുക ഇസ്രായേൽ ജനത്തിന്റെ ഏറ്റം വലിയ ആഗ്രഹമായിരുന്നു. കർത്താവിന്റെ ആലയത്തിലായിരിക്കുന്നത് ഏറ്റം വലിയ ഭാഗ്യമായി പരിഗണിക്കപ്പെടു കയും ചെയ്തിരുന്നു. "കർത്താവിന്റെ ഭവനത്തിലേക്കു പോകാം എന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു" (സങ്കീ 122,1). "സൈന്യങ്ങ ളുടെ കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം!.....അന്യ സ്ഥലത്ത് ആയിരം ദിവസത്തേക്കാൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നത് കൂടുതൽ അഭികാമ്യമാണ്" (സങ്കീ 84,1-10).

കർത്താവിന്റെ കൂടാരം ഒരു പ്രതീകമാണ്. നമ്മൾ എല്ലാം യാത്ര ക്കാരാണെന്നും സ്ഥിരമായ വാസം ദൈവത്തിൽ മാത്രമാണെന്നും അതു നമ്മെ അനുസ്മരിപ്പിക്കുന്നു. അഴിച്ചിറക്കുകയും വീണ്ടും ഉയർത്തുകയും ചെയ്യുന്ന കൂടാരത്തിനുപകരം സ്ഥിരമായ ആലയങ്ങൾ നിർമ്മിച്ചാലും തീർത്ഥാടകരാണ് നാം എന്ന കാര്യം മറക്കരുത്. യാത്രക്കാരുടെ വഴിയ മ്പലങ്ങൾ താത്ക്കാലിക വിശ്രമ സ്ഥലങ്ങളാണ്. ദേവാലയങ്ങളെല്ലാം ഇപ്രകാരമുള്ള വിശ്രമസ്ഥലങ്ങളായിരിക്കണം - മനസ്സിന്റെ ദുഃഖവും ഭാരവും ഭയവുമെല്ലാം ഇറക്കിവച്ച് വിശ്രമിക്കാൻ ഉതകുന്ന സ്ഥലം. വിശ്ര മിച്ച്, ശക്തി വീണ്ടെടുത്ത് യാത്ര തുടരണം, കടലിലേക്ക് പുഴയെന്നപോ ലെ, ഭവനത്തിലേക്ക് യാത്രക്കാരൻ തിരിച്ചെത്തുന്നതുപോലെ.

ദേവാലയം എന്നത് ബാഹ്യമായ ഒരു സ്ഥാപനം മത്രമല്ല എന്ന് നാം ഓർക്കണം. ദൈവം വസിക്കുന്ന കൂടാരം വിരികൾ കൊണ്ടോ കല്ലും മരവും

കൊണ്ടോ തീർത്തതല്ല, ആത്യന്തികമായി മനുഷ്യ ഹൃദയം തന്നെയാണ് ദൈവത്തിന്റെ കൂടാരം. അതിനാൽ ബാഹ്യമായ ദേവാലയത്തിൽ പോകാൻ കഴിയാതെ വന്നാലും എന്റെ ഹൃദയത്തിനുള്ളിലെ കൂടാരത്തിലേക്കു ഞാൻ വരണം, തിരുസാന്നിധ്യം അവിടെയാണ്. അവിടെ ഞാൻ ദൈവത്തെ കണ്ടുമുട്ടും, എന്റെ ആത്മാവിന് ശാന്തി ലഭിക്കും; സന്തോഷമുണ്ടാകും.

എല്ലാ മനുഷ്യ ഹൃദയങ്ങളും ദേവാലയങ്ങളാണ്. അതിനാൽത്തന്നെ മനുഷ്യൻ മാനിക്കപ്പെടണം. മനുഷ്യൻ അവഗണനയ്ക്കും അവഹേളനത്തിനും പീഡനത്തിനും പട്ടിണിക്കും ഇരയാകുന്നിടത്ത് ദൈവം തന്നെ അവഗണിക്കപ്പെടുന്നു എന്നും നാം ഓർക്കണം. ദൈവത്തിന് ആലയം പണിയുന്നവർ സജീവ ദേവാലയമായ മനുഷ്യനെ മറക്കരുത്.



# 26 കൂടാരങ്ങൾ തകരുമ്പോൾ

**ജറെ 4,20**

*"ഒന്നിനു പിറകേ ഒന്നായി ദുരിതങ്ങൾ ആഞ്ഞടിക്കുന്നു. ദേശം മുഴുവൻ വിജനമായിത്തീർന്നു. എന്റെ കൂടാരങ്ങൾ ഞൊടിയിടയിൽ തകരുന്നു. കൂടാരവിരികൾ നിമിഷനേരംകൊണ്ട് കീറിപ്പറയുന്നു" (ജറെ 4,20).*

സംരക്ഷണം നല്കുന്ന ഇടമാണ് കൂടാരം. മരുഭൂമിയിലെ ചുട്ടുപൊള്ളുന്ന വെയിലിൽ കൂടാരം തണലും തണുപ്പും നല്കും. രാത്രിയിൽ പൊഴിയുന്ന മഞ്ഞ് ദേഹത്തു വീഴാതെ കൂടാരം തടയും. ശ്വാസം മുട്ടിക്കുന്ന മണൽക്കാറ്റിൽ കൂടാരം അഭയമാണ്. കൂടാരം സുരക്ഷിതത്വത്തിന്റെ, അഭയത്തിന്റെ, സംരക്ഷണത്തിന്റെയെല്ലാം പ്രതീകമായി നിലകൊള്ളുന്നു. മാത്രമല്ല, സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും കുടുംബത്തിന്റെയും പ്രതീകവുമാണ് കൂടാരം. സ്നേഹിക്കുന്നവർ, പരസ്പരം സ്വന്തമെന്നു കരുതുന്നവർ, ഒരുമിച്ചു കൂടുന്ന ഇടത്തെ കൂടാരമെന്നു വിളിക്കും.


എന്നാൽ, ഇതെല്ലാം നഷ്ടപ്പെടുന്ന അനുഭവങ്ങൾ ജീവിതത്തിലുണ്ടാകാം. ഇസ്രായേൽ ജനത്തിനു സംഭവിക്കാൻ പോകുന്ന ഭീകരമായ ദുരന്തത്തെ ഒരു ദർശനത്തിലൂടെയെന്നവണ്ണം കണ്ട ജറെമിയായുടെ വിലാപമാണ് ആരംഭത്തിൽ കണ്ടത്. "വേദന, അസഹ്യമായ വേദന! ഞാൻ വേദനയാൽ പുളയുന്നു! എന്റെ ഹൃദയ ഭിത്തികൾ തകരുന്നു! നെഞ്ചിടിക്കുന്നു" (ജറെ 4,14) എന്ന നിലവിളിയോടെയാണ് പ്രവാചകൻ ആരംഭിക്കുന്നത്. ബാബിലോൺ സൈന്യം ജറുസലെം നശിപ്പിക്കുന്നതിന്റെ ചിത്രം, തകർന്നു വീഴുന്ന മതിലുകൾ, കത്തിയെരിയുന്ന ദേവാലയം, കൊല്ലപ്പെടുന്നവരുടെ കൂട്ട നിലവിളി, തെരുവിലൊഴുകുന്ന രക്തപ്പുഴകൾ, നാടുകടത്തപ്പെടുന്ന അടിമകളുടെ നിരകൾ – എല്ലാം കണ്ട് ഒരു ഹൃദയാഘാതത്തിന്റെ വക്കിൽ നില്ക്കുന്ന പ്രവാചകൻ! ജനത്തിന്റെ ദുഃഖം മുഴുവൻ സ്വന്തം ഹൃദയത്തിൽ ഏറ്റുവാങ്ങി, കരയാൻ പോലും കഴിയാതെ

കല്ലുപോലെ മരവിച്ചു പോകുന്ന അവസ്ഥ. "എന്റെ ശിരസ്സ് ഒരു കണ്ണീർ തടാകവും എന്റെ കണ്ണുകൾ ആശ്രുധാരയും ആയിരുന്നെങ്കിൽ, എന്റെ ജനത്തിന്റെ പുത്രിയുടെ നിഹിതന്മാരെ ഓർത്ത് ഞാൻ രാപകൽ കരയുമായിരുന്നു" (ജറെ 9,1).

സ്വന്തം വ്യക്തിപരമായ ദുഃഖമല്ല, ഒരു ജനത്തിന്റെ മുഴുവൻ ആസന്നമായിരിക്കുന്ന ദുരന്തമാണ് പ്രവാചകന്റെ ഹൃദയത്തെ ഞെരുക്കുന്നത്. ഈ ദുരന്തത്തിനു കാരണമാകട്ടെ, അവർ ദൈവത്തിന്റെ ഉടമ്പടി ലംഘിച്ചു, തങ്ങളുടെ നാഥനും വിമോചകനുമായ കർത്താവിനെ ഉപേക്ഷിച്ച്, അന്യ ദൈവങ്ങളുടെ പിന്നാലെ പോയി എന്നതത്രെ. ദൈവനിഷേധം, ഉടമ്പടി ലംഘനം, അനീതി, ഇതൊക്കെയാണ് ആസന്നമായ ദുരന്തത്തിനു കാരണമായി പ്രവാചകൻ കാണുന്നത്. യഥാർത്ഥമായ മാനസാന്തരത്തിലൂടെ, ജീവിത നവീകരണത്തിലൂടെ, ഈ ദുരന്തം ഒഴിവാക്കാൻ കഴിയുമായിരുന്നു എന്ന തിരിച്ചറിവ് ദുഃഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നു. "മടങ്ങിവരുവിൻ, അവിശ്വസ്തരായ മക്കളേ നിങ്ങളുടെ കർത്താവിലേക്ക് മടങ്ങി വരുവിൻ" (ജറെ 3,14) എന്നു ഹൃദയം തകർന്ന്, തൊണ്ടപൊട്ടി, നിലവിളിച്ചിട്ടും കേൾക്കാതെ, സുനിശ്ചിതമായ നാശത്തിലേക്കു കുതിക്കുന്ന ജനത്തിനുവേണ്ടി കരയുക മാത്രമേ ഇനി തനിക്കു ചെയ്യാൻ കഴിയൂ. ഇതാണ് കൂടാരം തകരുന്ന, കൊടുങ്കാറ്റിൽ കൂടാരവിരികൾ കീറിപ്പറിയുന്ന പ്രവാചകന്റെ അവസ്ഥ.

ഈ ചിത്രത്തിന് ഏറെ പ്രസക്തമായ വിവിധ മാനങ്ങളുണ്ട്. ജീവിതമാകുന്ന കൂടാരം തകരുന്ന അവസ്ഥയാകാം ഒന്ന്. മാരകമായ രോഗമോ, ഭീകരമായ ദുരന്തമോ വേട്ടയാടുന്ന വ്യക്തിക്ക് കൂടാരം തകരുന്ന അനുഭവമുണ്ടാകാം. സ്നേഹബന്ധങ്ങൾ നഷ്ടപ്പെടുന്ന, ഉറ്റവർ വിട്ടുപോകുന്ന, ഉറ്റവരാൽ ഉപേക്ഷിക്കപ്പെടുന്ന, വഞ്ചിക്കപ്പെടുന്ന അവസ്ഥയാകാം. ബന്ധങ്ങൾ തകർന്ന് കുടുംബം തന്നെ ഇല്ലാതായി പോകുന്ന അവസ്ഥയുമാകാം. ഒരുപടികൂടി കടന്ന് സമൂഹത്തിന്റെ മൊത്തം അവസ്ഥയും ഈ പ്രതീകത്തിൽ പ്രതിഫലിക്കുന്നുണ്ട്.

ദൈവത്തെ നിഷേധിച്ചും സഹോദരനെ അടിമയാക്കിയും ജീവനെതിരേ കൊടിയ പാതകങ്ങൾ നടത്തിയും സമൂഹം മുഴുവൻ സമൂലനാശത്തിലേക്കു കൂപ്പുകുത്തുന്നതുകണ്ട് ഹൃദയം തകർന്നു കരയാൻ നമുക്കു കഴിയുന്നുണ്ടോ? എന്റെ സ്വന്തം കൂടാരം സംരക്ഷിക്കാൻ ശ്രമിക്കുന്നതിനുപകരം തകർന്നു വീഴുന്ന ലോകത്തിനുവേണ്ടി, നാശം നേരിടുന്ന സമൂഹത്തിനു വേണ്ടി, കർത്താവിന്റെയടുക്കൽ നിലവിളിക്കാൻ എനിക്കു കഴിയണം. മാനസാന്തരത്തിലേക്കു നയിക്കുന്നതാവണം ഈ ദുഃഖവും നിലവിളിയും. "അനുസരിക്കാൻ സന്നദ്ധരെങ്കിൽ നിങ്ങൾ ഐശ്വര്യം ആസ്വദിക്കും; അനുസരിക്കാതെ, ധിക്കാരം തുടർന്നാൽ വാളിനിരയായിത്തീരും; കർത്താവ് അരുളിച്ചെയ്യുന്നു" (ഏശ 1,20).



# 27 കർത്താവ് എന്റെ കൂടാരം

## വെളി 7,15

*"ഇവരാണ് വലിയ ഞെരുക്കത്തിൽനിന്നു വന്നവർ. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രം കഴുകി വെളുപ്പിച്ചവർ. അതുകൊണ്ട് ഇവർ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ നില്ക്കുകയും, അവിടുത്തെ ആലയത്തിൽ രാപകൽ അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്യുന്നു. സിംഹാസനസ്ഥൻ തന്റെ സാന്നിധ്യത്തിന്റെ കൂടാരത്തിൽ അവർക്ക് അഭയം നല്കും. ഇനിയൊരിക്കലും അവർക്കു വിശക്കുകയോ ദാഹിക്കുകയോ ഇല്ല. വെയിലോ, ചൂടോ അവരുടെമേൽ പതിക്കുകയില്ല. എന്തെന്നാൽ സിംഹാസനത്തിലിരിക്കുന്ന കുഞ്ഞാട് അവരെ മേയിക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്കു നയിക്കുകയും ചെയ്യും. ദൈവം അവരുടെ കണ്ണുകളിൽ നിന്ന് കണ്ണീർ തുടച്ചുനീക്കും" (വെളി 7,14-17).*

വൃത്താകൃതിയിലാണ് സാധാരണക്കൂടാരം പണിയുക. നടുവിൽ നാട്ടി നിർത്തുന്ന വലിയതൂണിൽ കയറുകളെല്ലാം കൂട്ടിക്കെട്ടും. അവിടെ നിന്നു തൂക്കിയിടുന്ന വിരികൾ ചുറ്റിലും നിലത്തു തറച്ചിരിക്കുന്ന കുറ്റികളിലേയ്ക്കു വലിച്ച് കയറുകൾ കൊണ്ട് ഉറപ്പിക്കും. മൃഗങ്ങളുടെ തുകലോ, ആട്ടിൻ രോമമോ, ഒട്ടകരോമമോകൊണ്ടു നെയ്തെടുത്ത കമ്പിളിയോ ആണ് കൂടാരവിരിയായി ഉപയോഗിക്കുക. ഇങ്ങനെ കൂടാരത്തിനുവേണ്ട വിരി നെയ്യുന്ന തൊഴിൽ തനിക്കു പരിചിതമാണെന്ന് വി.പൗലോസ് അവകാശപ്പെടുന്നുണ്ട്, കൂടാരപ്പണിക്കാരനായിരുന്നു എന്നു പറയുന്നതിലൂടെ.

നടുവിൽ ഉയർന്നു നില്ക്കുന്ന തൂണിനുചുറ്റും വിരിഞ്ഞു നില്ക്കുന്ന കൂടാരം ആകാശം പോലെയാണ്. വൃത്താകാരത്തിലുള്ള ചക്രവാളത്തിൽ ദൈവം കുറ്റിയുറപ്പിച്ചിരിക്കുന്ന നീലവിരിയാണാകാശം. ഏറ്റം ഹൃദ്യവും പ്രത്യാശാ ജനകവുമാണ് ഈ ചിത്രം. ആകാശമാകുന്ന കൂടാരവിരിക്കുള്ളിൽ ദൈവം വസിക്കുന്നു, സംരക്ഷണം നല്കുന്നു എന്നതാണ് ബൈബിൾ നല്കുന്ന ഒരു സന്ദേശം. എന്നാൽ അതിനും അപ്പുറത്ത്

ദൈവം തന്നെയാണ് കൂടാരം എന്ന പുതിയ അറിവിലേക്കാണ് വെളിപാടുപുസ്തകം നമ്മുടെ കണ്ണു തുറപ്പിക്കുന്നത്.

ദൈവം വസിക്കുന്ന കൂടാരമായി സമാഗമ കൂടാരത്തെയും ദേവാലയത്തെയും അവതരിപ്പിച്ചു. നമ്മുടെ ഐഹിക ജീവിതം ഒരു കൂടാരവാസമാണെന്നും ബൈബിൾ പഠിപ്പിച്ചു. കൂടാരങ്ങളിൽ വസിച്ചുകൊണ്ടുള്ള ഈ തീർത്ഥാടനത്തിൽ കർത്താവ് നമ്മുടെ മധ്യേ വസിക്കുന്നു; നമ്മുടെ മുമ്പേ നടന്ന് വഴി നയിക്കുന്നു. പോരാ, നമ്മുടെ ശരീരം തന്നെ ഒരു കൂടാരമാണെന്നും അമർത്യമായ ആത്മാവു വസിക്കുന്ന ഈ ഭൗമിക കൂടാരം അഴിഞ്ഞു തീരുമ്പോൾ ദൈവം നമ്മെ തന്റെ നിത്യകൂടാരത്തിൽ സ്വീകരിക്കുമെന്നും അപ്പസ്തോലന്മാരും (2 കോറി 5,1–14; 2 പത്രോ 1,14) യേശുനാഥൻ തന്നെയും (ലൂക്കാ 16,9) പഠിപ്പിച്ചിട്ടുണ്ട്. ഇതിനെല്ലാം ഉപരിയാണ് വെളിപാടുപുസ്തകം വരച്ചുകാട്ടുന്ന മനോഹര ചിത്രം.

ദൈവം തന്റെ സാന്നിധ്യമാകുന്ന കൂടാരത്തിൽ നമുക്ക് അഭയം നല്കും. ദൈവം നമുക്കായി ഒരു കൂടാരം പണിയുകയല്ല, ദൈവം തന്നെ കൂടാരമായി മാറുകയാണ് ചെയ്യുന്നത്. സമുദ്രത്തിൽ പതിക്കുന്ന മഴത്തുള്ളിക്കും ഒഴുകിയെത്തുന്ന പുഴയ്ക്കും പ്രത്യേകമായി ഒരിടമില്ല. സമുദ്രം തന്നെയാണ് അവയുടെ ഭവനം. ഇതുപോലെ, ആത്യന്തികമായി ദൈവം തന്നെയാണ് നമ്മുടെ ലക്ഷ്യം, നമ്മുടെ ഭവനം, നമ്മുടെ കൂടാരം. ഈ ആശയം മറ്റൊരുവിധത്തിൽ അരെയോപ്പഗസിലെ പണ്ഡിത സദസ്സിൽ വി. പൗലോസ് അവതരിപ്പിക്കുകയുണ്ടായി: “അവിടുന്ന് നമ്മിലാരിലും നിന്ന് അകലെയല്ല. എന്തെന്നാൽ, അവിടുന്നിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനില്ക്കുന്നു” (അപ്പ 17,27–28).

നമ്മൾ സാധാരണ ഉപയോഗിക്കാറുള്ള ഒരു ഭാഷാ പ്രയോഗമാണല്ലോ, “മരിച്ചുപോയി” എന്നത്. അറിഞ്ഞോ അറിയാതെയോ ഇതിലൂടെ ആഴമായ ഒരു വിശ്വാസം ഏറ്റുപറയുകയാണ് നാം, അല്ല ഒരു വിശ്വാസ സത്യം പ്രഖ്യാപിക്കുകയാണ്. മരണത്തിലൂടെ സംഭവിക്കുന്നത് ദൈവമാകുന്ന കൂടാരത്തിലേക്കു നാം പ്രവേശിക്കുകയാണ്. അവിടെ ദുഃഖമില്ല, മരണമില്ല, വേർപാടില്ല, വിലാപവുമില്ല; അവിടെ രാത്രിയുമില്ല. എല്ലാ കണ്ണീരും തോരും; എല്ലാ ദുഃഖവും അസ്തമിക്കും; വിലാപം സ്തുതിഗീതങ്ങൾക്കും വിഷാദം ആഹ്ലാദാരവത്തിനും വഴി മാറും. ഇതാണ് വിശുദ്ധഗ്രന്ഥം വരച്ചു കാട്ടുന്ന കൂടാരത്തിന്റെ യഥാർത്ഥചിത്രം.

“നഗരത്തിൽ ദേവാലയം കണ്ടില്ല. എന്തെന്നാൽ സർവ്വശക്തനായ ദൈവവും കുഞ്ഞാടുമാണ് അതിലെ ദേവാലയം” (വെളി 21,22). രക്ഷാചരിത്രത്തിന്റെ അന്ത്യത്തിൽ പുതുയുഗം പിറക്കുമ്പോൾ ദൈവം മനുഷ്യരോടൊത്തു വസിക്കും; അഥവാ മനുഷ്യൻ ദൈവത്തിൽ വസിക്കും. ഇതാണ് നമ്മുടെ പ്രത്യാശ. ഈ പ്രത്യാശയിൽ നിന്ന് ശക്തിയാർജ്ജിച്ച് അനുദിന ജീവിതത്തിലെ ക്ലേശങ്ങളെ നേരിടാൻ കർത്താവ് കൃപ നല്കട്ടെ.



# 28 കർത്താവ് കവചവും പരിചയും

### സങ്കീ 28,7

*"കർത്താവ് എന്റെ ശക്തിയും പരിചയുമാണ്; കർത്താവിൽ എന്റെ ഹൃദയം ശരണം വയ്ക്കുന്നു. അതുകൊണ്ട് എനിക്കു സഹായം ലഭിക്കുന്നു. എന്റെ ഹൃദയം ആനന്ദിക്കുന്നു" (സങ്കീ 28,7).*

നിരന്തരം യുദ്ധങ്ങളിൽ ഏർപ്പെടേണ്ടിവന്ന ഒരു ജനമാണ് ഇസ്രായേൽ. യുദ്ധം അവരുടെ ചരിത്രത്തിന്റെ ഒരു മുഖ്യഘടകമായിരുന്നു. തന്റെ തൊഴിലാളികളുടെ മാത്രം സഹായത്തോടെ ശക്തരായ രാജാക്കന്മാർക്കെതിരെ യുദ്ധം ചെയ്ത് സഹോദരപുത്രനായ ലോത്തിനെ മോചിപ്പിച്ചവനാണ് പിതാവായ അബ്രാഹം. ദൈവത്തോടു തന്നെ മല്ലിട്ടു ജയിച്ച്, ഇസ്രായേൽ എന്ന പേരു നേടിയവനാണ് ഗോത്രപിതാവായ യാക്കോബ്. മരുഭൂമിയിലും വാഗ്ദത്ത ഭൂമിയിലും അവർക്കു യുദ്ധം ചെയ്യേണ്ടിവന്നു. എണ്ണത്തിലും ബലത്തിലും ആയുധങ്ങളിലും എല്ലാം തങ്ങളെക്കാൾ ഏറെ ശക്തരായിരുന്ന ശത്രുക്കളോടാണ് അവർക്ക് ഏറ്റുമുട്ടേണ്ടി വന്നത്. അതി

നാൽത്തന്നെ അവരുടെ വിശ്വാസത്തിലും പ്രാർത്ഥനയിലും യുദ്ധത്തിന്റെയും ആയുധങ്ങളുടെയും മുഴക്കം കേൾക്കാം. ദൈവത്തെക്കുറിച്ചു പറയുമ്പോഴും ആയുധത്തിന്റെ ഭാഷ ഉപയോഗിക്കുന്നത് ഈ അനുഭവത്തിന്റെ വെളിച്ചത്തിലാണ്.

തങ്ങളെക്കാൾ പതിന്മടങ്ങ് ശക്തരായ ശത്രുക്കളുടെ ആക്രമണം നേരിടുമ്പോൾ അവർക്ക് ആശ്രയിക്കാൻ ദൈവമില്ലാതെ മറ്റാരും ഉണ്ടായിരുന്നില്ല. ഈ ആശ്രയം എപ്പോഴും ബലവത്തായിരുന്നു; സംരക്ഷണം സുനിശ്ചിതവും. ഈ അനുഭവമാണ് കർത്താവിനെ പരിച എന്നും കവചം എന്നും വിശേഷിപ്പിക്കാൻ അവരെ പ്രേരിപ്പിച്ചത്.

വാളും കുന്തവും അമ്പും വില്ലും ആയുധങ്ങളായി ഉപയോഗിച്ചിരുന്ന കാലത്ത് ആക്രമണത്തെ ചെറുത്തു നില്ക്കാൻ സഹായിക്കുന്ന സംരക്ഷണോപാധികളാണ് കവചവും പരിചയും. ശരീരത്തെ മുഴുവൻ പൊതിഞ്ഞു സംരക്ഷിക്കുന്നതാണ് കവചം. പടച്ചട്ട എന്നും പറയും. ഇരുമ്പു പാളികളും ചങ്ങലകളും കവചത്തിനായി ഉപയോഗിച്ചിരുന്നു. എന്നാൽ പുരാതനകാലത്ത്, പ്രത്യേകിച്ചും ഇസ്രായേലിന്റെ രാജഭരണകാലത്ത് ഇത് പ്രചാരത്തിലുണ്ടായിരുന്നില്ല. അവർക്കുണ്ടായിരുന്ന ഏക പ്രതിരോധായുധം പരിചയായിരുന്നു.

വൃത്താകാരത്തിലോ ചതുരത്തിലോ മരം കൊണ്ടു നിർമ്മിച്ച പരിചയുടെ പുറം തുകൽ പൊതിഞ്ഞിരിക്കും. ഉൾഭാഗത്ത് ഒരു കൈപിടിയും ഉണ്ടാകും. പരിചകൾ പല വലുപ്പത്തിലുണ്ടാക്കിയിരുന്നു. വാളും കഠാരയും ആയുധമാക്കിയിരുന്നവർ പൊതുവേ ചെറുപരിചകളാണ് ഉപയോഗിച്ചിരുന്നത്. അമ്പും കുന്തവും ചെറുക്കാൻ കൂടുതൽ വലിപ്പമുള്ള പരിചകൾ ഉപയോഗിച്ചിരുന്നു. ഇതിനുംപുറമേ പട്ടണത്തിന് ഉപരോധം ഏർപ്പെടുത്തുമ്പോൾ കോട്ടമതിലിൽ നിന്നുണ്ടാകുന്ന ശക്തമായ ആക്രമണത്തെ ചെറുക്കാൻ വളരെ വലിയ പരിചകളും ഉണ്ടായിരുന്നു.

വലുപ്പവും ആകൃതിയും എന്തുതന്നെ ആയാലും പരിചയുടെ പൊതു ഉപയോഗം ഒന്നുമാത്രം. ആക്രമിക്കുന്ന ആയുധത്തിൽ നിന്നു സംരക്ഷണം നല്കുക. കുത്തും വെട്ടും എല്ലാം കൊള്ളുന്നത് പരിചയിലായിരിക്കും. പരിചയ്ക്കു പിന്നിൽ നില്ക്കുന്ന മനുഷ്യന് മുറിവേൽക്കുകയില്ല. ഈ സംരക്ഷണമാണ് ദൈവത്തിന്റെ പ്രതീകമായി കാണുന്നത്.

ജീവിതം നിരന്തരമായ ആയോധനമാണ്. യുദ്ധം ബാഹ്യം മാത്രമല്ല, ആന്തരികവും ആത്മീയവുമാകാം. ആക്രമിക്കുന്ന ശത്രു, തിന്മയുടെ തന്നെ മൂർത്തഭാവമായ, സാത്താൻ എന്നും വിളിക്കുന്ന ശക്തിതന്നെ. വിവിധങ്ങളായ രീതിയിൽ ആക്രമണങ്ങളുണ്ടാകാം. പ്രലോഭനങ്ങളായി, പരാജയങ്ങളായി, ആസക്തികളായി, നിരാശയും ദുഃഖവുമായി. ഇതിനെ

യാണ് ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകൾ എന്ന് വി.പൗലോസ് വിശേഷി പ്പിക്കുന്നത്. അമ്പിന്റെ മുനയിൽ തീ കൊളുത്തി എയ്യുക റോമാക്കാർക്കു പതിവായിരുന്നു. തുളച്ചുകയറുന്നതോടൊപ്പം കത്തി എരിയുകയും ചെയ്യുന്ന അമ്പുകൾ ഇരട്ടി മാരകമായിത്തീരുന്നു. ഇങ്ങനെ നിരവധിയും നിരന്തരവുമായ ആക്രമണങ്ങളിൽ പെട്ടു കഴിയുന്ന നമുക്ക് സംരക്ഷണം നല്കുന്ന പരിചയാണ് ദൈവം.

വിശ്വാസമാകുന്ന പരിച എന്ന് അപ്പസ്തോലൻ വിശേഷിപ്പിക്കു ന്നു (എഫേ 6,16). ദൈവത്തിലുള്ള അടിപതറാത്ത, ഉറച്ച വിശ്വാസമാണ് ഏതു പ്രലോഭനത്തിലും ദുഃഖത്തിലും നമ്മെ താങ്ങി നിർത്തുന്നത്, സംര ക്ഷിക്കുന്നത്. കർത്താവ് പരിചയാണെന്ന് ഏറ്റുപറയുമ്പോൾ മറ്റൊന്നു കൂടി നാം വിശ്വസിക്കുന്നു. എനിക്ക് ഏല്ക്കുമായിരുന്ന ക്ഷതങ്ങൾ അവൻ ഏറ്റെടുക്കുന്നു, പരിചപോലെ. അതാണ് യേശു ചെയ്തത്. അവന്റെ ക്ഷത ങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു (ഏശ 53,6).



# 29 കൂടെ വരുന്ന കർത്താവ്

## പുറ 33,14

*"കർത്താവ് മോശയോടു പറഞ്ഞു: ഞാൻ തന്നെ നിന്നോടു കൂടെ വരുകയും നിനക്ക് ആശ്വാസം നല്കുകയും ചെയ്യും" (പുറ 33,14).*

സീനായ് മലയിൽ വച്ചാണ് കർത്താവ് മോശയ്ക്ക് പ്രത്യക്ഷപ്പെട്ടത്. അവിടെ വച്ച് തന്റെ പേരു വെളിപ്പെടുത്തി; ജനത്തെ മോചിപ്പിച്ച് വാഗ്ദത്തഭൂമിയിലേക്കു നയിക്കുക എന്ന വലിയ ദൗത്യവും ഏല്പിച്ചു. കർത്താവിന്റെ കല്പനയനുസരിച്ച് മോശ പ്രവർത്തിച്ചു. ജനത്തെ സീനായ് മലയടിവാരത്തെത്തിച്ചു. എന്നാൽ മലമുകളിൽ മോശ കർത്താവിൽ നിന്നു പ്രമാണപ്പലകകൾ സ്വീകരിക്കുമ്പോൾ താഴെ ജനം കാളക്കുട്ടിയെ ആരാധിക്കുകയായിരുന്നു. ഈ നന്ദിഹീനതയും വിശ്വാസത്യാഗവും വലിയ ശിക്ഷ വിളിച്ചു വരുത്തി. ജനത്തിന്റെ പാപത്തിനു മാപ്പിരക്കുന്ന മധ്യസ്ഥനായ മോശയാണ് കർത്താവിനോടു പറയുന്നത്: അങ്ങ് കൂടെ വരില്ലെങ്കിൽ ഞങ്ങളെ ഇവിടെനിന്ന് പറഞ്ഞയക്കരുത് (പുറ 33,15). തനിക്കു

വേണ്ടി മാത്രമല്ല, ജനത്തിനു മുഴുവൻ വേണ്ടി മോശ ദൈവിക സാന്നിധ്യം യാചിക്കുന്നു.


ദൈവം ഒരു ദൗത്യം ഏല്പിക്കുമ്പോൾ അതു നിറവേറ്റാനുള്ള കൃപയും നല്കും; മാത്രമല്ല കർത്താവ് എപ്പോഴും കൂടെയുണ്ടാകും. രക്ഷാചരിത്രത്തിൽ ഉടനീളം, അനേകം വ്യക്തികളുടെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്ന ഒരു സത്യമാണിത്. ജേഷ്ഠനെ ഭയന്ന് ഒളിച്ചോടി, വഴിവക്കിൽ കിടന്നുറങ്ങിയ യാക്കോബിന് കർത്താവു പ്രത്യക്ഷപ്പെട്ട് പറഞ്ഞു: "ഇതാ ഞാൻ നിന്നോടു കൂടെയുണ്ട്. നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തു രക്ഷിക്കും.........നിന്നോടു പറഞ്ഞതൊക്കെ നിറവേറ്റുന്നതുവരെ ഞാൻ നിന്നെ കൈവിടുകയില്ല" (ഉൽപ 28,15). മോശയ്ക്കുശേഷം വാഗ്ദത്തഭൂമിയിലേക്ക് ജനത്തെ നയിച്ച ജോഷ്വായ്ക്കും ഇതേ ഉറപ്പു തന്നെ കർത്താവു നല്കി: "ഞാൻ മോശയോടുകൂടെ എന്നതുപോലെ നിന്നോടു കൂടെയും ഉണ്ടായിരിക്കും. ഒരിക്കലും നിന്നെ കൈവിടുകയില്ല" (ജോഷ്വാ 1,5) കൂടെ നടക്കും, മുമ്പേ നടക്കും, കൈപിടിച്ചു നടത്തും, ഒരിക്കലും കൈവിടുകയില്ല. മാറ്റമില്ലാത്ത വാഗ്ദാനമാണിത്. ഈ വാഗ്ദാനത്തിലാണ് നാം പ്രത്യാശയർപ്പിക്കുന്നത്.

ഏല്പിക്കപ്പെടുന്ന ദൗത്യം ദുഷ്കരമായിരിക്കാം; അപകടം നിറഞ്ഞതുമാകാം. എന്നാലും കർത്താവ് കൂടെയുള്ളതിനാൽ ഭയപ്പെടേണ്ടതില്ല. ഇടിച്ചു തകർക്കാനും പിഴുതെറിയാനും നട്ടുവളർത്താനുമായി നിയോഗിക്കപ്പെട്ട പ്രവാചകൻ ജറെമിയായ്ക്കും ലഭിച്ചു ഇതേ വാഗ്ദാനം: "നിന്റെ രക്ഷയ്ക്ക് ഞാൻ കൂടെയുണ്ട് എന്നു കർത്താവ് അരുളിച്ചെയ്യുന്നു" (ജറെ 11,19). മിശിഹായുടെ മാതാവാകാൻ വിളി ലഭിച്ച മറിയത്തോടു ദൂതൻ പറഞ്ഞു: "ദൈവകൃപ നിറഞ്ഞവളേ, സന്തോഷിക്കുക, കർത്താവു നിന്നോടു കൂടെയുണ്ട്" (ലൂക്കാ 1,28). ദൗത്യം ഏല്പിക്കുന്ന കർത്താവു തന്നെയാണ് ഏല്പിക്കപ്പെടുന്ന വ്യക്തിയിൽ പ്രവർത്തിക്കുന്നത്. നമ്മളാണ് കാര്യങ്ങളൊക്കെ ചെയ്യുന്നതെന്നു തോന്നിയാലും വാസ്തവത്തിൽ നമ്മിൽ വസിച്ചുകൊണ്ട് ദൈവം തന്നെയാണ് നമ്മിലൂടെ പ്രവർത്തിക്കുന്നത്. ഈ യാഥാർത്ഥ്യം നമ്മൾ മറക്കരുത്.

ദൈവം കൂടെ നടക്കുമ്പോൾ നാം അവിടുത്തെ കരങ്ങളിൽ സ്വയം വിട്ടു കൊടുക്കാൻ തയ്യാറാകണം. അവിടുത്തെ നിമന്ത്രണങ്ങൾക്കു കാതോർക്കണം. ഉള്ളിന്റെ ഉള്ളിൽ നിന്ന് സംസാരിക്കുന്ന ദൈവാത്മാവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കണം. "നീ ഇടത്തോട്ടോ വലത്തോട്ടോ തിരിയുമ്പോൾ കാതുകൾ പിന്നിൽനിന്ന് ഒരു സ്വരം ശ്രവിക്കും. ഇതാണ് വഴി, ഇതിലേ പോവുക" (ഏശ 30,21). ഈ ആന്തരികസ്വരത്തെ അനുസരിക്കുന്നിടത്തോളം കാലം നാം സുരക്ഷിതരാണ്. ആ സ്വരത്തിനു

കാതോർക്കണം. അതിന് ഏകാന്തതയും ആന്തരിക നിശ്ശബ്ദതയും ആവ ശ്യമാണ്. മലമുകളിൽ, കർത്താവിന്റെ സന്നിധിയിൽ തനിച്ചു നിന്നപ്പോ ഴാണ് മോശയ്ക്കു കർത്താവിന്റെ സ്വരം കേൾക്കാൻ കഴിഞ്ഞത്. "പ്രഭാതം തോറും അവിടുന്ന് എന്റെ കാതുകളെ ശിഷ്യനെയെന്നപോലെ ഉണർത്തുന്നു" (ഏശ 50,4) എന്നു പറഞ്ഞ ഏശയ്യായെപ്പോലെ ഓരോ പ്രഭാതത്തിലും അല്പസമയം ഏകാഗ്രതയിൽ, ധ്യാനത്തിൽ ചിലവഴി ക്കാൻ നമുക്കു കഴിയണം.

കർത്താവിന്റെ സ്വരം ശ്രദ്ധിക്കാതെ കാതടച്ചാൽ അവിടുത്തെ സാന്നിധ്യം നമുക്ക് നഷ്ടപ്പെടാം. ജനനത്തിനു മുമ്പേ തിരഞ്ഞെടുത്ത്, വലിയൊരു ദൗത്യത്തിനായി നിയോഗിച്ചതായിരുന്നു സാംസനെ. പക്ഷേ അയാളുടെ നിരന്തരമായ അവിശ്വസ്തതയും അശ്രദ്ധയും മൂലം ദൈവാ ത്മാവ് വിട്ടുപോയി. അത് അയാൾ അറിഞ്ഞതു പോലുമില്ല (ന്യായാ 16,20). എല്ലാം തന്റെ ശക്തിയും സാമർത്ഥ്യവുമാണെന്നു തെറ്റിദ്ധരിച്ച അയാളുടെ ശക്തി ചോർന്നു പോയി. സ്വാതന്ത്ര്യവും കാഴ്ചയും അവസാനം ജീവനും നഷ്ടപ്പെട്ടു. ദൈവം തിരഞ്ഞെടുത്ത സാവൂൾ രാജാവിനും ഇതേ ദുരന്തം തന്നെ സംഭവിച്ചു (1 സാമു 16,14). ഇതെല്ലാം നമുക്കു മുന്നറിയിപ്പും താക്കീ തുമാണ്. കൂടെ നടക്കുന്ന കർത്താവിന്റെ കൈപിടിച്ചുനടക്കാം. അവിടുത്തെ ശബ്ദത്തിനു കാതോർക്കാം. കുതറിമാറാൻ തുനിയരുത്.



# 30 അമ്മ മറന്നാലും

## ഏശ 49,15

*"സീയോൻ പറഞ്ഞു; കർത്താവ് എന്നെ ഉപേക്ഷിച്ചു; എന്റെ കർത്താവ് എന്നെ മറന്നു കളഞ്ഞു. മുല കുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാകുമോ? പുത്രനോട് പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" (ഏശ 49,14-15).*

നബുക്കദ്നേസർ രാജാവിന്റെ സൈന്യം ബാബിലോണിലേക്കു തടവുകാരായി കൊണ്ടുപോയ ഇസ്രായേൽക്കാർ നിരാശരായിരുന്നു. ദേവാലയവും നഗരവും വാഗ്ദത്ത ഭൂമിയും എല്ലാം നഷ്ടപ്പെട്ട്, ഈജിപ്തിലേതിനു സമാനമായ അടിമത്തത്തിൽ ചെന്നു ചേർന്നവർ കരുതി, എല്ലാം അവസാനിച്ചു. തലമുറകളായി ചെയ്തുകൂട്ടിയ പാപങ്ങളുടെ ശിക്ഷ മുഴുവൻ ഈ ഒരു തലമുറയിൽ പതിച്ചിരിക്കുന്നു എന്ന് അവർ വിശ്വസിച്ചു. മുൻ തലമുറകളുടെ പാപഭാരം പേറുന്ന തങ്ങളെ കർത്താവ് ശിക്ഷിച്ചു, എന്നേക്കുമായി ഉപേക്ഷിച്ചു; ഇനി ഒരിക്കലും അവിടുന്ന് തങ്ങളെ ഓർക്കുകയില്ല. മരിച്ചവരെപ്പോലെ വിസ്മൃതരായി എന്നു കരുതിയവർക്കു പ്രത്യാശയ്ക്ക് ഒന്നും അവശേഷിച്ചിരുന്നില്ല. പ്രത്യക്ഷത്തിൽ എല്ലാം അവർക്ക് എതിരായിരുന്നു.

നമ്മുടെ അവസ്ഥയും ചിലപ്പോഴെങ്കിലും ഇതു പോലെയാവാം. മാറാരോഗങ്ങൾ വേട്ടയാടുന്ന വ്യക്തികളും കുടുംബങ്ങളുമുണ്ട്. തലമുറയായി നിലനിൽക്കുന്ന പരമ്പരാഗത രോഗങ്ങൾക്ക് ഇരയായിത്തീരുന്നവർ. എത്ര ശ്രമിച്ചിട്ടും വിട്ടുപേക്ഷിക്കാനോ വിടുതൽ നേടാനോ കഴിയാത്ത മദ്യപാനം പോലുള്ള തഴക്കങ്ങൾക്ക് അടിമയായവർ. തൊടുന്നതെല്ലാം പരാജയത്തിൽ കലാശിക്കുന്നവർ - അതു ജോലിയാകാം, ബിസിനസാകാം പഠനമാകാം, കുടുംബ ജീവിതമാകാം. അപ്രതീക്ഷിതമായുണ്ടായ അത്യാഹിതങ്ങൾ. ദൈവം എന്നെ ഉപേക്ഷിച്ചിരിക്കുന്നു എന്ന ചിന്തയ്ക്ക് അക്കം കൂട്ടുന്ന അനുഭവങ്ങളായി മാറാം ഇവ. പൂർവ്വികരുടെ പാപവും തൽഫല

മായുണ്ടാകുന്ന ശാപവും എന്ന വിഷയത്തെക്കുറിച്ച്, ബൈബിളിലെ ചില വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു നടത്തുന്ന സുവിശേഷ പ്രസംഗങ്ങൾ എരിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെയാകാം. ഇല്ല, എനിക്കിനി രക്ഷയില്ല; രക്ഷപ്പെടാൻ ഒരു മാർഗ്ഗവും അവശേഷിച്ചിട്ടില്ല എന്നു തോന്നാം. പക്ഷേ മറക്കരുത്, ഇതു വലിയൊരു പ്രലോഭനമാണ്.

പിശാചു മാലാഖയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും (2 കൊറി 11,14) ദൈവവചനം ഉദ്ധരിച്ചുകൊണ്ട് വാദിക്കുകയും ചെയ്യും എന്ന കാര്യം മറക്കരുത്. യേശുവിന്റെ മുമ്പിൽ അപ്പത്തിന്റെയും അത്ഭുതത്തിന്റെയും പ്രമേയങ്ങളുമായി പ്രത്യക്ഷപ്പെട്ടത് ദൈവവചനങ്ങൾ ഉദ്ധരിച്ചുകൊണ്ടായിരുന്നു. നിരാശയിലേക്കു നയിക്കുന്നത് ഒരിക്കലും ദൈവമല്ല. “ഇതൊന്നും പാപമല്ല” എന്നു കാതിൽ നിരന്തരം മന്ത്രിച്ച് തിന്മയിൽ വീഴ്ത്തുകയും വീണു കഴിയുമ്പോൾ “ഇനി രക്ഷയില്ല” എന്നു പറഞ്ഞ് നിരാശയിലാഴ്ത്തുകയും ചെയ്യുന്നത് ദൈവാത്മാവല്ല, സാത്താനാണ്; തിന്മയുടെ ശക്തിയാണ്.

പരിക്ഷീണന് ആശ്വാസം നല്കുന്ന വചനം അറിയിക്കാനാണ് ദൈവം പ്രവാചകന്മാരെ അയച്ചത്, ഇന്നും അയയ്ക്കുന്നത്. പെറ്റമ്മ തന്റെ കുഞ്ഞിനെ മറന്നാലും ദൈവം നമ്മെ മറക്കില്ല. “അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചാലും കർത്താവ് എന്നെ കൈക്കൊള്ളും” (സങ്കീ 27,10) എന്ന് സങ്കീർത്തകനോടൊപ്പം നമുക്കും പറയാൻ കഴിയണം. നമ്മുടെ അകൃത്യങ്ങൾ മൂലം ദൈവത്തിന്റെ മുഖം ദർശിക്കാൻ, അവിടുത്തെ സ്വരം ശ്രവിക്കാൻ കഴിയുന്നില്ലെങ്കിലും നിരാശപ്പെടരുത്. പ്രവാചകനിലൂടെ അവിടുന്ന് പറയുന്നു: “നിമിഷനേരത്തേക്ക് ഞാൻ നിന്നെ ഉപേക്ഷിച്ചു. മഹാകരുണയോടെ ഞാൻ നിന്നെ തിരിച്ചു വിളിക്കും. കോപാധിക്യത്താൽ ക്ഷണനേരത്തേക്ക് ഞാൻ എന്റെ മുഖം നിന്നിൽ നിന്ന് മറച്ചുവച്ചു; എന്നാൽ അനന്തമായ സ്നേഹത്തോടെ നിന്നോടു ഞാൻ കരുണ കാണിക്കും എന്ന് നിന്റെ വിമോചകനായ കർത്താവ് അരുളിച്ചെയ്യുന്നു” (ഏശ 54,7-8).

പൂർവ്വികരുടെ പാപത്തെയും ശാപത്തെയും കുറിച്ചുള്ള ഭയത്തിൽ കഴിയുന്നവരോട് കർത്താവ് അരുളിച്ചെയ്യുന്നു: “പിതാക്കന്മാർ പച്ച മുന്തിരിങ്ങാ തിന്നു, മക്കളുടെ പല്ലു പുളിച്ചു എന്ന് ആ നാളുകളിൽ അവർ പറയുകയില്ല. ഓരോരുത്തനും അവനവന്റെ അകൃത്യം നിമിത്തമാണ് മരിക്കുക. പച്ചമുന്തിരിങ്ങാ തിന്നവന്റെ പല്ലേ പുളിക്കൂ!” (ജറെ 31,29-30). “മക്കൾക്കുവേണ്ടി പിതാക്കന്മാരെയോ, പിതാക്കന്മാർക്കുവേണ്ടി മക്കളെയോ വധിക്കരുത്; പാപത്തിനുള്ള മരണശിക്ഷ അവനവൻ തന്നെ അനുഭവിക്കണം” (നിയ 24,16). ആ ശിക്ഷയിൽ നിന്നും യേശുക്രിസ്തുവിന്റെ മരണം വഴി നമുക്കു മോചനം ലഭിച്ചിരിക്കുന്നു. അതിനാൽ സന്തോഷിക്കുക; നിരാശ വെടിയുക. പ്രത്യാശ ഹൃദയത്തിൽ നിറയട്ടെ. അമ്മയെക്കാൾ കൂടുതൽ നമ്മെ സ്നേഹിക്കുന്ന ദൈവം നമ്മോടു കൂടെയുണ്ട്.



# 31 കാരാഗൃഹത്തിൽ

## ഉൽപ 39

*"അവന്റെ യജമാനൻ രോഷാകുലനായി. അവൻ ജോസഫിനെ രാജാവിന്റെ തടവുകാരെ ഇട്ടിരുന്ന കാരാഗൃഹത്തിലാക്കി. അങ്ങനെ അവൻ കാരാഗൃഹത്തിൽ കഴിച്ചുകൂട്ടി. കർത്താവ് ജോസഫിന്റെ കൂടെ ഉണ്ടായിരുന്നു" (ഉൽപ 39,20-21).*

ചെയ്യാത്ത കുറ്റത്തിന് ശിക്ഷയേല്ക്കേണ്ടി വന്ന ഒരു വ്യക്തിയാണ് പൂർവ്വപിതാവായ ജോസഫ്. പിതാവിന് അവനോടുണ്ടായിരുന്ന പ്രത്യേക സ്നേഹത്തിന്റെ പേരിൽ സഹോദരങ്ങൾ അവനെ വറുത്തു. കൊല്ലാൻ തീരുമാനിച്ചു. അവസാനം അടിമയായി വിറ്റു. അടിമച്ചന്തയിൽ നിന്ന് അവനെ വിലയ്ക്കു വാങ്ങിയ പൊത്തിഫറിന്റെ വീട്ടിൽ കാര്യസ്ഥനായി ജോലി ചെയ്യവേ, യജമാനഭാര്യയുടെ പ്രലോഭനങ്ങളെ ചെറുത്തതിനാൽ അവളുടെ കോപത്തിനും ശത്രുതയ്ക്കും ഇരയായി. ഭാര്യ പറഞ്ഞ നുണകൾ വിശ്വസിച്ച പൊത്തിഫർ അവനെ തടവറയിലടച്ചു. എന്തേ ഒന്നിനു പുറകേ ഒന്നായി ഈ ദുരിതങ്ങൾ, ദുരന്തങ്ങൾ? ഇതു ജോസഫിന്റെ മാത്രമല്ല, അനേകം പേരുടെ അനുഭവമാണ്. ഒരു പക്ഷേ നിങ്ങളും ഇപ്രകാരമുള്ള അനുഭവങ്ങളിലൂടെ കടന്നു പോവുകയാവും.

തന്റെ പേരിൽ ആരോപിക്കപ്പെടുന്ന കുറ്റം താൻ ചെയ്തിട്ടില്ല എന്നു തെളിയിക്കാൻ കഴിയാതെ പോകുന്നവർ അനുഭവിക്കേണ്ടിവരുന്ന സങ്കടവും ദുരിതവും വളരെ വലുതായിരിക്കും. എന്തേ എനിക്കിങ്ങനെ സംഭ

വിക്കുന്നു എന്ന ചോദ്യം മറ്റൊരു ചോദ്യത്തിനു വഴിയൊരുക്കുന്നു. എന്തേ ദൈവം ഇതൊക്കെ അനുവദിക്കുന്നു? നീതിമാനായ ഒരു ദൈവം ഉണ്ടെങ്കിൽ എന്തേ ഇത്തരം അനീതികളെ ചെറുക്കുന്നില്ല? എന്തേ അനീതി പ്രവർത്തിക്കുന്നവരെ ശിക്ഷിക്കുന്നില്ല? പലപ്പോഴും ഉത്തരം കിട്ടാത്ത ഈ ചോദ്യങ്ങൾക്കു മുമ്പിൽ പകച്ചു നിൽക്കുന്ന മനുഷ്യൻ "ദൈവമില്ല" എന്ന നിഗമനത്തിലും എത്തിച്ചേരാറുണ്ട്. എന്നാൽ ജോസഫിന്റെ അനുഭവവും പ്രതികരണവും വ്യത്യസ്തമായിരുന്നു.

ജോസഫിന്റെ തിക്താനുഭവങ്ങൾ വിവരിക്കുന്ന വിശുദ്ധ ഗ്രന്ഥകാരൻ ഉൽപ്പത്തി 39-ാം അധ്യായത്തിൽ മൂന്നു തവണ ആവർത്തിക്കുന്ന ഒരു വാക്യമുണ്ട്: "കർത്താവ് ജോസഫിന്റെ കൂടെ ഉണ്ടായിരുന്നു" (ഉൽപ്പ 39,2.21.23). സഹോദരന്മാർ കൊല്ലാൻ ശ്രമിച്ചപ്പോഴും അടിമയായി വിറ്റപ്പോഴും അടിമച്ചന്തയിൽ ലേലത്തിനായി നിന്നപ്പോഴും എല്ലാം ജോസഫിന്റെ കൂടെ കർത്താവുണ്ടായിരുന്നു. കൂടെ നടന്ന കർത്താവാണ് മരണത്തിൽ നിന്നു രക്ഷിച്ചത്; അടിമയായപ്പോൾ യജമാനന്റെ പ്രതീക്കു കാരണമായത്. ജോസഫ് ചെയ്ത എല്ലാ കാര്യങ്ങളും വിജയിപ്പിച്ചതും, പ്രലോഭനങ്ങളെ ചെറുക്കാൻ ശക്തിയും ധൈര്യവും നല്കിയതും തടവറയിൽപ്പോലും നിരാശനാകാതെ ജീവിതത്തെ സന്തോഷപൂർവ്വം സ്വീകരിക്കാൻ കഴിവു നല്കിയതും കൂടെ ഉണ്ടായിരുന്ന ദൈവമാണ്. അവസാനം ജോസഫിനെ ദൈവം ഉയർത്തി, തടവറയിൽ നിന്ന് സിംഹാസനത്തിലേക്ക്. കൊല്ലാൻ ശ്രമിച്ച സഹോദരങ്ങളുടെ ജീവൻ നിലനിർത്താനും അടിമയാക്കിയവർക്കു സംരക്ഷണം നല്കാനും ദൈവം തന്നെ ജോസഫിനെ ഉപകരണമാക്കി.

തടവറയിലും കർത്താവ് കൂടെയുണ്ടാകും. സത്യം എന്നെങ്കിലും തെളിയും. ഇനി, ചെയ്ത തെറ്റിനു ശിക്ഷയായിട്ടാണെങ്കിലും തടവറയിൽ കഴിയുമ്പോൾ നിരാശരാവരുത്. എല്ലാ ബന്ധിതർക്കും മോചനം നല്കുന്ന കർത്താവ് കൂടെയുണ്ട്. ദുരാരോപണങ്ങളും ഏഷണിയും നുണപ്രചരണവും വഴി മനുഷ്യർ നമ്മെ തടവിലാക്കിയെന്നു വരും. മറ്റുള്ളവരുടെ മുഖത്തു നോക്കാൻ കഴിയാത്തവിധം ലജ്ജയും കുറ്റബോധവും അപകർഷതാബോധവും നിരാശയും നമ്മെ കീഴടക്കാൻ ശ്രമിച്ചെന്നുവരാം. കീഴടങ്ങരുത്. കർത്താവ് കൂടെയുണ്ട്. തടവറയിൽ കൂടെ നിന്ന് ജോസഫിനു സംരക്ഷണം നല്കിയ ദൈവം നിങ്ങൾക്കു മോചനം നല്കും. ബന്ധിതർക്കു മോചനവും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും നല്കാൻ വന്നവൻ കൂടെയുണ്ട് എന്ന സത്യം മറക്കരുത്.



# 32 ശത്രുവിനും കടലിനും ഇടയിൽ

## പുറ 14,14

*"മോശ ജനത്തോടു പറഞ്ഞു: നിങ്ങൾ ഭയപ്പെടാതെ ഉറച്ചു നില്ക്കുവിൻ. നിങ്ങൾക്കുവേണ്ടി ഇന്നു കർത്താവ് ചെയ്യാൻ പോകുന്ന രക്ഷാകൃത്യം നിങ്ങൾ കാണും. ഇന്നു കണ്ട ഈജിപ്തുകാരെ ഇനിമേൽ നിങ്ങൾ കാണുകയില്ല. കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും. നിങ്ങൾ ശാന്തരായിരുന്നാൽ മതി" (പുറ 14,13-14).*

ശാന്തരായിരിക്കാൻ പറ്റുന്ന ഒരു സാഹചര്യമായിരുന്നില്ല അവരുടേത്. മുമ്പിൽ കരകാണാക്കടൽ, പിന്നിൽ പാഞ്ഞടുക്കുന്ന ശത്രുസൈന്യം. ഇപ്രകാരം ഒരു പ്രതിസന്ധിയുണ്ടാകുമെന്ന് അവർ ഒരിക്കലും വിചാരിച്ചില്ല. ക്രൂരമായ അടിമത്തത്തിൽ നിന്ന് ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തനങ്ങൾ വഴി വിമോചിതരായ അവർ വലിയ സന്തോഷത്തോടും പ്രതീക്ഷകളോടും കൂടെയാണ് മോശയെ അനുഗമിച്ച് മരുഭൂമിയിലൂടെ യാത്ര ചെയ്തത്. തേനും പാലും ഒഴുകുന്ന വാഗ്ദത്തഭൂമിയെ സ്വപ്നം കണ്ട് യാത്ര തിരിച്ചവർ മരുഭൂമിയുടെ ചൂടിലും, വിശപ്പും ദാഹവും സഹിച്ചും ക്ഷമിച്ചും മുന്നോട്ടുപോയി. എന്നാൽ ദൈവം തങ്ങളെ മനഃപൂർവ്വം കുടുക്കിലാക്കുകയായിരുന്നോ എന്ന സംശയം ഉണർത്തുന്നതാണ് ഇപ്പോൾ നേരിട്ടിരിക്കുന്ന പ്രതിസന്ധി.

ഈജിപ്തിൽ നിന്ന് കാനാൻ ദേശത്തേക്കു യാത്ര ചെയ്യാൻ ഏറ്റം എളുപ്പമാർഗ്ഗം മധ്യധരണ്യാഴിയുടെ തീരത്തിലൂടെ നേരേ വടക്കോട്ടുള്ള വഴിയായിരുന്നു. ഫിലിസ്ത്യരുടെ നാട്ടിലൂടെ കടന്നുപോകുന്ന ആ വഴി പിൻതുടർന്നാൽ ഏതാനും മാസങ്ങൾകൊണ്ട് അവർക്കു ലക്ഷ്യസ്ഥാനത്ത് എത്താൻ കഴിയുമായിരുന്നു - എന്നാൽ ഈ എളുപ്പമാർഗ്ഗമല്ല ദൈവം നിർദ്ദേശിച്ചത്. ഫിലിസ്ത്യരുടെ ആക്രമണത്തെ ഭയന്ന് അവർ

ഈജിപ്തിലേക്കു തിരിച്ചുപോയേക്കും എന്നു കരുതിയാണ് മരുഭൂമിയിലൂടെയുള്ള വഴി തിരഞ്ഞെടുത്തത് എന്നു ബൈബിൾ പ്രത്യേകം പറയുന്നുണ്ട് (പുറ 13,17-18). എന്നാൽ ഈ വഴി കൂടുതൽ ദീർഘവും ക്ലേശകരവും മാത്രമല്ല, എങ്ങും എത്തിക്കാതെ അപകടത്തിനു നടുവിൽ ചെന്ന് അവസാനിക്കുന്നതും ആയിരുന്നു.

തങ്ങളെ അടിമകളാക്കാൻ വേണ്ടി പാഞ്ഞു വരുന്ന ഫറവോയുടെ കുതിരപ്പടയെക്കണ്ട് ഇസ്രായേൽ ജനം ഭയന്നു വിറച്ചു. മുമ്പിൽ കടൽ, പിന്നിൽ ശത്രുസൈന്യം. ഒളിച്ചോടാൻ ഒരു മാർഗ്ഗവും അവശേഷിച്ചിട്ടില്ല. ഇത് മോശയും ദൈവവും കൂടി മനഃപൂർവ്വം ഒരുക്കിയ ഒരു കെണിയാണെന്നു കരുതിയ ജനം മോശയ്ക്കെതിരേ തിരിഞ്ഞു. "ഈജിപ്തിൽ ശവക്കുഴികളില്ലാഞ്ഞിട്ടാണോ നീ ഞങ്ങളെ മരുഭൂമിയിൽ കിടന്നു മരിക്കാൻ കൂട്ടിക്കൊണ്ടുവന്നത്?" (പുറ 14,11). സാമാന്യബുദ്ധിക്കു നിരക്കാത്തതും യുക്തിക്കു വിരുദ്ധവും എന്നു തോന്നാവുന്നതായിരുന്നു അവർക്കു വേണ്ടി തിരഞ്ഞെടുത്ത വഴിയും പാളയമടിച്ച സ്ഥലവും.

ഇപ്രകാരമുള്ള പ്രതിസന്ധികൾ നമ്മുടെ ജീവിതത്തിലും ഉണ്ടാകാം. പ്രാർത്ഥിച്ചും ദൈവത്തോടാലോചന ചോദിച്ചും ദൈവഹിതമെന്നു ബോധ്യം വന്ന് എടുക്കുന്ന തീരുമാനങ്ങൾ പോലും നമ്മെ വലിയ പ്രതിസന്ധികളിൽ എത്തിച്ചു എന്നു വരാം. ജീവിതം വഴി മുട്ടുന്ന അവസരങ്ങൾ വിരളമല്ല. തുടങ്ങിവച്ച പ്രസ്ഥാനങ്ങളാകാം, കുടുംബജീവിതമാകാം, വ്യക്തിബന്ധങ്ങളാകാം. എല്ലാ വഴികളും അടഞ്ഞു എന്നു തോന്നുന്നിടത്താണ് ദൈവം അപ്രതീക്ഷിതമായ പുതിയ വഴികൾ തുറക്കുന്നത്. നമ്മുടെ ജീവിതത്തെ മുന്നോട്ടു നയിക്കുന്നത് ദൈവമാണ് എന്ന ബോധ്യം ആഴപ്പെടുത്താൻ സഹായിക്കുന്നതാണ് ഈ പ്രതിസന്ധികൾ.

ഭയന്നു നിലവിളിച്ച ജനത്തിനു ധൈര്യം പകർന്ന മോശ ദൈവത്തിൽ ഉറച്ചു വിശ്വസിച്ചു. തങ്ങളെ ഇതുവരെ നയിച്ച ദൈവം തുടർന്നും നയിക്കും എന്ന കാര്യത്തിൽ തെല്ലും സംശയിച്ചില്ല. അടിമത്തത്തിലേക്കു തിരിച്ചുപോകാൻ വേണ്ടിയല്ല ദൈവം മോചിപ്പിച്ചത്. അലറുന്ന കടലിനു മീതെ വടി നീട്ടിയപ്പോൾ കടൽ പിളർന്നു, നടുവിൽ വഴി തെളിഞ്ഞു. ഇരുവശവും മതിൽപോലെ അലയടിച്ചു നിന്ന വെള്ളത്തിൻ നടുവിലൂടെ മോശ ജനത്തെ നയിച്ചു. അത് രക്ഷാചരിത്രത്തിലെ ഏറ്റം വലിയ തുടക്കമായി. എന്നും ശക്തി പകരുന്ന ദൈവത്തിന്റെ രക്ഷാകര പ്രവൃത്തി.

ഇന്നും ഇതുതന്നെ സംഭവിക്കും. വിശ്വസിക്കുന്നവരുടെ മുമ്പിൽ കടൽ പിളർന്നു വഴി തളിയും; മലകൾ മാറും. പാഞ്ഞടക്കുന്ന ശത്രുസൈന്യത്തിനു കീഴടക്കാനാവില്ല. കർത്താവ് പരിപാലിക്കും. നിങ്ങൾ ശാന്തരായിരുന്നാൽ മതി. ഒന്നിനെക്കുറിച്ചും ഉൽക്കണ്ഠ വേണ്ടാ എന്ന് യേശുനാഥൻ പഠിപ്പിച്ചു (ലൂക്കാ 12,22-30). ഏതു പ്രതിസന്ധിയിലും ശാന്തത വെടിയാതെ, ഭയത്തിനു കീഴടങ്ങാതെ, ധൈര്യമായിരിക്കുക. കർത്താവിന്റെ കരുത്തും കരുതലും സ്വന്തം ജീവിതത്തിൽ അനുഭവിച്ചറിയാൻ കഴിയും.



# 33 തീച്ചൂളയിൽ

## ദാനി 3

*"അവർ ദൈവത്തിനു കീർത്തനം ആലപിച്ചുകൊണ്ടും കർത്താവിനെ സ്തുതിച്ചുകൊണ്ടും തീജ്വാലകളുടെ മധ്യേ നടന്നു" (ദാനി 3,1)*

മാനുഷികമായ കാഴ്ചപ്പാടിൽ പ്രതീക്ഷിക്കാൻ ഒന്നും അവശേഷിക്കാത്ത അവസ്ഥയായിരുന്നു യഹൂദരായ ആ മൂന്നു യുവാക്കളുടെത്. ബാബിലോൺ രാജാവായ നബുക്കദ്നേസറിന്റെ കല്പന മന:പൂർവ്വം ധിക്കരിച്ചതിന്റെ പേരിൽ രാജകല്പനപ്രകാരമാണ് അവർ തീച്ചൂളയിലേക്ക് എറിയപ്പെട്ടത്. അവരുടെ ധിക്കാരത്തിൽ കോപാക്രാന്തനായ രാജാവ് ചൂള അത്യുഗ്രമായി ജ്വലിപ്പിക്കാൻ കല്പിച്ചിരുന്നു. ഷാദ്രാക്ക്, മെഷാക്ക്, അബദ്നെഗോ എന്നീ മൂന്നു പേരെ ചൂളയിൽ എറിഞ്ഞ പടയാളികൾ അഗ്നിയിൽ ദഹിച്ചു. കീലും ചണച്ചവറും വിറകുമിട്ട് ജ്വലിപ്പിച്ചിരുന്നതിനാൽ ചൂളയിൽ നിന്ന് 20 മീറ്റർ ഉയരത്തിൽ തീ ആളിക്കത്തിയിരുന്നു. അതിൽ നിന്ന് ആരെങ്കിലും രക്ഷപെടുക സാധ്യമായിരുന്നില്ല. എന്നാൽ അസാധ്യമെന്ന് കരുതിയത് ദൈവം സാധിച്ചു. കാരണം ദൈവത്തിലുള്ള തങ്ങളുടെ വിശ്വാസത്തിന്റെ പേരിലാണ് അവർ ഈ ക്രൂരമായ ശിക്ഷാവിധി ഏറ്റു വാങ്ങിയത്.

നബുക്കദ്നേസർ രാജാവ് പ്രതിഷ്ഠിച്ച ഭീമാകാരമായ സ്വർണ്ണ വിഗ്രഹത്തെ നിശ്ചിതസമയത്ത് സാഷ്ടാംഗം പ്രണമിച്ച് ആരാധിക്കാത്തവർ തീച്ചൂളയിൽ എറിയപ്പെടും എന്ന കല്പനയുണ്ടായിരുന്നു. എന്നാൽ ഏക സത്യദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന ദൈവകല്പന രാജകല്പനകളെക്കാൾ പ്രാധാന്യമുള്ളതായി ആ മൂന്നു യുവാക്കൾ കരുതി. യൂദായിൽ നിന്നു പ്രവാസികളായി വന്ന അവരെ രാജാവു തന്നെ ഭരണാധികാരികളായി നിയമിച്ചതായിരുന്നു. ഉന്നതരായ സർക്കാർ ഉദ്യോഗസ്ഥന്മാർ രാജകല്പനയെ ധിക്കരിക്കുന്നത് തികച്ചും അപകടകരമാണന്നറിഞ്ഞുകൊണ്ടു തന്നെയാണ് അവർ പ്രതിമയെ ആരാധിക്കാൻ വിസമ്മതിച്ചത്. രഹസ്യത്തിൽ ഒഴിഞ്ഞുമാറുകയല്ല, രാജാവിന്റെ മുമ്പിൽ കൂസലെന്യേ, തങ്ങളുടെ നിലപാട് വ്യക്തമാക്കുകയാണ് അവർ ചെയ്തത്.

"ഞങ്ങൾ സേവിക്കുന്ന ഞങ്ങളുടെ ദൈവം എരിയുന്ന തീച്ചൂള യിൽ നിന്ന് ഞങ്ങളെ രക്ഷിക്കാൻ കഴിവുള്ളവനാണ്. അവിടുന്ന് ഞങ്ങളെ നിന്റെ കൈയ്യിൽ നിന്നു മോചിപ്പിക്കും. ഇക്കാര്യം നീ അറിഞ്ഞുകൊള്ളു ക. അവിടുന്ന് ഞങ്ങളെ മോചിപ്പിച്ചില്ലെങ്കിൽപ്പോലും ഞങ്ങൾ നിന്റെ ദേവ ന്മാരെയോ നീ നിർമ്മിച്ച സ്വർണ്ണ ബിംബത്തെയോ ആരാധിക്കുകയില്ല" (ദാനി 3, 17-18). ഉറച്ച ഒരു തീരുമാനമായിരുന്നു അത്. പരമമായ ആരാ ധന ദൈവത്തിനു മാത്രമേ നല്കാവൂ എന്ന ഒന്നാം പ്രമാണം അനുസരി ക്കുന്നതിനു വേണ്ടി ജീവൻ പോലും ത്യജിക്കാൻ സന്നദ്ധരായ വിശ്വാ സികളുടെ തീരുമാനം. രാജാവും രാജകല്പനകളും ദൈവത്തിനും അവി ടുത്തെ നിയമത്തിനും മുകളിലല്ല, കീഴിലായിരിക്കണം എന്ന വിശ്വാസ ത്തിൽ അവർ ഉറച്ചുനിന്നു.

ബി. സി. രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഇസ്രായേൽ ജന ത്തിന്റെ ദൈവവിശ്വാസം വേരോടെ പിഴുതുകളയാൻ ശ്രമിച്ച അന്തിയോ ക്കസ് നാലാമൻ രാജാവിനെയാണ് നബുക്കദ്നേസർ എന്ന പേരിൽ ഗ്രന്ഥ കാരൻ അവതരിപ്പിക്കുന്നത്. അതിരൂക്ഷമായ മതപീഡനത്തിന്റെ മധ്യ ത്തിലും വിശ്വാസം ത്യജിക്കാതെ ഉറച്ചു നിൽക്കാൻ പ്രേരിപ്പിക്കുകയാണ് ദാനിയേലിന്റെ പുസ്തകത്തിന്റെ മുഖ്യലക്ഷ്യം. ജനഹൃദയങ്ങളിൽ നിന്ന് ഈശ്വരവിശ്വാസം പാടെ തുടച്ചു മാറ്റാൻ ശ്രമിക്കുന്ന പ്രസ്ഥാനങ്ങളോടും പ്രത്യയശാസ്ത്രങ്ങളോടും സർക്കാർ സംവിധാനങ്ങളോടും യഥാർത്ഥ വിശ്വാസി സ്വീകരിക്കേണ്ട നിലപാട് വ്യക്തമാക്കുന്നതാണ് ഈ മൂന്നു യുവാക്കളുടെ പ്രതികരണം. ജോലിയും സമ്പത്തും സ്വാതന്ത്ര്യവും മാത്ര മല്ല, ജീവൻ തന്നെ നഷ്ടപ്പെടും. എന്നാലും ദൈവത്തെയല്ലാതെ മറ്റാ രെയും ആരാധിക്കുകയില്ല; ദൈവപ്രമാണങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുകയില്ല എന്ന നിലപാട് സ്വീകരിക്കാൻ എല്ലാ ഈശ്വരവി ശ്വാസികൾക്കും കടമയുണ്ട്.

തീച്ചൂളയിൽ എറിയപ്പെട്ട വ്യക്തികൾക്ക് മാനുഷികമായി നോക്കു മ്പോൾ രക്ഷയില്ലായിരുന്നു. എന്നാൽ തങ്ങളെ രക്ഷിക്കാൻ കഴിവുള്ള ഒരു ദൈവത്തിലാണ് അവർ വിശ്വാസമർപ്പിച്ചത്. ആ ദൈവം തീച്ചൂളയി ലേക്ക് ഇറങ്ങി വന്നു; ജ്വാലകളെ ഊതിമാറ്റി; ചൂളയുടെ നടുവിൽ ശിതീ കരിച്ച മുറിയൊരുക്കി. അഗ്നിക്ക് അവരെ സ്പർശിക്കാനായില്ല. എക്കാലത്തും അവിടുത്തെ സംരക്ഷണം അനുഭവപ്പെടും. തന്നിൽ ആശ്ര യിക്കുവന്നവരെ അവിടുന്ന് കൈവിടുകയില്ല. "അഗ്നിയിലൂടെ നടന്നാലും നിനക്ക് പൊള്ളലേൽക്കുകയില്ല" (ഏശ 43,2). ഈ അനുഭവം നമുക്ക് ശക്തി പകരണം- അധാർമ്മിക നിയമങ്ങളെ ചെറുക്കാൻ, തിന്മക്കെതിരേ പൊരുതാൻ. സർക്കാരുദ്യോഗം വഹിക്കുന്നവരും ദൈവിക നിയമത്തെ സർക്കാരിന്റെ നിയമത്തെക്കാൾ കൂടുതൽ അനുസരിക്കണം. നിരപരാധി കളെ വധിക്കാൻ, നിഷ്ക്കളങ്കരെ വിധിക്കാൻ ഒരിക്കലും കൂട്ടു നില്ക്കരു ത്. തിന്മക്കെതിരേയുള്ള പോരാട്ടത്തിൽ നാം തനിച്ചല്ല. തീച്ചൂളയുടെ നടു വിലേക്ക് കർത്താവ് ഇറങ്ങി വരും. തീർച്ച.



# 34 സിംഹക്കുഴിയിൽ

## ദാനി 6

*"രാജാവ് കല്പിച്ചതനുസരിച്ച് ദാനിയേലിനെ കൊണ്ടുവന്ന് സിംഹങ്ങളുടെ കുഴിയിലേക്കെറിഞ്ഞു. രാജാവ് ദാനിയേലിനോടു പറഞ്ഞു: നീ നിരന്തരം സേവിക്കുന്ന നിന്റെ ദൈവം നിന്നെ രക്ഷിക്കട്ടെ! ദാനിയേലിനെക്കുറിച്ചുള്ള വിധിക്കു മാറ്റം വരാതിരിക്കാൻ കുഴി ഒരു കല്ലുകൊണ്ടടച്ചു, രാജാവിന്റെയും പ്രഭുക്കന്മാരുടെയും മോതിരങ്ങൾ കൊണ്ട് അതിനു മുദ്ര വയ്ക്കുകയും ചെയ്തു" (ദാനി 6, 16-17).*

രാജകീയോദ്യോഗസ്ഥന്മാരുടെ അസൂയക്കിരയായ ഒരു ഉന്നതാധികാരിയുടെ കഥയാണ് ദാനിയേലിന്റെ പുസ്തകം 6-ാം അധ്യായത്തിൽ വിവരിക്കുന്നത്. ദൈവത്തെ മാത്രം ആരാധിക്കുകയും ദൈവകല്പനകൾ പൂർണ്ണമായി അനുസരിക്കുകയും ചെയ്തതിന്റെ പേരിൽ ഭീകരമായ ശിക്ഷയെ നേരിടേണ്ടി വന്ന ദാനിയേലിന്റെ കഥ വിശ്വാസികൾക്കു പ്രത്യാശയും വിശ്വാസത്തിൽ ഉറച്ചു നിൽക്കാൻ പ്രചോദനവും നല്കുന്നു.

താൻ ചെയ്ത ഏതെങ്കിലും തെറ്റിന്റെ പേരിലല്ല ദാനിയേൽ ശിക്ഷിക്കപ്പെട്ടത്. രാജാവിനോടും രാജ്യത്തോടും പരിപൂർണ്ണ വിശ്വസ്തത പാലിച്ച ദാനിയേൽ നീതിനിഷ്ഠനായിരുന്നു; അനീതിക്ക് ഒരിക്കലും കൂട്ടു നില്ക്കുമായിരുന്നില്ല. മാത്രമല്ല, അനീതി എവിടെ കണ്ടാലും അതിനെ എതിർത്തു

തോല്പിക്കുമായിരുന്നു. അനീതി പ്രവർത്തിക്കുന്നത് രാജാവിനോട് ഏറ്റം അടുത്തു നിൽക്കുന്നവരും വിശ്വസ്തരായി കരുതപ്പെടുന്നവരുമാണെ ങ്കിലും മുഖം നോക്കാതെ നീതി നടപ്പിലാക്കുന്ന ഉന്നതോദ്യാഗസ്ഥനായി രുന്നു ദാനിയേൽ. നേരിട്ട് എതിർക്കാനോ കുറ്റം ആരോപിക്കാനോ പഴുതു കിട്ടാഞ്ഞതിനാൽ വളഞ്ഞ വഴികളിലൂടെ കീഴുദ്യാഗസ്ഥന്മാർ അദ്ദേ ഹത്തെ വീഴ്ത്താൻ കെണിയൊരുക്കി. അങ്ങനെയാണ് രാജാവായ ദാരി യൂസിനെ സ്വാധീനിച്ച് ഒരു പുതിയ കല്പനയിറക്കിയത്.

ഒരു മാസത്തേക്ക് രാജാവിനെ മാത്രമേ ആരാധിക്കാവൂ, മറ്റ് ആരെ യെങ്കിലും ആരാധിക്കുകയോ മറ്റാരോടെങ്കിലും പ്രാർത്ഥിക്കുകയോ ചെയ്യു ന്നവരെ സിംഹങ്ങൾക്ക് ഇരയായി കൊടുക്കും എന്ന നിയമം രാജ്യത്തിനോ രാജാവിനോ എന്തെങ്കിലും ഗുണം ചെയ്യും എന്നു കരുതി ഉണ്ടാക്കിയതല്ല. വിട്ടുവീഴ്ചയില്ലാത്ത ദൈവവിശ്വാസിയായ ദാനിയേലിനെ കുടുക്കാൻ വേണ്ടി മാത്രം നിർമ്മിച്ചതായിരുന്നു. പരമാധികാരം കയ്യാളുകയും സർവ്വാരാധനയും അവകാശപ്പെടുകയും ചെയ്യുന്ന നിരീശ്വരപ്രസ്ഥാനങ്ങളുടെയും സർവ്വാധി പത്യ സംവിധാനങ്ങളുടെയും ഒരു പകർപ്പ് ഇവിടെ കാണാം.

ചരിത്രത്തിലുടനീളം ഇപ്രകാരമുള്ള സർവ്വാധിപത്യ പ്രവണത കൾ ദൃശ്യമാണ്. ഏറ്റം അവസാനമായി നാം കണ്ടതും ഇന്നും കണ്ടു കൊണ്ടിരിക്കുന്നതുമായ നാസി – നിരീശ്വരഭരണ സംവിധാനങ്ങൾ ഈ പ്രവണതയുടെ ഇന്നും ജീവിക്കുന്ന പ്രത്യക്ഷോദാഹരണങ്ങളാണല്ലോ? ഈശ്വര വിശ്വാസവും ഈശ്വരാരാധനയും വധശിക്ഷയർഹിക്കുന്ന കുറ്റ മായി ചിത്രീകരിക്കുന്ന നിയമങ്ങൾ വഴി കൊല ചെയ്യപ്പെട്ട ജനകോടിക ളുടെ കണക്കുകൾ ആരും കൃത്യമായി സൂക്ഷിച്ചിട്ടില്ല. ദൈവഭക്തർക്കും ഈശ്വരവിശ്വാസികൾക്കും കെണിയൊരുക്കുന്ന നിയമങ്ങളും അവയ്ക്കു രൂപം കൊടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥ വൃന്ദവും ഇന്നും വിരളമല്ലല്ലോ? നീതിനിഷ്ഠരായ ഉദ്യോഗസ്ഥരെ തങ്ങളുടെ അഴി മതി നിറഞ്ഞ ജീവിതത്തിനും സ്വാർത്ഥലാഭത്തിനും വിലങ്ങുതടിയായി കാണുമ്പോൾ അവർക്കെതിരേ ദുരാരോപണങ്ങളും നുണപ്രചാരണ ങ്ങളും അഴിച്ചു വിടുകയും മാധ്യമങ്ങളെ സ്വാധീനിച്ച് അവരെ ജനമധ്യ ത്തിൽ അപഹാസ്യരും കുറ്റവാളികളുമായി ചിത്രീകരിക്കുകയും സർവ്വ സാധാരണമായിത്തീർന്നിരിക്കുന്നു. നീതിബോധമുള്ളവരെ നിരുത്സാഹ പ്പെടുത്തി, അനീതിക്കു കൂട്ടു നിൽക്കാൻ പ്രേരിപ്പിക്കുന്ന ഈ സംവിധാ നങ്ങൾക്കും മനോഭാവങ്ങൾക്കുമെതിരേ ശക്തമായ നിലപാടു സ്വീകരി ക്കാൻ പ്രേരിപ്പിക്കുന്നതാണ് ദാനിയേലിന്റെ അനുഭവം.

ഒരിക്കൽ പുറപ്പെടുവിച്ച കല്പനമാറ്റാൻ രാജാവിനു പോലും കഴി യില്ല എന്ന വിശ്വാസത്താൽ രാജാവും നിസ്സഹായനായി. സിംഹക്കുഴിയി

ലേക്ക് എറിയപ്പെട്ട ദാനിയേലിന് ഒരു രക്ഷാമാർഗ്ഗവും അവശേഷിച്ചിട്ടില്ല. കല്ലുരുട്ടിവച്ച് കുഴിമൂടി, മുദ്രവച്ച് ഭദ്രമാക്കി. ഇനി അതിൽ നിന്ന് പുറത്തു വരാനാവില്ല എന്ന് എല്ലാവരും കരുതി. പക്ഷേ അസാധ്യമെന്നു കരുതിയതു സംഭവിച്ചു. കുഴിയിൽ കിടന്ന സിംഹങ്ങളുടെ വായ് ദാനിയേൽ വിശ്വാസമർപ്പിച്ച ദൈവം പൂട്ടി. ഒരു പോറൽ പോലും ഏൽക്കാതെ പിറ്റേ ദിവസം ദാനിയേൽ പുറത്തു വന്നു. തന്നിൽ ആശ്രയിക്കുന്നവരെ ദൈവം സംരക്ഷിക്കും എന്നതിന്റെ ഉത്തമോദാഹരണമാണിത്. കല്ലറയ്ക്ക് മുദ്ര വച്ച് പട്ടാളം കാവൽ നിന്ന ഒരു സംഭവം പുതിയ നിയമത്തിലും വിവരിക്കുന്നുണ്ട്. പക്ഷേ മനുഷ്യൻ വച്ച മുദ്ര ദൈവം തകർത്തു. മരിച്ചവൻ പുറത്തു വന്നു-ഉത്ഥിതനായി; മരണത്തിന്മേൽ വിജയം വരിച്ചവനായി. സാഹചര്യങ്ങൾ പ്രതികൂലമാകുമ്പോഴും ദൈവവിരുദ്ധശക്തികൾ സംഘം ചേർന്ന് ആക്രമിക്കുമ്പോഴും ഭയപ്പെടാതെ, പ്രത്യാശ കൈവിടാതെ, വിശ്വാസത്തിലും ധർമ്മനിഷ്ഠയിലും ഉറച്ചു നിൽക്കുക. അനീതിക്കു കൂട്ടുനിൽക്കാത്തതിന്റെ പേരിൽ ഏൽക്കേണ്ടിവരുന്ന ത്യാഗങ്ങളും പീഡനങ്ങളും ഏറ്റെടുക്കുക. ദൈവം കൂടെയുണ്ടായിരിക്കും.



# 35 മാരകഭീഷണിക്കു മുന്നിൽ

## ദാനി 13

*"സൂസന്ന പറഞ്ഞു: എല്ലാത്തരത്തിലും ഞാൻ അകപ്പെട്ടു. ഞാൻ സമ്മതിച്ചാൽ അത് എന്റെ മരണമാണ്. സമ്മതിച്ചില്ലെങ്കിൽ നിങ്ങളുടെ കയ്യിൽ നിന്ന് രക്ഷപെടുകയില്ല. കർത്താവിന്റെ മുമ്പിൽ പാപം ചെയ്യുന്നതിനേക്കാൾ നിങ്ങൾക്കു വഴങ്ങാതെ നിങ്ങളുടെ പിടിയിൽപെടുന്നതാണ് ഞാൻ ഇഷ്ടപ്പെടുന്നത്." (ദാനി 13,22-23).*

മാരകമായൊരു പ്രതിസന്ധിയുടെ നടുവിലാണ് സൂസന്ന. അവളുടെ സൗന്ദര്യവും ശാലീനതയും അവൾക്കൊരു കെണിയായിത്തീർന്നു. കാമാസക്തരായ ന്യായാധിപന്മാർ തന്നെ അവളെ തിന്മക്കു പ്രേരിപ്പിച്ചപ്പോൾ മോചനമില്ലാത്തവിധം കുരുക്ക് തന്റെ കഴുത്തിൽ മുറുകുന്നതായി അവൾക്കനുഭവപ്പെട്ടു. നിയമം അനുസരിക്കാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും നിയമാനുസൃതം വിധി പ്രസ്താവിക്കുകയും ചെയ്യാൻ നിയുക്തരായിരിക്കുന്ന ന്യായാധിപന്മാർ ഒരേ സമയം കുറ്റകൃത്യത്തിനു പ്രേരിപ്പിക്കുകയും വിസമ്മതിക്കുന്നവർക്കെതിരേ കള്ളസാക്ഷ്യം നല്കുകയും വിധി പസ്താവിക്കുകയും ചെയ്യുമ്പോൾ നിരപരാധകർക്കു മോചനമില്ലാതാകുന്നു; ആശ്രയിക്കാൻ ഒന്നും അവശേഷിക്കുന്നില്ല. നീതി നിഷേധിക്കപ്പെടുന്നവരുടെ അവസാനത്തെ ആശ്രയമാണ് നീതിന്യായ കോടതി. എന്നാൽ കോടതിയിലെ നീതിപീഠത്തിൽ ഇരിക്കുന്നത് കുറ്റകൃത്യത്തിലെ മുഖ്യപ്രതി തന്നെ ആണങ്കിൽ പിന്നെ എവിടെ നീതി?

ഇപ്രകാരമൊരു പ്രതിസന്ധിയിലാണ് കഥാപാത്രമായ സൂസന്ന. നൈർമല്ല്യത്തിന്റെ ആൾരൂപമാണവൾ. അവളുടെ പേരു തന്നെ സൂചിപ്പിക്കുന്നത് പരിശുദ്ധിയെയാണ്. ശോശന്നപുഷ്പം പോലെ കളങ്കമില്ലാത്തവൾ. മോശയുടെ നിയമമനുസരിച്ച് മാതാപിതാക്കൾ അവളെ എല്ലാ കാര്യങ്ങളും പഠിപ്പിച്ചിട്ടുണ്ടായിരുന്നു (ദാനി 13,3). ബാബിലോണിലെ പ്രവാസികളായ യഹൂദർക്കിടയിൽ പുതുതായി നിയമിക്കപ്പെട്ട രണ്ട് ന്യായാധിപന്മാർ അധർമ്മികളും ആസക്തികൾക്ക് അടിമപ്പെട്ടവരുമായിരുന്നു. ധനികനായ യൊവാക്കിമിന്റെ ഭവനത്തിൽ സ്ഥിരസന്ദർശകരായ ആ ന്യായാധിപന്മാർ ഗൃഹനാഥന്റെ ഭാര്യയുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായി. ആസക്തിയാൽ ജ്വലിച്ച അവർ അവസരം കണ്ടുപിടിച്ച് അവളെ വീഴ്ത്താൻ ശ്രമിച്ചു. സാക്ഷികളാരുമില്ലാതെ ഉദ്യാനമധ്യത്തിലെ കുളക്കരയിൽ വച്ച് ന്യായാധിപന്മാരുടെ കയ്യിൽപ്പെട്ട സൂസന്ന തികച്ചും നിസ്സഹായ ആയിരുന്നു. അവർക്കു വഴങ്ങിയാൽ അത് വലിയ പാപമാകും; വഴങ്ങിയില്ലെങ്കിൽ അവർ തന്നെ മരണശിക്ഷവിധിക്കും. കുറ്റവാളിയും സാക്ഷിയും ന്യായാധിപനും ഒരാൾതന്നെ ആകുമ്പോൾ മോചനത്തിന് പഴുതില്ല. തീച്ചൂളയിൽ എറിയപ്പെട്ട യുവാക്കളെപ്പോലെ, സിംഹക്കുഴിയിൽ അടക്കപ്പെട്ട ദാനിയേലിനെപ്പോലെ, സൂസന്നയും പ്രതിസന്ധിയിലായി.

എന്നാലും അവൾ പതറിയില്ല. തനിക്ക് അവശേഷിച്ചിരുന്ന ഏകആയുധം അവൾ സർവ്വശക്തിയോടും കൂടെ പ്രയോഗിച്ചു: അവൾ ഉച്ചത്തിൽ നിലവിളിച്ചു. സ്വജീവൻ ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് തനിക്കാവും വിധം ചെറുത്തുനിന്ന അവളെ സഹായിക്കാൻ ദൈവം വന്നു: പക്ഷേ ഉടനെയല്ല. അവളുടെ നിലവിളിയേക്കാൾ ഉച്ചത്തിൽ ന്യായാധിപന്മാരുടെ കൊലവിളി മുഴങ്ങി. വീട്ടുകാരും നാട്ടുകാരും ഓടിക്കൂടി. ന്യായാധിപന്മാരുടെ വിവരണം കേട്ടവർ ലജ്ജിച്ചു; സൂസന്ന കുറ്റവാളിയെന്നു കരുതി ദു:ഖിച്ചു. പിറ്റേന്ന് ന്യായാസനത്തിനു മുമ്പിൽ ഹാജരായ സൂസന്നയോട് ആരും ഒന്നും ചോദിച്ചില്ല; അവൾക്ക് പറയാനുള്ളത് കേൾക്കാൻ ആരും തയ്യാറായില്ല. സാക്ഷികൾ തന്നെ വിധിയും പ്രഖ്യാപിച്ചു. കല്ലെറിഞ്ഞു കൊല്ലുക!

ഇന്നും ഇതുപോലെ എത്രയെത്ര നാടകങ്ങൾ അരങ്ങേറുന്നു! ന്യായപാലകരും നീതിപീഠങ്ങളും കുറ്റവാളികളെ വെറുതെ വിടുകയും നിരപരാധകരെ കൊലയ്ക്കു വിധിക്കുകയും ചെയ്യുന്ന സംഭവങ്ങൾ! പണത്തിന്റെയും രാഷ്ട്രീയത്തിന്റെയും സ്വാധീനവലയത്തിലായ മാധ്യമങ്ങൾ അന്യായവിധികളെ ആഘോഷങ്ങളാക്കി അവതരിപ്പിക്കുമ്പോൾ എവിടെയാണ് സൂസന്നമാർക്ക് ഒരഭയം? സൂസന്ന വീണ്ടും നിലവിളിച്ചു: "നിത്യനായ ദൈവമേ, രഹസ്യങ്ങളെ വിവേചിക്കുന്നവനേ,........ഇവർ എനിക്കെതിരേ കള്ള സാക്ഷ്യം പറഞ്ഞുവെന്ന് അങ്ങ് അറിയുന്നുവല്ലോ. ഞാനിതാ

മരിക്കാൻ പോകുന്നു. എങ്കിലും എനിക്കെതിരേ ദുഷ്ടതയോടെ ആരോപിച്ചിരിക്കുന്ന കാര്യങ്ങളിലൊന്നും ഞാൻ ചെയ്തിട്ടില്ല" (ദാനി 13,42-43).

ഈ നിലവിളിക്ക് ജനം കാതോർത്തില്ല. കൊല്ലാൻ തീരുമാനിച്ച അവർ കല്ലുമായി കൊലക്കളത്തിലേക്ക് നീങ്ങി. എല്ലാം അവസാനിച്ചു എന്നു കരുതിയപ്പോഴാണ് ദൈവം ദാനിയേലിനെ അയച്ചത്.

"എന്റെ വിധിയാളൻ ദൈവം" എന്നാണ് പേരിന്റെ അർത്ഥം. ദൈവത്തിന്റെ വിധി ദാനിയേൽ നടപ്പിലാക്കി. പൊതുജനാഭിപ്രായത്തോടു ചേർന്നു തിന്മക്കു കൂട്ടുനിൽക്കാതെ വേറിട്ട ഒരു ശബ്ദമായി അയാളുടെത്. അനീതിക്കെതിരേ ഉയർന്ന, ഒറ്റപ്പെട്ടതെങ്കിലും ശക്തമായ ശബ്ദം. "ഇവളുടെ രക്തത്തിൽ എനിക്കു പങ്കില്ല" (ദാനി 13,46). അത് ദൈവത്തിന്റെ തന്നെ ശബ്ദമായിരുന്നു. ആ ശബ്ദത്തിനു മുമ്പിൽ അനീതിയുടെ പീഠങ്ങൾ വിറച്ചു: ന്യായാധിപന്മാർ ഭയന്നു. സിംഹാസനങ്ങൾ തകർന്നു വീണു. കണിശമായ വിചാരണയിലൂടെ, ന്യായാധിപന്മാരുടെ കുറ്റം തെളിഞ്ഞു. യഥാർത്ഥകുറ്റവാളികൾക്കു ശിക്ഷ ലഭിച്ചു. നിരപരാധി മോചിതയായി. ഇന്നും ഇത് സംഭവിക്കും. ഭീഷണിക്കു വഴങ്ങി നീതി കൈവിടരുത്. ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറണം. ദാനിയേലിനെ ദൈവം ഇന്നും ഉയർത്തും, നിന്നിലൂടെ. കേൾക്കുന്നില്ലേ, ദൈവത്തിന്റെ വിളി? നിഷ്കളങ്കരക്തത്തിന്റെ നിശ്ശബ്ദ നിലവിളി ഏറ്റുവാങ്ങി, നീതിയുടെ സിംഹഗർജ്ജനമാകാൻ കർത്താവാണ് നിന്നെ വിളിക്കുന്നത്.



# 36 കാരാഗൃഹത്തിൽ ദൈവദൂതൻ

## അപ്പ 12, 1–19

*"പരസ്യവിചാരണക്കു പുറത്തുകൊണ്ടുവരാൻ ഹേറോദേസ് ഉദ്ദേശിച്ചിരുന്നതിന്റെ തലേരാത്രി പത്രോസ് ഇരുമ്പുചങ്ങലയാൽ ബന്ധിതനായി രണ്ടു പടയാളികളുടെ മധ്യേ ഉറങ്ങുകയായിരുന്നു. പട്ടാളക്കാർ കാരാഗൃഹവാതിൽക്കൽ കാവൽനിൽക്കുന്നുണ്ടായിരുന്നു" (അപ്പ 12,6).*

ശിശുവായ യേശുവിനെ വധിക്കാൻ ഉദ്യമിച്ച ഹേറോദേസ് മഹാരാജാവിന്റെ പുത്രൻ അരിസ്റ്റോബുളസിന്റെ മകനാണ് ഹേറോദേസ് അഗ്രിപ്പാ ഒന്നാമൻ. എ.ഡി. 41–44ൽ അയാൾ പലസ്തീനാ മുഴുവന്റെയും രാജാവായിരുന്നു. ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയും വധിക്കുകയും ചെയ്യുന്നത് യഹൂദരുടെ പ്രീതി സമ്പാദിക്കാൻ സഹായിക്കും എന്നു മനസ്സിലാക്കിയ അയാൾ യോഹന്നാന്റെ സഹോദരനും അപ്പസ്തോലനുമായ യാക്കോബിനെ വധിച്ചു. പെസഹാതിരുന്നാളിനു ശേഷം പരസ്യമായി വധിക്കാൻ വേണ്ടിയാണ് പത്രോസിനെ തടവറയിൽ സൂക്ഷിച്ചത്.

കൈകാലുകൾ ചങ്ങലയാൽ ബന്ധിച്ച് പടയാളികളുടെ നിരന്തര നിരീക്ഷണത്തിലായിരുന്നു പത്രോസ്. ആയുധധാരികളായ പടയാളികൾ രാപകൽ പാറാവുനില്ക്കുന്ന മൂന്നു കവാടങ്ങൾ കടന്ന് രക്ഷപെടുക മാനുഷികമായ കാഴ്ചപ്പാടിൽ അസാധ്യമായിരുന്നു. അതിനാൽ യാക്കോബിനെപ്പോലെ താനും കൊല്ലപ്പെടും എന്നു പത്രോസിന് ഉറപ്പായിരുന്നു. എന്നിട്ടും അദ്ദേഹം സുഖമായി, സ്വസ്ഥമായി ഉറങ്ങി. ചങ്ങലകളാൽ ബന്ധിതനായ പത്രോസ് രണ്ടു പടയാളികളുടെ മധ്യേ ഉറങ്ങുകയായിരുന്നു. പത്രോസിന് അത് എങ്ങിനെ സാധിച്ചു? ഇവിടെയാണ് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പ്രസക്തി.

വീടും വലയും വിട്ട് യേശുവിന്റെ പിന്നാലെ ഇറങ്ങിത്തിരിച്ചപ്പോൾ മുതൽ പത്രോസിനെ നയിച്ചത് ഈ ചൈതന്യമായിരുന്നു-ഗുരുവിലുള്ള വിശ്വാസം; അവന്റെ വാഗ്ദാനത്തിലുള്ള പ്രത്യാശ. എല്ലാ പ്രതിക്ഷകളും തകർന്നു വീണ ആ രാത്രിയിൽ ഭയവും ഭീരുത്വവും മൂലം ഗുരുവിനെ തള്ളിപ്പറഞ്ഞെങ്കിലും, ആ അഭിശപ്തനിമിഷത്തിന്റെ ഓർമ്മ കയ്പ്പേറിയ കണ്ണീരിലൂടെ ജീവിതകാലം മുഴുവൻ കഴുകിയവനാണ് പത്രോസ്. ബല ഹീനതമൂലമുണ്ടായ വീഴ്ചയ്ക്കു പരിഹാരമായി മൂന്നു തവണ തന്റെ വിശ്വാ സവും സ്നേഹവും പ്രതിബദ്ധതയും ഏറ്റുപറയാൻ ഗുരുനാഥൻ തന്നെ അയാൾക്ക് അവസരം നല്കി. കണ്ണീരിൽ കഴുകി ശുദ്ധീകരിക്കപ്പെട്ട ഹൃദ യത്തിൽ നാഥൻ തന്നെ ധൈര്യം നിറച്ചു. മറ്റൊരാൾ നിന്റെ അര മുറുക്കു മെന്നും നിനക്കിഷ്ടമില്ലാത്തിടത്തേക്കു നിന്നെ കൊണ്ടുപോകുമെന്നും ഗുരുനാഥൻ തന്നെ മുന്നറിയിപ്പു നല്കിയിരുന്നു. നാഥനുവേണ്ടി ജീവൻ ത്യജിക്കാൻ അവസരമുണ്ടാകും എന്ന മുന്നറിവാണ് ഈ പ്രവചനത്തി ലൂടെ പത്രോസിനു ലഭിച്ചത്. അതിനാൽ തന്റെ ജീവിതം നാഥൻ ആഗ്ര ഹിക്കുന്ന രീതിയിൽ മാത്രമേ മുന്നേറൂ; നാഥൻ തീരുമാനിച്ച വിധത്തിൽ മാത്രമേ അവസാനിക്കൂ എന്നു പത്രോസിനു തീർച്ചയുണ്ടായിരുന്നു.

ദൈവത്തിലും അവിടുത്തെ വചനത്തിലുമുള്ള ഉറച്ച വിശ്വാസമാണ് പത്രോസിനു ധൈര്യം നല്കിയത്. നാഥനുവേണ്ടിപൂർണ്ണമായി സമർപ്പി ച്ചതായിരുന്നു ആ ജീവിതം. അതിന്റെ സ്റ്റിയറിംഗ് വീൽ പിടിച്ചിരിക്കുന്നത് യേശുനാഥനാണ്. അവൻ അറിയാതെ, അനുവദിക്കാതെ ഒന്നും സംഭവി ക്കുകയില്ല. എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണന്നുദ്ഘോ ഷിച്ച പൗലോസിന്റെ മനോഭാവം തന്നെയാണ് പത്രോസിനും ഉണ്ടായി രുന്നത്. അതിനാൽ നാളയെക്കുറിച്ച്, മരണത്തെക്കുറിച്ച് വ്യഗ്രതയോ ഭയമോ ഇല്ലാതെ കിടന്നുറങ്ങാൻ അദ്ദേഹത്തിനു കഴിഞ്ഞു. നമുക്കോ? എന്തൊക്കെയാണ് എന്റെ ഉറക്കം കെടുത്തുന്ന ചിന്തകൾ? ഭയങ്ങൾ? ജീവിതത്തെ പൂർണ്ണമായി ദൈവതൃക്കരങ്ങളിൽ സമർപ്പിക്കുന്നവർക്കു ഭയ മില്ല, ഉൽക്കണ്ഠയുമില്ല.

പത്രോസ് ഉറങ്ങിയപ്പോൾ സഭാസമൂഹം ഉണർന്നിരുന്ന് അദ്ദേഹ ത്തിനുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. വേദനിക്കുന്നവർക്ക്, നീതിക്കു വേണ്ടി പീഡനമേല്ക്കുന്നവർക്കുവേണ്ടി ഉണർന്നിരുന്നു പ്രാർത്ഥിക്കാൻ വിശ്വാസിക്കു കടമയുണ്ട്. കാരാഗൃഹത്തിൽ കർത്താവിന്റെ ദൂതൻ പ്രത്യ ക്ഷപ്പെട്ടു. പത്രോസിനെ തട്ടിയുണർത്തി, ചങ്ങലകൾ അഴിഞ്ഞുവീണു. തടവറയുടെ വാതിലുകൾ താനെ തുറന്നു. ദൈവത്തിൽ വിശ്വാസമർപ്പി ക്കുന്നവരെ ഒന്നിനും കെട്ടിയിടാനാവില്ല; ഒരു തടവറയ്ക്കും തടഞ്ഞുവയ്ക്കാ നാവില്ല; മരണത്തിനു പോലും. ഈ വിശ്വാസം നമുക്ക് പ്രത്യാശ നല്കും, നമ്മെ നിരാശരാക്കുകയില്ല. ഒരു പ്രതിബന്ധവും ഉറക്കം കെടുത്തുകയുമില്ല.



# 37 അഴിയുന്ന ചങ്ങലകൾ

## അപ്പ 16,16-40

*"അവർ അവരെ വളരെയധികം പ്രഹരിച്ചതിനുശേഷം കാരാഗൃഹ ത്തിലടച്ചു. അവർക്കു ശ്രദ്ധാപൂർവ്വം കാവൽ നിൽക്കാൻ പാറാവുകാരനു നിർദ്ദേശവും നല്കി. അവൻ കല്പനപ്രകാരം അവരെ കാരാഗൃഹത്തിന്റെ ഉള്ളറയിലാക്കി കാലുകൾക്ക് ആമം വച്ചു. അർദ്ധരാത്രിയോടടുത്ത് പൗലോസും സീലാസും കീർത്തനം പാടി ദൈവത്തെ സ്തുതിക്കുകയാ യിരുന്നു. തടവുകാർ അതു കേട്ടുകൊണ്ടിരുന്നു" ( അപ്പ 16,23-25).*

റോമാക്കാരുടെ ഒരു സുപ്രധാന കോളണിയായിരന്നു ഫിലിപ്പി. മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ പിതാവും മക്കെദോനിയാ യുടെ രാജാവുമായ ഫിലിപ്പ് രണ്ടാമനാണ് ബി.സി. 356 ൽ ഈ നഗരം സ്ഥാപിച്ച് തന്റെ തന്നെ പേരും കൊടുത്ത് ഒരു ഭരണ കേന്ദ്രമാക്കി മാറ്റി യത്. പൗലോസ് യൂറോപ്പിൽ ആദ്യമായി സുവിശേഷം പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്ത പട്ടണമാണ് ഫിലിപ്പി. പൗലോസിന്റെ പതിമൂന്നു ലേഖനങ്ങളിൽ ഏറ്റവും ഹൃദ്യവും വാത്സല്യം വഴിഞ്ഞൊഴു കുന്നതുമായ ലേഖനം ഈ നഗരത്തിലെ സഭക്കെഴുതിയതാണ്. അവിടെ അപ്പസ്തോലനുണ്ടായ ഒരനുഭവമാണ് ഇവിടെ ധ്യാനവിഷയം.

ഏതെങ്കിലും കുറ്റകൃത്യത്തിന്റെ പേരിലായിരുന്നില്ല പൗലോസി നെയും സീലാസിനെയും പടയാളികൾ പിടികൂടി, തല്ലിച്ചതച്ച് തടവറയിൽ അടച്ചത്. ഭാവി പറഞ്ഞ്, ജനങ്ങളെ കബളിപ്പിച്ച് ലാഭമുണ്ടക്കിയിരുന്ന ഒരുപറ്റം മനുഷ്യർ തങ്ങളുടെ ബിസിനസ്സിനു കൊട്ടം തട്ടുന്നു എന്നു മന സ്സിലാക്കിയപ്പോൾ അതിന് ഉത്തരവാദികളായ പൗലോസിനെയും കൂട്ട രെയും നുണപ്രചരണങ്ങളുമായി കോടതിയിൽ കൊണ്ടുവന്നു. സൂക്ഷമ മായി അന്വേഷിക്കുകയോ കുറ്റം തെളിയിക്കുകയോ ചെയ്യാതെ ന്യായാധി പന്മാർ ശിക്ഷവിധിച്ചു. വസ്ത്രമുരിഞ്ഞ് എണ്ണമറ്റ പ്രഹരങ്ങളേൽപിച്ച് അ വരെ തടവറയിലടച്ചു. ഭാവി പറയാൻ കഴിവുള്ള അശുദ്ധാത്മാവിനെ ബഹി ഷ്ക്കരിച്ചതാണ് യഥാർത്ഥ കുറ്റം എന്നു വാദികൾ പറഞ്ഞില്ല; വക്കാല

ത്തു പറയാൻ ആളുണ്ടായില്ല. ന്യായാധിപന്മാർ  അറിഞ്ഞതുമില്ല.

സുവിശേഷപ്രഘോഷണം വഴി ജനങ്ങളുടെ അജ്ഞതയും അന്ധ വിശ്വാസങ്ങളും അകന്നുപോകുന്നതിലൂടെ സാമ്പത്തിക നഷ്ടം നേരിടുന്ന ബിസിനസ്സ് ലോബിയും, അടിമകളുടെ ഉയർത്തെഴുന്നേല്പിലൂടെ സമൂഹ ത്തിലുണ്ടാകുന്ന മാറ്റങ്ങളെ ഭയപ്പെടുന്ന അധീശവർഗ്ഗവുമാണ് ഇവിടെ പൗലോസിനെതിരേ തിരിഞ്ഞത്; അവരെ തടവറയിലടക്കാൻ പ്രേരിപ്പിച്ച ത്. യേശുവിന്റെ സുവിശേഷം പ്രഘോഷിപ്പിക്കപ്പെടുന്നിടത്തെല്ലാം എന്നും സംഭവിക്കുന്നത് ഇതു തന്നെയാണ്. ഈ അവസ്ഥക്ക് ഇന്നും മാറ്റമില്ല. കത്തിയെരിഞ്ഞ കാണ്ഡമാൽ ജില്ല ഏറ്റവും ഒടുവിലത്തെ സാക്ഷ്യമായി നില്ക്കുന്നു. സുവിശേഷ പ്രഘോഷണത്തിലൂടെ ബഹിഷ്ക്കരിക്കപ്പെടുന്ന പിശാചുക്കൾ ഒന്നടങ്കം ഉയർത്തുന്ന പ്രതിഷേധവും പ്രതിരോധവും മത പീഡനങ്ങളായി, തല്ലും കൊലയും തടവറയുമായി പ്രത്യക്ഷപ്പെടുന്നു.

തടവറയിൽ അടയ്ക്കപ്പെട്ട പൗലോസും സീലാസും അവശരായി രുന്നു. ദേഹം മുഴുവൻ അടികൊണ്ട് ഒറ്റവ്രണമായി. വേദനയും വിശപ്പും അസഹ്യമായിരുന്നു. നാളെ എന്തു സംഭവിക്കും എന്നു നിശ്ചയമില്ല. എന്നാൽ അവർക്കു പരാതിയില്ല; ഭയമോ നിരാശയോ ഇല്ല. സന്തോഷ ത്തോടെ അവർ ദൈവത്തെ സ്തുതിച്ചു പാടി. ഇതാണ് ക്രിസ്തീയ വിശ്വാസം നല്കുന്ന ശക്തി. സമ്പത്തും സ്ഥാനമാനങ്ങളും ലാഭകരമായ ജോലിയും രോഗശാന്തിയുമൊക്കെ വാഗ്ദാനം ചെയ്ത്, സുവിശേഷം പ്രഘോഷിച്ച് ആളുകളെ ആകർഷിക്കാൻ ശ്രമിക്കുന്നവർ പ്രത്യകം വായി ക്കേണ്ടതാണ് ഈ ദൈവവചനഭാഗം. തളർന്നുറങ്ങാതെ, നിരാശയുടെ നെടു വീർപ്പോ, പ്രതിഷേധശാപങ്ങളോ കൂടാതെ, സന്തോഷപൂർവ്വം, നന്ദിയോടെ അവർ ദൈവത്തെ സ്തുതിച്ചു. അർദ്ധരാത്രിയിലും ഉയർന്ന ആ സ്തുതി ഗീതം കൂട്ടുതടവുകാർക്കു പ്രചോദനമായി, പ്രത്യാശയായി, സാക്ഷ്യമായി.

ഇന്നും ഇത് സാദ്ധ്യമാകണം. യേശുവിനും അവിടുത്തെ സുവി ശേഷത്തിനും വേണ്ടി പീഡകൾ ഏൽക്കേണ്ടി വരുന്നത് ഒരു വലിയ അത്യാഹിതമായി കരുതാതെ, പീഡകർക്കെതിരേ കൊലവിളി ഉയ ർത്താതെ, ദൈവത്തെ സ്തുതിക്കാൻ വിശ്വാസമുള്ളവർക്കു മാതമേ കഴി യൂ. യേശുവിന്റെ വാഗ്ദാനം മറ്റൊന്നുമായിരുന്നില്ലല്ലോ. തല്ലുകൊണ്ടവ രുടെ സ്തുതിഗീതങ്ങൾ സാക്ഷ്യമായി.

ദൈവം ശക്തമായി ഇടപെട്ടു. ഭൂമി കുലുങ്ങി. തടവറയുടെ അടി ത്തറ ഇളകി. ബന്ധിതരുടെ ചങ്ങലകൾ അഴിഞ്ഞു. വാതിലുകൾ തുറന്നു. യേശുവിനു വേണ്ടി സന്തോഷപൂർവ്വം സഹിച്ച്, ദൈവത്തെ സ്തുതിക്കാൻ തയ്യാറാകുന്നിടത്ത് അത്ഭുതങ്ങൾ സംഭവിക്കും. തടവറ കാവൽക്കാരൻ മാനസാന്തരപ്പെട്ട് യേശുവിൽ വിശ്വസിച്ചു. അവനും കുടുംബവും രക്ഷ കണ്ടെത്തി. ശക്തി പ്രകടനങ്ങളും പ്രതിഷേധറാലികളുമല്ല, ക്ഷമാപൂർവ്വ മായ സഹനവും ആത്മാർത്ഥമായ പ്രാർത്ഥനയുമാണ് സുവിശേഷപ്രഘോ ഷണത്തിന്റെ മുഖമുദ്ര, മാനസാന്തരത്തിലേക്ക് നയിക്കുന്ന മാർഗ്ഗം.



# 38 തടവറയിലെ വെളിപാട്

## വെളി.1,9-10

*"നിങ്ങളുടെ സഹോദരനും പീഡകളിലും രാജ്യത്തിലും ക്ഷമാപൂർവ്വമായ സഹനത്തിലും യേശുവിൽ നിങ്ങളോടൊപ്പം പങ്കുചേർന്നവനുമായ യോഹന്നാനായ ഞാൻ ദൈവവചനത്തെയും യേശുക്രിസ്തുവിനു നല്കിയ സാക്ഷ്യത്തെയും പ്രതി, പാത്മോസ് എന്ന ദ്വീപിലായിരുന്നു. കർത്താവിന്റെ ദിനത്തിൽ ഞാൻ ആത്മാവിൽ ലയിച്ചിരിക്കെ കാഹളത്തിന്റെതുപോലുള്ള ഒരു വലിയ സ്വരം എന്റെ പിറകിൽ നിന്നു കേട്ടു" (വെളി.1,9-10)*

ടർക്കിയുടെ പടിഞ്ഞാറെതീരത്തു നിന്ന് ഏകദേശം 50 കിലോമീറ്റർ പടിഞ്ഞാറായി, ഏജിയൻ കടലിലുള്ള ഒരു ചെറിയ ദ്വീപാണ് പാത്മോസ്. ഏകദേശം 16 കി.മീ നീളവും 10 കി.മീ. വീതിയുമുള്ള ഈ ദ്വീപ് ഇന്ന് ഗ്രീസിന്റെ ആധിപത്യത്തിലാണ്. റോമാക്കാർ തടവുകാരെ നാടുകടത്തുന്ന അനേകം ദ്വീപുകളിൽ ഒന്നായിരുന്നു പാത്മോസ്. കഠിനാദ്ധ്വാനത്തിനു വിധിക്കപ്പെട്ട തടവുകാരായ അടിമകൾക്ക് അവിടെ നിന്നു രക്ഷപെടാൻ കഴിയുമായിരുന്നില്ല. പാറക്കൂട്ടങ്ങൾ നിറഞ്ഞ ഈ ദ്വീപ് ഒട്ടും ഫലപുഷ്ടമല്ല. ഇന്നും ഏകദേശം 3000 ആളുകൾ മാത്രമേ ഈ ദ്വീപിൽ വസിക്കുന്നുള്ളൂ. ഒരു വിനോദസഞ്ചാരകേന്ദ്രമായ ഈ ദ്വീപിൽ മെയ് മുതൽ ആഗ

സ്റ്റു വരെയുള്ള ഏകദേശം നാലു മാസം മാത്രമേ സഞ്ചാരികൾ വരാറുള്ളൂ. ഈ ദ്വീപിലേക്ക് നാടു കടത്തപ്പെട്ട അപ്പസ്തോലനാണ് യോഹന്നാൻ.

എ.ഡി. 81-96 കാലഘട്ടത്തിൽ റോമൻ ചക്രവർത്തിയായിരുന്ന ഡൊമീഷ്യൻ സാമ്രാജ്യത്തുടനീളം അഴിച്ചു വിട്ട മതമർദ്ദനത്തിന്റെ ഭാഗമായിട്ടാണ് യോഹന്നാൻ പാത്മോസിൽ എത്തിയത്. എൺപതുകഴിഞ്ഞ അദ്ദേഹം എഫേസോസിലെ സഭയുടെ തലവനായിരുന്നു. അപ്പസ്തോലന്മാരിൽ മരിക്കാതെ അവശേഷിച്ച അവസാനത്തെ ആളായ യോഹന്നാൻ വാർദ്ധക്യത്തിൽ മോചനമില്ലാത്ത അടിമപ്പാളയത്തിലെത്തി. അവിടെ വച്ചാണ് തികച്ചും അസാധാരണവും അപ്രതീക്ഷിതവുമായ ഒന്ന് സംഭവിച്ചത്.

പാത്മോസിലെ ഗുഹയിൽ തളർന്നിരുന്ന യോഹന്നാന്റെ മുമ്പിൽ സ്വർഗ്ഗം തുറന്നു; ചരിത്രം ചുരുൾ വിടർത്തി. വർത്തമാനകാലത്തെയും വരാനിരിക്കുന്നവയെയും സംബന്ധിച്ച ദൈവികപദ്ധതി ഒരു വെള്ളിത്തിരയിലെന്നപോലെ അപ്പസ്തോലന്റെ മുമ്പിൽ മിന്നിമറഞ്ഞു. ആത്മീയാനുഭൂതിയിൽ ലയിച്ച യോഹന്നാൻ ദൈവത്തിൽ നിന്ന് വലിയ വെളിപാടുകൾ സ്വീകരിച്ചു. അങ്ങനെ ബൈബിളിലെ ഏറ്റം നിഗൂഢവും അതേ സമയം ഏറ്റം മനോഹരവുമായ അവസാനത്തെ പുസ്തകം, വെളിപാട് രൂപം കൊണ്ടു. ചരിത്രത്തിന്റെ അർത്ഥവും ലക്ഷ്യവും വെളിവാക്കുന്നതാണ് വെളിപാട് പുസ്തകം. സ്വയം ദൈവമായി പ്രതിഷ്ഠിച്ച് ആരാധനയാവശ്യപ്പെടുകയും, വിസമ്മതിക്കുന്നവരെ ക്രൂരമായി പീഡിപ്പിക്കുകയും ചെയ്യുന്ന റോമാ ചക്രവർത്തി തിന്മയുടെ ശക്തിയായ സാത്താന്റെ പ്രതിനിധിയും ഉപകരണവുമാണെന്ന തിരിച്ചറിവ് യോഹന്നാനു ലഭിച്ചത് പാത്മോസിലെ തടവറയിൽ വച്ചാണ്. സഭ നേരിടുന്ന മതപീഡനം നന്മയെ പൂർണ്ണമായി തുടച്ചുമാറ്റാൻ ശ്രമിക്കുന്ന തിന്മയുടെ തന്ത്രമാണന്ന് യോഹന്നാൻ മനസ്സിലാക്കി. അതേ സമയം അവസാനവാക്ക് സാത്താന്റേതല്ല, ദൈവത്തിന്റേതായിരിക്കും എന്ന ആഴമേറിയ അവബോധവും അപ്പസ്തോലനു ലഭിച്ചു.

നന്മയും തിന്മയും തമ്മിൽ, ദൈവവും സാത്താനും തമ്മിൽ നടക്കുന്ന, യുഗാന്തംവരെ നീളുന്ന സന്ധിയില്ലാത്ത പോരാട്ടമാണ് ചരിത്രം. പ്രത്യക്ഷത്തിൽ തിന്മ വിജയിക്കുന്നതായി തോന്നാം. ലോകത്തിന്റെ സകലശക്തി സംവിധാനങ്ങളും ആയുധങ്ങളും മാധ്യമങ്ങളും തന്റെ പക്ഷത്ത് അണിനിരക്കുമ്പോൾ ഏഴു തലയും പത്തുകൊമ്പുമുള്ള ഉഗ്രസർപ്പത്തെപ്പോലെ തിന്മ പ്രത്യക്ഷപ്പെടുന്നു. അതേ സമയം പ്രസവക്ലേശത്താൽ ഞെരുങ്ങി നിലവിളിക്കുന്ന ഗർഭിണിയെപ്പോലെ ബലഹീനയാണ് നന്മയുടെ പക്ഷത്തു നിൽക്കുന്ന സഭ. എന്നാൽ യഥാർത്ഥ ശക്തിയും

അന്തിമവിജയവും നന്മയുടെതായിരിക്കും. ഗർഭിണി പ്രത്യാശയുടെ പ്രതീകമാണ്– പുതുജീവൻ തളിരിട്ട് തുടരുന്നത് അവളിലൂടെയാണ്.

താൻ അനുഭവിക്കുന്ന കാരാഗൃഹവാസവും സഭ നേരിടുന്ന പീഡനങ്ങളും പുതുയുഗപ്പിറവിക്കുവേണ്ടിയുള്ള ഈറ്റുനോവായി അപ്പസ്തോലൻ തിരിച്ചറിഞ്ഞു. എല്ലാ ദ:ഖവും അവസാനിക്കും; നന്മയുടെ ശത്രുക്കളെല്ലാം ഉന്മൂലനം ചെയ്യപ്പെടും. മരണവും വേർപാടുമില്ലാത്ത, കണ്ണീരും നിലവിളിയുമില്ലാത്ത പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകും. എല്ലാ കണ്ണുകളിൽ നിന്നും ദൈവം തന്നെ കണ്ണീർ തുടച്ചുമാറ്റും. ദൈവം തന്നെ കൂടാരമായി തന്റെ ജനത്തിന് അഭയം നല്കും. അസ്തമിക്കാത്ത പകലും അവസാനിക്കാത്ത സന്തോഷവും ദർശനത്തിലൂടെ കാണാൻ യോഹന്നാനു സാധിച്ചത് അടിമപ്പാളയത്തിലെ കരിങ്കൽ ഗുഹക്കുള്ളിൽ വച്ചാണ്. ആ തടവുകാരനു ലഭിച്ച ദൈവികദർശനം വെളിപാടായി ഇന്നും നമ്മുടെ ജീവിതപാതയിൽ വെളിച്ചം പകരുന്നു. 18 മാസമേ തടവറയിലെ വാസം തുടർന്നുള്ളൂ. 96ൽ ഡൊമീഷ്യൻ ഉപജാങ്ങൾക്കിരയായി കൊല്ലപ്പെട്ടു. മതപീഡനം തൽക്കാലത്തേക്കു നിലച്ചു. യോഹന്നാൻ സ്വതന്ത്രനായി. ദൈവത്തിന്റെ പദ്ധതികൾ മനുഷ്യന്റെ കണക്കുകൂട്ടലുകൾക്കപ്പുറമാണ്. തടവറ ദർശനത്തിന്റെ വേദിയാകാം; പ്രത്യാശയുടെ പൂമുഖവും.



# 39 അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും...

## ഹബ 3,17

*"അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും, മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും, ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും, വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും, ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും, കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും" (ഹബ 3,17).*

ജറെമിയാ പ്രവാചകന്റെ സമകാലികനാണ് ഹബക്കുക്ക് പ്രവാചകൻ. ഇസ്രായേൽ ജനം വലിയൊരു പ്രതിസന്ധി നേരിട്ട സാഹചര്യത്തിലാണ് അദ്ദേഹം ജറുസലേമിൽ പ്രസംഗിച്ചത്. ബി.സി. 612ൽ അസ്സീറിയായുടെ തലസ്ഥാനമായ നിനെവേ നിലം പതിച്ചു. ബാബിലോൺ മധ്യപൗരസ്ത്യ ദേശത്തെ അജയ്യശക്തിയായി ഉയർന്നു. ബാബിലോൺ ചക്രവർത്തിയായ നെബുക്കദ്നേസർ പടിഞ്ഞാറോട്ടുള്ള തന്റെ ജൈത്രയാത്ര ആരംഭിച്ചു. ചെറുരാജ്യങ്ങൾ ഒന്നൊന്നായി കീഴടങ്ങി. യൂദായുടെമേൽ

പരാജയത്തിന്റെ കരിനിഴൽ വീണു. പട്ടണങ്ങൾ തകർന്നു വീണു. ജറുസലേമും നിപതക്കുമെന്ന നിലവന്നു. സമൂല നാശത്തെ മുന്നിൽ കണ്ടുകൊണ്ട് ജനത്തെ മാനസാന്തരത്തിനുക്ഷണിക്കാനായി അയക്കപ്പെട്ട അന്തിമനിമിഷത്തിലെ പ്രവാചകന്മാരിൽ ഒരുവനായിരുന്നു ഹബക്കുക്ക്.

തങ്ങൾ പടുത്തുയർത്തിയതെല്ലാം തകർന്നടിയുന്നതുകണ്ട് സംഭ്രമിക്കുന്ന ഒരു ജനത്തോട് ദൈവവചനം പ്രസംഗിക്കുക പ്രവാചകന് എളുപ്പമായിരുന്നില്ല. പല ചോദ്യങ്ങൾക്കും പ്രവാചകന് ഉത്തരമില്ല. എന്തുകൊണ്ട് ദുഷ്ടൻ ശക്തിയാർജ്ജിക്കുന്നു? എന്തുകൊണ്ട് നീതിമാൻ പീഡിപ്പിക്കപ്പെടുന്നു? എന്തുകൊണ്ട് നീതി പരാജയപ്പെടുകയും നിഷ്കളങ്കൻ നിലവിളിക്കുകയും ചെയ്യുമ്പോൾ ദൈവം നിശബ്ദനായിരിക്കുന്നു? ഉത്തരം കിട്ടാത്ത ചോദ്യങ്ങൾക്കു മുന്നിൽ പ്രവാചകൻ പതറുന്നില്ല; ദൈവനിഷേധത്തിനോ ദൈവനിന്ദയ്ക്കോ മുതിരുന്നതുമില്ല. ദൈവത്തിന്റെ പദ്ധതികൾ തന്റെ പരിമിതമായ ബുദ്ധിക്ക് അതീതവും അപ്രാപ്യവുമാണന്ന് ഏറ്റുപറയുക മാത്രമേ പ്രവാചകൻ ചെയ്യുന്നുള്ളൂ.

പക്ഷേ ഈ നിഗൂഢത പ്രവാചകനെ നിരാശനോ നിശബ്ദനോ ആക്കുന്നില്ല. കർത്താവിന്റെ പദ്ധതികൾ എന്നും നന്മയ്ക്കു മാത്രമുള്ളതാണെന്നു ബോധ്യം പ്രത്യാശയ്ക്കു വഴി തെളിക്കുന്നു. കർത്താവ് നീതി നടപ്പിലാക്കുകയും രക്ഷ നല്കുകയും ചെയ്യും. ആ സമയം അടുത്തു വരുന്നു. അത് വരുന്നതുവരെ ക്ഷമയോടെ കാത്തിരിക്കുക.

സമ്പത്തും സമൃദ്ധിയും, ആരോഗ്യവും ദീർഘായുസ്സും ദൈവത്തിന്റെ ദാനമാണ്. അത് ലഭിക്കുമ്പോൾ സന്തോഷിക്കണം, സന്തോഷത്തോടെ നന്ദിപറയണം, ദൈവത്തെ സ്തുതിക്കണം. എന്നാൽ ഇവയെല്ലാം നഷ്ടപ്പെടുന്നത് ദൈവശാപമായി കരുതാമോ? എത്ര പ്രാർത്ഥിച്ചിട്ടും ഉത്തരം കിട്ടാതിരിക്കുക, തൊടുന്നതെല്ലാം പരാജയപ്പെടുക, മാറാരോഗത്താൽ വലയുക, നിരന്തരമായ പരാജയങ്ങളാൽ വേട്ടയാടപ്പെടുക –എന്താണ് ഇതിനെല്ലാം കാരണം? ജീവിതം വഴിമുട്ടി നില്ക്കുന്നു എന്നു തോന്നുന്നവരുടെ മുൻപന്തിയിലാണ് ഹബക്കുക്ക്.

കർഷകന്റെ ഭാഷയിലാണ് സമൂലം തകർന്നടിയുന്ന ഒരു ജീവിതത്തെ പ്രവാചകൻ ചിത്രീകരിക്കുന്നത്. വൃക്ഷങ്ങളെല്ലാം ഫലശൂന്യമായാൽ, ആടുമാടുകൾ എല്ലാം ചത്തൊടുങ്ങിയാൽ പിന്നെ എങ്ങിനെയാണ് കർഷകൻ ജീവിക്കുക? സ്വപ്നങ്ങളും പ്രതീക്ഷകളും എല്ലാം ചീട്ടുകൊട്ടാരം പോലെ തകർന്നടിയുമ്പോൾ എന്തുചെയ്യും?

ഇപ്രകാരമൊരു സാഹചര്യം ജോബിന്റെ പുസ്തകവും അവതരിപ്പക്കുന്നുണ്ട്. അതീവസമ്പന്നനായ ജോബിന്റെ സകല സമ്പത്തും ഒറ്റ

ദിവസം കൊണ്ട് നശിച്ചുപോകുന്നു. മക്കൾ പത്തു പേരും കൊടുങ്കാറ്റിൽ തകർന്നുവീണ വീടിനടിയിൽപ്പെട്ടു മരണമടയുന്നു. പൊടുന്നനേ കുഷ്ഠംബാധിച്ച് ദേഹമാകെ വിണ്ടുകീറി ഒറ്റ വ്രണമായി, പുഴുക്കൾ ഇഴയുന്ന മാംസപിണ്ഡമായി തീർന്നപ്പോൾ ഭാര്യ പറഞ്ഞു–ദൈവത്തെ ശപിക്കുക, എന്നിട്ട് ചാകുക. പക്ഷേ ജോബിന്റെ പ്രതികരണം മറിച്ചായിരുന്നു. ദൈവം തന്നു ദൈവം എടുത്തു, അവിടുത്തെ നാമം വാഴ്ത്തപ്പെടട്ടെ. "ദൈവകരങ്ങളിൽ നിന്നു നന്മ സ്വീകരിച്ച നാം തിന്മ സ്വീകരിക്കാൻ മടിക്കയോ?" (ജോബ് 2,10)

എല്ലാം നഷ്ടപ്പെടുന്നു എന്നു തോന്നുമ്പോഴും ദൈവത്തിൽ ആശ്രയിക്കാനും ദൈവത്തെ സ്തുതിക്കാനും കഴിയണം. ഭൗതികസമ്പത്തിനും ഭൗതികജീവിതത്തിനും ഉപരിയായ ഒരു ജീവനുണ്ട്. ദൈവികജീവൻ. അത് മരണംകൊണ്ടവസാനിക്കുന്നില്ല. ദൈവത്തോടൊത്ത് എന്നേക്കും സന്തോഷമായി ജീവിക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ് ഓരോ മനുഷ്യനും. ഈ ഭൂമിയിലുണ്ടാകുന്ന ക്ലേശങ്ങളും നഷ്ടങ്ങളുമെല്ലാം ആ നിത്യജീവനു നമ്മെ സജ്ജമാക്കുന്ന പരിശീലനവും പരീക്ഷണങ്ങളുമായി പരിഗണിക്കണം. സമ്പത്തിന്റെയും സമൃദ്ധിയുടെയും സുവിശേഷമല്ല, കുരിശിന്റെ സുവിശേഷമാണ് ബൈബിൾ അവതരിപ്പിക്കുന്നത്. യേശു കാണിച്ചു തന്നതും സഭ പഠിപ്പിക്കുന്നതും ഇതേ സുവിശേഷം തന്നെ. രക്ഷകനായ ദൈവത്തിൽ സന്തോഷിക്കുക.



# 40 അസ്തമിക്കാത്ത സ്നേഹം

## വിലാ 3,22

*"എന്റെ കഷ്ടതയുടെയും അലച്ചിലിന്റെയും ഓർമ്മ കയ്പേറിയ വിഷമാണ്. അതിനെപ്പറ്റി നിരന്തരം ചിന്തിച്ച് എന്റെ മനം തകരുന്നു.. എന്നാൽ ഒരു കാര്യം ഞാൻ ഓർമ്മിക്കുന്നു, അത് എനിക്ക് പ്രത്യാശ പകരുന്നു.കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ്; അവിടുത്തെ വിശ്വസ്തത ഉന്നതമാണ്" (വിലാ 3,19-23).*

രക്ഷാചരിത്രത്തിലെ സുപ്രധാനവും നിർണ്ണായകവുമായ ഒരു സംഭവമായിരുന്നു ബാബിലോൺ പ്രവാസം. ബാബിലോൺ ചക്രവർത്തിയായ നബുക്കദ്നേസറിന്റെ സൈന്യം ജറുസലേമിനു ചുറ്റും പാളയമടിച്ചു. ഒന്നര വർഷം നീണ്ടുനിന്ന ഉപരോധം പട്ടണവാസികളെ വർണ്ണനാതീതമായ ദുരന്തത്തിലാഴ്ത്തി. ഭക്ഷണം തീർന്നു, ദാഹജലത്തിനും ക്ഷാമമായി. പട്ടിണി കിടന്നു മരിച്ച മനുഷ്യരുടെ ശവശരീരങ്ങൾ ഭക്ഷിച്ച് ബാക്കിയുള്ളവർ ജീവൻ നിലനിർത്താൻ ശ്രമിക്കുന്നത്ര ബീഭത്സമായിരുന്നു, ഉപരോധത്തിന്റെ ഫലം. അവസാനം, ബി.സി. 587ൽ കോട്ടകൾ തകർത്ത് ശത്രുസൈന്യം അകത്തുകയറി. ദേവാലയം അഗ്നിക്കിരയായി. കത്തിയെരിയുന്ന പട്ടണത്തിൽ നിന്ന് തടവുകാരുടെ നിര പ്രവാസത്തിലേക്കു നീങ്ങി. ഈ ദുരന്തത്തെക്കുറിച്ച് ഇസ്രായേൽ ജനം ഹൃദയം പൊട്ടിക്കരയുന്നതാണ് വിലാപങ്ങൾ എന്ന പുസ്തകത്തിന്റെ പ്രമേയം.

എല്ലാം അവസാനിച്ചു. പട്ടണമതിലുകൾ തട്ടി നിരത്തി. വീടുകളും കൊട്ടാരങ്ങളും കത്തി നശിച്ചു. കർത്താവിന്റെ ആലയം ചാരക്കൂനയായി. ദൈവം നല്കിയ വിമോചനവും ദൈവജനമെന്ന സ്ഥാനവും എല്ലാം നഷ്ടപ്പെട്ട് വീണ്ടും, തുടക്കത്തിലേതുപോലെ അടിമകളായിത്തീർന്ന ജനം കരുതി, ദൈവം തങ്ങളെ ഉപേക്ഷിച്ചുവെന്ന്.

കയ്പേറിയ വിഷം പോലെ ഈ അനുഭവങ്ങൾ അവരുടെ അന്ത രാത്മാവിലേക്ക് കിനിഞ്ഞിറങ്ങി. എല്ലാം എരിഞ്ഞൊടുങ്ങി എന്നു കരുതിയ ജനത്തിന് ഇനി എന്താണ് പ്രതീക്ഷയ്ക്കു വക? ഇത് ഇസ്രായേലിന്റെ മാത്രമല്ല, ആരുടെയും അനുഭവമാകാം. ജീവിതത്തിൽ നേടിയതെല്ലാം നഷ്ടപ്പെടുന്നത് താങ്ങാനാവാത്ത ആഘാതമായിത്തീരാം. ദൈവം പോലും കൈവിട്ടു എന്ന ചിന്ത ദു:ഖത്തെ അസഹ്യമാക്കാം. അത് സ്വന്തം കുറ്റം കൊണ്ടാണന്ന തിരിച്ചറിവ് കൂടുതൽ ദു:ഖകരമായിത്തീരുന്നു. കഴിഞ്ഞ കാലത്തെക്കുറിച്ചുള്ള ഓർമ്മ, പ്രത്യേകിച്ചും ചെയ്തുപോയ തെറ്റുകളുടെ, പാപങ്ങളുടെ ഓർമ്മ ഹൃദയത്തിൽ തറഞ്ഞ ശരം പോലെ അനുഭവപ്പെടാം. എന്റെയും എന്റെ പൂർവ്വികരുടെയും നിരവധിയായ പാപങ്ങളുടെ മുഴുവൻ ശിക്ഷ ദൈവം എന്റമേൽ ചുമത്തിയിരിക്കുന്നു, അതുകൊണ്ടാണ് ഈ അത്യാഹിതങ്ങൾ എന്നു വിശ്വസിച്ച് നിരാശയിൽ ആണ്ടുപോകുന്നവരുണ്ടാകാം. വിലപിക്കുന്ന ജറുസലേമിന്റെ അവസ്ഥയും ഇതായിരുന്നു. എന്നാൽ ഇത് അവസാനമല്ല. പ്രത്യാശതരുന്ന ഒരു ഓർമ്മ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് ചെറിയൊരു തിരിനാളംപോലെ ഉയർന്നു വന്ന് ഇരുട്ടുനിറഞ്ഞ മനസ്സിൽ ഇത്തിരിവെട്ടം തെളിയിക്കുന്നു.

കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. കർത്താവ് ആരെയും വെറുക്കുന്നില്ല, ഉപേക്ഷിക്കുന്നില്ല, മറക്കുന്നുമില്ല. കർത്താവ് മറന്നു എന്ന് ഞാനാണ് കരുതുന്നത്. പാപത്തിന് അധീനമായ എന്റെ മനസ്സിലേക്ക് കർത്താവിന്റെ സ്നേഹപ്രകാശം കടന്നു വരാൻ ഞാനാണ് അനുവദിക്കാത്തത്. എല്ലാ വാതിലുകളും ജനാലകളും അടച്ചിട്ട് ഇരുട്ടാണന്നു വിലപിക്കുന്നതുപോലെയാണിത്. തുറക്കുക, ഹൃദയവാതിൽ തുറക്കുക; വിശ്വാസത്തിന്റെ ഉൾക്കണ്ണു തുറക്കുക. അവിടുത്തെ പ്രകാശം കടന്നുവരും.

ഓരോ പ്രഭാതത്തിലും പുതുതായ അവിടുത്തെ സ്നേഹം അനുഭവിക്കാൻ അതുമാത്രമാണാവശ്യം-വിശ്വസിക്കുക. ഒരിക്കലും അസ്തമിക്കാത്ത സ്നേഹം, അവസാനിക്കാത്ത സ്നേഹമാണ് ദൈവം. വീടുവിട്ട് ഇറങ്ങിപ്പോയി എല്ലാം ധൂർത്തടിച്ചപ്പോഴാണ് ഇളയമകൻ വിശപ്പറിഞ്ഞത്. പിതാവ് അവനെ ഇറക്കിവിട്ടതല്ല. അവന്റെ തിരിച്ചുവരവിനുവേണ്ടി കാത്തിരിക്കുന്ന പിതാവിന്റെ സ്നേഹം ഒരിക്കലും കുറയുന്നില്ല. മടങ്ങി വരൂ! എന്റെ വേദനയുടെയും ദ:ഖത്തിന്റെയും എല്ലാം കാരണം ഞാൻ പിതൃഭവനത്തിൽ നിന്നകന്നുപോയതാണ്. എല്ലാം നഷ്ടപ്പെടുമ്പോഴും നഷ്ടപ്പെടരുതാത്ത ഒന്നാണ് പിതാവിന്റെ അസ്തമിക്കാത്ത സ്നേഹത്തിലുള്ള വിശ്വാസം. പ്രവാസം ഒരു ശുദ്ധീകരണത്തിന്റെ സമയമായിരുന്നു. വീണ്ടുവിചാരത്തിന്റെ അവസരമായിരുന്നു. തെറ്റുകൾ ഏറ്റു പറഞ്ഞു തിരുത്താനും കൂടുതൽ സ്നേഹത്തോടെ ദൈവത്തോടടുക്കാനുള്ള അവസരം. നമുക്കും ഇത് ഒരു വലിയ പാഠമാകണം. കർത്താവിന്റെ കാരുണ്യം അവസാനിക്കുന്നില്ല.



41

# ബെഥേൽ

## ഉൽപ 28,10–22

*"അപ്പോൾ യാക്കോബ് ഉറക്കത്തിൽ നിന്നുണർന്നു. അവൻ പറഞ്ഞു: തീർച്ചയായും കർത്താവ് ഈ സ്ഥലത്തുണ്ട്. എന്നാൽ, ഞാൻ അതറിഞ്ഞില്ല. ഭീതി പൂണ്ട് അവൻ പറഞ്ഞു: ഈ സ്ഥലം എത്ര ഭയാനകമാണ്! ഇതു ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല. സ്വർഗ്ഗത്തിന്റെ കവാടമാണിവിടം...... അവൻ ആ സ്ഥലത്തിന് ബെഥേൽ എന്നു പേരിട്ടു" (ഉൽപ 28,16-17).*

വഴിവക്കിൽ തളർന്നുറങ്ങിയ യാക്കോബ് പരാജിതനായിരുന്നു. പിതാവിനെയും ജേഷ്ഠനെയും വഞ്ചിച്ചു എന്ന കുറ്റബോധത്താൽ തകർന്നു. ഉള്ളിലിരുന്നു തന്നെ കുറ്റപ്പെടുത്തുന്ന മനഃസാക്ഷിയിൽനിന്ന്, ചെയ്ത പാപങ്ങൾ തന്നെ വേട്ടയാടിപ്പിടിക്കുമെന്ന ഭയത്തിൽ നിന്ന്, ഒളിച്ചോടാനാണ് അയാൾ ശ്രമിക്കുന്നത്. ഓട്ടം എങ്ങും എത്തുന്നതിനുമുമ്പേ രാത്രിയായി. ഓടിത്തളർന്ന ശരീരവും അതിലേറെ തകർന്ന മനസ്സുമായി വഴിയോരത്തു കിടന്നുറങ്ങുന്ന യാക്കോബ് പരാജയത്തിന്റെയും പാപത്തിന്റെയും പ്രതീകമായി മാറുന്നു. ആ ഉറക്കത്തിൽ അപ്രതീക്ഷിതമായതു സംഭവിച്ചു.

ഉറങ്ങിക്കിടന്ന യാക്കോബിന്റെ മുകളിൽ സ്വർഗ്ഗം തുറന്നു; ദൈവം പ്രത്യക്ഷനായി. ആകാശം മുട്ടുന്ന കോവണിയിലൂടെ മാലാഖമാർ കയറിയിറങ്ങി, ദൈവവും മനുഷ്യനും തമ്മിൽ അറ്റുപോയിരുന്ന ബന്ധം പുന:സ്ഥാപിച്ചു. ദൈവസന്നിധിയിലേക്കു കണ്ണുയർത്താൻ പോലും ധൈര്യപ്പെടാതിരുന്ന ആ പരാജിതന്റെ മേൽ ദൈവത്തിന്റെ കൃപാകടാക്ഷമുണ്ടായി. കുറ്റപ്പെടുത്തലില്ല, വിചാരണയില്ല, ശാസനയോ ശിക്ഷയോ ഇല്ല. വഴിഞ്ഞൊഴുകുന്ന വാൽസല്യം; കൈപിടിച്ചു നടത്തുന്ന കാരുണ്യം. അതാണ് യാക്കോബിന് ആ രാത്രിയിൽ അനുഭവവേദ്യമായത്.

പേടിച്ചോടി, തളർന്നുറങ്ങിയ യാക്കോബിനു മുകളിൽ സ്വർഗ്ഗം തുറ

ന്നത് വലിയൊരു വെളിപാടായിരുന്നു, രക്ഷാചരിത്രത്തിൽത്തന്നെ പ്രാധാന്യമർഹിക്കുന്ന ഒരു സംഭവം. യേശുവിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ ലഭ്യമായ അനുരഞ്ജനത്തിന്റെയും രക്ഷയുടെയും ഒരു മുൻ ചിത്രീകരണമാണിതെന്ന് യേശുനാഥൻ തന്നെ പറയുന്നുണ്ട് (യോഹ 1,51). എല്ലാം നഷ്ടപ്പെട്ടു, അഥവാ നഷ്ടപ്പെടുത്തി എന്നു കരുതി ദുഃഖിച്ചുറങ്ങുമ്പോഴും ഉറങ്ങാതിരിക്കുന്ന ഒരു ദൈവമുണ്ട്. ദുഃഖിതനെ ആശ്വസിപ്പിക്കുന്ന, പരാജിതനു ശക്തി പകരുന്ന ദൈവം.

രാത്രിയിലുണ്ടായ സ്വപ്നം യാക്കോബിന് പുതിയ അറിവുകൾ നല്കി, കരുത്തു പകർന്നു. ദൈവം തന്നെ കൈവെടിഞ്ഞിട്ടില്ല; ചെയ്ത കുറ്റത്തിന്റെ പേരിൽ വെറുക്കുന്നില്ല. ഒളിച്ചോടുമ്പോഴും കൂടെ വരുന്നു. തന്നെ എന്നും സംരക്ഷിക്കും. തന്നെക്കുറിച്ചുള്ള പദ്ധതി നിറവേറ്റും എന്നിങ്ങനെയുള്ള ബോധ്യങ്ങൾ തെളിഞ്ഞത് സ്വപ്നത്തിലാണ്. അത് വെറും സ്വപ്നമോ സങ്കല്പമോ ആയി തള്ളിക്കളഞ്ഞില്ല. യാക്കോബിന്റെ, രക്ഷാചരിത്രത്തിന്റെ തന്നെ ഗതി നിയന്ത്രിച്ച ഒരു സംഭവമായി മാറി ആ രാത്രിയിലെ അനുഭവം.

ഉണർന്നെഴുന്നേറ്റ യാക്കോബ് തന്റെ ആഴമേറിയ ദൈവാനുഭവത്തെക്കുറിച്ച് ബോധവാനായി. ദൈവം ഇവിടെയുണ്ട് എന്നതാണ് സുപ്രധാനമായ ഒരുൾക്കാഴ്ച. സ്ഥലകാലങ്ങൾക്കതീതനാണ് ദൈവം. ഏതു സ്ഥലവും ദൈവിക സാന്നിധ്യം അനുഭവിക്കാൻ ഉതകുന്ന ഇടമാകാം. കുറ്റബോധത്താൽ, ഭയത്താൽ, കലങ്ങിയ മനസ്സിന് ദൈവിക സാന്നിധ്യം അറിയാൻ കഴിയാതെ പോകുന്നു. തളർന്നുറങ്ങിയവന്റെ മനസ്സ് ശാന്തമായപ്പോൾ, സ്വഛമായ ജലാശയത്തിൽ ചന്ദ്രിക എന്നപോലെ, അയാളുടെ മനസ്സിൽ ദൈവത്തിന്റെ യഥാർത്ഥമുഖം പ്രത്യക്ഷമായി, ഒരിക്കലും അസ്തമിക്കാത്ത സ്നേഹത്തിന്റെ മുഖം.

ആ സ്ഥലത്തിന് *ബെഥേൽ* എന്ന് അയാൾ പേരിട്ടു. തനിക്കുണ്ടായ പുതിയ അവബോധത്തിന്റെ ആവിഷ്കരണമായിരുന്നു ആ പേര്: *ദൈവത്തിന്റെ ഭവനം.* ദൈവിക സാന്നിധ്യം അനുഭവപ്പെടുന്ന സ്ഥലമാണ് ബെഥേൽ. അത് എവിടെയുമാകാം, ഏതു സാഹചര്യത്തിലുമാകാം. ദേവാലയത്തിലോ, വീട്ടിലോ, വഴിയിലോ വ്യാപാരസ്ഥലത്തോ ഒക്കെ ഈ ബെഥേൽ അനുഭവമുണ്ടാകാം. ചിലപ്പോൾ ഒട്ടും പ്രതീക്ഷിക്കാത്ത സാഹചര്യത്തിലായിരിക്കാം സ്വർഗ്ഗം തുറക്കുന്നത്. ദൈവം ക്ഷമിക്കാത്ത ഒരു പാപവുമില്ല; ദൈവത്തിനു പരിഹരിക്കാനാകാത്ത ഒരു വീഴ്ചയുമില്ല. നമ്മുടെതന്നെ ഭയവും കുറ്റബോധവുമാണ് നമ്മെ വേട്ടയാടി തളർത്തുന്നത്. നമ്മൾ തളർന്നുറങ്ങുമ്പോഴും വാത്സല്യത്തോടെ നമുക്കു കാവിലിരിക്കുന്നവനാണ് ദൈവം, രോഗിയായ കുഞ്ഞിന്റെയടുക്കൽ ഉറക്കൊഴിച്ച് കാവലിരിക്കുന്ന അമ്മയെപ്പോലെ, കുഞ്ഞുങ്ങൾക്കു മുകളിൽ ചിറകു വിരിച്ചിരിക്കുന്ന തള്ളപ്പക്ഷിയെപ്പോലെ.



42

# പെനുവേൽ

## ഉൽപ 32,22-32

*"അവിടെവച്ച് അവൻ യാക്കോബിനെ അനുഗ്രഹിച്ചു. ദൈവത്തെ ഞാൻ മുഖത്തോടുമുഖം കണ്ടു എന്നു പറഞ്ഞുകൊണ്ട് യാക്കോബ് ആ സ്ഥലത്തിന് പെനുവേൽ എന്നു പേരിട്ടു. അവൻ പെനുവേൽ കടന്നപ്പോൾ സൂര്യനുദിച്ചു. ഉളുക്കു നിമിത്തം അവൻ ഞൊണ്ടുന്നുണ്ടായിരുന്നു" (ഉൽപ 32,30-31).*

യാക്കോബിന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു രാത്രി. അയാളുടെ ജീവിതമാകെ മാറ്റിമറിച്ച, വ്യക്തിത്വത്തിൽത്തന്നെ കാതലായ മാറ്റം വരുത്തി, പേരുപോലും മാറ്റിയ രാത്രിയാണത്. യാബോക്ക് നദീതീരത്തുവച്ച് ഉറക്കത്തിൽ മല്പിടുത്തം നടത്താൻ നിർബ്ബന്ധിക്കപ്പെട്ട യാക്കോബിന് അത് പുതിയൊരു വഴിത്തിരിവായി.

ഭീരുവായിരുന്നു യാക്കോബ്. കാപട്യവും വഞ്ചനയും കൈമുതലാക്കിയ അയാൾക്ക് ഒളിച്ചോടാനായിരുന്നു വൈദഗ്ധ്യം. ജേഷ്ഠനെ

വഞ്ചിച്ച് ജേഷ്ഠസ്ഥാനവും, അപ്പനെ കബളിപ്പിച്ച് അനുഗ്രഹവും വാങ്ങി ഹാരാനിലേക്ക് ഒളിച്ചോടി. വഴിയിൽ വച്ച് ദൈവം പ്രത്യക്ഷപ്പെട്ട് അനുഗ്രഹിച്ചെങ്കിലും അയാളുടെ പ്രകൃതത്തിൽ കാര്യമായ മാറ്റമൊന്നുമുണ്ടായില്ല. ഹാരാനിലെത്തി അമ്മാവന്റെ ആടുമേയിച്ചു. അമ്മാവൻ അയാളെ കബളിപ്പിച്ചെങ്കിലും അവസാനം അമ്മാവൻ ലാബാന്റെ രണ്ടു പെൺമക്കളും അവരുടെ ദാസിമാരും അവരിൽ നിന്ന് ജനിച്ച 12 മക്കളും വലിയ സമ്പത്തും യാക്കോബിനു സ്വന്തമായി. ഇതെല്ലാമായിട്ടും ഭയം അയാളെ വിട്ടുമാറിയില്ല. വളഞ്ഞ വഴികൾ ഉപേക്ഷിക്കാൻ അയാൾക്കു കഴിയുന്നുമില്ല. നാട്ടിലേക്കു മടങ്ങിവരുമ്പോൾ വലിയ സമ്മാനങ്ങൾ കൊടുത്ത് ജേഷ്ഠനെ പാട്ടിലാക്കാനാണ് ശ്രമം. അതു വിജയിക്കുമോ എന്നു നിശ്ചയമില്ലാത്തതിനാൽ വീണ്ടും ഒരു ഒളിച്ചോട്ടത്തിനുള്ള തയ്യാറെടുപ്പിലാണ് കഥാനായകൻ.

ഭാര്യമാരും മക്കളുമടക്കം തനിക്കുണ്ടായിരുന്നതു മുഴുവൻ നദിയുടെ മറുകരെ എത്തിച്ചതിനുശേഷം യാക്കോബ് തനിച്ച് ഇക്കരെ തങ്ങി. പടിഞ്ഞാറു നിന്ന് നാനൂറ് അനുചരന്മാരുമായി ഏസാവ് വരുന്നു എന്നു ദൂതന്മാർ പറഞ്ഞറിഞ്ഞു. കിഴക്കോട്ടു പോകാനാവില്ല. കാരണം, ഇനി മടങ്ങിവരുകയില്ല എന്ന് ഉടമ്പടി ചെയ്തപ്പോഴാണ് തന്നെ പിടികൂടാൻ വന്ന ലാബാൻ പിന്തിരിഞ്ഞത്. ഉടമ്പടിയുടെ അടയാളമായി കല്ക്കൂമ്പാരം അവിടെ നില്ക്കുന്നു. വഴി മുട്ടിയ യാക്കോബിന് ഒളിച്ചോടാൻ ഒരു മാർഗ്ഗവുമില്ല. എന്നാലും ഒറ്റയ്ക്കു രക്ഷപ്പെടാം എന്നു കരുതി പുഴക്കരയിൽ കിടന്നുറങ്ങിയപ്പോഴാണ് ദൈവം വീണ്ടും കടന്നുവന്നത്.

ഇത്തവണ സ്വർഗ്ഗം തുറന്നനുഗ്രഹിക്കാനല്ല, വിളിച്ചുണർത്തി മല്പിടുത്തത്തിനാണ് ദൈവം വന്നത്. “അവിടെ വച്ച് ഒരാൾ നേരം പുലരുന്നതുവരെ അവനുമായി മല്പിടുത്തം നടത്തി” (ഉൽപ 32,24). ഒളിച്ചോടാനുള്ള എല്ലാ പഴുതും അടച്ചതിനുശേഷം യാക്കോബിനെ ശത്രുവെന്നതുപോലെ നേരിടുന്നത് ദൈവമാണെന്നു തിരിച്ചറിയാൻ ഏറെ സമയം വേണ്ടിവന്നു. പ്രാണഭയത്താൽ സർവ്വശക്തിയും ഉപയോഗിച്ച് യാക്കോബ് പൊരുതി. തന്റെ ഉള്ളിൽ ഉറങ്ങിക്കിടന്നിരുന്ന ശക്തി ഉണരുന്നതായി അയാൾക്ക് അനുഭവപ്പെട്ടു.

വഴികളെല്ലാം അടഞ്ഞപ്പോഴാണ് യാക്കോബിൽ ശക്തി ഉണർന്നത്. ഇതു തന്നെയാണ് ദൈവം ചെയ്യുക. പ്രതിസന്ധികൾ, അത്യാഹിതങ്ങൾ, പരാജയങ്ങൾ, ക്ലേശങ്ങൾ, എതിർപ്പുകൾ എല്ലാം ജീവിതത്തിലുണ്ടാകുന്നത് നമ്മെ തകർക്കാനല്ല, ശക്തിപ്പെടുത്താനാണ്. താങ്ങാനാവാത്ത ഭാരം അവിടുന്ന് ചുമത്തുകയില്ല; കഴിവിനപ്പുറം പരീക്ഷിക്കുക

യുമില്ല. പ്രതിസന്ധികളെ തരണം ചെയ്യാൻ ശക്തി നല്കും.

പുലരും വരെ യാക്കോബ് പൊരുതി. അവസാനം ദൈവം അവനെ അനുഗ്രഹിച്ചു. പുതിയൊരു പേരും നല്കി. *"പൊരുതി ജയിച്ചവൻ"* അതാണ് *ഇസ്രായേൽ*. ഇത് ഒരു ജനത്തിന്റെയോ ജാതിയുടെയോ മാത്രം പേരല്ല. ദൈവം ഉള്ളിൽ ഉണർത്തുന്ന ശക്തി അനുഭവിച്ചറിയുന്ന സകല രുടെയും പേരാണ്. ഒളിച്ചോടാനല്ല ദൈവം ശക്തി നല്കുന്നത്; ചെറുത്തു നില്ക്കാനും പൊരുതി ജയിക്കാനുമാണ്. തിന്മയ്ക്കെതിരേയുള്ള പോരാ ട്ടത്തിൽ ദൈവം ശക്തിയായി ഉള്ളിൽ ഉണരും. അപ്പോൾ ദൈവത്തിന്റെ മുഖം കാണാൻ കഴിയും.

യാക്കോബിനു മുമ്പിൽ ദൈവം തോറ്റു കൊടുത്തു. അത് അവനെ ശക്തിപ്പെടുത്താൻ വേണ്ടിയായിരുന്നു. യാക്കോബിന്റെ പോരാട്ടം നമ്മു ടെയെല്ലാം ജീവിതത്തിൽ തുടരുന്നു, തുടരണം. എന്നെ അനുഗ്ര ഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്നു യാക്കോബിന്റെ മനോ ഭാവം ഏതൊരു വിശ്വാസിക്കും ഉണ്ടാകണം. പ്രാർത്ഥനയുടെ മനോഹര മായൊരു ഉദാഹരണമാണിത്. ഏതു പ്രതിസന്ധിയിലും തളരാതെ കർത്താവിനെ മുറുകെപ്പിടിക്കുക.

മല്പിടുത്തത്തിന്റെ സ്ഥലത്തിന് യാക്കോബ് പുതിയൊരു പേരു നല്കി: *പെനുവേൽ. ദൈവത്തിന്റെ മുഖം*. സമ്പത്തിലും ആരോഗ്യത്തിലും എന്നതിലുപരി ദാരിദ്ര്യത്തിലും രോഗത്തിലും പരാജയത്തിലും ദൈവ ത്തിന്റെ മുഖം ദർശിക്കാൻ പ്രേരിപ്പിക്കുന്നതാണ് പെനുവേൽ. പ്രതിസ ന്ധികളുടെ നടുവിലാണ് ദൈവികസാന്നിധ്യം കൂടുതൽ അനുഭവപ്പെടു ക. അവൻ യാത്ര തുടർന്നപ്പോൾ സൂര്യൻ ഉദിച്ചു. പ്രകാശത്തിലേക്കാണ് യാക്കോബ് യാത്ര തുടരുന്നത്. ഉളുക്കു നിമിത്തം ഞൊണ്ടിയിരുന്നതി നാൽ ഇനി ഓടാൻ സാധിക്കുകയില്ല. ആഴമേറിയ ദൈവാനുഭവത്തിന്റെ എന്നും ഓർമ്മിക്കാനുള്ള ഒരടയാളമായി ഞൊണ്ടൽ. ഇനി അവൻ ഒളി ച്ചോടേണ്ടതില്ല. ആത്മവിശ്വാസത്തോടെ, പ്രത്യാശയോടെ, ജീവിതത്തെ അഭിമുഖീകരിക്കാൻ കഴിയും. ഓരോ പ്രാർത്ഥനയും ഇതുപോലെ ഒരു ദൈവാനുഭവത്തിലേക്കു നയിക്കാൻ ഇസ്രായേലിന്റെ ദൈവം കൃപ നല്കട്ടെ!



# 43 എഴുന്നേറ്റ് ഭക്ഷിക്കുക

**1 രാജാ 19,1–8**

*"കർത്താവിന്റെ ദൂതൻ വീണ്ടും അവനെ തട്ടിയുണർത്തി പറഞ്ഞു. എഴുന്നേറ്റു ഭക്ഷിക്കുക, അല്ലെങ്കിൽ യാത്ര ദുഷ്കരമായിരിക്കും. അവൻ എഴുന്നേറ്റ് ഭക്ഷണപാനീയങ്ങൾ കഴിച്ചു. അതിന്റെ ശക്തികൊണ്ട് നാല്പതു രാവും നാല്പതു പകലും നടന്ന് കർത്താവിന്റെ മലയായ ഹോറെബിലെത്തി" (1 രാജാ 19,7–8).*

പ്രവാചകന്മാരിൽ ആഗ്രഗണ്യനായിരുന്നു ഏലിയാ. ബൈബിളിൽ പ്രവാചകത്വത്തിന്റെ പ്രതീകവും പ്രതിനിധിയുമായിട്ടാണ് ഏലിയാ പ്രത്യക്ഷപ്പെടുന്നത്. ജനത്തെ മുഴുവൻ ദൈവവചനത്തിന്റെ വാൾമുനയിൽ നിർത്തി, ഉറച്ച തീരുമാനം എടുക്കാൻ പ്രേരിപ്പിക്കുന്ന, രാജാവിനെപ്പോലും വെല്ലുവിളിക്കുന്ന, വിട്ടുവീഴ്ചയില്ലാത്ത അഗ്നി പ്രവാചകൻ. രാജാവിന്റെ വേതനം പറ്റുന്ന ആയിരത്തോളം പ്രവാചകന്മാർക്കും ജനം മുഴുവനും രാജാവിനുമെതിരേ, കർത്താവായ ദൈവത്തിനുവേണ്ടി കർമ്മലമലയിൽ ഒറ്റയ്ക്കുനിന്ന് വിജയിച്ചവനാണ് ഏലിയാ. എന്നിട്ടും അയാൾ ഭയന്നു, പോരാ, ജീവരക്ഷാർത്ഥം പലായനം ചെയ്തു. അവസാനം, മരിച്ചാൽ മതിയെന്നാഗ്രഹിച്ചു. മരണത്തിനായി പ്രാർത്ഥിച്ചു.

“കർത്താവേ, മതി ! എന്റെ പ്രാണനെ സ്വീകരിച്ചാലും. ഞാൻ എന്റെ പിതാക്കന്മാരെക്കാൾ മെച്ചമല്ല” (1 രാജാ 19,4). കർമ്മലമലയിൽ അഗ്നിയിറക്കി ദൈവം ബലി സ്വീകരിച്ചതിനു തൊട്ടു പിന്നാലെയാണ് ഈ ഒളിച്ചോട്ടം. തന്റെ 850 പ്രവാചകന്മാർ കൊല്ലപ്പെട്ടു എന്നറിഞ്ഞ് ക്രുദ്ധയായ ജെസബെൽ രാജ്ഞി ഏലിയായെ വധിക്കാൻ ഉഗ്രശപഥം ചെയ്തു. ഇതാണ് ഏലിയാ ഒളിച്ചോടാനും മരണത്തിനുവേണ്ടി പ്രാർത്ഥിക്കാനും പ്രേരിപ്പിച്ച സാഹചര്യം. ഈ ഒളിച്ചോട്ടം സുദീർഘമായൊരു പ്രവാചക ജീവിതത്തിന്റെ പരിണത ഫലമായിരുന്നു.

യാഹ്‌വേയിലുള്ള വിശ്വാസം ദേശത്തുനിന്ന് ഉന്മൂലനം ചെയ്യാൻ പ്രതിജ്ഞാബദ്ധയായ ജെസബെൽ നിയമനിർമ്മാണങ്ങളിലൂടെ തന്റെ പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചു. കർത്താവിന് ആരാധനയർപ്പിക്കുന്നത് നിരോധിച്ചു. ചെറുത്തുനിന്നവരെ തകർത്തു. ഒളിവിൽ പോയ നേതാക്കളെ തിരഞ്ഞുപിടിച്ചു വധിച്ചു. മൂന്നുവർഷത്തിലേറെ ഒളിവിൽ കഴിഞ്ഞതിനു ശേഷമാണ് ഏലിയാ ഒരു ബലപരീക്ഷണത്തിനു തയ്യാറായത്. കാർമ്മൽ മലയിൽ ദൈവം അഗ്നിയിറക്കി. ജനം ആർത്തുവിളിച്ചെങ്കിലും പ്രവാചകൻ മടുത്തു. ഭരണസംവിധാനത്തിന്റെ മുഴുവൻ ശത്രുതയും വെറുപ്പും ഏറ്റെടുത്ത് ഇനി മുന്നോട്ടു പോകാനാവില്ല എന്ന് അയാൾക്കു തോന്നി. മതി, മരിച്ചാൽ മതി. കിടന്നുറങ്ങി, ഇനി ഉണരാതിരുന്നെങ്കിൽ എന്ന പ്രാർത്ഥനയോടെ.

ഒരുപക്ഷേ, ചിലപ്പോഴെങ്കിലും, നമ്മുടെയൊക്കെ ജീവിതത്തിൽ ഇതു പോലൊരു സാഹചര്യം ഉണ്ടായെന്നുവരാം. ജീവിക്കാനുള്ള ആഗ്രഹം നഷ്ടപ്പെടുക. ശക്തി മുഴുവൻ ചോർന്നു പോവുക. ആരും കൂട്ടിനില്ല എന്നു തോന്നുക. ഉറ്റവർ എന്നു കരുതുന്നവർ പോലും തെറ്റിധരിച്ച് കൈവിടുക. അവസാനത്തെ പിടി വള്ളിയും കൈവിട്ടു പോകുമ്പോൾ പ്രാർത്ഥിക്കാൻ തോന്നും, കർത്താവേ മതി, എനിക്കു മരിച്ചാൽ മതി!

ദൈവം മരണത്തിന്റെ ദൈവമല്ല, ജീവന്റെ ദൈവമാണ്. തളർന്നുറങ്ങിയ പ്രവാചകനെ കർത്താവിന്റെ ദൂതൻ തട്ടിയുണർത്തി; ഒന്നല്ല, രണ്ടു തവണ. ചുടുകല്ലിൽ ചുട്ടെടുത്ത ചൂടുള്ള അപ്പവും ഹൃദയം കുളിർപ്പിക്കുന്ന തണുത്ത വെള്ളവും നല്കിയിട്ടാണ് പറയുന്നത്: എണീറ്റു ഭക്ഷിക്കുക, അല്ലെങ്കിൽ യാത്ര ദുഷ്കരമായിരിക്കും. യാത്ര ചെയ്തേ മതിയാകു! ഇടവഴിക്ക് യാത്ര നിർത്താനാവില്ല. ഏലിയായ്ക്ക് ഇനിയും നിറവേറ്റേണ്ടതായ കടമകളുണ്ട്. ഹോറെബിൽ കർത്താവിന്റെ മുമ്പിൽ നില്ക്കണം. അധർമ്മത്തിന്റെ രാജസിംഹാസനങ്ങളെ തട്ടിമറിക്കണം.

ധർമ്മ സംസ്ഥാപനത്തിനായി പുതിയ ഭരണാധികാരികളെ അവരോധി ക്കണം. വചനം തുടർന്നും പ്രഘോഷിക്കാൻ പ്രവാചകനെ അഭിഷേകം ചെയ്യണം. നിരപരാധന്റെ രക്തം തളം കെട്ടിയ ജെസ്രേലിലെ മുന്തിരി ത്തോപ്പിൽ ശബ്ദമില്ലാത്തവന്റെ ശബ്ദമായി ഭരണകൂടത്തിനെതിരേ വധ ശിക്ഷ പ്രഖ്യാപിക്കണം. അതിനുമുമ്പേ വിടപറയാനാവില്ല. എണീറ്റു ഭക്ഷിക്കു!

ഇന്നു നമ്മോടും ദൈവം ഇതു തന്നെയാണ് പറയുക. എണീറ്റു ഭക്ഷിക്കുക. നിനക്ക് ഇനിയും ഏറെ ദൂരം യാത്ര ചെയ്യാനുണ്ട്. ദൈവ ത്തിനും അവിടുത്തെ ജനത്തിനും വേണ്ടി അധ്വാനിക്കുന്നുണ്ട്. മതി എന്നു പറയാറായില്ല. ഏല്പിച്ചിരിക്കുന്ന ദൗത്യം പൂർത്തിയാക്കാനുണ്ട്. ഏലി യായെപ്പോലെ ദൈവസാന്നിധ്യത്തിലേക്ക്, ദൈവഭവനത്തിലേക്ക്, യാത്ര ചെയ്യുന്നവരാണ് നാം. നാല്പതു രാവും നാല്പതു പകലും ഒരു തീർത്ഥ യാത്രയുടെ കാലമാണ്. ഇസ്രായേൽ ജനം മരുഭൂമിയിലൂടെ നടന്ന നാല്പതു വർഷം പോലെ. നാമെല്ലാം തീർത്ഥാടകരാണ്. ദൈവഭവന ത്തിലേക്കുള്ള ഈ തീർത്ഥാടനത്തിൽ നമുക്കു ശക്തി പകരാൻ ദൈവം തന്റെ ദൂതനെയല്ല, പുത്രനെത്തന്നെ അയച്ചിരിക്കുന്നു. അവൻ നല്കു ന്നത് ചുട്ടെടുത്ത അപ്പവും തണുത്ത വെള്ളവുമല്ല, തന്റെതന്നെ ശരീ രവും രക്തവുമാണ്. വാങ്ങി ഭക്ഷിക്കുവിൻ, ഇതു നിങ്ങൾക്കായി വിഭജി ക്കപ്പെടുന്ന എന്റെ ശരീരം. വാങ്ങി കുടിക്കുവിൻ, ഇതു നിങ്ങൾക്കായി ചിന്തപ്പെടുന്ന എന്റെ രക്തം.

ജീവിതയാത്രയിൽ തളർന്നു പോകുന്ന എല്ലാവർക്കും യേശുനാ ഥൻ ആഹാരമായിത്തീരുന്നു. അവന്റെ വചനം വഴി കാട്ടുന്നു; ശരീരം ഭക്ഷണമാകുന്നു. ആത്മാവ് ശക്തിയായി ഉള്ളിൽ വസിക്കുന്നു. അതിനാൽ എണീറ്റു ഭക്ഷിക്കുക. ഇനിയും ദീർഘദൂരം യാത്ര ചെയ്യാനുണ്ട്. ദൈവ ദർശനത്തിന്റെ ഹോറെബിലേക്ക്, നീതിനിർവ്വഹണത്തിന്റെ സമറിയായി ലേക്ക്, ധർമ്മസ്ഥാപനത്തിന്റെ ജെസ്രേലിലേക്ക്. ദൈവം നിന്നെ വഴി നട ത്തും. വിശുദ്ധ കുർബ്ബാന, ദിവ്യ കാരുണ്യമായി, ദൈവിക ശക്തിയായി നമ്മെ നയിക്കട്ടെ.



# 44

# ദൈവത്തിന് ഒന്നും അസാധ്യമല്ല

**ലൂക്കാ 1,37**

*"ദൂതൻ മറുപടി പറഞ്ഞു: പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ, ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും. ഇതാ നിന്റെ ചാർച്ചക്കാരി വൃദ്ധയായ എലിസബത്തും ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്നു പറഞ്ഞിരുന്ന അവൾക്ക് ഇത് ആറാം മാസമാണ്. ദൈവത്തിന് ഒന്നും അസാധ്യമല്ല" (ലൂക്കാ 1,35-38).*

ദൈവം ചരിത്രത്തിലേക്കു കടന്നുവന്ന നിർണ്ണായക മുഹൂർത്തത്തിന്റെ വിവരണമാണ് ലൂക്കാ സുവിശേഷകൻ ഒരു ദർശനത്തിന്റെ ഭാഷ

യിൽ അവതരിപ്പിച്ചിരിക്കുന്നത്. മനുഷ്യൻ അനുഭവിക്കുന്ന സകല തിന്മകളിൽ നിന്നും അതിന്റെ മൂല കാരണമായ പാപത്തിൽ നിന്നും മോചനം നല്കാൻ ദൈവം തന്നെ ഈ ഭൂമിയിലേക്കുവരും എന്ന പ്രതീക്ഷ മിക്ക ലോകമതങ്ങളും വച്ചു പുലർത്തിയിരുന്നു. ഇസ്രായേൽ ജനത്തിന്റെ ഇടയിലാണ് ഈ പ്രതീക്ഷ ഏറ്റം വ്യക്തമായി നില നിന്നത്. അനേകം വാഗ്ദാനങ്ങളും പ്രവചനങ്ങളും ഈ പ്രത്യാശയ്ക്കു ശക്തി പകർന്നു, വ്യക്തത നല്കി. പ്രവചനങ്ങളുടെ പൂർത്തീകരണത്തിനു സമയമായി എന്ന് ദൈവദൂതൻ നസ്രത്തിലെ ഒരു ഗ്രാമീണ കന്യകയായ മറിയത്തെ അറിയിച്ചു, അവളുടെ സഹകരണം ആവശ്യപ്പെട്ടു.

നൂറ്റാണ്ടുകളായി കാത്തിരുന്നതാണെങ്കിലും തന്നിലൂടെയാണ് മിശിഹായെ സംബന്ധിച്ച പ്രവചനം പൂർത്തിയാവുകയെന്ന് വിശ്വസിക്കുക ജോസഫ് എന്ന ആശാരിപ്പണിക്കാരനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന മറിയത്തിന് എളുപ്പമായിരുന്നില്ല. ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ എന്ന അവളുടെ ചോദ്യത്തിൽ വിശ്വാസരാഹിത്യത്തെക്കാൾ അത്ഭുതവും താൻ എന്തു ചെയ്യണം എന്ന ചിന്തയും പ്രകടമാകുന്നുണ്ട്. കന്യാജനനത്തെക്കുറിച്ചുള്ള പ്രവചനം (ഏശ 7,14) അറിയാത്തവളല്ല മറിയം. സാബത്തു തോറുമുള്ള സിനഗോഗു ശുശ്രൂഷകളിൽ പ്രഘോഷിക്കപ്പെടുന്ന ഒരു പ്രവചനമായിരുന്നു അത്. എന്നാലും പ്രവചനം പൂർത്തിയാവുന്നു എന്നു കേൾക്കുമ്പോൾ ആശ്ചര്യവും വിസ്മയവും സ്വാഭാവികമാണല്ലോ.


ഇതെങ്ങനെ സംഭവിക്കും? നമ്മുടെ ജീവിതത്തിലും പലപ്പോഴും ഈ ചോദ്യം ഉയർന്നിട്ടുണ്ടാവാം. മറികടക്കാനാവാത്ത പ്രതിസന്ധികളിൽ പകച്ചുനിന്നുപോയെന്നു വരാം. ദൈവം ഏല്പിച്ചിരിക്കുന്ന ഭാരിച്ച ദൗത്യം, അത് കുടുംബത്തിന്റെയോ സമൂഹത്തിന്റെയോ രാഷ്ട്രത്തിന്റെയോ ഉത്തരവാദിത്വമാകാം, എങ്ങനെ നിർവ്വഹിക്കാൻ കഴിയും എന്നറിയാതെ പതറുന്ന അവസരങ്ങളുണ്ടാകാം. ജന്മം നല്കിയ കുഞ്ഞുങ്ങൾക്ക് ആഹാരം നല്കാൻ കഴിയാതെ കഷ്ടപ്പെടുന്ന മാതാപിതാക്കളാകാം. മാരകമായ രോഗത്തിന്റെ പിടിയിൽപെട്ടുപോയ ഉറ്റവരെക്കുറിച്ചു കേഴുന്നവരാകാം. ഇതെങ്ങനെ സംഭവിക്കും? എങ്ങനെ ഞാൻ ഈ ദൗത്യം നിറവേറ്റും?

ഇവിടെയാണ് ദൂതൻ വഴി ദൈവം നല്കുന്ന ഉറപ്പ് പ്രസക്തമാകുന്നത്. ദൈവത്തിന് ഒന്നും അസാധ്യമല്ല. വന്ധ്യയും വൃദ്ധയുമായ എലിസബത്ത് ഗർഭിണിയായി, സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ ഏറ്റം വലിയവൻ എന്ന് യേശു തന്നെ വിശേഷിപ്പിച്ച സ്നാപക യോഹന്നാന്റെ അമ്മയായി. യുവകന്യകയായ മറിയത്തിൽ നിന്ന് പുരുഷസംസർഗ്ഗം കൂടാതെ ദൈവപുത്രൻ മനുഷ്യനായി ജനിച്ചു. ഇല്ലായ്മയിൽ നിന്ന് ഒറ്റ വാക്കാൽ

എല്ലാറ്റിനെയും സൃഷ്ടിച്ച ദൈവത്തിന് മറികടക്കാനാവാത്ത പ്രതിബന്ധമില്ല. അസാധ്യമായി ഒന്നുമില്ല. മനുഷ്യന് അസാധ്യം എന്നു തോന്നാം. പക്ഷേ ദൈവത്തിന് എല്ലാം സാധ്യമാണ്. മലപോലെ ഉയർന്നുനിന്ന ഫിലിസ്ത്യ മല്ലൻ ഗോലിയാത്തിന്റെ മുമ്പിൽ കവിണയും കല്ലുമായി നിന്ന യുവാവായ ദാവീദ്. ദൈവത്തിന്റെ നാമത്തിൽ വിശ്വസിച്ച്, ആശ്രയിച്ച് മുന്നേറിയപ്പോൾ മല മറിഞ്ഞു വീണു. ജെറീക്കോ നഗരത്തിന്റെ വൻ മതിലുകൾ കാഹളധ്വനിയിൽ തകർന്നു. ചെങ്കടലിൽ വഴി തെളിഞ്ഞതും മരുഭൂമിയിൽ മന്ന പൊഴിഞ്ഞതും ഇസ്രായേൽ ചരിത്രത്തിന്റെ, രക്ഷാ ചരിത്രത്തിന്റെ ഭാഗങ്ങൾ. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല.

എല്ലാം സാധ്യമാക്കുന്നത് ദൈവത്തിന്റെ ആത്മാവും ദൈവികശക്തിയുമാണ്. ദൈവാത്മാവിന്റെ ശക്തിക്കു മുന്നിൽ എല്ലാ പ്രതിബന്ധങ്ങളും നീങ്ങും. മറിയം വിശ്വസിച്ചു. ദൈവത്തിന്റെ വചനത്തിൽ, അവിടുത്തെ ശക്തിയിൽ, അവിടുത്തെ പദ്ധതിയിൽ. വിശ്വാസത്തിലൂടെ അവൾ രക്ഷാകര പദ്ധതിയിൽ പങ്കുചേർന്നു. ദൈവവചനം മാംസം ധരിച്ചു; ദൈവം മനുഷ്യനായി. മനുഷ്യരക്ഷ സാധ്യമായി. വിശ്വസിച്ചവൾ ഭാഗ്യവതി എന്ന് സന്ദർശന വേളയിൽ ഇളയമ്മ എലിസബത്ത് ഉദ്ഘോഷിച്ചത് ഈ വിശ്വാസത്തിന്റെ പ്രകീർത്തനവും സ്ഥിരീകരണവുമായിരുന്നു.

ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ! വിശ്വാസം വിധേയത്വത്തിലേക്കു നയിക്കുന്നു. വിനയപൂർവ്വകമായ അനുസരണം രക്ഷയുടെ നീർച്ചാലായി മാറുന്നു. ഇന്നും ദൈവം ഇതു തന്നെയാണ് പ്രവർത്തിക്കുന്നത്, പ്രതീക്ഷിക്കുന്നത്. ദൈവത്തിന് ഒന്നും അസാധ്യമല്ല എന്ന് ഉറച്ചുവിശ്വസിക്കുകയും ഏറ്റുപറയുകയും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയും ചെയ്യുന്നവരിൽ ദൈവത്തിന്റെ ശക്തി പ്രകടമാകും, രക്ഷ അനുഭവവേദ്യമാകും.



# 45 അവനിൽ നിന്ന് ശക്തി പുറപ്പെട്ടു

## ലൂക്കാ 6,19

*"ശിഷ്യന്മാരുടെ ഒരു വലിയ ഗണവും അവന്റെ വചനം ശ്രവിക്കുന്നതിനും രോഗശാന്തി നേടുന്നതിനുമായിവന്ന വലിയ ജനസമൂഹവും അവിടെ ഒരുമിച്ചുകൂടി. അശുദ്ധാത്മാക്കളാൽ പീഡിതരായവർ സുഖമാക്കപ്പെട്ടു. ജനങ്ങളെല്ലാം അവനെ ഒന്നു സ്പർശിക്കാൻ അവസരം പാർത്തിരുന്നു. എന്തെന്നാൽ അവനിൽനിന്ന് ശക്തി പുറപ്പെട്ട് എല്ലാവരെയും സുഖപ്പെടുത്തിയിരുന്നു" (ലൂക്കാ 6,17-19).*

മത്തായിയുടെ സുവിശേഷത്തിൽ ദൈവരാജ്യത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനങ്ങൾ സമ്യക്കായി അവതരിപ്പിക്കുന്നത് മലയിലെ പ്രസംഗം എന്നു വിശേഷിപ്പിക്കുന്ന പ്രഭാഷണത്തിലാണ് (മത്താ 5-7). അതിനു സമാന്തരമായി ലൂക്കാ അവതരിപ്പിക്കുന്നതാണ് സമതലത്തിലെ പ്രസംഗം (ലൂക്കാ 6,17-40). രാത്രി മുഴുവൻ ദീർഘിച്ച പ്രാർത്ഥനയ്ക്കുശേഷം പന്ത്രണ്ട് അപ്പസ്തോലന്മാരെ തിരഞ്ഞെടുത്ത്, അവരെയും കൂട്ടി മലയുടെ അടിവാരത്തെ സമതലത്തിലേക്ക് ഇറങ്ങി വന്ന യേശുവിന്റെ അടുക്കലേക്ക് വലിയൊരു ജനക്കൂട്ടം വന്നു. രണ്ടു കാര്യങ്ങളായിരുന്നു അവർക്ക് ആവശ്യം: ദൈവവചനവും സൗഖ്യവും. വചനത്തിലൂടെ ലഭിക്കുന്ന സൗഖ്യം. വന്നവരെല്ലാം യേശുവിനെ ഒന്നു തൊടാൻ കൊതിച്ചു. കാരണം അവനിൽ നിന്ന് സൗഖ്യദായകമായ ശക്തി പ്രവഹിച്ചിരുന്നു.

ദൈവത്തിന്റെ ആത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്യപ്പെട്ടവനാണ് യേശു എന്ന് പിന്നീട് പത്രോസ് കൊർണേലിയൂസിന്റെ വീട്ടിൽ വച്ചുള്ള സുവിശേഷ പ്രഘോഷണമധ്യേ അനുസ്മരിക്കും (അപ്പ 10,38). ജോർദ്ദാനിലെ മാമ്മോദീസായുടെ അവസരത്തിൽ യേശുവിന്റെ മേൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവ് എന്നും ദൈവികശക്തിയായി അവ

നിൽ വസിച്ചിരുന്നു. ആത്മാവിന്റെ ശക്തിയോടെയാണ് യേശു മരുഭൂമിയിലെ പ്രലോഭനങ്ങളിൽ സാത്താനെ പരാജയപ്പെടുത്തിയതും സുവിശേഷപ്രഘോഷണത്തിനായി ഗലീലിയിലേക്കു വന്നതും (ലൂക്കാ 4,1). ഈ ശക്തി തന്നെയാണ് യേശുവിൽ പ്രവർത്തിച്ചതും യേശുവിൽ നിന്ന് പ്രവഹിച്ചതും. ആത്മാവിനാൽ അഭിഷിക്തനായി, ആത്മാവിനാൽ നിറഞ്ഞ യേശുവിൽനിന്ന് ദൈവത്തിന്റെ ആത്മാവ് പ്രവഹിച്ചു, വിശ്വാസത്തോടെ അവനെ സ്പർശിച്ചവരെയെല്ലാം സുഖപ്പെടുത്തി.

യേശുവിലുള്ള സൗഖ്യദായകമായ ആത്മാവിന്റെ സാന്നിദ്ധ്യത്തിൽ വിശ്വസിച്ചവർ ആ വിശ്വാസം ഏറ്റു പറഞ്ഞു. "നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും" (ലൂക്കാ 5,12) എന്ന് തന്റെ വിശ്വാസം പ്രകടിപ്പിച്ച കുഷ്ഠരോഗിക്ക് അവന്റെ കരസ്പർശത്താൽ സൗഖ്യം ലഭിച്ചു. പന്ത്രണ്ടുവർഷത്തെ ചികിത്സയിലൂടെ തന്റെ കൈവശമുണ്ടായിരുന്നതെല്ലാം നഷ്ടപ്പെടുത്തിയിട്ടും ആർക്കും സുഖപ്പെടുത്താൻ കഴിയാതിരുന്ന രക്തസ്രാവക്കാരി വിശ്വസിച്ചു: അവന്റെ വസ്ത്രത്തിൽ ഒന്നു തൊട്ടാൽ മതി, ഞാൻ സുഖം പ്രാപിക്കും (മർക്കോ 5,29). അവൾ തൊട്ടു; സൗഖ്യം പ്രാപിച്ചു.

യേശുവിൽ പ്രവർത്തിച്ച ശക്തി ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു, വിശ്വസിക്കുന്നവരിൽ, വിശ്വസിക്കുന്നവരിലൂടെ. യേശു തന്നെ തന്റെ ശിഷ്യന്മാർക്കു വാഗ്ദാനം ചെയ്താണ് ഈ ശക്തി. "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും........നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (അപ്പ 1,8). ആത്മാവിന്റെ ശക്തി സ്വീകരിക്കാൻ രണ്ടു കാര്യങ്ങൾ യേശു ആവശ്യപ്പെട്ടു, വിശ്വാസവും പ്രാർത്ഥനയും. വിശ്വസിക്കുന്നവർക്ക് എല്ലാം സാധ്യമാണ് എന്ന് പഠിപ്പിച്ചവൻ തന്നെയാണ് ആത്മാവിനെ വാഗ്ദാനം ചെയ്തതും.

വിശ്വാസത്തോടെ യേശുവിന്റെയടുത്തു വരുന്ന ആർക്കും നിരാശരായി മടങ്ങിപ്പോകേണ്ടി വരികയില്ല. മകൾ മരിച്ചു പോയ ജായ്റോസും സഹോദരനെ സംസ്കരിച്ച മർത്തായും യേശുവിൽ വിശ്വസിച്ചു. അവർ ദൈവത്തിന്റെ മഹത്വം ദർശിച്ചു. മരിച്ച ബാലിക എണീറ്റു നടന്നു; കല്ലറയിൽ നിന്ന് ലാസർ പുറത്തുവന്നു. അവനിൽ നിന്ന് ഇന്നും ശക്തി പ്രവഹിക്കും. ശരിരത്തിനു സൗഖ്യമായി, ആത്മാവിനു രക്ഷയായി, മനസ്സിനു സന്തോഷമായി, കുടുംബത്തിനും സമൂഹത്തിനും ശാന്തിയും സമാധാനവുമായി. ഈ ശക്തി പ്രവഹിക്കാൻ ഇന്നും രണ്ടു കാര്യങ്ങൾ ആവശ്യമാണ്. വിശ്വാസവും പ്രാർത്ഥനയും. "എനിക്കിതു ചെയ്യാൻ കഴിയും എന്നു നിങ്ങൾ വിശ്വസിക്കുന്നുവോ?" (മത്താ 9,28) എന്ന ചോദ്യത്തിന് ആ കുരുടന്മാർ കൊടുത്ത മറുപടി നമുക്കും കൊടുക്കാം. "ഉവ്വ് കർത്താവേ"!

ഒരുപക്ഷേ നമ്മുടെ വിശ്വാസം ബലഹീനമായിരിക്കാം. സാഹചര്യങ്ങൾ അത്രമാത്രം നമ്മെ തളർത്തിക്കളഞ്ഞിട്ടുണ്ടാവാം. എന്നാലും നിരാശരാവരുത്. പിശാചുബാധിതനായ മകനു വേണ്ടി യാചിച്ച പിതാവിനെപ്പോലെ നമുക്കും പ്രാർത്ഥിക്കാൻ കഴിയും: "ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസം പരിഹരിച്ച് എന്നെ സഹായിക്കണമേ" (മർക്കോ. 9,24).



# 46 നിനക്ക് എന്റെ കൃപ മതി

**2 കോറി 12,9**

*"വെളിപാടുകളുടെ ആധിക്യത്താൽ ഞാൻ അധികം ആഹ്ലാദിക്കാതിരിക്കേണ്ടതിന് ശരീരത്തിൽ ഒരു മുള്ള് എനിക്കു നല്കപ്പെട്ടിരിക്കുന്നു. അതായത്, എന്നെ ശല്യപ്പെടുത്തുന്നതിനും മതിമറന്ന് ആഹ്ലാദിക്കാതെ എന്നെ നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള പിശാചിന്റെ ദൂതൻ. അത് എന്നെ വിട്ടകലാൻ വേണ്ടി മൂന്നു പ്രാവശ്യം ഞാൻ കർത്താവിനോടപേക്ഷിച്ചു. എന്നാൽ, അവിടുന്ന് എന്നോടരുളിച്ചെയ്തു: നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തിപൂർണ്ണമായി പ്രകടമാകുന്നത്" (2 കോറി 12,7-9).*

ലോകം കണ്ട ഏറ്റം വലിയ പ്രേഷിതനാണ് വി.പൗലോസ്. ഡമാസ്കസിന്റെ കവാടത്തിൽവച്ച് കർത്താവിനെ കണ്ടുമുട്ടിയ നിമിഷം വലിയൊരു പരിവർത്തനത്തിന്റെ നിമിഷമായിരുന്നു. അതുവരെ ദൈവദൂഷകനും ശത്രുവുമായി കരുതിയിരുന്ന യേശുവിനെ അപ്പോൾ മുതൽ തന്റെ നാഥനും രക്ഷകനുമായി സ്വീകരിച്ചു. ഇനി അങ്ങോട്ടു പൗലോസിനെ

സംബന്ധിച്ചിടത്തോളം ജീവിതമെന്നാൽ ക്രിസ്തുവിനുവേണ്ടിയുള്ള ജീവിതമാണ്. ജീവിച്ചാലും മരിച്ചാലും ക്രിസ്തുവിനോടുകൂടെ ആയിരിക്കണം എന്ന ഒറ്റ ആഗ്രഹമേയുള്ളൂ. യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു; ഇനി ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്.

ക്രിസ്തുവിനു വേണ്ടിയും ക്രിസ്തുവിനോടുകൂടെയുള്ള പൗലോസിന്റെ ജീവിതം ധന്യമായിരുന്നു. നിരവധി ആദ്ധ്യാത്മിക വരങ്ങളാൽ സമ്പന്നമായ ആ ജീവിതം പ്രേഷിത ചൈതന്യം മുറ്റി നിന്നു. മറ്റാരെയുംകാൾ കൂടുതൽ യേശുവിനുവേണ്ടി അധ്വാനിക്കാനും സുവിശേഷം പ്രചരിപ്പിക്കാനും സഹിക്കാനും പൗലോസിനു സാധിച്ചു. അത്യസാധാരണമായ ആത്മീയ വരങ്ങളും ആത്മീയാനുഭൂതികളും അദ്ദേഹത്തിനു ലഭിച്ചിരുന്നു.

ഇതെല്ലാമാണെങ്കിലും ഏതോ ഒരു ബലഹീനത, അഥവാ അസ്വസ്ഥത അദ്ദേഹത്തെ വേട്ടയാടിക്കൊണ്ടിരുന്നു. കാലിൽ തറച്ച മുള്ളുപോലെ നിരന്തരം വേദനിപ്പിച്ചിരുന്നത് എന്താണെന്ന് അപ്പസ്തോലൻ പറയുന്നില്ല. തന്നെ എളിമപ്പെടുത്താനും നില മറന്ന് ആഹ്ലാദിച്ച് അഹങ്കരിക്കാതിരിക്കാനുമായി ദൈവം തന്നെ അനുവദിച്ച എന്തോ ഒരു സഹനം. രണ്ടു കാര്യങ്ങൾ ഇവിടെ ശ്രദ്ധേയമാണ്.

തനിക്കുണ്ടായ ഈ സഹനം ദൈവം തന്നെ അനുവദിച്ചതാണെന്നും അത് സാത്താന്റെ ദൂതനാണെന്നും അപ്പസ്തോലൻ പറയുന്നു. നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന യാതൊന്നും ദൈവം അറിയാതെയും അനുവദിക്കാതെയും സംഭവിക്കുന്നില്ല. സാത്താന്റെ പ്രലോഭനങ്ങളും പരീക്ഷണങ്ങളും പീഡനങ്ങളും പോലും ദൈവം അനുവദിക്കുന്നതു കൊണ്ടു മാത്രമാണ് സംഭവിക്കുക. സാത്താനെ നിർവീര്യനാക്കാനോ നശിപ്പിക്കാനോ ദൈവത്തിനു കഴിയാത്തതുകൊണ്ടല്ല, ദൈവിക പദ്ധതിയിൽ സാത്താനും സ്ഥാനമുണ്ട്. മനസ്സിലാക്കാൻ പ്രയാസമുണ്ടെങ്കിലും ബൈബിളിൽ ഉടനീളം ഈ സത്യം പ്രത്യക്ഷപ്പെടുന്നുണ്ട്.

എന്താണ് ഇതിന്റെ അർത്ഥം അഥവാ ലക്ഷ്യം? ഇവിടെയാണ് പൗലോസിന്റെ രണ്ടാമത്തെ വിശദീകരണം ശ്രദ്ധേയമാകുന്നത്. അതിരുവിട്ട് ആഹ്ലാദിക്കാതിരിക്കാൻ, തനിക്കു ലഭിച്ചിരിക്കുന്നതെല്ലാം ദാനമാണെന്നതു മറന്ന് അഹങ്കരിക്കാതിരിക്കാൻ, ജീവിതത്തിൽ അനുഭവപ്പെടുന്ന പരാജയങ്ങളും ബലഹീനതകളും ഇങ്ങനെയും വിശദീകരിക്കാൻ സാധിക്കും. സ്വന്തം ബലഹീനതകളെക്കുറിച്ചുള്ള പൂർണ്ണമായ അവബോധത്തോടെ ദൈവത്തിൽ ആശ്രയിക്കാൻ സഹായിക്കുന്നതാണ് പൗലോസ് പറയുന്ന ശരീരത്തിലെ മുള്ള്.

എന്താണ് ഈ മുള്ളെന്ന് അപ്പസ്തോലൻ വ്യക്തമാക്കുന്നില്ല. അതിനാൽത്തന്നെ നിരവധി അഭ്യൂഹങ്ങൾ നിലവിലുണ്ട്. ശാരീരികവും മാനസികവും ആത്മീയവുമായ തലങ്ങളിൽ ഇതിനെ വ്യാഖ്യാനിക്കാറുമുണ്ട്. നിരന്തരമായ യാത്രകൾക്കിടയിൽ അദ്ദേഹത്തിനു മലേറിയാ ബാധിച്ചു എന്നും അതു പലപ്പോഴും ശല്യപ്പെടുത്തിയിരുന്നതിനാൽ പ്രേഷിതയാത്രകൾക്കു തടസ്സം നേരിട്ടിരുന്നു എന്നുമാണ് ഒരു വ്യാഖ്യാനം. സ്വഭാവികമായുണ്ടായിരുന്ന എന്തോ ശാരീരിക വൈകല്യമായിരുന്നു എന്നു കരുതുന്നവരുണ്ട്. സംസാരത്തിനു തടസ്സം, ഇടവിട്ടുണ്ടാകാറുള്ള അപസ്മാരം, എന്നിങ്ങനെ പലതും നിർദ്ദേശിക്കപ്പെടാറുണ്ട്. പെട്ടെന്നു കോപിക്കുന്ന പ്രകൃതമായിരുന്നു എന്ന് മറ്റു ചിലർ. ലൈംഗികാസക്തിയും പ്രലോഭനങ്ങളുമായിരുന്നു എന്ന് വേറെ ചിലർ. എല്ലാം സാധ്യതകളായി കരുതാമെന്നല്ലാതെ ഒന്നും കൃത്യമായി സ്വീകരിക്കാനാവില്ല.

എന്നാൽ ഒരു കാര്യം വ്യക്തമാണ്. തനിക്ക് ഏറെ ബുദ്ധിമുട്ടുകൾക്കും സഹനത്തിനും കാരണമായിരുന്ന ഈ മുള്ള് എടുത്തു മാറ്റാൻ പ്രാർത്ഥിച്ചിട്ടും ദൈവം കേട്ടില്ല എന്നതിൽ പൗലോസ് ഒരു പ്രത്യേക സന്ദേശം കണ്ടെത്തുന്നു. “നിനക്ക് എന്റെ കൃപ മതി”. സഹനങ്ങൾക്കു മധ്യത്തിലും യേശുവിനോട് ചേർന്നു നില്ക്കാൻ സാധിക്കും. ദൈവത്തിന്റെ കൃപ സഹനങ്ങൾ എടുത്തു മാറ്റിയെന്നു വരില്ല; പക്ഷേ സഹനങ്ങളെ രക്ഷണീയമാക്കി മാറ്റും. ദൈവം തരുന്ന അത്ഭുതസിദ്ധികൾ മാത്രമല്ല, ബലഹീനതകളും പരാജയങ്ങളും സഹനങ്ങളും രക്ഷണീയമായി മാറും, വിശ്വാസത്തോടെ സ്വീകരിക്കുമ്പോൾ.

എത്ര ശ്രമിച്ചിട്ടും പ്രാർത്ഥിച്ചിട്ടും വിട്ടുപേക്ഷിക്കാൻ കഴിയാത്ത തഴക്കങ്ങൾ, വിട്ടുമാറാത്ത വേദനകൾ, എന്തുമാകട്ടെ, നിരാശപ്പെടാതിരിക്കുക. നിനക്ക് എന്റെ കൃപ മതി എന്ന് നിന്നോടും യേശു പറയുന്നു. അവന്റെ കൃപയിൽ ആശ്രയിക്കുക. അതു ശക്തി പകരും. നമ്മുടെ ബലഹീനതയിലാണ് ദൈവത്തിന്റെ ശക്തി പ്രകടമാകുന്നത്.



# 47 ബലഹീനതയിൽ ശക്തി

## 2 കോറി 12,10

*"അവിടുന്ന് എന്നോടരുളിച്ചെയ്തു: നിനക്ക് എന്റെ കൃപ മതി; എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തിപൂർണ്ണമായി പ്രകടമാകുന്നത്. ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ പൂർവ്വാധികം സന്തോഷത്തോടെ എന്റെ ബലഹീനതയെക്കുറിച്ച് പ്രശംസിക്കും. അതുകൊണ്ട്, ബലഹീനതകളിലും ആക്ഷേപങ്ങളിലും ഞെരുക്കങ്ങളിലും പീഡനങ്ങളിലും അത്യാഹിതങ്ങളിലും ഞാൻ ക്രിസ്തുവിനെ പ്രതി സന്തുഷ്ടനാണ്. എന്തെന്നാൽ ബലഹീനനായിരിക്കുമ്പോഴാണ് ഞാൻ ശക്തനായിരിക്കുന്നത്" (2 കോറി 12,9-10).*

പ്രത്യക്ഷത്തിൽ യുക്തിക്കു നിരക്കാത്തതും വിരോധാഭാസമെന്നു തോന്നാവുന്നതുമാണ് വി. പൗലോസിന്റെ ഈ പ്രസ്താവന. എന്നാൽ അടുത്തു പരിശോധിക്കുമ്പോൾ അതു സത്യമാണെന്നു മനസ്സിലാകും. മനുഷ്യന്റെ പ്രൗഢി പ്രാഭവങ്ങളിലൂടെയല്ല ദൈവം പ്രവർത്തിക്കുന്നത്. ദൈവത്തിന്റെ പ്രവർത്തനശൈലി മനുഷ്യന്റേതിൽ നിന്ന് തികച്ചും വിഭിന്നമാണ്. ഈ വൈരുധ്യവും വ്യത്യാസവും രക്ഷാചരിത്രത്തിലുടനീളം കാണാം.

ലോകജനതകൾക്കു മുഴുവൻ രക്ഷ നല്കാനുള്ള പദ്ധതിക്കു

തുടക്കം കുറിക്കുമ്പോൾ ഇടയപ്രമാണിയായ അബ്രാഹത്തെ വിളിച്ച് നാടും വീടും വിട്ട്, അജ്ഞാത ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യാൻ നിർബ്ബന്ധിക്കുന്നു. വന്ധ്യയായ വൃദ്ധയിൽ നിന്നു ജനിച്ച ഏക മകനെ ബലിയർപ്പിക്കാൻ ആവശ്യപ്പെടുന്നു. അതിശക്തനായ ഫറവോയുടെ ആധിപത്യത്തിൽനിന്ന് ഇസ്രായേൽ ജനത്തെ മോചിപ്പിക്കാൻ അയക്കുന്ന മോശയ്ക്ക് ആയുധം ഒരു വടി ! മല്ലനായ ഗോലിയാത്തിനെ നേരിടാൻ പോകുന്ന ദാവീദിന് ഒരു കവിണ.

ഈ വൈരുദ്ധ്യം അതിന്റെ പാരമ്യത്തിലെത്തുന്നത് യേശുക്രിസ്തുവിലാണ്. മനുഷ്യനായി അവതരിക്കുന്ന ദൈവത്തിനു പിറക്കാൻ പുൽത്തൊട്ടി. ലോകത്തെ കീഴടക്കിയ രാജാവിന്റെ സിംഹാസനം കുരിശ്! ദൈവത്തിന്റെ പുത്രൻ കുരിശിൽ കിടന്ന് എന്തേ എന്നെ കൈവെടിഞ്ഞു എന്നു നിലവിളിക്കുമ്പോൾ ഈ വൈരുദ്ധ്യം ഉച്ചകോടിയിലെത്തുന്നു. കുരിശിൽ നിന്ന് ഇറങ്ങിവരാൻ താഴെ നിന്നവർ വെല്ലു വിളിച്ചു. അതാണ് മാനുഷികമായ രീതിയിൽ വിശ്വസനീയമായ തെളിവ്. നീ ദൈവപുത്രനാണെങ്കിൽ കല്ലുകളെ അപ്പമാക്കുക, ഗോപുര മുകളിൽ നിന്നു താഴേക്കു ചാടുക, കുരിശിൽ നിന്നിറങ്ങി വരുക. ശക്തി പ്രകടനമാണ് മനുഷ്യന് ആവശ്യം. എന്നാൽ ദൈവത്തിന്റെ ശൈലി അതല്ല.

പിതാവിന്റെ കരങ്ങളിൽ ജീവൻ സമർപ്പിച്ച പുത്രനെ കല്ലറയിൽ നിന്ന് പുറത്തു കൊണ്ടു വന്നതാണ് ദൈവത്തിന്റെ ശക്തി. മനുഷ്യന്റെ ബലഹീനതയിലേക്കിറങ്ങിവന്ന് അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദൈവത്തിലാണ് പൗലോസ് വിശ്വാസമർപ്പിച്ചത്. യേശു പ്രഘോഷിച്ചതും വെളിപ്പെടുത്തിയതും ഇപ്രകാരമൊരു ദൈവചിത്രമാണ്. ബലഹീനതയിൽ ദൈവത്തിന്റെ ശക്തിപൂർണ്ണമായി പ്രകടമാകുന്നു.

രക്ഷാചരിത്രത്തിൽ മാത്രമല്ല, പ്രകൃതിയിൽ നിരന്തരം നാം കാണുന്നതാണ് ബലഹീനതയിൽ പ്രകടമാകുന്ന ശക്തി, ഒരു തുള്ളി വെള്ളം. ഇതിനേക്കാൾ മൃദുലവും ബലഹീനവുമായി എന്തുണ്ട്? എന്നാൽ നിരന്തരം വീഴുന്ന വെള്ളത്തുള്ളി കരിമ്പാറയെ തുളയ്ക്കുന്നതു നാം കാണുന്നു. പുൽത്തലപ്പും വേരിന്റെ അഗ്രവും തീർത്തും ബലഹീനവും മൃദുലവുമാണ്. എന്നാൽ അവ എത്ര വലിയ പാറകളെയാണ് തുളച്ചു കീറിത്തകർക്കുന്നത് ! സ്നേഹം ക്രോധത്തേക്കാൾ ബലഹീനമാണെന്നു തോന്നും. എന്നാൽ ജീവൻ നിലനിർത്തുന്നതും ഒരിക്കലും അസ്തമിക്കാതെ വിജയം വരിക്കുന്നതും ബലഹീനമെന്നു തോന്നുന്ന സ്നേഹമല്ലേ? പൈശാചിക ശക്തികൾ എന്നും പ്രത്യക്ഷത്തിൽ അജയ്യവും ഭീകരവുമാണ്. എന്നാൽ അവയെക്കാൾ ശക്തമാണ് ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹവും വളർത്തുന്ന വാത്സല്യവും.

ബലഹീനം എന്നു തോന്നുന്നതിനെയാണ് ദൈവം വലിയ കാര്യങ്ങൾക്കായി ഉപയോഗിക്കുക. ലോകം മുഴുവൻ സുവിശേഷ പ്രഘോഷണത്തിലൂടെ നവീകരിക്കാനായി യേശു തിരഞ്ഞെടുത്തത് ചക്രവർത്തിമാരെയോ സൈന്യാധിപന്മാരെയോ അല്ല, മീൻപിടുത്തം മാത്രം വശമായിരുന്ന ഗലീലിയിലെ സാധാരണ മനുഷ്യരെയാണ്. പൗലോസിനെ തന്റെ പ്രേഷിതനായി തിരഞ്ഞെടുക്കുന്നത് നിലത്തു വീഴ്ത്തി, അന്ധനാക്കിയതിനുശേഷമാണ്. സുവിശേഷ പ്രഘോഷണം രാഷ്ട്രീയ ശക്തിയോ ആയുധബലമോ വഴിയല്ല നടക്കുക. മനുഷ്യഹൃദയങ്ങളിൽ പരിവർത്തനം വരുത്തുന്നത് ദൈവാത്മാവാണ്. ദൈവശക്തിക്കു പ്രവർത്തിക്കാൻ സ്വയം വിട്ടുകൊടുക്കുന്ന ബലഹീനരായ വ്യക്തികളിലൂടെ ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു.

ഇന്നും എന്നും ഇതു തന്നെയാണ് ദൈവത്തിന്റെ പ്രവർത്തനശൈലി. അതിനാൽ ബലഹീനതയുടെ പേരിൽ പരാജയഭീതിയോ അപകർഷതാ ബോധമോ വേണ്ടാ. എന്റെ ബലഹീനതയെക്കുറിച്ച് ഞാൻ സന്തോഷിക്കും എന്ന് വി. പൗലോസിനോടൊപ്പം നമുക്കും പറയാൻ കഴിയണം. കാരണം ഞാൻ ബലഹീനനായിരിക്കുമ്പോൾ എന്നിലൂടെ ദൈവം പ്രവർത്തിക്കും. ഞാൻ ആശ്രയിക്കുന്നത് എന്റെ തന്നെ കഴിവുകളിലല്ല, ദൈവത്തിന്റെ സർവ്വശക്തിയിലാണ്.



# 48 വലിയ വിശ്വാസം

**മത്താ 15,28**

*"യേശു പറഞ്ഞു: സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ. ആ സമയം മുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി" (മത്താ 15,28).*

മനസ്സിലാക്കാൻ ഏറെ പ്രയാസമുള്ളതായിരുന്നു അന്നത്തെ യേശുവിന്റെ പ്രതികരണം. പിശാചുബാധിതയായ മകളെ സുഖപ്പെടുത്തണം എന്ന യാചനയുമായ വന്ന സീറോ ഫെനീഷ്യൻ വംശത്തിൽപ്പെട്ട ഒരു മാതാവ്. അവൾ യഹൂദയല്ല, ഇസ്രായേൽ ജനത്തിന്റെ അംഗമല്ല. വിജാതീയ എന്ന് ഇസ്രായേൽക്കാർ വിശേഷിപ്പിച്ചിരുന്ന ജനതകളിൽ ഒരുവൾ. അബ്രാഹത്തിനു ദൈവം നല്കിയ വാഗ്ദാനത്തിൽ, ജോഷ്വായിലൂടെ നേടിയെടുത്ത വാഗ്ദത്ത ഭൂമിയിൽ, വിജാതിയർക്കു പങ്കില്ല എന്ന് ഇസ്രായേൽക്കാർ കരുതിയിരുന്നെങ്കിലും ഗലീലിയിൽ നിന്നുള്ള ഈ യുവ പ്രവാചകൻ കരുണയുടെ മൂർത്തീ ഭാവമാണെന്ന് അവൾ കേട്ടിരുന്നു. അവനിലൂടെ ദൈവികശക്തി പ്രവഹിക്കുന്നതിനാൽ ഏതു രോഗവും സുഖപ്പെ

ടുത്താൻ അവന് കഴിയും എന്ന് നാടു മുഴുവൻ പ്രസിദ്ധമായിരുന്നു. അതിനാലാണ് തന്റെ മകളെ സുഖപ്പെടുത്തണം എന്ന യാചനയുമായി അവൾ യേശുവിനെ സമീപിച്ചത്.

എന്നാൽ എത്ര വ്യത്യസ്തമായിരുന്നു യേശുവിന്റെ പ്രതികരണം! അവളുടെ യാചന കേട്ട മട്ടുപോലുമില്ലാതെ യാത്ര തുടർന്നു. നിലവിളിച്ചുകൊണ്ടു പുറകേ വന്ന അവളുടെ ദയനീയാവസ്ഥയിൽ ശിഷ്യന്മാർക്കുപോലും അലിവു തോന്നി. അതോ, ശല്യം ഒഴിവാക്കാൻവേണ്ടിയോ, ശിഷ്യന്മാർ മധ്യസ്ഥം പറഞ്ഞു. "അവളെ പറഞ്ഞയച്ചാലും; അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുന്നല്ലോ" (മത്താ 15,23). മുഖത്തടിക്കുന്നതുപോലെ ഒരു മറുപടി. മക്കളുടെ അപ്പം നായ്ക്കൾക്കിട്ടു കൊടുക്കുന്നത് ഉചിതമല്ല. യേശു തന്നെയാണോ ഇതു പറഞ്ഞതെന്നു സംശയം തോന്നാം.

എല്ലാവരോടും കരുണ കാണിക്കുന്ന, മനുഷ്യന്റെ വേദനയിൽ കരളുരുകി കണ്ണീർ വാർക്കുന്ന യേശു തന്നെയോ ഇത്? എന്തേ ഇത്ര ക്രൂരത? ഇസ്രായേൽക്കാർക്കു മാത്രമാണോ രക്ഷ? വിജാതീയരെ നായ്ക്കൾ എന്നു വിശേഷിപ്പിച്ചിരുന്ന ഇസ്രായേല്യരുടെ മനോഭാവം യേശുവും ഉൾക്കൊള്ളുകയോ? സഹായിക്കാൻ മനസ്സില്ലെങ്കിൽ നായെന്ന് വിളിച്ച് അവഹേളിക്കണമോ? ചിന്തിക്കുന്ന ആരുടെയും മനസ്സിൽ ഉയർന്നുവരാവുന്ന ഈ ചോദ്യങ്ങൾ എത്രയോ അധികമായി ആ മാതാവിനെ വേദനിപ്പിച്ചിട്ടുണ്ടാവും! പക്ഷേ തോറ്റു പിന്മാറാൻ അവൾ തയ്യാറല്ല.

ആവശ്യക്കാരന് ഔചിത്യബോധമില്ല എന്നു പറയാറുണ്ട്. തന്റെ മകളെ പിശാച് ബാധിച്ചിരിക്കുന്നു. അവളെ സുഖപ്പെടുത്താൻ യേശുവിനു കഴിയും. അവനു മാത്രമേ കഴിയൂ. അതിനാൽ എങ്ങനെയും അവനെ അതിനായി പ്രേരിപ്പിക്കണം. എന്തു ത്യാഗവും നഷ്ടവും, അപമാനവും പരിഹാസവും ഏല്ക്കാൻ അവൾ തയ്യാറാണ്. അവസാനം അവൻ കനിഞ്ഞേക്കും, തന്നെ പൂർണ്ണമായി ഉപേക്ഷിക്കില്ല. ഈ വിശ്വാസം അവളെ മുന്നോട്ടു നയിച്ചു. യേശുവിന്റെ വാക്കുകളിൽ പരിഹാസത്തെക്കാൾ പരിഗണനയും, അവഗണനയെക്കാൾ അനുകമ്പയും അവൾ കണ്ടു. അത് അവളുടെ മറുപടിയിൽ പ്രതിഫലിക്കുകയും ചെയ്തു.

"അതേ, കർത്താവേ, നായ്ക്കളും യജമാനന്മാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷ്ണങ്ങൾ തിന്നുന്നുണ്ടല്ലോ" (മത്താ 15,27). അവകാശവാദം ഒന്നുമില്ല. നായ എന്ന പേര് പരിഹാസമായി കരുതുന്നുമില്ല. വളർത്തുനായ, നായക്കുട്ടി എന്നൊക്കെ വിവർത്തനം ചെയ്യാവുന്ന ഒരു

പദമാണ് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. ഇത് അവഗണനയെക്കാൾ പരിഗണനയുടെ ഒരു പദമായി അവൾ വ്യാഖ്യാനിച്ചു. മക്കളുടെ സ്ഥാനം അവകാശപ്പെടുന്നില്ല; എന്നാലും വീട്ടിൽ നായക്കുട്ടികൾക്കും സ്ഥാനമുണ്ട്. വളർത്തുന്നെങ്കിൽ ഭക്ഷണം നല്കാനുള്ള ഉത്തരവാദിത്വം യജമാനന്റേതാണ്.

വിനയവും വിശ്വാസവും അതോടൊപ്പം പ്രത്യാശയും മുറ്റി നിന്ന ഈ മറുപടിയുടെ മുമ്പിൽ യേശു നിരായുധനായി. ഹൃദയം തരളിതമായി. കാർക്കശ്യത്തിന്റെ മുഖംമൂടി അഴിഞ്ഞുവീണു. തന്റെ പെരുമാറ്റ ശൈലിയുടെ കാരണവും ലക്ഷ്യവും അവൻ വ്യക്തമാക്കി: സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്! ആ വിശ്വാസത്തിന്റെ ആഴമളക്കുക മാത്രമല്ല, അവളുടെ വിശ്വാസത്തെ ഇസ്രായേൽ സമൂഹത്തിന്റെയും തന്റെ തന്നെ ശിഷ്യരുടെയും അല്പവിശ്വാസത്തോടും വിശ്വാസരാഹിത്യത്തോടും താരതമ്യം ചെയ്ത്, അവളുടെ മഹത്വം എടുത്തു കാട്ടുകയും ഈ പെരുമാറ്റ ശൈലിയുടെ ലക്ഷ്യമായിരുന്നു. അവളുടെ വിശ്വാസം വിജയിച്ചു; മകൾക്കു സൗഖ്യം ലഭിച്ചു.

ഇന്നും ഇതുപോലെ സംഭവിക്കാം. ചോദിക്കുന്നതൊന്നും കിട്ടിയില്ലെന്നു വരാം. എത്ര പ്രാർത്ഥിച്ചിട്ടും ഒരു ഫലവും കാണാത്തപ്പോൾ പ്രാർത്ഥന കേൾക്കാൻ ഒരു ദൈവമുണ്ടോ എന്ന സംശയം പോലും ഉള്ളിൽ ഉദിക്കാം. അതു ചിലപ്പോൾ നിരീശ്വരത്വത്തിലേക്കും ദൈവനിന്ദയിലേക്കും നിരാശയിലേക്കും നയിച്ചെന്നുവരാം. ഇവിടെ കാനാൻകാരിയുടെ വിശ്വാസം മാതൃകയും പ്രചോദനവുമാകണം. പ്രത്യക്ഷത്തിൽ അവഗണിക്കുന്നു എന്നു തോന്നിയാലും നിരാശപ്പെടാതെ, പ്രാർത്ഥിക്കണം. ന്യായാധിപന്റെയടുക്കൽ നീതിക്കുവേണ്ടി ശല്യം ചെയ്ത വിധവയെപ്പോലെ; വിരുന്നു വന്നിരിക്കുന്ന സുഹൃത്തിനു കൊടുക്കാൻ അപ്പത്തിനു വേണ്ടി അർദ്ധരാത്രിയിൽ അയല്ക്കാരനെ ശല്യപ്പെടുത്തുന്ന ദരിദ്രനെപ്പോലെ, മടി കൂടാതെ, മടുപ്പു തോന്നാതെ പ്രാർത്ഥിക്കണം. അതിനു വിശ്വസിക്കണം. ദൈവത്തിന്റെ ശക്തിയിലും കരുണയിലും വിശ്വസിക്കുക. അവൻ നിന്റെ പ്രാർത്ഥന കേൾക്കും. “നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു സംഭവിക്കട്ടെ” എന്ന് അവൻ പറയും.



# 49 താങ്ങുന്ന കൈകൾ

## സങ്കീ 91,12

*"നിന്റെ വഴികളിൽ നിന്നെ കാത്തു പാലിക്കാൻ അവിടുന്ന് തന്റെ ദൂതന്മാരോടു കല്പിക്കും. നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും" (സങ്കീ 91,11–12).*

കർത്താവിന്റെ സംരക്ഷണം ഏറ്റുപറഞ്ഞ് സ്തുതിക്കുന്ന മനോഹരമായ സങ്കീർത്തനമാണ് 91–ാം സങ്കീർത്തനം. പ്രഭാതത്തിൽ ഉണരുമ്പോഴും രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പും ഈ സങ്കീർത്തനം ഉരുവിട്ടു പ്രാർത്ഥിക്കുന്നത് ഏറെ ഉപകാരപ്രദമായിരിക്കും. നാം ഉണരുമ്പോഴും ഉറങ്ങുമ്പോഴും കാവലിരിക്കുന്ന ദൈവത്തിന്റെ കരുതലും കരുത്തും അനേകം പ്രതീകങ്ങളിലൂടെ ഇവിടെ ഏറ്റുപറയുന്നു.

അപകടങ്ങൾ നിറഞ്ഞ വഴികളിലൂടെയാണ് നാം സഞ്ചരിക്കുന്നത്. ശരീരത്തിനും ആത്മാവിനും ക്ഷതം സംഭവിക്കാവുന്ന അപകടങ്ങളും കെണികളും നമ്മുടെ ജീവിതപാതയിൽ ഒളിഞ്ഞും തെളിഞ്ഞും പ്രകടമാകുന്നു. ഇവിടെയെല്ലാം ദൈവത്തിന്റെ കരങ്ങളാണ് നമ്മെ താങ്ങി നിർത്തുന്നതും വഴി നടത്തുന്നതും.

അടുത്ത നാളിലുണ്ടായ ഒരു സുഹൃത്തിന്റെ അനുഭവം ഓർമ്മ

യിൽ വരുന്നു. പത്താം ക്ലാസ്സിൽ പഠിക്കുന്ന ഏകമകനെ പുറകിലിരുത്തി നാട്ടുവഴിയിലൂടെ പട്ടണത്തിലേക്ക് ബൈക്കോടിക്കുന്ന പിതാവ്. ലൈസൻസെടുത്തിട്ട് അധികമായില്ല. ഓടിച്ചു പരിചയം കുറവ്. പുറകെ വന്ന തടി ലോറിക്കു സൈഡു കൊടുക്കാൻ ശ്രമിച്ചപ്പോൾ ബൈക്ക് മറിഞ്ഞു. മകൻ വഴിയിലേക്കും അപ്പനും ബൈക്കും കാനായിലേക്കും തെറിച്ചു വീണു. പുറകെ വന്ന ലോറി മകന്റെ കാലിലൂടെ കയറിയിറങ്ങുന്നതു കണ്ടപ്പോൾ എല്ലാം അവസാനിച്ചു എന്നു ആ പിതാവു കരുതി. പക്ഷേ അത്ഭുതമെന്നു പറയട്ടെ, മകന് കാര്യമായ പരുക്കൊന്നും സംഭവിച്ചില്ല. രണ്ടു ദിവസം ആശുപത്രിയിൽ കിടന്നിട്ടു തിരിച്ചു പോന്ന മകനും അപ്പനും നന്ദി പറയാൻ വാക്കുകളില്ല. ആരാണ് ലോറിയുടെ ഭാരം താങ്ങിയത്? ടയറിന്റെ കട്ടകൾ പതിഞ്ഞ കാലു പരിശോധിച്ച ഡോക്ടർക്കും മനസ്സിലായില്ല. ഇല്ല, വിശ്വസിക്കാത്തവർക്കു മനസ്സിലാവില്ല.

ഇതുപോലെ എത്രയെത്ര അനുഭവങ്ങൾ? അപകടങ്ങളുടെ മധ്യത്തിൽ നിന്നു രക്ഷപ്പെടുന്ന വ്യക്തികളുടെ കഥകൾ അനുദിനം നാം കേൾക്കുന്നുണ്ടെങ്കിലും പലപ്പോഴും അതെല്ലാം യാദൃശ്ചികം എന്ന് എഴുതിതള്ളുകയല്ലേ നാം ചെയ്യുക? യാദൃശ്ചികം എന്ന ഒരു വാക്ക് വിശ്വാസിയുടെ നിഘണ്ടുവിലില്ല. വിശ്വാസത്തിന്റെ കണ്ണുകൊണ്ടു നോക്കുമ്പോൾ നമ്മെ താങ്ങി നിർത്തുന്ന ദൈവകരങ്ങൾ എല്ലായിടത്തും കാണാൻ കഴിയും.

"നിങ്ങൾ ഇവിടെ എത്തുന്നതുവരെ കടന്നുപോന്ന വഴിയിലെല്ലാം ദൈവമായ കർത്താവ് നിങ്ങളെ, ഒരു പിതാവ് പുത്രനെയെന്നപോലെ വഹിച്ചിരുന്നത് നിങ്ങൾ കണ്ടതാണല്ലോ" (നിയ 1,31). പുറപ്പാടനുഭവത്തെക്കുറിച്ച് മോശ ഇസ്രായേൽ ജനത്തെ അനുസ്മരിപ്പിക്കുന്ന ഈ ചിത്രം നമ്മുടെയും അനുഭവമല്ലേ? പാലൂട്ടി വളർത്തുകയും എളിയിൽ എടുത്തുകൊണ്ടു നടക്കുകയും മടിയിൽ ഇരുത്തി ലാളിക്കുകയും അമ്മയെപ്പോലെ ആശ്വസിപ്പിക്കുകയും (ഏശ 66,12-13) ചെയ്യുന്ന ദൈവത്തിന്റെ ചിത്രമാണ് ബൈബിൾ വരച്ചു കാട്ടുന്നത്.

ഈ സംരക്ഷണത്തെ സൂചിപ്പിക്കുന്നതാണ് കാവൽ മാലാഖ. ദൈവത്തിന്റെ സംരക്ഷണം ഓരോ വ്യക്തിക്കും പ്രത്യേകമായി ലഭിക്കുന്നു. ആരും അവിടുത്തെ സംരക്ഷണ വലയത്തിനു പുറത്തല്ല. അമ്മ കുഞ്ഞിനെ എടുത്തുകൊണ്ടു നടക്കുമ്പോൾ കുഞ്ഞ് കാൽതട്ടി വീഴുകയില്ല; പരിക്കേല്ക്കുകയുമില്ല. ഈ ചിത്രമാണ് സങ്കീർത്തകൻ ദൂതന്മാരുടെ വിവരണത്തിലൂടെ അവതരിപ്പിക്കുന്നത്. ദൂതന്മാർ കയ്യിൽ വഹിക്കുമ്പോൾ പിന്നെ ഒന്നിനെയും ഭയപ്പെടേണ്ടതില്ല; ഒരപകടവും സംഭവിക്കുകയില്ല.

ഈ വിശ്വാസം, പക്ഷേ, ഔദ്ധത്യത്തിലേക്കും അഹങ്കാരത്തിലേക്കും നയിക്കരുത് എന്ന് യേശു പഠിപ്പിക്കുന്നു. മരുഭൂമിയിലെ പ്രലോ

ഭനത്തിൽ സാത്താൻ ഈ സങ്കീർത്തനഭാഗം ഉദ്ധരിച്ചുകൊണ്ട് ഗോപുര മുകളിൽ നിന്നു താഴേക്കു ചാടാൻ യേശുവിനെ പ്രേരിപ്പിച്ചു. അത് പ്രലോഭനമായി തിരിച്ചറിഞ്ഞ യേശു വ്യക്തമായൊരു പാഠവും ഈ വാക്യത്തിന് കൃത്യമായൊരു ഭാഷ്യവും നല്കി: "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്" (മത്താ 4,7). ദൈവം സംരക്ഷിക്കും എന്നു കരുതി അനാവശ്യമായ സാഹസങ്ങൾക്കു മുതിരുന്നത് വിശ്വാസത്തിന്റെയല്ല, അഹങ്കാരത്തിന്റെ അടയാളമാണ്. ദൈവം നല്കിയിരിക്കുന്ന ബുദ്ധിയും മറ്റു കഴിവുകളും ഉപയോഗിക്കണം; കഴിവിനൊത്ത് അധ്വാനിക്കണം. കഴിയുന്നത്ര അപകടങ്ങൾ ഒഴിവാക്കാൻ ശ്രമിക്കുകയും വേണം.

ഗോപുര മുകളിൽ നിന്ന് താഴേക്കു ചാടുന്നത് ജനശ്രദ്ധ പിടിച്ചുപറ്റാൻവേണ്ടി മാത്രമാണ്. ഇങ്ങനെ പ്രൗഢിയും ശക്തിയും പ്രകടിപ്പിക്കാൻ നടത്തുന്ന ഉദ്യമങ്ങൾക്ക് ദൈവം സംരക്ഷണം വാഗ്ദാനം ചെയ്തിട്ടില്ല. രോഗം വന്നാൽ പ്രാർത്ഥിച്ചാൽ മാത്രം പോരാ, ആവശ്യമായ ചികിത്സയും നല്കണം. ഏതു കാര്യത്തിലും വിശ്വാസത്തിൽ നിന്നു രൂപം കൊള്ളുന്ന പ്രവൃത്തികൾ വിവേകപൂർണ്ണമായിരിക്കണം. ദൈവത്തിൽ ആശ്രയിക്കുക. അവിടുത്തെ പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കാൻ ശ്രമിക്കുക. ആവശ്യമായതെല്ലാം അവിടുന്നു നല്കും. അവിടുത്തെ കരങ്ങൾ എന്നും താങ്ങായി ഉണ്ടാകും.



# 50 വഴി കാട്ടി

## തോബിത് 5

*"പിതാവ് അവനോടു പറഞ്ഞു: ഇവനോടുകൂടെ പൊയ്ക്കൊള്ളുക. ഉന്നതത്തിൽ വസിക്കുന്ന ദൈവം നിന്റെ മാർഗ്ഗം ശുഭമാക്കും. അവിടുത്തെ ദൂതൻ നിന്നെ കാത്തു കൊള്ളും" (തോബി 5,16).*

വലിയൊരു ധർമ്മ സങ്കടത്തിലായിരുന്നു വൃദ്ധനായ തോബിത്. ദൈവത്തിന്റെ നിയമങ്ങളെല്ലാം കണിശമായി അയാൾ അനുസരിച്ചുപോന്നു. വാഗ്ദത്ത ഭൂമിയിൽ നിന്നകലെ പ്രവാസിയായി കഴിയുമ്പോഴും വിശ്വാസത്തിലും നിയമാനുഷ്ഠാനങ്ങളിലും യാതൊരു വീഴ്ചയും വരുത്താതെ അയാൾ ശ്രദ്ധിച്ചു. എന്നാൽ ഈ നിയമാനുഷ്ഠാനങ്ങൾ തന്നെ അയാൾക്കു വലിയ നഷ്ടങ്ങൾക്കും ക്ലേശങ്ങൾക്കും കാരണമായി. രാജകോപത്തെ ഭയന്ന് ഒളിവിൽ പോകേണ്ടി വന്നു. പിന്നീട് തിരിച്ചുവന്ന് കുടുംബത്തിൽ സമാധാനമായി ജീവിക്കാൻ കഴിഞ്ഞപ്പോഴാണ് കാഴ്ച നഷ്ടപ്പെട്ടത്. അതും നിയമാനുഷ്ഠാനത്തിന്റെ ഫലമായിരുന്നു. ശവശരീരത്തെ സ്പർശിക്കുന്നവൻ ദിവസം മുഴുവൻ അശുദ്ധനായിരിക്കും. അതിനാൽ അന്ന് വീട്ടിൽ പ്രവേശിക്കാൻ പാടില്ല. പൊതു സ്ഥലത്തു കിടന്ന അനാഥപ്രേതം മറവുചെയ്തതിനുശേഷം മുറ്റത്തു കിടന്നുറങ്ങിയ തോബിതിന്റെ കണ്ണിൽ കുരുവി കാഷ്ഠം വീണു, കാഴ്ച നഷ്ടപ്പെട്ടു.

വൃദ്ധനും അന്ധനും ദരിദ്രനുമായ തോബിത് ഉള്ളുരുകി പ്രാർത്ഥിച്ചു. അകലെ റാഗെസിൽ താൻ ഏല്പിച്ചിരുന്ന പണം വാങ്ങാൻ തന്റെ മകൻ തോബിയാസിന് ഒരു സഹയാത്രികനെ അന്വേഷിച്ചു. ദൈവം തന്റെ ദൂതനെത്തന്നെ കൂട്ടു നല്കിയിരിക്കുന്നു എന്നറിയാതെയാണ് അയാൾ മകനോടു പറഞ്ഞത്: അവിടുത്തെ ദൂതൻ നിന്നെ കാത്തുകൊള്ളും. ദൈവം തന്റെ ദൂതനെ അയച്ചത് പ്രാർത്ഥനയ്ക്കുള്ള മറുപടിയായിരുന്നു. തോബിതിന്റെ മാത്രമല്ല, ഒന്നിനു പിറകെ ഒന്നായി ഏഴു ഭർത്താക്കന്മാർ നഷ്ടപ്പെട്ട സാറായുടെ പ്രാർത്ഥനയും കർത്താവിന്റെ സന്നിധിയിലെത്തി. ഇരുവരുടെയും ദുഃഖം പരിഹരിക്കാനും പുതിയൊരു കുടുംബത്തിന് അടിത്തറ പാകാനുമുള്ള സഹായമാണ് റഫായേൽ ദൂതനിലൂടെ ദൈവം നല്കിയത്.

വഴിക്കൂട്ടുകാരനായി വന്ന റഫായേൽ ദൈവത്തിന്റെ ദൂതനായിരുന്നു. ഏഴു മുഖ്യ ദൂതന്മാരിൽ ഒരുവൻ എന്ന് പിന്നീട് ദൂതൻ തന്നെ സ്വയം പരിചയപ്പെടുത്തുന്നുണ്ട് (തോബി 12,15). "സുഖപ്പെടുത്തുന്ന ദൈവം" എന്നാണ് റഫായേൽ എന്ന പേരിന്റെ അർത്ഥം. അജ്ഞാതമായ ഒരു ദേശത്തേക്ക്, അപരിചിതവും അപകടം നിറഞ്ഞതുമായ വഴികളിലൂടെ യാത്ര ചെയ്യേണ്ടിയിരുന്ന യുവാവായ തോബിയാസിന് റഫായേൽ ദൈവത്തിന്റെ സംരക്ഷണം ഉറപ്പു വരുത്തി. അപകടങ്ങളിൽ പെടാതെ വഴി നടത്തി, ലക്ഷ്യത്തിലെത്തിച്ചു. പ്രതീക്ഷിച്ചതിനേക്കാൾ വളരെ വലുതായിരുന്നു ദൂതനിലൂടെ ലഭിച്ച സംരക്ഷണം. സാറായെ ബാധിച്ചിരുന്ന പിശാചിനെ ബഹിഷ്കരിച്ചു. ഏഴു ഭർത്താക്കന്മാർ നഷ്ടപ്പെട്ട് ഇനി ഒരു വിവാഹ സാധ്യതയില്ലാതിരുന്ന അവൾക്ക് ഉത്തമനായ ഭർത്താവിനെ നല്കി. സൂക്ഷിക്കാൻ ഏല്പിച്ചിരുന്ന തുക ദൂതൻ തന്നെ വാങ്ങിക്കൊണ്ടു വന്നു. അന്ധനായിത്തീർന്ന തോബിതിന് വീണ്ടും കാഴ്ച നല്കി. ഇതെല്ലാം ദൈവം വഴി നടത്തിയതിന്റെ ഫലമായിരുന്നു.

കാവൽ ദൂതന്മാരെക്കുറിച്ചുള്ള സഭയുടെ പ്രബോധനത്തിൽ തോബിതിന്റെ പുസ്തകത്തിന് സുപ്രധാനമായൊരു പങ്കുണ്ട്. നാം ചെയ്യുന്ന എല്ലാ സൽപ്രവൃത്തികളും ദൈവം കാണുന്നു; നമ്മുടെ പ്രാർത്ഥനകൾ കേൾക്കുന്നു; ആവശ്യങ്ങൾ എല്ലാം അറിയുന്നു. നമ്മെ നിരന്തരം പരിപാലിക്കുകയും വഴി നടത്തുകയും ചെയ്യുന്നു. ഇതെല്ലാമാണ് കാവൽ ദൂതനെക്കുറിച്ചുള്ള പ്രബോധനവും വിശ്വാസവും ഉൾക്കൊള്ളുന്നത്. "ഒരു നല്ല ദൂതൻ അവനോടൊത്തു പോകും, അവന്റെ യാത്ര മംഗളകരമായിരിക്കും" (തോബി 15,21) എന്നു പറഞ്ഞ് ഭാര്യയെ ആശ്വസിപ്പിക്കുന്ന തോബിത് ഈ വിശ്വാസം ഏറ്റു പറയുന്നു.

ദൈവം നമ്മെ പലവിധത്തിൽ വഴി നടത്തും. "നീ വലത്തോട്ടോ,

ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽ നിന്ന് ഒരു സ്വരം ശ്രവിക്കും; ഇതാണ് വഴി, ഇതിലേ പോവുക" (ഏശ 30,21). നമ്മുടെ ഉള്ളിൽ നിന്ന് നിരന്തരം മന്ത്രിച്ചുകൊണ്ടിരിക്കുന്ന ശബ്ദം, നേരായ വഴി കാണിച്ചു തരുകയും അപകടവഴികളെക്കുറിച്ച് താക്കീതു നല്കുകയും ചെയ്യുന്ന ദൈവത്തിന്റെ ശബ്ദം തന്നെയാണ് ഏറ്റം വലിയ വഴികാട്ടി. എന്നും നിങ്ങളോടുകൂടെ വസിക്കാനായി മറ്റൊരു സഹായകനെ പിതാവ് അയച്ചു തരും എന്ന് ശിഷ്യന്മാർക്ക് യേശു നല്കിയ വാഗ്ദാനം (യോഹ 14,16) ഈ വഴികാട്ടിയെക്കുറിച്ച് സൂചിപ്പിക്കുന്നു. നമ്മുടെ മുമ്പിൽ ജീവനിലേക്കും മരണത്തിലേക്കും നയിക്കുന്ന രണ്ടു വഴികൾ തുറന്നു കിടക്കുന്നു. അതിൽ ജീവനിലേക്കുള്ള വഴി നാം തിരഞ്ഞെടുക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത് (നിയ 30,15-20). ജീവന്റെ വഴി കാണിച്ചു തരുന്നതും ആ വഴിയെ നടക്കാൻ പ്രേരിപ്പിക്കുന്നതും നമ്മുടെ ഉള്ളിൽ വസിക്കുന്ന, ഉള്ളിൽ മുഴങ്ങുന്ന ദൈവശബ്ദമാണ്. അതിനെ ദൈവദൂതൻ, കാവൽ ദൂതൻ എന്നും വിശേഷിപ്പിക്കുന്നു. ദൈവത്തിന്റെ വചനമാണ് ഉറപ്പുള്ള വഴി കാട്ടി.

കാതോർക്കണം; ജീവന്റെ വഴി തിരഞ്ഞെടുക്കണം. ജീവനിലേക്കു നയിക്കുന്ന വഴി ഇടുങ്ങിയതാണ്, വാതിൽ വീതി കുറഞ്ഞതും. എളുപ്പ മാർഗ്ഗം നാശത്തിലേക്കു നയിക്കുന്നതായിരിക്കും. അതിനാൽ ദൈവം നല്കുന്ന പ്രചോദനം സ്വീകരിച്ച്, ജീവന്റെ മാർഗ്ഗം തിരഞ്ഞെടുക്കാൻ നാഥൻ തന്നെ ശക്തിപകരട്ടെ. തോബിയാസിനെ വഴി നടത്തി ലക്ഷ്യത്തിലെത്തിച്ച ദൈവദൂതന്റെ സംരക്ഷണം നമുക്കും ലഭ്യമാകട്ടെ!